ഏപ്രിൽ 2022

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

പുസ്തകം 1 ❑ ലക്കം 1 ❑ വിഷുപ്പതിപ്പ്



## ബ്രാഹ്മണന് ശത്രുവും മിത്രവുമില്ല

നമ്പൂരിത്തത്തെപ്പറ്റി കവി മധുസൂദനൻ നായർ



## നമ്പൂതിരിയുടെ ബ്രാൻഡ് വാല്യു

പ്രമുഖ ആക്ടിവിസ്റ്റ് രാഹുൽ ഈശ്വറുമായുള്ള ദീർഘസംഭാഷണം

# ഭട്ടതിരിക്ക് മൂന്നാമതും അന്താരാഷ്ട്ര പുരസ്കാരം

ഗുരുവായൂരപ്പന്റെ വിഷു:മുൻ മേശാന്തി മൂർക്കനൂർ ഹരി ❑ രാഷ്ട്രപതിഭവനിൽ ഒരുനമ്പൂതിരിപ്പെൺകൊടി ❑ ഈ ഇല്ലപ്പെരുമയിൽ പെട്രോൾ പമ്പാണ് താരം ❑ കുറിയേടത്തു താത്രിയുടെ സഹോദരിമാരുടെ കഥ ❑ മത്സ്യം തൊട്ടുകൂട്ടിയ നമ്പൂതിരിപ്പാട്

*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം*



ayurveda
Keeping alive a glorious tradition
Vaidyamadham
Vaidyasala & Nursing home
Mezhathur- 679 534 Trithala,Palakkad Dt.
Ph : 0466-2272044, 2272255, 2271994 Fax-0466 2271616
email : info@vaidyamadham.com
website : www.vaidyamadham.com
The Ashtavaidya People




**Email: swasthitrimonthly@gmail.com**



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5124 ചൈത്രം
കൊല്ലവർഷം 1197 മീനം-മേടം
വസന്ത ഋതു



ചീഫ് എഡിറ്റർ
കൊയ്ത്തോടി ചെറുമുക്ക് പരമേശ്വരൻ
മൊബൈൽ: 9072383651

അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

മാനേജിംഗ് എഡിറ്റർ
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611
പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി: താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337



യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

2022 ഏപ്രിൽ 1
April 1
Kozhikode
Volume No: 1
Issue No: 1


# സവർണ്ണ ഫാസിസ്റ്റ്

ആടിനെ പട്ടിയാക്കുകയും അതിനെ പിന്നീട് പേപ്പട്ടിയാക്കുകയും ചെയ്യുന്ന വിദ്യയുണ്ട്. തല്ലിക്കൊല്ലാനുള്ള നല്ലൊരു ന്യായത്തിന് വേണ്ടി. ബ്രാഹ്മണരുടെ മേൽ സവർണ്ണഫാസിസ്റ്റ് എന്ന ചാപ്പ കുത്തുന്നതും ഇതേ ന്യായമനുസരിച്ചാണ്. സൈബർ ആക്രമണങ്ങൾ മുതൽ സാമുദായികമായ അവഗണന വരെയുള്ള എല്ലാം ഇതിന്റെ ഭാഗമാണ്. ഏതെങ്കിലും ഒരു ബ്രാഹ്മണൻ ഫാസിസ്റ്റായി എന്തെങ്കിലും ചെയ്തതായി ചൂണ്ടിക്കാട്ടാൻ ഒരു ചെറിയ സംഭവമെങ്കിലും ഒരിടത്തുമില്ല. ഒറ്റപ്പെട്ടതെന്ന് പറയാവുന്ന ഒന്നു പോലും.

കേരളത്തിൽ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെയാണ് ബ്രാഹ്മണർ. ഈ ഒരു ശതമാനം ആളുകളാവട്ടെ ഒരിടത്തും നിർണ്ണായക ശക്തിയുമല്ല. ഒരു പഞ്ചായത്ത് വാർഡിൽപ്പോലും ജയിക്കാനുള്ള അംഗബലം ഇല്ലാത്ത സമുദായത്തെയാണ് നാലുപാടും വളഞ്ഞിട്ട് ചാപ്പ കുത്തി ആക്രമിക്കുന്നത്. വർണ്ണം കൊണ്ട് സ ആണെങ്കിലും കർമ്മം കൊണ്ട് ഫാ അല്ലെന്ന് തീർച്ച. ഇക്കാര്യം പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

ആ വഴിക്കുള്ള ചെറിയൊരു ശ്രമമാണ് സ്വസ്തി തുടങ്ങി വച്ചത്. സെലിബ്രിറ്റികളായ ഇതര സമുദായക്കാരുടെ നമ്പൂതിരി അനുഭവം കഴിഞ്ഞ ലക്കം മുതൽ നൽകിത്തുടങ്ങിയത് ഈയൊരു ലക്ഷ്യം മുന്നിൽക്കണ്ടാണ്. പ്രമുഖ എഴുത്തുകാരൻ സി. രാധാകൃഷ്ണനാണ് കഴിഞ്ഞ ലക്കത്തിൽ എഴുതിയത്. ഈ ലക്കത്തിൽ കവി മധുസൂദനൻ നായരും. ഫാസിസ്റ്റ് എന്ന ക്രൂരമായ വിളിപ്പേരും പേറി സാത്വികരായി കഴിയുന്ന ബ്രാഹ്മണരെ തുറന്നു കാട്ടുന്നതാണ് ഈ പംക്തി. പൊതുസമൂഹത്തെ മാറ്റിചിന്തിപ്പിക്കാൻ ഇത്തരം എഴുത്തുകാർക്ക് കഴിയുമെന്ന് തീർച്ച.

സമുദായജീവി എന്ന സ്വത്വം ദേഹത്തിലെ പൂണൂലിനൊപ്പം ഉപേക്ഷിച്ചിട്ടു ഒരു നൂറ്റാണ്ടോളമാവുന്നു. പക്ഷേ, സമൂഹജീവിയായി മാറുന്നതിൽ നമ്പൂതിരി വേണ്ടത്ര വിജയിച്ചിട്ടുമില്ല. പൊതുസമൂഹത്തിൽ നമ്മുടെ അസാന്നിദ്ധ്യം അനുഭവപ്പെടുന്നു. ഈ ലക്കത്തിലെ അഭിമുഖത്തിൽ ആക്ടിവിസ്റ്റായ രാഹുൽ ഈശ്വർ ചൂണ്ടിക്കാട്ടിയ പോലെ നമ്മുടെ ബ്രാൻഡ് വാല്യൂ തിരിച്ചറിയാൻ പറ്റണം. സമൂഹത്തിൽ ആ ബ്രാൻഡിനെ റീലോഞ്ച് ചെയ്യാനും പറ്റണം. ഓരോ വ്യക്തിക്കും അതു ചെയ്യാനാവും, തന്റെ പ്രവൃത്തികളിലൂടെ

പൊതുസമൂഹത്തിൽ മനുഷ്യർ ഇടപെടുന്ന എല്ലാ മേഖലകളിലും ഫലപ്രദമായി ഇടപെടാനും മികച്ച പ്രവർത്തനം നടത്താനുമായാൽ ജനസംഖ്യയുടെ പരിമിതി നമുക്ക് പ്രശ്നമല്ലാതാവും. മികവു കൊണ്ട് മത്സരിക്കാൻ സമുദായത്തിലെ ഓരോ വ്യക്തിയും മുന്നോട്ടു വരേണ്ടതുണ്ട്.

രാഷ്ട്രീയം, സിവിൽ സർവീസ്, ബിസിനസ്, ഉന്നതപഠനം, സാങ്കേതിക വിജ്ഞാനം തുടങ്ങി ചില പ്രത്യേക മേഖലകളിൽ സജീവപങ്കാളിത്തത്തിനാവട്ടെ ശ്രമം. വിഷു സംക്രമം പുതിയദിശാബോധത്തിലേക്കുള്ള സംക്രമണം കൂടിയാവട്ടെ. ഏവർക്കും ഐശ്വര്യപൂർണ്ണമായ വിഷു ആശംസകൾ.

**പത്രാധിപർ**


വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600 /ഡിസൈനിംഗ്: പിക്സൽ മീഡിയ, ചെറുവണ്ണൂർ കോഴിക്കോട് –673631, മൊബൈൽ: 9847907630, 7356641674

Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offset Prints, Geethanjali Buildings, Kundayithode, NH 17 (NH 66) P.O. Kolathara, Calicut-55 (Kozhikode- 673655) and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**

Vol No:1 Issue No: 1 For private circulation only.

## ഒന്നാം ശ്രാദ്ധദിനം 18.3.22



# ദേവകി അന്തർജനം

W/o late ആര്യവൈദ്യൻ പി.എം. നമ്പൂതിരി,
(കോട്ടക്കൽ ആര്യവൈദ്യശാല, മണ്ണാർക്കാട് )
**പുളിയശ്ശേരി മന, മണ്ണാർക്കാട്**

മക്കൾ: ഡോ.പി. സതീശൻ, പി. ഹരിദാസൻ, ഡോ.പി.എം. പ്രകാശൻ, പി.എം. സുരേശൻ (സൂര്യ മെഡിക്കൽസ്), അഡ്വ.പി.എം. രമേശൻ, ഡോ.പി.എം. ദിനേശൻ, അഡ്വ.പി.എം. ജയകുമാർ, പി.എം.സുമംഗല, പി.പരിമള, പി.എം. സുജാത (റിട്ട.അധ്യാപിക) മരുമക്കൾ: ഗീത, സാവിത്രി, ദേവകി, ബിന്ദു, രേഖ, ആശ, ശുഭ, എം.വിഷ്ണു, ടി.എം. പരമേശ്വരൻ, പരേതനായ വി.പി. ശങ്കരൻ നമ്പൂതിരി

SWASTHY CREATIONS CALICUT 9400992823

## ആരൊക്കെ / എന്തൊക്കെ

# സ്വസ്തി സ്പെഷ്യൽ ഫീച്ചർ





### നമ്പൂതിരിയുടെ ബ്രാൻഡ് വാല്യൂ



രാഹുൽ ഈശ്വർ
എന്ന ആക്ടിവിസ്റ്റ്
സ്വസ്തിയുമായി നടത്തിയ
ദീർഘ സംഭാഷണം
**പേജ് 8 മുതൽ 16 വരെ**

### ബ്രാഹ്മണന് ശത്രുവും മിത്രവും ഇല്ല



നമ്പൂതിരിയെപ്പറ്റി
സെലിബ്രിറ്റി ഗസ്റ്റ് /
മധുസൂദനൻ നായർ
എഴുതുന്നു
**പേജ് 20**

### നമുക്കിടയിലെ പ്രതിഭ



രാഷ്ട്രപതിഭവനിലെ
വിരുന്നിൽ പങ്കെടുത്ത്
ത്രില്ലടിച്ച കുട്ടി
കെ. കേശവൻ പോറ്റി
എഴുതുന്നു **പേജ് 24**

### ഗുരുവായൂരപ്പൻ നൽകിയ ഒരു രൂപ



ഗുരുവായൂർ ക്ഷേത്രം
മുൻ മേൽശാന്തി കൂടിയായ
മൂർക്കന്നൂർ ശ്രീഹരി
നമ്പൂതിരി **പേജ് 27**

### അറിയേണ്ട നമ്പൂതിരി



ഇന്ത്യൻ കാലിഗ്രാഫിക്ക്
അന്താരാഷ്ട്ര അവാർഡു
കൾ സമ്മാനിക്കുന്ന ഭട്ടതിരി
യെപ്പറ്റി ശ്രീഭ നാറാണിയാട്
**പേജ് 30**

### നൂറു കൊല്ലം മുമ്പ് ജനിച്ച പെൺകിടാവ്



എന്റെ അമ്മ നമ്പൂതിരി
സമുദായത്തിലെ
ആദ്യടീച്ചർമാരിലൊരാളായി
കെ.എസ് സരസ്വതി
**പേജ് 36**

### സർവീസ് ആൻഡ് പ്രൊഡക്ട്സ്

മീൻ തൊട്ടുകൂട്ടിയ
നമ്പൂതിരിപ്പാടിനെപ്പറ്റി
പദ്മനാഭൻ നമ്പൂതിരി
**പേജ് 62**





### അറിയേണ്ട അന്തർജനം 58

ഒരന്തർജനത്തിന്റെ അത്യപൂർവ
മായ ജീവിത കഥ
എസ്. ഗിരിജ ദേവി



### ആറാം തമ്പുരാന്റെ തിരുമുമ്പിൽ 66

കഴിഞ്ഞ ലക്കത്തിൽ വന്ന
വഞ്ഞേരി ഇല്ലപ്പെരുമ വായിച്ച
പ്പോൾ പഴയൊരു അനുഭവം
കെ എം എസ് ഭട്ടതിരിപ്പാട്
പങ്കു വയ്ക്കുന്നു



### അറിയേണ്ട നമ്പൂതിരി

സിലിക്കൺ ബൈറ്റ് എന്ന
ടെക്നോതിരി തിരിക്കുന്ന 72
നമ്പൂതിരി
ശ്രീജ പട്ടലൂർ എഴുതുന്നു

### സ്കിൽ കോമ്പറ്റീഷനിലെ ജേതാവ് 46



കണ്ണൂർ ജില്ലയിലെ എടയാ
റിലുള്ള മൂഴിയോട്ടില്ലത്തെ
കൃഷ്ണപ്രസാദിനെപ്പറ്റി
ശ്രീഹരി ടി എഴുതുന്നു

### ഇന്ത്യയിലെ ആദ്യത്തെ സന്യാസിനി



കുറിയേടത്തു താത്രിയുടെ
സഹോദരിമാരുടെ കഥ ഇന്ത്യ
യിലെ ആദ്യത്തെ സന്യാസിനി
ഒരന്തർജനമാണ്! കുറിയേടത്തു
താത്രിയുടെ അനിയത്തിയു
ടെ മകൾ!! പേര് ഭുവനേശ്വരി.
ഒറ്റപ്പാലത്തിനടുത്ത് പാലപ്പുറം
പള്ളത്തേരി മനയിലെ ദേവസേന
അന്തർജനത്തിന്റെ മകളാണ്.
കെ.എം. പരമേശ്വരൻ എഴുതുന്നു
**പേജ് 40**

യാത്ര / കവിത
● അനിയൻ മണ്ണാനിക്കാട് 16
നിങ്ങളെന്നെ ശാന്തിക്കാരനാക്കി / കഥ
● ഉദയൻ നമ്പൂതിരിപ്പാട് 23
കുട്ടിയപ്പൻ ദ ബ്രഹ്മജ്ഞാനി / നർമ്മം
● ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് 45
തുരുത്ത് /കഥ
● വിഷ്ണു മാന്തിട്ട 74
ഏകലവ്യൻ /മിനിക്കഥ
● കെ.ബ്രഹ്മദത്തൻ 79
വേണം, മലയാളം ക്രിയാരത്നമാല/ നിർദേശം
● കൊളങ്ങര വാസുദേവൻ നമ്പൂതിരി 80

കുട്ടിക്കൂട്ടം /കത്തുകൾ /വാർത്തകൾ /ആദരാഞ്ജലികൾ തുടങ്ങി പതിവു പംക്തികളും

# വഞ്ചേരിയുടെ ഇളയ തമ്പുരാൻ



**വഞ്ചേരി രാമൻ നമ്പൂതിരി**
പിതാവ്: വി എൻ നാരായണൻ നമ്പൂതിരി
മാതാവ്: വേണാട്ട് മഹൾ ആര്യ അന്തർജനം




*വഞ്ചേരി രാമൻ നമ്പൂതിരിയും പൂമുള്ളി തമ്പുരാനും ചെമ്പൈയുടെ കൂടെ ഒരു കച്ചേരിയിൽ*

വഞ്ചേരിയുടെ ഇളയ തമ്പുരാനായിരുന്നു രാമേട്ടൻ. ഒപ്പം സംഗീതത്തിന്റെ വലിയ തമ്പുരാനും. സാക്ഷാൽ ചെമ്പൈ വൈദ്യനാഥ ഭാഗവതരായിരുന്നു ഗുരു. വർഷങ്ങൾ കൂടെ ഉണ്ടായി. ശിഷ്യനായും കൂടെ പാടാനും. പൂമുള്ളി തമ്പുരാനുമായും വലിയ സൗഹൃദമായിരുന്നു. ഉത്സവങ്ങളിൽ പതിവുകാരനായി. കുട്ടികൾക്കൊപ്പം പാടി, അവരെ പാട്ടു പഠിപ്പിച്ചു. കീർത്തനങ്ങളും ധാരാളം പാട്ടുകളും ചിട്ടപ്പെടുത്തി.

ഭൗതിക സമൃദ്ധികളുടെ സ്വരസഞ്ചാരം രാമേട്ടനെ ഒട്ടും വിഭ്രമിപ്പിച്ചില്ല. സമൂഹത്തിന്റെ സാമ്പ്രദായിക ചിട്ടകൾക്കപ്പുറത്ത് പാടി നടന്നു, അല്ല ജീവിച്ചു. ബ്ളാക്കും വൈറ്റും മാജിക്കുകൾക്ക് ഈ പാട്ടുകാരന്റെ വഴിയിൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല. നാടിനൊപ്പവും നാട്ടാർക്കൊപ്പവും നിൽക്കുമ്പോഴും ഒറ്റയാനായി രാമേട്ടൻ. വാക്കിലും നോക്കിലും നേരിന്റെ തമ്പുരാനായി തന്നെ ജീവിച്ചു.

ഏട്ടന്മാരുടെ വിയോഗം രാമേട്ടനെ കുടുംബസ്ഥനാക്കി മാറ്റി. അറുപതാം വയസ്സിലായിരുന്നു വേളി. ഇണപിരിയാത്ത കൂട്ടുകാരിയായി പയ്യന്നൂർ എരമംഗലം പാലിക ഇല്ലത്തെ ശ്രീദേവി അന്തർജനം വഞ്ചേരിയിൽ എത്തി.

കളിച്ചും ചിരിച്ചും, സ്വാർത്ഥ ലോകത്തിന്റെ വ്യവസ്ഥകളോട് എന്നും കലഹിച്ചും നടന്ന രാമേട്ടന് വിധി പക്ഷേ ദീർഘായുസ്സ് നൽകിയില്ല. ജീവിച്ചു കൊതി തീരാതെ വഞ്ചേരിയിലെ ഈ പാട്ടുകാരൻ 2003 ൽ നമ്മോട് വിട പറഞ്ഞു.

വരും ജന്മത്തിലെങ്കിലും രാമേട്ടന് കൂട്ടായി ചിരകാലം ജീവിക്കാൻ വഞ്ചേരി നരസിംഹമൂർത്തിയും തൃക്കണ്ടിയൂർ ദേവനും അനുഗ്രഹിക്കട്ടെ ●

പ്രാർത്ഥനകളോടെ,
സ്വന്തം, ശ്രീദേവി.
വഞ്ചേരി മന,
തിരൂർ, മലപ്പുറം.
മൊബൈൽ: 9495511018

*ഉപചാരപൂർവ്വം: വഞ്ചേരി സഹോദരങ്ങളും ബന്ധുമിത്രാദികളും*

## വിദ്യ കാറൽമണ്ണയുടെ പുനർജ്ജനിക്ക്

# അക്കിത്തത്തിന്റെ ആശംസ

മഹാകവി അക്കിത്തത്തിന്റെ ആശംസയും അനുഗ്രഹവും നേടാൻ ഭാഗ്യമുണ്ടായി വിദ്യയ്ക്ക്. മലയാളത്തിലെ വലിയ കവയിത്രിയായി മാറട്ടെ എന്ന പ്രാർത്ഥനയും. ഇതിൽപ്പരം എന്തു വേണം.

ഒരു പക്ഷേ, അക്കിത്തത്തിൽ നിന്ന് അവസാന നാളുകളിൽ ഇതുപോലൊരു അനുഗ്രഹം മറ്റൊരാൾക്ക് ലഭിച്ചിട്ടുണ്ടാവില്ല. ജന്മസിദ്ധമായ കാവ്യസിദ്ധി വിദ്യാ കാറൽമണ്ണ പ്രൈമറി ക്ലാസിൽ പഠിക്കുമ്പോൾ പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നു. ഹൈസ്കൂൾ - കലാശാലാ വിദ്യാഭ്യാസത്തിനു ശേഷം വിവാഹിതയായി, താൻ പഠിച്ച നെല്ലായ എഴുവന്തല നോർത്ത് യു പി സ്കൂളിൽ തന്നെ അദ്ധ്യാപികയായി ജോലി ചെയ്യാൻ ചേർന്നതോടെ അനുകൂലാന്തരീക്ഷത്തിൽ എഴുത്ത് അനർഗ്ഗളമായി. അദ്ധ്യാപകനായ ഭർത്താവിന്റെ പ്രോത്സാഹനം വിദ്യ ടീച്ചർക്ക് ഭാഗ്യമായി.

ഭർത്തൃഗൃഹത്തിൽനിന്നും ഏറെ അകലെയല്ലാത്ത സ്വന്തം മാതൃഗൃഹത്തിനടുത്തുള്ള മാതൃവിദ്യാലയത്തിൽ പഠിപ്പിക്കാനുള്ള ഭാഗ്യവും കിട്ടിയപ്പോൾ എഴുത്ത് തപസ്യയായി. അവയിൽ തെരഞ്ഞെടുത്ത നാല്പത്തി മൂന്നു കവിതകൾ അച്ചടിക്കാൻ ആപ്പിൾ ബുക്സ് തച്ചമ്പാറ മുന്നോട്ടു വന്നതോടെ ആദ്യ കവിതാസമാഹാരം പ്രസിദ്ധീകൃതമായി.

ചലച്ചിത്ര ഗാനരചയിതാവും യുവകവിയുമായ ബി.കെ.ഹരിനാരായണൻ പുസ്തകപ്രകാശനം ചെയ്തു.ശ്രീമതി കെ.പി. ശൈലജ ടീച്ചർ ഏറ്റുവാങ്ങി.സഹപ്രവർത്തകരും അഭ്യുദയകാംക്ഷികളും നിറഞ്ഞ പ്രൗഢസദസ്സിന്റെ സാന്നിദ്ധ്യത്തിൽ പ്രമുഖർ ഭാവുകങ്ങൾ നേർന്നു. ചടങ്ങു നടന്നത് സ്വന്തം വിദ്യാലയത്തിൽ എന്ന ഇരട്ടിമധുരവും എടുത്തു പറയേണ്ടതായി.

വണ്ടൂർ പുന്നപ്പാല പാതിരിശ്ശേരി രവീന്ദ്രൻ നമ്പൂതിരിപ്പാടിന്റെയും നെല്ലായ അകത്തേക്കുന്നത്തെ ദേവകി അന്തർജ്ജനത്തിന്റെയും മൂത്ത മകളാണ് വിദ്യ കാറൽമണ്ണ.

അനുജൻ വിപിൻ പാതിരിശ്ശേരി.വിദ്യയുടെ മക്കൾ നന്ദന, നീരദ, നീലിമ. നൂറു രൂപ മുഖവിലയുള്ള 'പുനർജ്ജനി'യിൽ ചിത്രകാരനായ കുടുമക്കാട്ടു മനയിലെ കെ.എം.നാരായണൻ വരച്ച 27 ചിത്രങ്ങളും ആസ്വാദനത്തെ എളുപ്പമാക്കുന്നുണ്ട്.യുവകവയിത്രി യോഗക്ഷേമസഭ സ്വസ്തിയിലും രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.വിളിക്കാം, അനുമോദിക്കാം വിദ്യടീച്ചറെ 9946884502



വിദ്യ കാറൽമണ്ണയുടെ 'പുനർജ്ജനി' എന്ന കവിതാസമാഹാരത്തിലെ എല്ലാ കവിതകളും ഞാൻ വായിച്ചു. ബാല്യത്തിലേക്ക് തിരിച്ചുനടക്കാനുള്ള ഒരു വെമ്പലാണ് ഈ കവിതകളിലെ വികാരം. ഈ ഗൃഹാതുരത്വം എല്ലാ നല്ല കവികളുടെയും ലക്ഷണമാണ്.ഇനിയും നല്ല കവിതകളെഴുതി മലയാളത്തിലെ വലിയ കവയിത്രിയായി മാറട്ടെ എന്നാണ് ഞാനിപ്പോൾ പ്രാർത്ഥിക്കുന്നത്.

അക്കിത്തം

*പുസ്തക പ്രകാശനത്തിന്റെ വീഡിയോ കാണാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യാം*








*ബി.കെ.ഹരിനാരായണൻ കെ.പി.ശൈലജ ടീച്ചർക്ക് നൽകി പുനർജ്ജനി പ്രകാശനം ചെയ്തപ്പോൾ .നടുവിൽ വിദ്യ*

# നമ്പൂതിരിയുടെ ബ്രാൻഡ് വാല്യൂ

**നമ്പൂതിരി യൂത്തിന്റെ എല്ലാ പ്രശ്നങ്ങളും പുതിയ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്നു**

**നമ്പൂതിരി യൂത്തിന്റെ ഏറ്റവും വൈബ്രന്റായ ഐക്കൺ**
## രാഹുൽ ഈശ്വർ എന്ന ആക്ടിവിസ്റ്റ്
**സ്വസ്തിയുമായി നടത്തിയ ദീർഘ സംഭാഷണം**

നമ്പൂതിരി യൂത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം?

♦യുവാക്കൾ ഹൈ എഡ്യുക്കേറ്റഡ് ആയ ഉന്നത ജോലികളിൽ ഇല്ല എന്നതാണ്. എട്ടിലോ ഒമ്പതിലോ പഠിക്കുമ്പോൾ തന്നെ ശാന്തിക്കും മറ്റും പോയി വിദ്യാഭ്യാസത്തിനു ശ്രദ്ധിക്കുന്നില്ല. ഏൺ വൈൽ യു ലേൺ എന്നത് വളരെ പ്രധാനമാണ്. പക്ഷേ, നമ്പൂതിരി യുവാക്കൾക്ക് ആ സന്തുലനം കീപ്പ് ചെയ്യാനാവുന്നില്ല. ലേണിംഗ് നടക്കുന്നില്ല.

❒വരുമാനം കിട്ടിത്തുടങ്ങുമ്പോൾ പഠനം ഉഴപ്പുന്നു അല്ലേ.

♦അതേ, വലിയൊരു ഓപ്പർച്യൂണിറ്റി കിട്ടിയ പോലെയാണ്. ചെറു പ്രായത്തിലേ ബഹുമാനം കിട്ടും. പോക്കറ്റ് മണിയായി ദക്ഷിണയും. പെൺകുട്ടികളാണെങ്കിൽ കൂടുതൽ എജ്യുക്കേറ്റ് ചെയ്യും. അപ്പോൾ പെൺകുട്ടികൾക്ക് തങ്ങളേക്കാൾ വിദ്യാഭ്യാസം കുറഞ്ഞവരെ വിവാഹം കഴിക്കാൻ താല്പര്യമില്ലാതെ വരും.

❒ഇതര സമുദായക്കാരെ വിവാഹം കഴിക്കാൻ പെൺകുട്ടികൾക്ക് വിമുഖത കുറഞ്ഞു വരുന്നുണ്ടോ?

♦എന്തുകൊണ്ടാണത്. നമ്മുടെ ഉള്ളിൽ നല്ല പഠനമുള്ള വെൽ ബീയിംഗായ പയ്യന്മാരെ കിട്ടണ്ടേ. സമുദായ സ്പിരിറ്റ് വെച്ചു കല്ല്യാണം കഴിക്കാതിരിക്കാൻ പറ്റില്ലല്ലോ. അവർക്കും കൂടി തത്തുല്യരായ ഗുണമുള്ള ആൾക്കാരെ മോൾഡ് ചെയ്തെടുക്കുകയാണ് വേണ്ടത്. അല്ലാതെ ക്വാളിറ്റി ഇല്ലാത്തൊരുത്തനെ കല്യാണം കഴിക്കാൻ പെൺകുട്ടികളെ നിർബന്ധിക്കുകയല്ല.

❒നമ്പൂതിരിയാണെന്ന് പറയാൻ പുതുതലമുറ മടിക്കുന്നുണ്ടോ?

♦അറിവില്ലാത്തത് കൊണ്ടാണ് അത്. ഇന്നും ബ്രാഹ്മണനാണെന്നു പറഞ്ഞാലാണ് ഏറ്റവും വില. ഒരനുഭവം പറയാം. ഒരിക്കൽ ഞങ്ങൾ കുറച്ചു പേർ ഇരിക്കുമ്പോൾ വെള്ളാപ്പള്ളി പറഞ്ഞ ഒരു കാര്യമാണ്. നിങ്ങളൊക്കെ ബാങ്കിൽ ചെന്ന് ലോൺ ചോദിച്ചാൽ വളരെ ബഹുമാനത്തോടെ തിരുമേനീ



**ശബരിമല തന്ത്രികുടുംബമായ താഴമൺ മഠത്തിലെ കണ്ഠരര് മഹേശ്വരരുടെ പേരക്കുട്ടി. ലെഫ്റ്റ് വിംഗിലാവും പൊതുവേ ചെറുപ്പക്കാർ. എന്നാൽ റൈറ്റ് വിംഗിലാണ് രാഹുൽ. പൊലീസ് കേസുകൾ, അറസ്റ്റുകൾ, കോടതികൾ, ജയിലുകൾ, വിവാദനിലപാടുകൾ, ടെലിവിഷൻ ചർച്ചകൾ.... അങ്ങനെ സംഭവ ബഹുലമാണ് പ്രസംഗവും പ്രവൃത്തിയും ജീവിതവും.**

ന്നൊക്കെ വിളിച്ച് ആൾക്കാർ ലോൺ തരും. ഞങ്ങളെ ആൾക്കാർക്കൊന്നും പലപ്പോഴും ഇത് കിട്ടാറില്ല. വെള്ളാപ്പള്ളിയുടെ ഗുരുവും ഒരു തുളു ബ്രാഹ്മണനാണ്. ഉള്ളിന്റെ ഉള്ളിൽ എല്ലാവർക്കും വളരെ ബഹുമാനമാണ്.

❒നമ്മുടെ ആളുകൾക്ക് നമ്മെക്കുറിച്ച് അവമതിപ്പാണ്. അതാണ് വിഷയം.

♦ഒരർത്ഥത്തിൽ ഹനുമാന്റെ അവസ്ഥയാണ്. ഹനുമാൻ സ്വാമിക്ക് സ്വന്തം ശക്തിയും ഗരിമയും തിരിച്ചറിയാൻ വേറെ ആരെങ്കിലും പറഞ്ഞു കൊടുക്കേണ്ടി വന്നു. ലോകത്തിലെ തന്നെ ഏറ്റവും പ്രാചീന സംസ്കാരങ്ങളിലൊന്നിന്റെ ആധുനിക തിരുശേഷിപ്പുകളാണ് നമ്മളിലുള്ളത്. വിവേകാനന്ദസ്വാമി പറഞ്ഞത് ഇന്ത്യ ലോകത്തിനു മുന്നിൽ പ്രസന്റ് ചെയ്ത ഐഡിയൽ ബിംബം ബ്രാഹ്മിൻഹുഡ് ആണെന്നാണ്. ഇന്ന് കാണുന്ന വിധത്തിൽ ഇന്ത്യയെ പുനഃക്രമീകരിച്ചത് ശങ്കരാചാര്യരാണ്. അദ്ദേഹം ഒരു നമ്പൂതിരിയാണ്.

❒നമ്മുടെ യൂത്തിന് ഇത് പറയാൻ മടിയാണ്. അതാണ് പോയിന്റ്.

♦അതിനു രണ്ടു മൂന്ന് കാരണങ്ങളുണ്ട്. നാട്ടിൽ മതേതരത്വവും സമുദായം വേണ്ടെന്ന ചിന്തയും സ്ട്രോംഗ് ആയി. നമ്മുടെ ഇടയിലും ചില തെറ്റുകളുണ്ട്. ബ്രാഹ്മണനാവുന്നതിൽ അഭിമാനിക്കുന്നതോടൊപ്പം ബാക്കിയെല്ലാ സമുദായങ്ങളെയും ബഹുമാനിക്കാൻ പഠിക്കണം. കഴിഞ്ഞ നൂറ്റാണ്ടിൽ നായന്മാരായ ചട്ടമ്പിസ്വാമിയും മന്നത്തു പത്മനാഭനും ഈഴവനായ ശ്രീനാരായണ സ്വാമികളും പുലയനായ ശുഭാനന്ദഗുരുദേവനും എല്ലാമാണ് ഹിന്ദുധർമ്മത്തെ താങ്ങി നിർത്തിയത്. വേണ്ട രീതിയിൽ നമ്മുടെ ഇടയിൽ നിന്ന് ഒരു ആചാര്യൻ ഉണ്ടായില്ല.

ആയിരത്തി ഇരുനൂറ് വർഷം മുമ്പ് ഇവിടെ കാലടിയിൽ ജനിച്ച ഒരു നമ്പൂതിരിയുടെ പ്രതിമയാണ് അങ്ങ് വടക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അനാച്ഛാദനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരത്തായാലും നോർത്തിലായാലും നമ്മുടെ എത്ര പേർ ശങ്കരാചാര്യരുടെ കാലടി മഠം സന്ദർശിച്ചിട്ടുണ്ടാവും. ബുദ്ധധർമ്മം ക്ഷയിച്ച ശേഷം ഭാരത ധർമ്മത്തെ വീണ്ടെടുത്തത് ശങ്കരാചാര്യരാണ്. അറിവില്ലായ്മയിൽ നിന്നാണ് അഭിമാനമില്ലായ്മ ഉണ്ടാവുന്നത്. അറിവുണ്ടെങ്കിൽ അഭിമാനവും ഉണ്ടാവും.

❒പൊതുസമൂഹം  നമ്പൂതിരിയെ ഇന്നും സവർണ ഫാസിസ്റ്റ് എന്ന് ചാപ്പ കുത്തുന്നു. പുതു തലമുറയെ ഇതെങ്ങനെ സ്വാധീനിക്കുന്നു?

♦നമ്മളിൽ 95 ശതമാനവും മഹത്വമാണുള്ളത്. എന്നാൽ അഞ്ചു ശതമാനം കാര്യങ്ങൾ ശരിയാക്കാനുണ്ട്. ഈ അഞ്ചു ശതമാനം കാണാതെ പോവരുത്. വെജിറ്റേറിയനിസം പോലെ ഒ



ആറ്റിങ്ങൽ പെരിയമന ഇല്ലം (വാദ്ധ്യാർ മഠം) ഈശ്വരൻ നമ്പൂതിരിയുടെ മകനാണ് രാഹുൽ ഈശ്വർ. ശബരിമല തന്ത്രിയായിരുന്ന അന്തരിച്ച ചെങ്ങന്നൂർ താഴമൺ കണ്ഠരര് മഹേശ്വരരുടെ മകളും തന്ത്രി കണ്ഠരര് മോഹനരുടെ സഹോദരിയുമായ മല്ലികയാണ് അമ്മ. ചാനൽ അവതാരികയായ ദീപയാണ് ഭാര്യ. ലണ്ടനിൽ നിന്ന് ഇക്കണോമിക്സിൽ ഉന്നതബിരുദം നേടിയ രാഹുൽ. ശബരിമല പ്രതിഷേധങ്ങളെ 'സേവ് ശബരിമല' ഹെഡ് ബാൻറ് ധരിച്ച് മുൻനിരയിൽ നിന്ന് തന്നെ നയിച്ചു. പൊലീസ് അറസ്റ്റ് ചെയ്ത് കൊട്ടാരക്കര ജയിലിൽ അടച്ചു. ജയിലിലും നിരാഹാരസമരം തുടർന്നു. മലയാളി ഹൗസ് റിയാലിറ്റി ഷോയിൽ വിജയിയായി. വിവാദമായ ഹാദിയവിഷയത്തിലെ രാഹുലിന്റെ ഇടപെടലുകളും വിവാദമായിരുന്നു. ആക്ടിവിസ്റ്റ് എന്ന നിലയിൽ നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ നന്നായി സംസാരിക്കാനുള്ള കഴിവ് ദേശീയ ചാനലുകളിലും അവസരങ്ങൾ തുറന്നിട്ടു.

രുപാട് വലിയ നന്മകൾ നമുക്കുണ്ട്. നമുക്ക് യുണീക്നെസ് വേണം. പക്ഷേ, ആ യുണീക്നെസ് മറ്റുള്ളവരെ താഴ്ത്തിക്കെട്ടാനുള്ള ഒരു ഉപാധിയാവരുത്. ചില തീവ്ര ബ്രാഹ്മണിക്കൽ ഫാസിസ്റ്റുകളുണ്ട് എന്നത് സത്യമാണ്. ഗാന്ധിജിയെ കൊന്ന ഗോഡ്സെ ഒരു ബ്രാഹ്മണനാണ്. ബ്രാഹ്മണരിലെ ഗോഡ്സെയെ അല്ല നമ്മൾ ഉയർത്തിപ്പിടിക്കേണ്ടത്.

**നമുക്ക് ക്രിസ്ത്യാനികളോടോ മുസ്ലീങ്ങളോടോ ദളിത് സമൂഹത്തോടോ ദേഷ്യത്തിന്റെ കാര്യമൊന്നുമില്ല. അങ്ങനെ ഉള്ളവർ വളരെ തുച്ഛമാണ് എന്ന് പറയണം.**

അത് പറഞ്ഞാൽ മാത്രമേ നമുക്ക് ആ ചിന്താധാരയെ തള്ളിപ്പറയാനും കഴിയൂ. നമ്മുടെ പേരിൽ ചാപ്പ കുത്തുന്നതിനെ തടയാനും കഴിയൂ.

❒സവർണ്ണ ഫാസിസ്റ്റ് എന്ന ചാപ്പ?

♦അതിനു മാത്രമല്ല, ജെന്യൂവിനിറ്റി ഉണ്ടാവണം. എക്സ്ട്രീം റൈറ്റ് വിംഗ് നമുക്ക് ദോഷം ചെയ്യും. ഇന്നും പിന്നോക്ക വിഭാഗക്കാർ അമ്പലത്തിൽ കയററുതെന്നു പറയുന്ന ആൾക്കാർ നമ്മുടെ ഇടയിലുണ്ട്. നോർത്ത് ഇന്ത്യയിലൊക്കെ. തൊണ്ണൂറ്റൊമ്പത് ശതമാനവും അങ്ങനെയല്ല എന്ന് ഉറക്കെപ്പറയാൻ കഴിയണം.

❒ഭാഷ കൊണ്ട്, വേഷം കൊണ്ട്, ഭക്ഷണം കൊണ്ട്, പൂണൂലു കൊണ്ട്, കുടുമ കൊണ്ട്. ഇങ്ങനെ പലതു കൊണ്ടും നമ്മൾ പൊതുസമൂഹത്തിൽ നിന്ന് യുണീക് ആയി മാറിനിന്നിരുന്നു.

♦മാറിനിന്നിരുന്നു എന്ന പ്രയോഗത്തേക്കാൾ കുറച്ചു കൂടി നല്ലത് യുണീക്നെസ് കാരണം നമ്മെ എടുത്തു കാണിച്ചിരുന്നു എന്നു പറയുന്നതാണ്. ആദരവോടെ നമ്മൾ ഹൈലൈറ്റഡ് ആയി വേറിട്ടു നിന്നിരുന്നു.

❒അതേയതേ, എന്നാൽ ഇപ്പോൾ.

♦സിമ്പിളായൊരു കാര്യം പറയാം. എനിക്ക് ഉണ്ടായ അനുഭവമാണ്. സി.പി.എമ്മിന്റെ മന്ത്രി ഉണ്ടായിരുന്നല്ലൊ ജി സുധാകരൻ സാറ്. അദ്ദേഹത്തിന്റെ മകന്റെ കല്യാണമാണെന്നു തോന്നുന്നു. ഞാനും മുത്തശ്ശനും കൂടിപ്പോയി. മുത്തശ്ശനെ ആൾക്കൂട്ടത്തിൽ പെട്ടെന്ന് തിരിച്ചറിഞ്ഞില്ല. എന്നെക്കണ്ടപ്പഴാണ് ടിവിയിലൊക്കെ വരുന്നതു കൊണ്ട് അറിഞ്ഞത്. സുധാകരൻ സാറൊക്കെ വല്യ ഇഷ്ടത്തോടു കൂടി കൊണ്ടു പോയി.

❒അമ്മാത്തെ മുത്തശ്ശൻ അല്ലേ?

♦അതേ ശബരിമല തന്ത്രിയായിരുന്ന മഹേശ്വരര്. അപ്പോൾ ഞാൻ മു

ത്തശ്ശനോട് പറഞ്ഞു. നമ്മുടെ പൂജാരിമാർ പുറത്തൊക്കെ പോവുമ്പോൾ മറ്റുള്ളവരെപ്പോലെ ഷർട്ടും മറ്റും ധരിച്ചാണ് പോവുന്നത്. എന്നാൽ ഒരു ക്രിസ്ത്യൻ പുരോഹിതൻ വന്നാൽ പേര് അറിഞ്ഞില്ലേലും വലിയ ബഹുമാനം കിട്ടും. അതു പോലെ മുസ്‌ലീം പുരോഹിതരെയും വേഷം കൊണ്ട് തിരിച്ചറിയാം. നമ്മുടെ ആളുകൾക്ക് അങ്ങനെയൊരു യുണീക് ഡ്രസ് കോഡ്, പൂജ ചെയ്യാത്തപ്പോഴില്ല. അങ്ങനെ ഒരു ഡ്രസ് കോഡ് പൂജാരിമാരുടെ സമൂഹം ചിന്തിക്കണം.

❒ക്രിസ്ത്യാനിക്ക് ളോഹ പോലെ അല്ലേ

♦അതേ, നമ്മുടെ ആളുകൾ ഈ മേഖലയിലുള്ളവർ അതേപ്പറ്റി ചിന്തിക്കുന്നത് നന്നായിരിക്കും.

❒നൂറു വർഷം മുമ്പ് നാലു ശതമാനത്തോളം ഉണ്ടായിരുന്ന നമ്പൂതിരി ജനസംഖ്യ ഇപ്പോൾ ഒരു ശതമാനത്തിൽ താഴെയാണ്. ഇത് എങ്ങനെ ബാധിക്കുന്നു?

♦ഒരു സ്ത്രീയിൽ 2.1 കുഞ്ഞുങ്ങൾ ഉണ്ടാവണമെന്നാണ് കണക്ക്. ഇതിനെ റീപ്ളെയ്സ്മെന്റ് ലെവൽ ഫെർട്ടിലിറ്റി റേറ്റ് എന്നു പറയും. ഒരു സമുദായം അതിനെ നില നിർത്താൻ വേണ്ട റേറ്റ്. അത് കേരളത്തിൽ ഹിന്ദുക്കൾക്ക് 1.1 മുതൽ 1.3 വരെയാണ്. ക്രിസ്ത്യാനികൾക്ക് 1.8 ആണ്. മുസ്‌ലീങ്ങൾക്ക് 2.7 ആണ്. 2.7 എന്നത് ഒട്ടും കൂടുതലല്ല. രണ്ടു മുതൽ മൂന്നു വരെ എന്നതാണ് നോർമ്മൽ. സവർണ്ണ ഹിന്ദുക്കൾക്ക് 1.1 മാത്രമാണ്. അപ്പോൾ നമുക്ക് വേണ്ടത് 2.1 ആണ്.

❒നമ്പൂതിരിയാണ് അച്ഛൻ എന്നു പറയുന്ന വലിയൊരു വിഭാഗം മുൻ തലമുറയിലെ ഹിന്ദുക്കളിൽ ഉണ്ടായിരുന്നു. സംബന്ധത്തിലെ മക്കൾ. അവരെ ഇൻക്ളൂസീവ് ആയി കണ്ടിരുന്നുവെങ്കിൽ ജനസംഖ്യ ഇത്രത്തോളം താഴില്ലായിരുന്നു.

♦വേറൊന്ന് പറയാം. കാശ്മീരി പണ്ഡിറ്റുകളുണ്ടല്ലൊ. അവിടത്തെ ബ്രാഹ്മണർ. നൂറു വർഷം മുമ്പ് അവിടത്തെ മുസ്‌ലീം സമൂഹം രാജാവിനോട് പറഞ്ഞു. ബ്രാഹ്മണ രാജാവാണ് ഭരിക്കുന്നത്. ഞങ്ങൾ തിരിച്ച് ഹിന്ദുവിലേക്ക് വരാൻ തയ്യാറാണ്. നിങ്ങൾ ഞങ്ങളെയങ്ങ് സ്വീകരിക്ക്. ഓരോ കാലങ്ങളിൽ പല കാരണം കൊണ്ട് മതം മാറിപ്പോയവരാണല്ലൊ അവർ. അപ്പോൾ നമ്മുടെ കൂടിയ ചേട്ടന്മാർ പറഞ്ഞു, ഇല്ലയില്ല പറ്റില്ല ആഢ്യത്വം കുറഞ്ഞു പോവും. അതുകൊണ്ട് നിങ്ങളാരും വരണ്ട. അവസാനം എന്തുപറ്റി? 1990ൽ നാലര അഞ്ചു ലക്ഷം കാശ്മീരി പണ്ഡിറ്റുകൾക്ക് നാടു വിട്ട് ഓടേണ്ടി വന്നു. പ്രശ്നം നമ്മുടെ തല തിരിഞ്ഞ പോളിസിയാണ്.



*അമ്മ മല്ലിക നമ്പൂതിരി, മുത്തശ്ശി, ഭാര്യ ദീപ എന്നിവർക്കൊപ്പം*

❒മലപ്പുറം ജില്ലയിലും സമാനമായിരുന്നു സാഹചര്യം. ടിപ്പുവിന്റെ പടയോട്ടത്തിലും മാപ്പിള ലഹളയിലും മറ്റും ഇരകളായവരെ ഭ്രഷ്ടാക്കുകയാണ് അക്കാലത്തെ നമ്പൂതിരിമാർ ചെയ്തത്. ലഹള കഴിഞ്ഞപ്പോൾ ഭ്രഷ്ട് കാരണം പലർക്കും മതം മാറേണ്ടി വന്നു. അന്യഥാ നമ്പൂതിരിമാരായി തുടരേണ്ടിയിരുന്നവരാണ് അവർ.

♦അതേ, നമ്മുടെ കയ്യിലിരുപ്പുകൊണ്ടാണ് പലതും. അമിതമായ ആഢ്യത്വവും ഇല്ലാത്ത കൊമ്പത്തെ പദവിയും. നമ്മുടെ ആളുകളെ പിടിച്ചു നിർത്താനല്ല കൊഴിഞ്ഞു പോവുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണ് പലപ്പോഴും ചെയ്തത്. തള്ളിപ്പറയേണ്ടതിനെ തള്ളിപ്പറയണം.

**വേറൊരു ഉദാഹരണം പറയാം. വിഷ്ണു നാരായണൻ നമ്പൂതിരി കടൽ കടന്നു പോയി എന്നൊരു വിവാദമുണ്ടായല്ലൊ.**

❒വിഷ്ണു നാരായണൻ നമ്പൂതിരിക്ക് തിരുവല്ല അമ്പലത്തിൽ ശാന്തി കഴിക്കാൻ പ്രായശ്ചിത്തം ചെയ്യേണ്ടി വന്നത്.

♦അതേ. ആയിരം വർഷം മുമ്പ് കടലു കടക്കുന്ന പോലെയാണോ ഇക്കാലത്ത്. ഇന്ന് അമേരിക്കയിൽ പോവാൻ ഇരുപത്തിനാലു മണിക്കൂർ വേണ്ട. പണ്ടു പറഞ്ഞിരിക്കുന്നതിന്റെ കാരണങ്ങൾ മനസ്സിലാക്കി വേണം കാര്യങ്ങൾ ചെയ്യാൻ. നമ്മുടെ ഇടയിൽ ഏറ്റവും ആദരണീയനായ ബഹുമാനം കിട്ടിയിരുന്ന ഒരു ബ്രാഹ്മണനാണ് വിഷ്ണു നാരായണൻ നമ്പൂതിരി. പുള്ളിയെയും പറഞ്ഞു വെറുപ്പിക്കുകയാണ് നമ്മൾ ചെയ്തത്.

❒അതേയതേ.

♦ഇതു തന്നെയാണ് തെറ്റായി ചിന്തിക്കുന്നവർ ശങ്കരാചാര്യരോട് ചെയ്തത്. ശങ്കരാചാര്യരുടെ അമ്മയ്ക്ക് കർമ്മം ചെയ്യരുതെന്ന് പറഞ്ഞ് ചില ബ്രാഹ്മണന്മാർ വിലക്കിയല്ലൊ.ആചാരങ്ങൾക്കു പിന്നിലൊരു തത്ത്വമുണ്ട്. ആ തത്ത്വമറിഞ്ഞ് പ്രയോഗിക്കാൻ കഴിയണം. അതിനർത്ഥം ലെഫ്റ്റിസ്റ്റുകൾ പറയുന്നതു പോലെ ഡൈല്യൂട്ട് ചെയ്യണമെന്നോ ഇതിൽ വെള്ളം ചേർക്കണമെന്നോ അല്ല.

❒നമ്പൂതിരി യൂത്ത് ഏറ്റവുമധികം ശ്രദ്ധ പതിപ്പിക്കേണ്ടത് ഏത് മേഖലയിലാണ്

♦ഒരൊറ്റ മേഖലയിലാണ്. നിർബന്ധമായും അവർ കല്യാണം കഴിക്കുന്നതിനു മുമ്പ് വിവാഹപൂർവ വിദ്യാഭ്യാസം നേടിയിരിക്കണം. കുടുംബവിദ്യാഭ്യാസം നേടണം. കഴിയുമെങ്കിൽ മുപ്പത്

## കമ്മ്യൂണിറ്റി ബിൽഡിംഗ് എന്ന ആശയം




ഒരു മുസ്‌ലിമോ ക്രിസ്ത്യാനിയോ ജോലി കിട്ടി വിദേശത്തുപോയാൽ അടുത്ത അഞ്ചു വർഷം കൊണ്ട് കൂടെയുള്ള പത്തു പേരെ കൊണ്ടു പോവും. പള്ളി പറയുന്ന രണ്ടോ മൂന്നോ പേരെയും കൊണ്ടു പോവും. സമുദായത്തിലെ പാവപ്പെട്ടവർക്ക് എന്തെങ്കിലുമൊക്കെ സഹായവും ചെയ്യും. എന്നാൽ ഒരു ഹിന്ദു അങ്ങനെ ചെയ്യില്ലെന്നു മാത്രമല്ല ആ നാട്ടിൽ നിന്ന് വേറെ ആരും അവിടെ വരാതിരിക്കാനുള്ള പരിപാടി കൂടി ചെയ്തു വയ്ക്കും. ബ്രാഹ്മണനാണെങ്കിൽ എന്തു ചെയ്യുമെന്നറിയാമോ. അവിടെ ജോലിയുള്ള ബ്രാഹ്മണനെ തിരിച്ചു നാട്ടിലെത്തിക്കാൻ പാരകൂടി വയ്ക്കും. ഈ നാട്ടിൽ ഒരാഢ്യൻ മതി, ഒരു ദിവ്യൻ മതി എന്ന ആറ്റിറ്റ്യൂഡ്. ഇതിൽ നിന്നാണ് നമ്മുടെ തകർച്ച തുടങ്ങുന്നത്. കമ്മ്യൂണിറ്റി ബിൽഡിംഗ് എന്നൊരു കാര്യമേ നമ്മൾ വിശ്വസിക്കുന്നില്ല. അതുകൊണ്ട് നിർബന്ധപൂർവം നമ്മുടെ ആൾക്കാർക്ക് കമ്മ്യൂണിറ്റി ബിൽഡിംഗ് എന്ന ആശയം മനസിലാക്കി കൊടുക്കേണ്ടതുണ്ട്. ഇത് താത്വികമായ അവലോകനമൊന്നുമല്ല, നിലനിൽപ്പിന്റെ പ്രശ്നമാണ്.

**എൻ എസ് എസിന്റെ നേതാവാരാ? എസ്.എൻ.ഡി.പിയെ ആരാ നയിക്കുന്നത്? എല്ലാവർക്കും അറിയാം. യോഗക്ഷമ സഭയെ ആർക്കും അറിയില്ല. അതാണ് പ്രശ്നം. നമുക്ക് വേണ്ട രീതിയിൽ മീഡിയാ ഇന്ററാക്ഷനില്ല.**

കഴിഞ്ഞിട്ട് കല്യാണം കഴിക്കുന്ന രീതിയും ഒഴിവാക്കുക. പെൺകുട്ടികൾ 21 മുതൽ 23 വരെ പ്രായത്തിലും ആൺകുട്ടികൾ 25 വയസ്സിനുള്ളിലും കല്യാണം കഴിക്കാനും കഴിയുന്നത്ര നേരത്തെ കുട്ടികളുണ്ടാവാനും നോക്കണം. എനിക്കടക്കം താമസിച്ചാണ് കുട്ടി ഉണ്ടായത്. കാരണം എനിക്കിത് പറഞ്ഞു തരാൻ ആരും ഇല്ലായിരുന്നു. ഇന്ന് എന്റെ മോന് അഞ്ചു വയസ്സേ ഉള്ളൂ. ഞാൻ ഇടക്കിടക്ക് ആലോചിക്കാറുണ്ട്. അവൻ അഞ്ചോ ആറോ വർഷം മുമ്പ് വന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന്. എനിക്കൊരു അമ്പത് വയസ്സെത്തുമ്പോൾ അവൻ കുറച്ചുകൂടി നല്ല കാര്യപ്രാപ്തിയിലെത്തും. പ്രോപ്പർ ഫാമിലി എജ്യുക്കേഷനാണ് ഏറ്റവും പ്രധാനം. അതിനൊപ്പം സ്കിൽ എജ്യുക്കേഷനും.

❒സിവിൽ സർവീസ് പോലുള്ള മേഖലകളിലേക്ക് മറ്റു ചിലർ വൻതോതിൽ കടന്നു വരുമ്പോഴും ഒരോ ബാച്ചിലും ഒരാളെങ്കിലും ഉണ്ടാവുന്നു എന്നു ഉറപ്പു വരുത്താൻ നമുക്കു കഴിയുന്നില്ല.

♦എന്തുകൊണ്ടാ കഴിയാത്തത്. മുസ്‌ലീങ്ങൾക്ക് അവരുടെ യുവാക്കൾക്ക് ട്രെയിനിംഗ് നൽകാൻ കേന്ദ്രങ്ങളുണ്ട്. ക്രിസ്ത്യൻ സമൂഹത്തിനുമുണ്ട്. നമ്മുടെ സമൂഹത്തിൽ അങ്ങനെ യാതൊരു ട്രെയിനിംഗോ കാര്യങ്ങളോ ഇല്ല.

❒രാഘവപുരം സഭായോഗം ഇങ്ങനെയൊന്ന് ചെയ്യുന്നുണ്ട്. കാസർകോഡ് ജില്ലയിൽ. കഴിഞ്ഞ വർഷം മുതൽ തുടങ്ങിയത്. സിവിൽ സർവീസിന് റെസിഡൻഷ്യൽ രീതിയിൽ കോച്ചിംഗ് ഉണ്ട്. സ്വസ്തി അത് നൽകിയിരുന്നു.

♦അവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം കാര്യങ്ങൾ ഉറപ്പായും വേണം.

❒സംഘടന എന്ന നിലയിൽ യോഗക്ഷേമ സഭയെ എങ്ങനെ കാണുന്നു

♦മേന്മകൾ പറയാം. ഏരിയാ ഓഫ് ഇംപ്രൂവ്മെന്റും പറയാം. എൻ എസ് എസിന്റെ ജനറൽ സെക്രട്ടറി ആരാ. സുകുമാരൻ നായർ സാറാണെന്ന് ഒരു പക്ഷേ, ഹിന്ദുക്കളല്ലാത്തവർക്ക് പോലും അറിയാം. എസ് എൻ.ഡി.പിയെ ആരാ നയിക്കുന്നത്. വെള്ളാപ്പള്ളിയാണെന്ന് കേരളത്തിലെല്ലാവർക്കും അറിയാം. നമ്മുടെ യോഗക്ഷമ സഭയോ മലയാള ബ്രാഹ്മണസഭയോ ചോദിച്ചാൽ ആർക്കും അറിയില്ല. അതാണ് പ്രശ്നം. കാര്യമെന്താ. നമുക്ക് വേണ്ട രീതിയിൽ മീഡിയാ ഇന്ററാക്ഷനില്ല. എന്താ ചെയ്യണ്ടേ. രണ്ടായിരം രൂപയേയുള്ളൂ ഒരു പ്രസ് മീറ്റ് വിളിക്കാൻ.

❒അതേ, മറ്റു സംഘടനകൾ വേണ്ടതിനും വേണ്ടാത്തതിനും ആഴ്ച തോറും മീഡിയയെ വിളിക്കും.

♦നമ്മുടെ വാർഷിക കൗൺസിൽ നടക്കുമ്പഴോ പുതിയ ഭാരവാഹികൾ വരുമ്പഴോ ഒരു പത്രസമ്മേളനം വിളിക്കുക. എല്ലാരും വരും. എന്താണ് ബ്രാഹ്മണർക്ക് പറയാനുള്ളതെന്ന് കേൾക്കാൻ.

ദൈവം രണ്ടു കൈകൾ തന്നിട്ടുണ്ട്. ഒരു കൈ ബ്രാഹ്മണസമൂഹിനു വേണ്ടിയും മറുകൈ ഹിന്ദു സമൂഹത്തിനു വേണ്ടിയും ചലിപ്പിക്കണം. ഒരു കൈ ഹിന്ദു സമൂഹത്തിനു വേണ്ടിയും മറുകൈ ഇന്ത്യൻ സമൂഹത്തിനു വേണ്ടിയും. ഇതിനെയാണ് മാനേജ്മെന്റിൽ ടു ഹാൻഡഡ് അപ്രോച്ച് എന്നു വിളിക്കുന്നത്. ഈ രീതിയിൽ ബാലൻസ് ചെയ്തു കൊണ്ടുപോവാൻ കഴിയണം.

സംഘടന എന്ന രീതിയിൽ യോഗക്ഷേമസഭ ആ രീതിയിൽ പ്രസ് മീറ്റുകൾ വിളിക്കണം. ഇടക്ക് യോഗക്ഷേമ സഭയുടെ ആൾക്കാരെല്ലാം കൂടി എൻ എസ് എസിന്റെ ആസ്ഥാനത്ത് പോയി കാണണം. വെള്ളാപ്പള്ളി സാറിനെപ്പോയി കാണണം. പാണക്കാട് തങ്ങളുടെ അവിടെപ്പോണം. അതെല്ലാം എന്തു വലിയ മഹത്തരമായ കാര്യമായിരിക്കും.

❒നല്ലൊരു ഇന്ററാക്ഷൻ നടക്കും.

♦മാത്രമല്ല കേരളം മുഴുവൻ ചർച്ച ചെയ്യും. കഴിഞ്ഞ തവണ കുഞ്ഞാലിക്കുട്ടി സാറിന്റെ ഓഫീസ് അടക്കം വ്യക്തിപരമായി ഞാൻ വഴി കോൺടാക്ട് ചെയ്ത് യോഗക്ഷേമസഭയുടെ ആൾക്കാർ കാണണം എന്ന് പറഞ്ഞ് ഒരു മൂവ് നടത്തുകയുണ്ടായി. മിക്ക നേതാക്കളും, ക്രിസ്മസിന് കേക്കുമായി പള്ളീലച്ചന്റെ അടുത്ത് പോവുന്നത് സമൂഹത്തിൽ ആ നന്മ ഉണ്ടാവണമെന്ന് വച്ചാണ്. ഒന്നാലോചിച്ച് നോക്കുക. ബ്രാഹ്മണസമൂഹം അങ്ങനെ മുസ്‌ലീം ലീഗിന്റെയോ ക്രിസ്ത്യൻ സംഘടനയുടേയോ നേതാക്കന്മാരുടെ വീട്ടിൽ മീറ്റ് ആൻഡ് ഗ്രീറ്റ്. അല്ലെങ്കിൽ പള്ളികളിൽ മീറ്റ് ആൻഡ് ഗ്രീറ്റ്. അതുണ്ടാക്കുന്നൊരു പോസിറ്റിവിറ്റി, അതുണ്ടാക്കുന്നൊരു ന്യൂസ് വാല്യു, ഇതെല്ലാം ഗംഭീരമായിരിക്കും.

നമുക്കെന്താ ചെലവ്. ഒരു ചെലവുമില്ല. ഏതെങ്കിലും അത്യാവശ്യം നല്ലൊരു ഗിഫ്റ്റ്. ശങ്കരാചാര്യരുടെ പ്രതിമയോ അതു പോലെ മറ്റെന്തെങ്കിലുമോ കൊണ്ട് പോവുന്നു. അവര് തിരിച്ചും എന്തെങ്കിലും തരുന്നു. അത് സമൂഹത്തിലുണ്ടാക്കുന്ന ഇമ്പാക്ട് വലുതാണ്. നമുക്ക് അങ്ങനെ നേതൃത്വപരമായ ഒരു ചിന്ത വേണം. യുവജനങ്ങൾക്ക് വേണ്ടി പ്രസ്മീറ്റോ മറ്റോ ഞാൻ അറേഞ്ച് ചെയ്തു തരാം. ഞാൻ അവിടെ വരുന്നുമില്ല. ഞങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ പോവുന്നു എന്നവർ പറയട്ടെ. എന്തെങ്കിലും ഒന്നോ രണ്ടോ തെറ്റൊക്കെ പറഞ്ഞെന്നിരിക്കും. തെ

റ്റിക്കോട്ടെ. വീഴാതെ നമുക്ക് പിടിച്ചു നിൽക്കാൻ പറ്റില്ലല്ലോ. ഇങ്ങനെയൊക്കെയല്ലേ സമൂഹത്തിൽ ഒരു ആക്ടിവിസം, വൈബ്രൻസ് വളർത്തേണ്ടത്. ഈ അഭിപ്രായം സഭയിലെ മുതിർന്ന അംഗങ്ങൾ കാണും കാണണം എന്നാണ് ആഗ്രഹം. ഇതൊന്നും ഒട്ടും പണച്ചെലവില്ല. ബുദ്ധിയുടെ ആപ്ളിക്കേഷൻ മാത്രം മതി.

❒ഓന്റർപ്രണർമാരായി നമ്മുടെ ചെറുപ്പക്കാർ വരാത്തത് എന്തുകൊണ്ടാണ്.

♦നമ്മിൽ ഓന്റർപ്രണർ കൾച്ചർ എന്ന വൈശ്യസംസ്കാരം ചരിത്രപരമായി കുറവാണ്. നമ്മൾ ഉണ്ടാക്കിയെടുക്കണം. സർക്കാർ ജോലികളെ റിലേ ചെയ്ത് നിൽക്കരുത്. പകരം ആ രീതിയിലുള്ള ഒരു ഓന്റർപ്രണർഷിപ്പ് കൾച്ചറിന് ഓറിയന്റേഷൻ നൽകാൻ എല്ലാ സമുദായത്തിൽ നിന്നുമുള്ള ഓന്റർപ്രണർമാരെ വിളിക്കണം.

❒സ്വസ്തി അങ്ങനെയൊരു പംക്തി ചെയ്യുന്നുണ്ട്. സർവീസ് ആൻഡ് പ്രൊഡക്ട്സ്. നമുക്കിടയിലെ ഓന്റർപ്രണർമാരെ പരിചയപ്പെടുത്തുന്ന പംക്തി.

♦നല്ല ആശയമാണത്.

❒മോട്ടോർ പമ്പ് നിർമ്മിക്കുന്ന നമ്പൂതിരി, കയറ്റുമതി ചെയ്യുന്ന നമ്പൂതിരി, ബിൽഡറായ നമ്പൂതിരി, അങ്ങനെയങ്ങനെ...ഓരോ ലക്കത്തിലും ഓരോ മേഖലയിലുള്ളവരുടെ സക്സസ് സ്റ്റോറി.

♦നമ്പൂതിരിമാർ മാത്രമല്ല, തുളുബ്രാഹ്മണർ, ഗൗഡസാരസ്വത ബ്രാഹ്മണർ തമിഴ് ബ്രാഹ്മണർ...ഈ ഗ്രൂപ്പുകളെല്ലാം വളരെ വൈബ്രന്റാണ്. ഇവരുമായും നമ്മളൊന്ന് ബന്ധം സ്ഥാപിക്കുന്നത് നല്ലതാ. നമുക്ക് ലേണിംഗ് ആൻഡ് ഡെവലപ്മെന്റാ വേണ്ടത്. അങ്ങനെയാണ് പുതിയ ഓന്റർപ്രണർമാരെ സൃഷ്ടിക്കേണ്ടത്.

❒പൊതു സമൂഹത്തിൽ ഇടപെടുന്നതിലും സാമൂഹ്യപ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും നമ്മുടെ പുതുതലമുറ പിന്നിലാണോ.

♦ആണ്. നൂറുശതമാനം മുമ്പോട്ടു വരണം. യുവജനസഭയെ കുറച്ചു കൂടി സ്വതന്ത്രമായി ഇത്തരം കാര്യങ്ങളിൽ ഇന്റർവീൻ ചെയ്യാൻ വിടണം. കൃത്യമായ ഫാമിലി മീറ്റുകളും മറ്റും ചെയ്യണം. എല്ലാ എയ്ജിലും ആത്മീയതയും സംസ്കാരവുമൊന്നും പഠിപ്പിക്കണ്ട. ചിലരിൽ സിനിമയായിരിക്കും. ചിലരിൽ ടൂർ ആയിരിക്കും. ചിലർക്ക് ക്രിക്കറ്റ് കളിയായിരിക്കും. ചിലർക്ക് ഷട്ടിൽ ബാഡ്മിന്റൻ ആയിരിക്കും. അവർക്ക് രസമുള്ള അവർക്ക് ഇന്ററാക്ട് ചെയ്യാൻ കഴിയുന്ന ഒരു ബ്രാഹ്മിൻ കമ്മ്യൂണിറ്റിയുടെ സപ്പോർട്ട് അവർക്ക് വേണം. അവരുടെ പ്രായ പരിധിയിലുള്ളത്. ആ രീതിയിൽ റീ ഓർഗനൈസ് ചെയ്യണം. ഇങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ ജനിക്കാൻ പോവുന്ന കുഞ്ഞുങ്ങളെ ഇതിനു കിട്ടില്ല. മുതിർന്നവരുടെ ടേസ്റ്റ് ഇവരിൽ അടിച്ചേൽപ്പിക്കരുത്.

> “ മറ്റുള്ളവർ മുന്നേറിയതല്ല നമ്മൾ പിന്നോട്ടു പോയതാണ് നമുക്കിടയിലെ പ്രശ്നം. എന്നും ഒരു നെഗറ്റീവ് അപ്രോച്ച്. വേറെ ഒരുത്തനെ എങ്ങനെ തള്ളി താഴെയിടാം എന്ന അപ്രോച്ച് കൊണ്ട് ഒരു കാലത്തും ഒരുത്തനും ഒരു ഗുണവും ഉണ്ടായിട്ടില്ല. അവര് മുന്നേറുന്നു. നമ്മളും മുന്നേറണം. ഇംഗ്ലീഷിലും മനഃശാസ്ത്രത്തിലും വിളിക്കുന്നത് വിൻ വിൻ സിറ്റുവേഷൻ എന്നാണ്. അതായത് നീയും ജയിക്കണം ഞാനും ജയിക്കണം. ഈ അപ്രോച്ച് നമുക്ക് വേണം. ഞാൻ ജയിക്കണം മറ്റുള്ളവർ തോൽക്കണം എന്നാവരുത്.അങ്ങനെ വരുമ്പോൾ മറ്റുള്ളവരും അങ്ങനെ വിചാരിക്കും. നമ്മുടെ ഇടയിൽ പറ്റുന്നത് അപരൻ തോൽക്കണം എന്ന നിലയിൽ ഓരോരുത്തരും പ്രവർത്തിക്കുന്നു. അപ്പോൾ രണ്ടു പേരും തോൽക്കുന്നു. ”

ഞാൻ സാമുദായികമായി കോൺഷ്യസ് ആവുന്നതിനു മുമ്പ് എനിക്ക് ഇത്തരം പരിപാടികളിലൊന്നും ഒരു താല്പര്യവും ഇല്ലായിരുന്നു. മുതിർന്നവർ വരും. പഴയ ഏതെങ്കിലും അറിയാത്ത ബന്ധുക്കളെ കൊണ്ടു ചെന്നു മോനെ കാണിക്കും. നമ്മൾ ചടങ്ങ് തീർക്കാനും തല കാണിക്കാനും വേണ്ടിയാണ് പോണത്. പക്ഷേ, അവിടെ പോവുന്നത് കൊണ്ട് ഒരു സ്നേഹമോ ഇഷ്ടമോ നന്മയോ ലേണിംഗോ ഒന്നും നമ്മുടെ പിള്ളാർക്ക് ഉണ്ടാവുന്നില്ല. അതുകൊണ്ട് യുവജന സഭ അടക്കം ഇങ്ങനെയുള്ള വിഷയങ്ങൾ ഏറ്റെടുക്കണം.

നായന്മാർക്കും ഇതേ പ്രശ്നമുണ്ട്. ഞാൻ എൻ എസ് എസിന്റെ പല വേദികളിലും ഇത് പറഞ്ഞിട്ടുണ്ട്. എസ്.എൻ.ഡി.പി ക്ക് നല്ലൊരു എസ്.എൻ യൂത്ത് മൂവ്മെന്റുണ്ട്. എൻ.എസ്.എസിന് അങ്ങനൊരു യൂത്ത് മൂവ്മെന്റ് ഇല്ല. അതിന്റെ പോരായ്മകൾ എൻ എസ് എസ് ഒരു പാട് അനുഭവിക്കുന്നുമുണ്ട്. മുസ്ലീം ക്രിസ്ത്യൻ സംഘടനകൾക്ക് ഉണ്ട്. കെ.സി.വൈ.എഫ് കത്തോലിക്കാ യൂത്ത് മൂവ്മെന്റ് ഉണ്ട്. ഒരു കാലത്ത് അവരുടെ സ്ഥിരം ഗസ്റ്റ് ഞാനായിരുന്നു. നമ്മുടെ ആൾക്കാര് വിശ്വസിക്കുന്ന ഒരു ഇസം വിശ്വാസം അവനവനിസം ആണ്. അവനവനിലേക്ക് ചുരുങ്ങുന്ന ഒരു ഇസമാണ് നമ്മുടെ പ്രശ്നം. സാമൂഹികമായ ഇന്ററാക്ഷൻ ഉണ്ടായാലേ സമൂഹത്തിലെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ കഴിയൂ.

❒മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ മാരും ഉണ്ടായിരുന്ന സമുദായത്തിൽ ഇപ്പോൾ പഞ്ചായത്ത് പ്രസിഡണ്ട് പോലും നാമമാത്രമാണ്. മുഖ്യധാരയിൽ നിന്ന് സമുദായം അകലുകയാണോ?

♦മുഖ്യധാരയിൽ നിന്ന് മാത്രമല്ല

## ഇസ്ലാമിക് ബാങ്ക് പോലെ ബ്രാഹ്മിൻ ബാങ്ക് വേണം

മൂന്നു തലമുറ മുമ്പ് സമൂഹത്തിലെ ഉന്നത പദവികളിൽ ഉണ്ടായിരുന്നത്ര നമ്പൂതിരിമാർ ഇപ്പോൾ ഇല്ലാത്തതിനു കാരണം മറ്റുള്ളവർ മുന്നേറിയതല്ല, നമ്മൾ ഒരു പാട് പിന്നോട്ടു പോയതാണ്. ഐ.എ.എസുകാർ വരുന്നില്ല. മികച്ച ബിസിനസുകാർ വരുന്നില്ല. മന്ത്രിമാർ ഉണ്ടാവുന്നില്ല. ഏതെങ്കിലും ഒരു പാർട്ടി നമ്മുടെ ആൾക്കാർക്ക് പദവികൾ നൽകുന്നുണ്ടോ. നമുക്ക് സമൂഹത്തിലുള്ള മൂല്യം തിരിച്ചറിഞ്ഞ് അത് എല്ലാവരുടെയും നന്മക്ക് വേണ്ടി പ്രയോഗിക്കാൻ കഴിയാത്തതുകൊണ്ടാണത്. നമ്പൂതിരിയുടെ ബ്രാൻഡ് വാല്യൂ സമൂഹനന്മക്കായി ഉപയോഗിക്കണം.

ഗൾഫ് ബൂം വന്ന ശേഷം മുസ്ലീം സഹോദരങ്ങളും യൂറോപ്പ് അമേരിക്ക തുടങ്ങിയവിടങ്ങളിലേക്കുള്ള യാത്രകൾ വന്നതോടെ ക്രിസ്ത്യൻ സഹോദരങ്ങളും കുറച്ചു കൂടി നന്നായി. പക്ഷേ, കുറ്റം പറയുന്നതും ബാക്കിയുള്ളവരെ പഴി പറഞ്ഞിരിക്കുന്നതും ആയാൽ നമ്മളൊരിക്കലും നന്നാവില്ല. മുസ്ലീങ്ങൾക്ക് ഇസ്ലാമിക് ബാങ്ക് ഉള്ള പോലെ നമുക്കൊരു ബ്രാഹ്മിൻ ബാങ്ക് വേണം. എനിക്ക് വീടിന്റെ ലോണെടുക്കാൻ ഏഴു ശതമാനമായി. ഒരു മുസ്ലീമിന് അവർക്കിടയിൽ ഇത് മൂന്നിനോ രണ്ടിനോ കിട്ടാൻ സംവിധാനമുണ്ട്.

രാഷ്ട്രനിർമ്മാണത്തിൽ നിന്ന് സൈഡ് ലൈൻ ചെയ്യപ്പെടുകയാണ്. ഒരു കയ്യിൽ ബ്രാഹ്മണതാല്പര്യവും മറു കയ്യിൽ എല്ലാവരുടെയും താല്പര്യവും ഉയർത്തിപ്പിടിക്കാൻ കഴിയുമ്പോഴേ രാഷ്ട്രീയമടക്കമുള്ള സ്ഥലങ്ങളിൽ നമുക്ക് ശോഭിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ബ്രാഹ്മണ താല്പര്യങ്ങൾക്കപ്പുറം ഹിന്ദുതാല്പര്യങ്ങൾ ഇന്ത്യൻ താല്പര്യങ്ങൾ മനുഷ്യ രാശിയുടെ താല്പര്യങ്ങൾ. ഇങ്ങനെയെല്ലാം വേണം. ലോകാഃ സമസ്താഃ സുഖിനോ ഭവന്തുവിൽ വിശ്വസിക്കുന്നവരാണ് നമ്മൾ.

❒കുലധർമ്മം മറന്നു പോയവരാണ് പുതുതലമുറയെന്നു കുറ്റപ്പെടുത്തുന്നവരുണ്ട്. ശാന്തിയെന്ന ഒറ്റ രക്ഷാമാർഗത്തെ മുന്നിൽ കാണുന്നവരല്ല പുതുതലമുറ. എങ്ങനെ വിലയിരുത്തുന്നു?

♦കുലധർമ്മം ശാന്തി മാത്രമല്ല. അത് തെറ്റിദ്ധാരണയാണ്. കേരളത്തിലെല്ലാം കൂടി ഒരു ഇരുപതിനായിരം അമ്പലങ്ങൾ കാണും. ചെറിയ കാവുകളും മറ്റും ചേർത്താൽ നാല്പതിനായിരം. ആ അമ്പലങ്ങളിലെ ശാന്തി മാത്രമല്ലല്ലോ നമ്മുടെ ധർമ്മം. വേദം, ജ്ഞാനം, അറിവ്, അന്വേഷണം ഈ രീതിയിൽ പോവുന്നു. ഇങ്ങനെയുള്ള ബൗദ്ധിക വ്യാപാരമാണ് ബ്രാഹ്മണന്റെ ധർമ്മം. ക്ഷത്രിയന്റേത് നാടിനെ സംരക്ഷിക്കലാണ്. നമ്മുടെത് ധർമ്മത്തെ സംരക്ഷിക്കലും. ശാന്തി അതിലൊന്നു മാത്രമാണ്.

❒ശബരിമല ഉൾപ്പെടെയുള്ള മിക്ക ക്ഷേത്രങ്ങളിലും വൈകാതെ തന്നെ ബ്രാഹ്മണരല്ലാത്തവരാവും ശാന്തിക്കാരെന്ന ഒരു നിരീക്ഷണം കണ്ടു. എന്തു തോന്നുന്നു. സ്വാഗതാർഹമാണോ.

♦വളരെ ട്രിക്കി വിഷയമാണ്. ചില ആളുകൾ അബ്രാഹ്മണശാന്തി എന്നു പറയുന്നത് അമ്പലത്തോടുള്ള താല്പര്യം കൊണ്ടൊന്നുമല്ല. ബ്രാഹ്മണനോടുള്ള ദേഷ്യം കൊണ്ടാ. ബ്രാഹ്മണനെ അവിടന്ന് മാറ്റണം. നേരെ തിരിച്ച് നമ്മൾ പറയേണ്ടത് ബ്രാഹ്മണ്യാർജിത ശാന്തി വേണം എന്നാണ്. അതായത്

**❒വിൻ വിൻ സിറ്റുവേഷൻ വേണം**
**❒കുലധർമ്മം ശാന്തി മാത്രമല്ല**
**❒ഇൻക്ലൂസീവ് ആവണം**
**❒ബ്രാഹ്മണ്യാർജിത ശാന്തി ആവാം**
**❒പൂണൂൽ പൊട്ടിക്കാതെ മുന്നേറാം**
**❒പ്രായമായവർ മെന്റർ ചെയ്യണം**
**❒ഓന്റർപ്രണർ കൾച്ചർ ഉണ്ടാക്കണം**
**❒ടേസ്റ്റ് അടിച്ചേൽപ്പിക്കരുത്**
**❒ഫെർട്ടിലിറ്റി റേറ്റ് കൂട്ടണം**
**❒നേരത്തെ വിവാഹം കഴിക്കണം**

ബ്രാഹ്മണ്യം ജന്മം കൊണ്ട് ലഭിക്കാം കർമ്മം കൊണ്ടും ലഭിക്കാം. കർമ്മം കൊണ്ട് ആർജിക്കാനുള്ള അവസരമുണ്ട്. വേദങ്ങൾ ക്രോഡീകരിച്ച വ്യാസൻ മുക്കുവത്തിയുടെ മകനാണ്. വാൽമീകി ഇന്നത്തെ ഷെഡ്യൂൾഡ് ട്രൈബാണ്. എന്തിന് നമ്മുടെ സ്വന്തം ഭഗവാൻ കൃഷ്ണൻ യാദവനായ ഒബിസിയാണ്. അതുകൊണ്ട് ബ്രാഹ്മണ്യാർജിത ശാന്തി. ഉദാഹരണം നമ്മുടെ പറവൂർ ശ്രീധരൻ തന്ത്രി അടക്കമുള്ള ആൾക്കാർ. അദ്ദേഹം ബ്രാഹ്മണ്യം അറിവിലൂടെ ആർജിച്ച വ്യക്തിയാണ്.

ഇതും കൂടി എഴുതണം. ബ്രാഹ്മണ്യം ആർജിച്ച നായർ ഈഴവ സമുദായത്തിലെ രണ്ട് വ്യക്തികളെക്കൊണ്ട് ശബരിമല മേശാന്തി പദവിയിലേക്ക് വേണ്ടി ഒരു റിക്വസ്റ്റ് കൊടുപ്പിക്കാൻ വ്യക്തിപരമായി താല്പര്യമെടുത്ത ആളാണ് ഞാൻ. പറവൂർ ശ്രീധരൻ തന്ത്രി അദ്ദേഹത്തെയും മകൻ രാകേഷിനെയും വിളിച്ചു. പറവൂർ ശ്രീധരൻ തന്ത്രി പറഞ്ഞതെന്താണെന്നറിയോ. അയ്യോ കുഞ്ഞേ അതു വേണ്ടാ. ഏതെങ്കിലും ഒക്കെ ബ്രാഹ്മണർക്ക് വിഷമം ആവും. എന്നെ അടക്കം പഠിപ്പിച്ചത് ബ്രാഹ്മണ ആചാര്യരാണ്. അവരെ അങ്ങനെ വിഷമിപ്പിക്കാൻ എനിക്ക് പറ്റില്ല. അതുകൊണ്ട് രാകേഷ് കൊടുക്കണ്ട എന്നു പറഞ്ഞു.

ഇതാണ് നമ്മളോടുള്ള ആദരവ്. പക്ഷേ, നമുക്കിത് തിരിച്ചറിയുന്നില്ല. ആ രാകേഷിന്റെ കേസിലാണ് സുപ്രീം കോടതി ഉത്തരവു വന്നത് എന്നതു കൂടി ഓർക്കണം. ആ രാകേഷിനെയാണ് ഞാൻ താല്പര്യപ്പെട്ട് ശബരിമലയിൽ അപേക്ഷിക്കാൻ ക്ഷണിച്ചത്. ഏതെങ്കിലും ഒക്കെ ബ്രാഹ്മണർക്ക് വിഷമം ആവും എന്ന് കരുതി പിൻമാറി. ഇത് അവരുടെ മാന്യത, മര്യാദ. അതിനർത്ഥം നമ്മളൊക്കെ കൂടുതൽ ഫാസിസവും



## ഞാൻ മതം മാറും എന്നു പറഞ്ഞു

വ്യക്തിപരമായ ഒരു കാര്യം പറയാം. ശ്രീരാമനെ എനിക്ക് വലിയ ഇഷ്ടമാണ്. പക്ഷേ, വർഷങ്ങൾക്ക് മുമ്പൊരിക്കൽ അമ്മ എന്നെക്കൊണ്ട് ഏതോ ഒരു ശ്രീരാമന്റെ അമ്പലത്തിൽ രാമായണ പാരായണത്തിന് പോയി. മൂന്നു മണിക്കൂറാണ് പരിപാടി. ഞാൻ പറഞ്ഞു അമ്മേ ഒരിക്കൽക്കൂടി അമ്മ ഇതിനെന്നെ കൊണ്ടുവന്നാൽ ഞാൻ മതം മാറി വേറെ ഏതെങ്കിലും മതത്തിൽ പോവും. അത്രമാത്രം എന്നെ വെറുപ്പിച്ചു. കാര്യം പിള്ളാർക്ക് ഇഷ്ടമുള്ള കാര്യങ്ങളല്ലേ അവർക്ക് വേണ്ടത്. അതായത് രാമായണം എല്ലാരും അറിയണം. പക്ഷേ, ഒരു അറുപതോ എഴുപതോ വയസ്സുള്ള ആൾക്കാര് രാമായണം വായിച്ചു മനസ്സിലാക്കി ജീവിതത്തിൽ പ്രയോഗിക്കുന്ന ലെവലല്ല ഇരുപത്തഞ്ചു വയസ്സുള്ള ഒരു കുട്ടിക്ക് താല്പര്യം. അവരുടെ താല്പര്യങ്ങൾ നോക്കണം.


*എറണാകുളം പ്രസ് ക്ളബിൽ മുത്തശ്ശിയോടൊപ്പം*

## നമുക്ക് ഒരു ശനിയാഴ്ച വേദി ഉണ്ടാവണം

ഒരു മുസ്ളീം അല്ലങ്കിൽ ക്രിസ്ത്യൻ സഹോദരന്റെ കുട്ടിക്ക് പതിനെട്ട് വയസ്സാകുമ്പോഴേക്ക് ആയിരം മണിക്കൂർ ആത്മീയ വിദ്യാഭ്യാസം കിട്ടുന്നുണ്ട്. സൺഡേ സ്കൂളുകളിലൂടെയും ഓത്തുപള്ളികളിലൂടെയും. ക്രിസ്ത്യൻ സഹോദരങ്ങൾക്ക് ഞായറാഴ്ചയും മുസ്ളീം സഹോദരങ്ങൾക്ക് വെള്ളയിയാഴ്ചയും ഉണ്ട്. മുസ്ലീങ്ങൾക്ക് ഒരു ദിവസം തന്നെ രണ്ടു മണിക്കൂറോളം കിട്ടുന്നുണ്ട്. ഞാൻ പറയുന്നത് ആവറേജാണ്. അവർക്ക് ആയിരം മണിക്കൂർ കിട്ടുമ്പോൾ നമ്മുടെ കുട്ടികൾക്ക് അതിന്റെ പത്തിലൊന്നു പോലും കിട്ടാറില്ല. നമുക്ക് ശനിയാഴ്ച ഇതു പോലെ സത്സംഗത്തിനും ആത്മീയ വിദ്യാഭ്യാസത്തിനുമുള്ള വേദി ഉണ്ടാവണം.

ഷോവനിസവും കാണിച്ച് നീയൊന്നും വരണ്ട എന്നു പറയുന്നതല്ല. നമ്മളും തിരിച്ച് കാണിക്കണം. എങ്ങനെയാ കാണിക്കേണ്ടത്. അങ്ങനെ അറിവുള്ള പൂജ ചെയ്യാൻ താല്പര്യമുള്ളവർ ഉണ്ടെങ്കിൽ. ഷോഡശ സംസ്കാരമൊക്കെ മക്കൾക്ക് ചെയ്യുന്നവരുണ്ടെങ്കിൽ. അവരെ നമുക്ക് സ്വാംശീകരിക്കാൻ കഴിയണം. ഇല്ലെങ്കിൽ നമുക്ക് പരാജയമാണ്.

❐ഇൻക്ളൂസീവ് ആവാൻ കഴിയണം.

♦ഇൻക്ളൂസീവ് ആവണം. ഇംപ്ളൈ ചെയ്യാൻ കഴിയണം. എക്സ്ളൂഷണറി ആവുന്നത് നമ്മുടെ ഒരു പ്രശ്നമാണ്. നോക്കൂ, എൻ.എസ്.എസൊക്കെ പണ്ടുള്ള നിലപാട് മാറ്റി. തന്ത്രവിദ്യാപീഠം തുടങ്ങി. മഹാനായ മാധവ്ജി. അദ്ദേഹത്തിന്റെ പാലിയം വിളംബരം. ഇതെല്ലാം നമ്മുടെ ആൾക്കാരെ സ്വീകരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ബ്രഹ്മജ്ഞാനമുള്ളവർ പൂജ ചെയ്യണം. കഴിഞ്ഞ നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ ബ്രഹ്മജ്ഞാനമുണ്ടായിരുന്ന വ്യക്തി ശ്രീനാരായണ ഗുരുദേവനായിരുന്നു. അത് തിരിച്ചറിയാൻ നമുക്ക് കഴിയണം. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ നമ്മുടെ ആൾക്കാരിൽ തൊണ്ണൂറു ശതമാനവും മറ്റു മതങ്ങൾ സ്വീകരിച്ചു പോയേനെ.

❐നൂറു വർഷം മുമ്പ് അക്കാലത്തെ ഏറ്റവും വലിയ വിപ്ളവകാരികൾ ഏറ്റവും വലിയ യാഥാസ്ഥിതികരായ സമുദായമായ നമ്പൂതിരിമാരായിരുന്നു. ഇന്നിപ്പോൾ അവരുടെയെല്ലാം പിൻമുറക്കാൻ യാഥാസ്ഥിതികത്വത്തിലേക്ക് തിരിച്ചു പോവുന്ന കാഴ്ചയും. എന്തു തോന്നുന്നു.?

♦നമുക്കൊരു ബാലൻസ് വേണം. എല്ലാ പുതുമയെയും സ്വീകരിക്കാൻ കഴിയണം. എന്നാൽ പാരമ്പര്യത്തിന്റെ നന്മകൾ ഒന്നും ഉപേക്ഷിക്കുകയും ചെയ്യരുത്. പുതുമയിലെ ചീത്തകാര്യങ്ങൾ വേണ്ട. പുതുമയുടെ പേരിൽ ആരെങ്കിലും ഡ്രഗ്സ് സ്വീകരിക്കാൻ പറയുമോ? ഇല്ല. പലപ്പോഴും പറ്റുന്നത് പാരമ്പര്യത്തിന്റെ തെറ്റുകൾ എല്ലാം കെട്ടിപ്പിടിക്കും, പുതുമയുടെയും എല്ലാ തെറ്റുകളും കെട്ടിപ്പിടിക്കും.

❐സ്വത്വം ഉപേക്ഷിക്കാതെ തന്നെ പൂണൂൽ പൊട്ടിക്കാതെ തന്നെ സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങൾ പാലിച്ചു കൊണ്ട് തന്നെ പൊതു സമൂഹത്തിൽ മുന്നേറാൻ കഴിയേണ്ടതല്ലേ.

♦കറക്ട്

❐എന്നിട്ടും പുതു തലമുറ ഇതെല്ലാം ഉപേക്ഷിച്ചാണ് പുരോഗമനം കൈവരിക്കുന്നത്. നമ്പൂതിരി എന്ന ഐഡന്റിറ്റിക്ക് എന്തെല്ലാമോ കുഴപ്പമുണ്ടെന്ന് ഇവർ ധരിക്കുന്നു. എന്താണ് വിലയിരുത്തൽ.

ഇങ്ങനെയുള്ള തെറ്റിദ്ധാരണ യുവാക്കൾക്കുണ്ട്. അത് മാറ്റാൻ കഴിയണം.



*ജനസംഖ്യയല്ല മസ്തിഷ്കമാണ് ശക്തിയെന്ന് സ്ഥാപിച്ചു കൊണ്ട് ഡോ.സുബ്രഹ്മണ്യം സ്വാമി പാലക്കാട് കിഴക്കഞ്ചേരിയിലെ ബ്രാഹ്മണസഭാ സമ്മേളനത്തിൽ നടത്തിയ പ്രസംഗം ഇതിൽ കേൾക്കാം. നമ്പൂതിരിമാർ തീർച്ചയായും കേൾക്കേണ്ടത്.*

എനിക്കും ആ തെറ്റിദ്ധാരണ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് തിരിച്ചറിയുന്നു ഏറ്റവും വലിയ നമ്മുടെ നന്മകളിലൊന്ന് നമ്മുടെ ഐഡന്റിറ്റിയാണ്.

❐പൊതുവേ സമുദായ സംഘടനകൾ ശക്തരാവുകയാണോ.

♦ശക്തരാണ്. അവർക്ക് ശക്തിയൊന്നും കുറഞ്ഞിട്ടില്ല. ഉദാഹരണത്തിന് തിരുവനന്തപുരത്ത് ഒന്നെങ്കിൽ നായർ അല്ലെങ്കിൽ നാടാർ സമുദായത്തിൽ നിന്നല്ലേ സ്ഥാനാർത്ഥിയെ നിർത്താറുള്ളൂ.

ശശി തരൂർ വിശ്വപൗരനാണ്. എന്നു പറഞ്ഞ് ലത്തീൻ കത്തോലിക്കർ കൂടുതലുള്ള എറണാകുളത്ത് തരൂരിനെ നിർത്തുമോ.

❐ചോദ്യം അതല്ല, നമ്മുടെ സംഘടന അതു പോലെ സ്ട്രോംഗാണോ. മുമ്പ് നല്ല സ്ട്രോംഗായിരുന്നു. വി.ടിയുടെയും മറ്റും വിപ്ളവകാലത്ത്.

♦ഏതെങ്കിലും ആളുകൾ എൻ.എസ്.എസിനെ വേണ്ടെന്നു പറയുമോ എസ്.എൻ.ഡി.പിയെ തള്ളിപ്പറയുമോ. ഇല്ല. യോഗക്ഷേമ സഭ മാത്രമേ പിന്നോട്ടു പോയിട്ടുള്ളൂ. അതിന് കുറച്ചും കൂടി ആദരവ് വേണം. വലിയ ജനസംഖ്യയും വോട്ടും ഒന്നും വേണ്ട. ബ്രാഹ്മണർ എന്ന സ്ഥാനവും ചരിത്രപരമായി യോഗക്ഷേമ സഭയുടെ പ്രാധാന്യവും ഒക്കെ മതി. ഇംഗ്ളീഷിൽ പറഞ്ഞാൽ ബ്രാൻഡ് വാല്യൂ മതി.

❐ജനസംഖ്യ ഇതു മതി. രണ്ടോ

# ഞങ്ങളിലില്ലാ പാർട്ടിരക്തം എന്നു പറയാത്തതെന്താ

❒താങ്കൾ ആരാണ്. ഭാരതീയൻ? ഹിന്ദു? ബ്രാഹ്മണൻ?

♦ചെറിയ പ്രായത്തിൽ കേൾക്കുന്ന തള്ള് എന്താണെന്നറിയുമോ. ഞങ്ങളിലില്ലാ ഹൈന്ദവ രക്തം ഞങ്ങളിലില്ലാ മുസ്ലീം രക്തം ഞങ്ങളിലില്ലാ ക്രൈസ്തവ രക്തം. എന്നാൽ ഞങ്ങളിലില്ലാ കമ്മ്യൂണിസ്റ്റ് രക്തം ഞങ്ങളിലില്ലാ കോൺഗ്രസ് രക്തം ഞങ്ങളിലില്ലാ ബി.ജെ.പി രക്തം എന്നു പറയാത്തതെന്താ.

അപ്പോൾ ഈ സ്വത്വങ്ങളെ ഡൈല്യൂട്ട് ചെയ്യാൻ വേണ്ടി രാഷ്ട്രീയക്കാർ ഉണ്ടാക്കിയ മുദ്രാവാക്യമാണത്. പകരം ഒരേ സമയത്ത് ബ്രാഹ്മണനും ഒരേ സമയത്ത് ഹിന്ദുവും ഒരേ സമയത്ത് ഇന്ത്യാക്കാരനും ഒരേ സമയത്ത് മനുഷ്യനുമാവാൻ നമുക്ക് കഴിയും. നമുക്ക് സ്വത്വപരമായ ഐഡന്റിറ്റി വേണം. മൾട്ടിപ്പിൾ ഐഡന്റിറ്റിയും വേണം. ഒരാൾ തന്നെ മകനോ സഹോദരനോ അമ്മാമനോ അച്ഛനോ എല്ലാം ആവുന്ന പോലെ. നമ്മുടെ ഏറ്റവുംവലിയ പ്രശ്നം ഏതെങ്കിലും ഒരു ഐഡന്റിറ്റിയേ നമുക്ക് പറ്റൂ എന്ന തെറ്റിദ്ധാരണയാണ്. ജാതി ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ജാതീയതയുടെ ഉച്ചനീചത്വം വേണ്ട. ഒരു കയ്യിൽ വ്യത്യസ്ത വിരലുകൾ ഉള്ള പോലെയോ മരങ്ങളിൽ വ്യത്യസ്ത ശാഖകൾ ഉള്ള പോലെയോ അല്ലെങ്കിൽ ഒരു കാട്ടിൽ വ്യത്യസ്ത മരങ്ങൾ ഉള്ള പോലെയോ കണ്ടാൽ മതി. വ്യത്യസ്ത ജാതികൾ നമ്മുടെ രാഷ്ട്രസ്വത്വത്തെയോ ഹൈന്ദവ ധർമ്മത്തെയോ നിർമ്മിക്കും. സമുദായ സ്വത്വം വേണം. സമുദായ സ്വത്വത്തോടൊപ്പം ഹിന്ദു സ്വത്വം വേണം. ഹിന്ദു സ്വത്വത്തോടൊപ്പം ഒരു ഇന്ത്യൻ സ്വത്വവും വേണം.



*രാഷ്ട്രപതിയായിരുന്ന പ്രണബ് മുഖർജിയോടൊപ്പം രാഹുലിന്റെ മുത്തശ്ശൻ കണ്ഠരര് മഹേശ്വരര്, മുത്തശ്ശി, അമ്മ മല്ലിക നമ്പൂതിരി എന്നിവർ*

മൂന്നോ ലക്ഷം. ഡോ.സുബ്രഹ്മണ്യം സ്വാമി അത് വിശദീകരിച്ചിട്ടുണ്ട്. അങ്ങയുടെ നിലപാടുകളിൽ സ്വാമിയുടേതുമായി പൊരുത്തം തോന്നാറുണ്ട്.

♦അദ്ദേഹം ഹാർവാഡിൽ പോയി പഠിച്ച വ്യക്തിയാണ്. എനിക്ക് വ്യക്തിപരമായി അറിയുന്ന ആളാണ്. സ്വാമിയെ ഞാൻ കാണുന്നത് ബ്രാഹ്മണരുടെ ഇടയിലെ ഏറ്റവും വലിയ സ്കോളേഴ്സിൽ ഒരാളായിട്ടാണ്. പണ്ഡിതനാണ്.

❒അങ്ങയുടെ ചില നിലപാടുകളിലും സ്വാമിയുടെ നിലപാട് റിഫ്ളക്ട് ചെയ്യുന്ന പോലെ തോന്നാറുണ്ട്. രണ്ടു പേരും റൈറ്റ് വിംഗിലാണല്ലൊ.

♦എനിക്ക് വലിയ ഇഷ്ടമാണ്.

❒പൂണൂൽ ധാരണം, സസ്യാഹാരം, വേദപഠനം, സന്ധ്യാവന്ദനം ഇതെല്ലാം ഉപേക്ഷിച്ചാലും നമ്പൂതിരിത്തം അവശേഷിക്കും എന്ന് പറയുന്നവരുണ്ട്. എങ്ങനെ കാണുന്നു നിരീക്ഷണത്തെ?

♦നൂറു ശതമാനവും ഉണ്ടാവും. ഇതെല്ലാം തെറ്റായ സ്വാധീനങ്ങൾക്ക് വഴങ്ങി ഉപേക്ഷിച്ചാലും, നമ്മുടെ ഉള്ളിൽ ആ ജെനറ്റിക് മെമ്മറി ഉണ്ടാകും. അത് നൂറ്റാണ്ടുകളോളം ഉള്ളിലുറങ്ങിക്കിടക്കും. ഇല്ലാതാവില്ല, മരിച്ചുപോവില്ല. വേദപഠനം, അമ്പലം, ആരാധന, ചിട്ടവട്ടങ്ങൾ, ഇത്തരം കാര്യങ്ങളിലൂടെ അതിനെ ഉണർത്തിയെടുക്കാം. അതിനെ ഇൻവോക്ക് ചെയ്യാൻ പറ്റും. അത് പോസിറ്റീവുമാണ്. ഇതേ പോലെ എല്ലാ സമുദായങ്ങൾക്കും ഉണ്ട്. അവരുടെ ഉള്ളിൽ അവരുടെ പൂർവ്വികർ ആർജ്ജിച്ച നന്മയും കാര്യങ്ങളും.

❒ഇനി പലർക്കും പേരിൽ ജാതിപ്പേരുണ്ടാവില്ല, ശരീരത്തിൽ പൂണൂലില്ല, ഭാഷയിൽ വ്യത്യാസമില്ല, ഭക്ഷണത്തിൽ വ്യത്യാസമില്ല, തൊഴിലിലും പ്രത്യേകിച്ച് മറ്റുള്ളവരിൽ നിന്ന് വ്യത്യാസമില്ല. അങ്ങനെയുള്ള ഒരാളെ നമ്പൂതിരിയെന്ന ഐഡന്റിറ്റിയിൽ പൊതുസമൂഹം തിരിച്ചറിയുന്നത് എപ്പോഴാണ്, ഏതൊരു സ്റ്റേജിലാണ് ?

♦തിരിച്ചൊരു ചോദ്യം ചോദിക്കാം. മന്നത്ത് പദ്മനാഭന്റെ പേര് മന്നത്ത് പദ്മനാഭപിള്ള എന്നായിരുന്നു. അത് മാറ്റിയാണ് മന്നത്ത് പദ്മനാഭൻ ആയത്. പേരിലെ പിള്ള ഒഴിവാക്കിയാലും പിള്ളയല്ലാതാകുന്നില്ലല്ലോ.

**രാഹുൽ ഈശ്വർ എന്നാണെന്റെ പേര്. രാഹുൽ ഈശ്വർ നമ്പൂതിരി എന്നെഴുതിയില്ലെങ്കിലും എന്റെ അച്ഛന്റെ പേരെഴുതുമ്പോൾ ഈശ്വരൻ നമ്പൂതിരി എന്നല്ലേ എഴുതിക്കൊടുക്കുവാൻ പറ്റുള്ളു. അമ്മയുടെ പേരെഴുതുമ്പോൾ മല്ലികാ നമ്പൂതിരി എന്നല്ലേ എഴുതാൻ പറ്റൂ.**

❒സമുദായത്തിലെ പുതു തലമുറക്കാരോട് എന്താണ് പറയാൻ കഴിയുക?ഒന്ന് വിദ്യാഭ്യാസം. രണ്ട് നല്ല ജോലി അല്ലെങ്കിൽ ഓന്റർപ്രണർഷിപ്പ് പോലുള്ള കാര്യങ്ങളിലൂടെ സാമ്പത്തികവും സാമൂഹികവും ആയിട്ട് വളരുക. കുടുംബമായിട്ട് നിൽക്കാൻ നോക്കുക.

♦ഒരു യുവാവിന്റെ ലൈഫിൽ 15 മുതൽ 30 വയസ്സു വരെയാണ് ഏറ്റവും പ്രധാനം. ഉന്നത വിദ്യാഭ്യാസം, ജോലി, ഒരു പക്ഷേ, കല്ല്യാണം ഇതെല്ലാം സെറ്റാവുന്നത് ആ സമയത്താണ്. ആ കാലം നല്ല രീതിയിൽ പോകാൻ കഴിയണം. അതിന് നമ്മുടെ മുതിർന്ന തലമുറയ്ക്ക് അവരെ ഓറിയന്റ് ചെയ്യാനും കഴിയണം. ആ 15–30 എന്ന ചാലഞ്ചാണ് പ്രധാനമായും നോക്കാനുള്ളത്.

❒നമ്പൂതിരിയുടെ ശരാശരി വിദ്യാഭ്യാസം ഇതര സമുദായക്കാരെ അപേക്ഷിച്ച് കുറവാണോ

♦ഉറപ്പായിട്ടും കുറവാണ്. അതു കൂട്ടാൻ കഴിയണം. അതിന് വിദ്യാഭ്യാസപരമായ സഹായം നൽകണം. നമ്മുടെ കമ്മ്യൂണിറ്റി നമ്മുടെ ഉള്ളിലുള്ളവർക്ക് എത്രമാത്രം സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട്.

❒വിദ്യാനിധി പുരസ്കാരം പോലുള്ള ചിലത് നൽകുന്നുണ്ട്.

♦പക്ഷേ കൃസ്ത്യാനികളെക്കെ നല്ല സ്കോളർഷിപ്പ് നൽകുന്നുണ്ട്. ഇതൊന്നും നമുക്കില്ല. എന്നിട്ട് നമ്മുടെ പിള്ളേർ വളർന്നു വരുന്നില്ലാന്നു പറഞ്ഞിട്ടു എന്താ കാര്യം. പൂച്ചക്കാര് മണികെട്ടും എന്ന പോലത്തെ ഒരു സിറ്റുവേഷനാണ് ഇത്. യുവാക്കൾ മുമ്പോട്ട് വരണം. അതോടൊപ്പം പ്രായമായവർ മോൾഡ് ചെയ്യാനും മെന്റർ ചെയ്യാനും കൂടെ വരണം.

ഈ സമുദായത്തിൽ ജനിച്ച കാര

ണം വ്യക്തിപരമായി താങ്കൾക്കുണ്ടായ ഗുണം? ദോഷം?

♦ഈ സമുദായത്തിൽ ജനിച്ചതിൽ വളരെയധികം അഭിമാനമേയുള്ളു. ഗുണമേ ഉണ്ടായിട്ടുള്ളൂ. ലോകത്തിലെ തന്നെ ഏറ്റവും പ്രാചീനമായ സംസ്കൃതികളിലൊന്നാണ് ബ്രാഹ്മണ സംസ്കാരം. ബ്രാഹ്മണവേദികളിൽ പോകുമ്പോൾ മൂന്ന് കാര്യങ്ങൾ പറയാറുണ്ട്.

ഒന്ന്: ഇന്ത്യയുടെ അടിസ്ഥാനം അടക്കം നമ്മളിൽ നിന്നാണ് ഉണ്ടാകുന്നത്. എന്നാൽ സംസ്കൃതത്തേക്കാൾ പ്രാചീനമായ ഒരു സംസ്കൃതിയായ ദ്രാവിഡ സംസ്കാരം ഇവിടെ ഉണ്ടായിരുന്നു. നമ്മൾ അതിനെ ആദരിക്കാനും ബഹുമാനിക്കാനും പഠിക്കണം. അല്ലാതെ നമ്മൾ മാത്രമേ ഉള്ളു എല്ലാരും നമ്മുടെ താഴെ നിന്നോളണം എന്ന ചിന്താഗതി പാടില്ല.

രണ്ട്: വേദങ്ങളല്ല ഹിന്ദു സംസ്കാരത്തിന്റെ അടിസ്ഥാനം. നേരെ തിരിച്ച് ഹിന്ദു സംസ്കാരമാണ് വേദങ്ങളുടെ അടിസ്ഥാനം. വേദകാലഘട്ടം നാലായിരം വർഷമോ അയ്യായിരം വർഷമോ മുമ്പാണ്. അതിനേക്കാൾ മുമ്പ് തന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലും ഉദാഹരണം ഈജിപ്ത്, മെസപ്പൊട്ടാമിയ, ഇറാൻ അടക്കം അമ്പലസംസ്കാരം പോലെയുള്ളവ ഉണ്ട്.

മൂന്ന്: ചിലർ ധരിക്കുന്നതോ തെറ്റിദ്ധരിക്കുന്നതോ പോലെ സംവരണം കാരണം നമുക്ക് ജോലി കിട്ടാതെ ഇരിക്കില്ല. സംവരണത്തിന്റെ അടിസ്ഥാനം അറിയണം. സംവരണം ബ്രാഹ്മണർക്കെതിരല്ല. ഹിന്ദു ഐക്യത്തിനു ഗാന്ധി കണ്ടെത്തിയ വഴിയാണ്. 1931 കാലത്ത് ഹിന്ദുക്കളെ വിഭജിക്കാനാൻ ബ്രിട്ടീഷുകാർ ഒരു വിദ്യ നടപ്പാക്കി. ദളിതർ വേറെ വോട്ട് ചെയ്യട്ടെ എന്ന തീരുമാനം. മഹാത്മാഗാന്ധി പറഞ്ഞു ഞാൻ മരിച്ചാലും ഹിന്ദുക്കളെ വിഭജിക്കാൻ അനുവദിക്കില്ലെന്ന്. ഗാന്ധി പൂനെയിലെ ഏർവാദ ജയിലിൽ നിരാഹാര സമരം തുടങ്ങി. രാജ്യം മുഴുവൻ ഗാന്ധിജിയുടെ ജീവനുവേണ്ടി പ്രഷർ ഉണ്ടായി. അങ്ങനെ ബ്രാഹ്മണരുടെ റപ്രസന്റേറ്റീവ് ആയ മദൻ മോഹൻ മാളവ്യയും ദളിതരുടെ റപ്രസന്റേറ്റീവ് ആയ അംബേദ്കറും 1932 സെപ്റ്റംബർ 24 ന് ഏർവാദ ജയിലിൽ മഹാത്മാഗാന്ധി മുമ്പോട്ടു വെച്ച കൺസൻസസിൽ ഒപ്പിട്ടു. ആ സമവായമാണ് സംവരണം.

നീ ഇത് ചെയ്തില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യും എന്ന് പറഞ്ഞ് മക്കളെ പേടിപ്പിച്ച് ഇമോഷനലി ബ്ലാക്ക് മെയിൽ ചെയ്ത് ഒരമ്മ ചെയ്യുന്നതു പോലെ ഗാന്ധിജി അംബേദ്കറിനെയും മദൻ മോഹൻ മാളവ്യയെയും കൂടെ ഒരുമിച്ചിരുത്തി ഒപ്പിടീപ്പിച്ചതാണ് പൂനെ പാക്ക്. ആ പൂനെ പാക്ക് ആണ് ഇന്ത്യയിൽ സംവരണം ആയി മാറുന്നത്. അത് ബ്രാഹ്മണർക്കെതിരല്ല. ബ്രാഹ്മണരെയും ദളിതരെയും ഒരുമിപ്പിക്കാൻ മഹാത്മാഗാന്ധി കണ്ടെത്തിയ ഒരു വഴിയാണ്.

ഇതു പറഞ്ഞില്ലെങ്കിലുള്ള പ്രശ്നം, നമുക്ക് പറ്റുന്ന എല്ലാ പരാജയങ്ങളും സംവരണം കാരണമാണെന്ന് പറയും. അടിസ്ഥാനപരമായി ഹിന്ദു ഫ്രെയിം വർക്ക് നിലനിന്നില്ലെങ്കിൽ ബ്രാഹ്മണന് ഒരു വിലയും ഇല്ലെന്നറിയണം. ആ ഹിന്ദു ഫ്രെയിം വർക്ക് തകർന്നു വീഴുകയാണെങ്കിൽ നേരെ നമ്മുടെ തലയിലേക്കാവും. അതുകൊണ്ട് പിന്നോക്കക്കാരെയും, ദളിതരെയും, ആദിവാസികളെയും നമ്മുടെ കൂടെ നിർത്താൻ മഹാത്മാഗാന്ധി എടുത്ത രാഷ്ട്രീയ തന്ത്രമോ സാമൂഹിക തന്ത്രമോ സാമുദായികതന്ത്രമോ ആണ്.

ഈ റിയലൈസേഷൻ നമുക്ക് വേണം. ഈ ബ്രാഹ്മണനും ഹിന്ദുവും ഇന്ത്യയും നിലനിൽക്കാൻ ബാക്കി ആരെക്കാളും കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയുക സവർണ ഹിന്ദുക്കൾക്കാണ്. ആ നിലനിൽപ്പിന്റെ വലിയൊരു ചക്രം നമ്മുടെ കയ്യിലും കൂടിയാണിരിക്കുന്നത്. അതാണ് തിരിച്ചറിയേണ്ടത്. ●

രാഹുൽ ഈശ്വർ
മൊബൈൽ: 9567212345

കവിത

# യാത്ര



അനിയൻ
മണ്ണാനിക്കാട്



ശ്രീനിലയം
പി. ഒ എടയാറ്റൂർ,
മേലാറ്റൂർ,
പിൻ 679326
മൊബൈൽ
9633167578

എൺപത്തിനാലാണ്ടു, കഴിഞ്ഞുപോയീ,
സഹസ്രസപൂർണ്ണേന്ദു, ഉദിച്ചു മാഞ്ഞു;
ഓണങ്ങളും ആതിര, ഉത്സവങ്ങൾ
കാലങ്ങളായ്, എത്ര കഴിഞ്ഞുവല്ലൊ.
വർഷങ്ങളും, വേനലു, മഞ്ഞു കാലം,
കാലക്രമത്തിൽ, വരവേറ്റു ഭൂമി;
വിടർന്ന സസ്യങ്ങൾ, കരിഞ്ഞുണങ്ങീ,
തളിർത്തുവീണ്ടും, നവപുഷ്ടിയോടേ
സനാതനധർമ്മ ഋഷീശ്വരൻമാർ–
തപോധനം ചെയ്തു വസിച്ച ഭൂവിൽ
ജനിച്ച ഞാനെന്തൊരു ഭാഗ്യശാലി!
നമിച്ചിടുന്നേൻ, കൃതഹസ്തനായി.
മരിച്ചുപോയെങ്കിലുമെന്റെയമ്മ
വിളങ്ങിടുന്നു, മമഹൃത്തിലെന്നും
മന്ദസ്മിതം തൂകിയ താതരൂപം
സ്മരിച്ചിടുന്നേൻ, ഭയഭക്തിയോടെ.
പരാതിയില്ലാ, പരിഹാസമില്ല,
ശത്രുക്കളില്ലാ, പക തീരെയില്ല.
എല്ലാവരും എന്നുടെ ബന്ധുമിത്രം,
നന്നായ് ലഭിക്കട്ടെ, സമസ്തഭാഗ്യം!
അറിഞ്ഞുകൊണ്ടാർക്കുമൊരൊറ്റ തെററും–
വരുത്തിയില്ലാ, മമ ജീവിതത്തിൽ,
ഏതെങ്കിലും, മാനസം, നൊന്തുവെങ്കിൽ
ക്ഷമാപണം ചെയ്തുവണങ്ങിടുന്നൂ!
ഉദിച്ച സൂര്യന്നൊരു അന്ത്യമുണ്ട്,
മറന്നിടാ, മാനുഷനുള്ള കാലം
പ്രപഞ്ചസത്യം ഇതുതന്നെയല്ലെ ?
അലംഘനീയം, ഭഗവാൻ കടാക്ഷം! ●

# ശതാഭിഷേകത്തിന്റെ നിറവിൽ



## പാനാട്ട് സാവിത്രി അന്തർജനം

W/o Late: **ശ്രീധരൻ നമ്പൂതിരി, പാനാട്ട് ഇല്ലം,**
**പി.ഒ:വിളയിൽ, വഴി:കുഴിമണ്ണ, മലപ്പുറം ജില്ല.**
മൊബൈൽ: 9847126621

**2022 ഏപ്രിൽ 6ന് മീനത്തിലെ**
**രോഹിണി നാളിൽ 84ാം പിറന്നാൾ**

ആശംസകളോടെ

**മക്കൾ:** ശ്രീദേവി, പദ്മനാഭൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, സുധ, കൃഷ്ണൻ നമ്പൂതിരി.
**മരുമക്കൾ:** എൻ.ടി.കൃഷ്ണൻ നമ്പൂതിരി. (നല്ലൂർ തെഞ്ചീരി ഫറോക്ക്) കെ.സി.ലളിത (കൊയ്യത്ത് ചെപ്പന്നൂർ,തളിപ്പറമ്പ്) ഇ.എം.ശോഭ (കരുമകൻ കാവ് മുല്ലപ്പള്ളി, ഫാറൂഖ് കോളേജ്) കെ.എം സുകുമാരൻ (കൈപ്പറമ്പ് കുറൂർ) സുജ (കരിയന്നൂർ, പുലാമന്തോൾ കൊപ്പം)
**പേരമക്കൾ:** ബിന്ദു തിരുവാലൂർ, സവിത തത്തനാരി, ഹരിനാരായണൻ, ശ്രീധരൻ, ശ്രീദത്ത്, ശ്രീരാഗ്, ശരണ്യ, ശരത്, അമൃത കൂടലാറ്റുപുറം, അർജുൻ കുറൂർ, സാവിത്രി, പാർവതി, ആര്യ




ഇല്ലത്തു നിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് ഒട്ട് എത്തിയതുമില്ല.
പക്ഷേ, പരിഭ്രമിക്കേണ്ട! യോഗക്ഷേമസഭയുടെ കണ്ണൂർ ജില്ലാ
മന്ദിരത്തിലെത്തിയാൽ ഇല്ലം പോലെ തന്നെയായി.

# ഇല്ലം വിട്ടാൽ സ്വന്തം ഭവനം

യോഗക്ഷേമസഭാ അംഗങ്ങൾക്ക് കണ്ണൂരിൽ ഒരു വിശ്രമ കേന്ദ്രം
അത്യാധുനിക സൗകര്യത്തോടെ പിലാത്തറയ്ക്കും പയ്യന്നൂരിനും ഇടയിൽ

**ഏഴിലോട് തയ്യാറായിരിക്കുന്നു**

**ശീതീകരിച്ചതും 200 പേർക്ക് ഇരിക്കാവുന്നതുമായ ഓഡിറ്റോറിയം,**
**സിംഗിൾ , ഡബിൾ റൂമുകൾ, ഡോർമെട്രി സൗകര്യം.**
**മുൻകൂട്ടി ഓഡർ ചെയ്താൽ വെജിറ്ററിയൻ ഭക്ഷണവും**

## Contact: 9446029133 • 9400440060 • 9447547224



ആശംസകളോടെ:
പി. എൻ. ദാമോദരൻ നമ്പൂതിരി
കൺവീനർ ജില്ലാ മന്ദിരം.
മൊബൈൽ 9446029133

swasthy creations/ illam/ advt





യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമ സഭ
കോഴിക്കോട് ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം



## പരസ്യനിരക്ക്

| | |
|---|---|
| ബാക്ക് കവർ കളർ | 15000 |
| ഫ്രണ്ട് കവർ ഇന്നർ കളർ | 7500 |
| ബാക്ക് കവർ ഇന്നർ കളർ | 7500 |
| ഇന്നർ കളർ ഫുൾ പേജ് | 5000 |
| ഇന്നർ കളർ ഹാഫ് പേജ് | 2500 |
| ഇന്നർ കളർ ക്വാർട്ടർ പേജ് | 1500 |
| സ്ട്രിപ്പ് കളർ | 1000 |
| വേളി പരസ്യം | 1500 |
| ഇന്നർ ഫുൾ പേജ് b/w | 3000 |
| ഇന്നർ ഹാഫ് പേജ് b/w | 1500 |
| ഇന്നർ ക്വാർട്ടർപേജ് b/w | 750 |
| സ്ട്രിപ്പ് b/w | 750 |
| ജാതകങ്ങൾ | 500 |
| ആശംസകൾ | 1000 |

*പിറന്നാൾ, ചോറൂണ്, ഗൃഹപ്രവേശം, ഉപനയനം, സമാവർത്തനം, വേളി, ശ്രാദ്ധങ്ങൾ, വിവാഹവാർഷികങ്ങൾ തുടങ്ങി സ്വജനങ്ങളെ അറിയിക്കാനുള്ള ഏതു വിശേഷവും സ്വസ്തിയിലൂടെ അറിയിക്കൂ.*

*വിശദ വിവരങ്ങൾക്ക്: 9745137987*

## Net Banking

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank
**Branch:** Chevarambalam
**A/c No.** 013303800000664
**IFSC** DLXB0000133

ചെക്ക് /ഡ്രാഫ്റ്റ്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ അയക്കുക.
യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാനമന്ദിരം,കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

**സ്വസ്തിയിൽ പത്രപ്രവർത്തനം**

ജേണലിസം പഠിക്കുന്നവർക്ക് ഇന്റേൺഷിപ്പ് പോലുള്ള അവസരം. മാസികയുടെ പ്രവർത്തനങ്ങളിൽ ആദ്യാവസാനം പങ്കാളിത്തം.
**താല്പര്യമുള്ളവർ വിളിക്കുക. 9400992823**

**വരിസംഖ്യ അടച്ച ശേഷം വിവരം 9447332611 ൽ അറിയിക്കണം**

**മാസിക വരുത്താനും കിട്ടിയില്ലെങ്കിലും വിളിക്കാം 9895621493**

An Exclusive Publication on Namboodiri Life &Life style

# ബ്രാഹ്മണന് ശത്രുവും മിത്രവും ഇല്ല



ശ്രീനാരായണ ഗുരുദേവൻ പറഞ്ഞതുപോലെ വർണമുള്ളവൻ (അക്ഷരബോധമുള്ളവൻ) സവർണൻ വർണം (അക്ഷരബോധം) ഇല്ലാത്തവൻ അവർണൻ. അവർണനെ സവർണനാക്കാൻ ശ്രമിക്കുന്നവനും ബ്രാഹ്മണനാണ്.

മധുസൂദനൻ നായർ

'സത്വാത് സഞ്ജായതേ ജ്ഞാനം' എന്ന് ഭഗവത് ഗീതയുടെ പതിനാലാമധ്യായത്തിൽ പറയുന്നു. സത്വഗുണത്തിൽ നിന്ന് സംജാതമാകുന്നതാണ് ജ്ഞാനം. രജോഗുണത്തിൽ നിന്ന് ലോഭം. തമോഗുണത്തിൽ നിന്ന് വിപരീത ജ്ഞാനം അഥവാ അജ്ഞാനം. സാത്വികമായ ജ്ഞാനമെന്താണെന്നു ഗീതയുടെ പതിനെട്ടാമധ്യായത്തിൽ പറയുന്നുണ്ട്. വെവ്വേറെയായിക്കാണുന്ന എല്ലാ ഭൂതജാതങ്ങളിലും ഇടവിടാതെ തുടർന്ന് സ്ഥിതി ചെയ്യുന്നതും നാശമില്ലാത്തതുമായ ഭാവത്തെ (പരമാത്മാവ് എന്ന് വിളിക്കപ്പെടുന്ന ഏകമായ പ്രപഞ്ചശക്തിയെ) ഏത് ജ്ഞാനം കൊണ്ടാണോ ശരിയായി അറിയുന്നത് ആ ജ്ഞാനമാണത്രെ സാത്വികജ്ഞാനം (സർവഭൂതേഷു യേനൈകം - ഗീത 18 -20).

ഈ സാത്വികജ്ഞാനമുള്ളവന് എല്ലാത്തിലും എല്ലാരിലും



ഋഷിയായ കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട് ലോകത്ത് രണ്ടുവർഗങ്ങളേയുള്ളൂ – ഉള്ളവനും ഇല്ലാത്തവനും. നമുക്കിടയിൽ ഋഷിതുല്യനായി ജീവിച്ച വിഷ്ണുനാരായണൻ നമ്പൂതിരി അതിലേക്ക് ഒന്നു കൂട്ടിച്ചേർത്ത് ഇങ്ങനെ പറഞ്ഞു. മൂന്നാമതൊരു വർഗം കൂടിയുണ്ട് – വേണ്ടാത്തവൻ. ഉള്ളവൻ, ഇല്ലാത്തവൻ, വേണ്ടാത്തവൻ. വേണ്ടെന്നുവയ്ക്കുന്നവനെപ്പോലെ മറ്റൊരു പ്രഭു ഇല്ലല്ലോ. ചില നമ്പൂതിരിമാരെങ്കിലും വേണ്ടെന്നുവയ്ക്കുന്ന അത്തരം മഹാപ്രഭുക്കന്മാരാണെന്നും കവി മധുസൂദനൻ നായർ നിരീക്ഷിക്കുന്നു. അങ്ങനെ ദുർലഭമായ ഒരു ജന്മമായിരുന്നു സർവനൈവേദ്യമായി സ്വയം അർപ്പിച്ച കവി വിഷ്ണു നാരായണൻ നമ്പൂതിരിയുടേത്.

തന്നിലെന്നപോലെ ഒരേ ഈശ്വരൻ ഉണ്ടെന്ന തിരിച്ചറിവുണ്ടാവും. ആ അറിവാണ് ആരെയും ദ്വേഷിക്കാതെ, ഏവരോടും മൈത്രിയും കരുണയും പുലർത്തി, നിർമ്മമനും നിരഹങ്കാരനുമായി ജീവിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നത്. അങ്ങനെ ജീവിക്കുന്നവൻ ദേവപ്രിയനാകുന്നു. സർവപ്രിയനും സർവാദൃതനും ആകുന്നു.

അദ്വേഷ്ടഃ സർവഭൂതാനാം
മൈത്ര കരുണ ഏവ ച
നിർമ്മമോ നിരഹങ്കാരഃ
സമദുഃഖസുഖഃ ക്ഷമീ

സന്തുഷ്ടഃ സതതം യോഗീ
യതാത്മാ ദൃഢനിശ്ചയഃ
മയ്യർപ്പിതമനോബുദ്ധിർ-
യോ മദ്ഭക്തഃ സ മേ പ്രിയഃ

എന്ന് ഗീതയിൽ പറഞ്ഞിരിക്കുന്നു (12 13, 14) .

ഇങ്ങനെ ജീവിതം നയിക്കുന്നവനെയത്രേ ബ്രാഹ്മണൻ എന്ന് പൂർവ്വകാലം കല്പിച്ചത്. ബ്രഹ്മജ്ഞാനം ഉള്ളവനും ബ്രഹ്മമാർഗത്തിൽ സഞ്ചരിക്കുന്നവനും ബ്രഹ്മാർപ്പണബുദ്ധിയാർന്നവനുമാണ് ബ്രാഹ്മണൻ. ബ്രാഹ്മണന് ശത്രുവും മിത്രവും ഇല്ല. ശീതോഷ്ണസുഖദുഃഖങ്ങൾ സമം. മാനാവമാനങ്ങളും നിന്ദാസ്തുതികളും സമം. ആ വിധം ജ്ഞാനോപാസനയോടെ ജീവിക്കുന്നവൻ (ബ്രഹ്മോപാസകൻ) ലോകപ്രിയമായതും ലോകഹിതമായതും ചെയ്യുന്നു. ജ്ഞാനോപാസന വാക്കിലൂടെയാണ്. വാക്കിനെ കൈകാര്യം ചെയ്യുക എന്ന ധർമ്മമുള്ളതിനാലത്രേ വിശ്വപുരുഷന്റെ വായിൽ നിന്ന് (വായ് = മുഖം ) ബ്രാഹ്മണൻ ജനിച്ചു എന്ന് ആലങ്കാരികമായി പറഞ്ഞിട്ടുള്ളത്.

**കേരളീയ ജീവിതത്തിലെന്നല്ല ഭാരതീയജീവിതത്തിലാകെ വിദ്യോപാസകരായ ബ്രാഹ്മണർ നൽകിയ ജ്ഞാനധനങ്ങൾ ചെറുതല്ല. കേരളത്തിന്റെ ജ്ഞാനവിജ്ഞാന മണ്ഡലങ്ങളിൽപ്പെട്ട കൃതികളെക്കുറിച്ച് അല്പമൊന്നന്വേഷിച്ചാലറിയാം, അവരുടെ ജ്ഞാനതപോവൃത്തിയുടെ മഹിമ. അങ്ങനെയുള്ള ബ്രാഹ്മണർ പുലർത്തിപ്പോന്ന സാത്ത്വികത ശ്രദ്ധിക്കപ്പെടേണ്ടതാണ്.**

കേരളീയ ജീവിതത്തിലെന്നല്ല ഭാരതീയജീവിതത്തിലാകെ വിദ്യോപാസകരായ ബ്രാഹ്മണർ നൽകിയ ജ്ഞാനധനങ്ങൾ ചെറുതല്ല. കേരളത്തിന്റെ ജ്ഞാനവിജ്ഞാന മണ്ഡലങ്ങളിൽപ്പെട്ട കൃതികളെക്കുറിച്ച് അല്പമൊന്നന്വേഷിച്ചാലറിയാം, അവരുടെ ജ്ഞാനതപോവൃത്തിയുടെ മഹിമ. അങ്ങനെ ഉള്ള ബ്രാഹ്മണർ പുലർത്തിപ്പോന്ന സാത്ത്വികത ശ്രദ്ധിക്കപ്പെടേണ്ടുന്നതാണ്. പിൽക്കാലം പല ശീലദോഷങ്ങൾക്കും ജാഡ്യങ്ങൾക്കും വിധേയമായിട്ടുണ്ടെങ്കിലും സാത്ത്വികമായ ബ്രാഹ്മണചര്യ ഒരു കാര്യം പഠിപ്പിച്ചുതരുന്നു. ജ്ഞാനംകൊണ്ടു മാത്രമാണ് ബ്രാഹ്മണത്വം ഉണ്ടാകുന്നത്. ജ്ഞാനം തന്നെയാണ് ഭൗതികമായ ജാതിയെയും ജയിക്കുന്നത്. ശ്രീനാരായണ ഗുരുദേവൻ പറഞ്ഞതുപോലെ വർണമുള്ളവൻ (അക്ഷര ബോധമുള്ളവൻ)സവർണൻ വർണം (അക്ഷരബോധം) ഇല്ലാത്തവൻ അവർണൻ. അവർണനെ സവർണനാക്കാൻ ശ്രമിക്കുന്നവനും ബ്രാഹ്മണനാണ്. അവർണനിലും സവർണനിലും (അതായത് പശുസമാനമായ ബോധമുള്ളവനിലും ബ്രഹ്മബോധമുള്ള ബ്രാഹ്മണനിലും - ഗോ ബ്രാഹ്മണേഭ്യഃ) ഒരേ ഈശ്വരനെ കാണാൻ കഴിയുന്ന അത്തരം ബ്രാഹ്മണരിലൊരാളെക്കൂടി എനിക്ക് നേരിട്ടറിയാം - ശ്രീ വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മ പോലും അക്ഷരശുദ്ധിദായകമാണ്.

മന്ത്രയോഗ്യമായ ഭദ്രതയുണ്ട് അദ്ദേഹത്തിന്റെ കവിതകൾക്ക്. ചേറിക്കളയാനൊരക്ഷരവർണം പോലുമില്ല. മുറിയുന്ന ഒരു മാത്രാഭേദം

പോലുമില്ല. പൈതൃക ഹിമാലയത്തിന്റെ ആധുനികതയായി തെഴുത്തുപൂക്കുന്ന വചനമാണത്. ശുദ്ധിചെയ്ത ദർശനവും ശുദ്ധിചെയ്ത ധ്വനിയും. കൃത്യമായി ഗ്രഹിക്കായ്കയാൽ പലരും കവിതകളെ അത്ര താലോലിച്ചില്ല. ചിലർ തെറ്റായ ധാരണകളാലാവാം നീരസം ചെയ്തു. 'ആദവും ദൈവവും എന്ന ശോഭനാർഥകമായ കവിത പാഠ്യപുസ്തകത്തിൽച്ചേർത്തതിനെ എതിർത്ത് രംഗത്തു വന്നതോർക്കുന്നു. മർത്ത്യന്റെ കർമ്മവീര്യവും ശാപത്തെപ്പോലും അനുഗ്രഹമാക്കാനുള്ള മനോവീര്യവും നിസ്തന്ദ്രമായ അന്വേഷണവുമാണ് ആ കവിതയിൽ പ്രധാനമെന്ന് പലരും ഗ്രഹിച്ചില്ല. കവിയുടെ സാത്ത്വികത നീരസങ്ങളെ മായ്ച്ചുകളഞ്ഞു എന്നുവേണം കരുതാൻ.

'സുരഭാവമാർന്നിടുകിലും ഭൂസ്നേഹി' എന്ന മർത്ത്യവിശേഷണം ഈ കവിക്കു ചേരും. മർത്ത്യനില്ലാത്ത സ്വർഗം വിരസം എന്നദ്ദേഹം കണ്ടു (വിരസമല്ലി നാകവും മനുജനെന്നിയേ തുലോം ...) സ്വർഗവും നരകവും മനുഷ്യമനസ്സിൽത്തന്നെ എന്ന മഹാഭാരതദർശനം അതിന്റെ അഖിലാർഥങ്ങളിലും ഗ്രഹിച്ച സൂക്ഷ്മാവധാനിയായിരുന്നല്ലോ വിഷ്ണുനാരായണകവിയും .

ഓരോ പുലരിയിലുദയം കൊൾവൂ പുതിയ വസുന്ധര ...

എന്ന് ഭൂമിയുടെ നിത്യനവോത്ഥാനത്തെ ദർശിച്ചു. ജഡമായ യാഥാസ്ഥിതികതയെ മരണമായിത്തന്നെ കണ്ടു. ഉരുകിയൊലിച്ചുകൊണ്ടേയിരിക്കുന്ന ഉരുക്കാണ് ജീവിതം. അത് കട്ടപിടിച്ചാൽ മരണമായി. ജീവിതത്തിന്റെ ഈ ചൈതന്യധാരയെപ്പറ്റി ആദ്യകാലകവിതകളിലേ അദ്ദേഹം എഴുതിയിരുന്നു. പ്രകൃതി നിത്യനവീനയാണല്ലോ.

അപരനായിനെഞ്ചിടർന്ന്
അലഘുപുണ്യമായവൻ

ആണ് ശരിയായ മാനവൻ എന്ന് മാനവികതയെക്കുറിച്ചെഴുതിയത് 1969 ലാണ്. അപരനുവേണ്ടി നെഞ്ചുരുകുന്നവനാണ് പുണ്യശാലിയെന്ന ബോധ്യം അദ്ദേഹത്തിന് ആദിമുതലേ ഉണ്ടായിരുന്നു. മൃത്യുവിനുണ്ടോ ജാതി എന്ന ചോദ്യത്തിലറിയാം അദ്ദേഹത്തിന്റെ ജാതിസങ്കല്പം.

ഒരിക്കൽ ഒരു സമ്മേളനത്തിനു പോകവേ, വഴിയിൽ ഒരു ചായക്കടയിൽക്കയറി. തിരുനല്ലൂർ കരുണാകരൻ സാർ ചോദിച്ചു. 'വിഷ്ണുവിന് ഈ ചായ ഇഷ്ടപ്പെടുമോ?' ഉടനേ വിഷ്ണുനാരായണൻ നമ്പൂതിരി പറയുന്നതു കേട്ടു.

തീവണ്ടിയിൽ സഞ്ചരിക്കവേ, തന്നെക്കാൾ എത്രയോ പ്രായം കുറഞ്ഞ ഒരു ചെറുപ്പക്കാരന്റെ മോഹത്തെ മാനിച്ച് തന്റെ ബർത്ത് അയാൾക്ക് കൊടുത്തിട്ട് ഇരുന്നുറങ്ങിയും ഉറങ്ങാതെയും കഴിച്ച കവിയെ നേരിട്ടറിയാം. എനിക്കുള്ളതല്ല എന്ന ബോധ്യത്തിലുറച്ച എളിയജീവിതവും കൊടിയ തപസ്സുമാണ് ബ്രഹ്മജ്ഞാനിയുടേത്.

'ആകാശാത് പതിതം തോയം
സാഗരംപ്രതി ഗച്ഛതി'

എല്ലാ ജലവും ഒന്നുതന്നെ. അതിനു ജാതിഭേദമെന്ത്? ഗംഗയിലെ ജലവും നയാഗ്രയിലെ ജലവും ഒന്നുതന്നെ. കാലിഫോർണിയക്കാടും ഹിമാലയൻകാടും സഹ്യവനവും ഒരേ പ്രകൃതി തന്നെ. ഈ മഹാവൈദികദർശനം, സർവകാലസത്യദർശനം, മഥനം ചെയ്തെടുക്കാൻ വകതരുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ. വേദത്തിലും ഉപനിഷത്തിലും ഇതിഹാസങ്ങളിലും സഞ്ചരിച്ച് കാളിദാസനിലൂടെ നവീനകാലഘട്ടത്തിലെത്തുമ്പോൾ, അഗ്നിയിലും വായുവിലും ജലത്തിലും മണ്ണിലും നാദത്തിലും ശുദ്ധീകരിച്ചെടുത്തു സ്വയം സമർപ്പിച്ച ഒരു ജീവിതത്തെയും വചനയജ്ഞത്തെയുമാണ് കാണുക. ഈ സ്വയംശുദ്ധീകരണം ഒരു മഹത്തായ പാഠമാണ്. വിഷ്ണുകവിതയുടെ വൈഷ്ണവരശ്മിപ്രസരം സർവചരിത്രകാലങ്ങളെയും സർവദേശങ്ങളെയും ഒരുപോലെ സ്പർശിച്ച് വരുംകാലത്തേക്ക് സൗമ്യപ്രകാശമായി, ലോകപ്രണയമായി വിടരുന്നു.

എനിക്കുള്ളതല്ല എന്ന ബോധ്യത്തിലുറച്ച എളിയജീവിതവും കൊടിയ തപസ്സുമാണ് ബ്രഹ്മജ്ഞാനിയുടേത്. ജ്ഞാനവും കർമ്മവും കൊണ്ട് സ്വയം പവിത്രീകരിക്കുന്നവനും ലോകഹിതം തന്നെയാണ് സ്വന്തം ഹിതം എന്നറിയുന്നവനുമാണവൻ. അങ്ങനെയുള്ളവനേ ഋഷിയാകാൻ പറ്റൂ. ഋഷിയായവനെ കവിയാവൂ.

അത്തരമൊരാൾ അധ്യാപനത്തെ യജ്ഞമായിക്കാണുന്നു. എന്തിനെയും ദിവ്യമായിക്കാണുന്നു. കർമ്മം പൂജ തന്നെയാവുന്നു. അധ്യാപനത്തിൽനിന്നു വിരമിച്ച് വിഷ്ണുനാരായണൻ നമ്പൂതിരി പോയത് പെറ്റമ്മയുടെ വാക്കു മാനിച്ച് അമ്പലത്തിലെ പൂജകനായിട്ടാണല്ലോ. അദ്ദേഹം മർത്ത്യനിലെയും പ്രകൃതിയിലെയും ദിവ്യതയുടെ പൂജകനായിരുന്നു. ഉയർന്നുപറക്കുന്ന മനസ്സുകൾക്ക് എല്ലാത്തിനെയും ഒരുപോലെ കാണാൻ കഴിയും. അത്തരം മനസ്സുകൾ ആകാശവിശാലമായിത്തീരുന്നു.

തീവണ്ടിയിൽ സഞ്ചരിക്കവേ, തന്നെക്കാൾ എത്രയോ പ്രായം കുറഞ്ഞ ഒരു ചെറുപ്പക്കാരന്റെ മോഹത്തെ മാനിച്ച് തന്റെ ബർത്ത് അയാൾക്ക് കൊടുത്തിട്ട് ഇരുന്നുറങ്ങിയും ഉറങ്ങാതെയും കഴിച്ച കവിയെ നേരിട്ടറിയാം.

അദ്ദേഹം പറയുമായിരുന്നു 'മഹാനായ കാറൽമാർക്സ് ഋഷിയാണ്. അദ്ദേഹം പറഞ്ഞിട്ടുണ്ട് ലോകത്ത് രണ്ടുവർഗങ്ങളേയുള്ളൂ – ഉള്ളവനും ഇല്ലാത്തവനും എന്ന്, ശരിതന്നെ. എന്നാൽ, നമ്മുടെ നാട്ടിൽ മൂന്നാമതൊരു വർഗം കൂടിയുണ്ട് – വേണ്ടാത്തവൻ'

വേണ്ടാത്തവൻ എന്ന വർഗമുണ്ടായിരുന്ന ഇന്ത്യ എന്ന നാട്ടിലാണ് വേണ്ടെന്നു വച്ചവനായ ഈ എളിയകവിയായ മഹാപ്രഭു ജീവിച്ചത്. വേണ്ടെന്നുവയ്ക്കുന്നവനെപ്പോലെ മറ്റൊരു പ്രഭു ഇല്ലല്ലോ. അരയുമ്പോൾ കളഭം പോലെ മണക്കുകയും, എരിയുമ്പോൾ കനകംപോലെ തിളങ്ങുകയും ചെയ്യുന്ന മർത്ത്യജന്മങ്ങൾ ദുർലഭം. അവരിൽ അപൂർവം ചിലർ കറയും കുറയുമറ്റ കവികളാവുന്നു. സർവനൈവേദ്യമായി സ്വയം അർപ്പിച്ച കവിയാണല്ലോ വിഷ്ണു നാരായണൻ നമ്പൂതിരി. 1967–ൽത്തന്നെ എൻ.വി. കൃഷ്ണവാരിയർ ഇതുപറഞ്ഞിട്ടുണ്ട്. 'അതാണ് വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹം ആരാധിക്കുന്ന ദേവതയും ആ ദേവതയ്ക്ക് അദ്ദേഹം നല്കുന്ന ആരാധനയും അതിനായി അദ്ദേഹം നിർമ്മിക്കുന്ന നൈവേദ്യവും എല്ലാം കവിത തന്നെ'.

ഇതിനപ്പുറം പറയാനില്ല. അഗ്നിയായി, ആത്മഹവനമായി, ഹവ്യമായി സ്വയം മാറിയ കവിതേജസ്സിനെ, അമൃതാക്ഷരത്തെ നമസ്കരിക്കുന്നു ●.

ARA 86, നാരായണീയം,
ദേവസ്വം ബോർഡ് ജംഗ്ഷൻ,
തിരുവനന്തപുരം

നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്നത് സുപ്രസിദ്ധമായ നാടകം. ഈ ചെറുകഥ വിളിച്ചു പറയുന്നു

# നിങ്ങളെന്നെ ശാന്തിക്കാരനാക്കി



ഉദയൻ നമ്പൂതിരിപ്പാട്

അച്ഛൻ മരിച്ചിട്ടു ഒരു മാസം കഴിഞ്ഞു. അതിനു ശേഷം ആരും ഇല്ലത്തു നിന്നും പുറത്തിറങ്ങാറില്ല. സഹതാപ വാക്കുകൾ കേൾക്കാനുള്ള വിഷമം. പെട്ടെന്നുണ്ടായ ആ വേർപാടിന്റെ ശൂന്യത കുറയുന്നതിനു പകരം വലുതാവുന്നു.അമ്മയും അനിയത്തിയും ദിവസങ്ങളായി മൗനത്തിലാണ്.

അവസാന കാലത്ത് മകൻ ജോലിക്കാരനാകണമെന്നു അച്ഛൻ ആശിച്ചിരുന്നു. പ്രസ്ഥാനത്തിനായി ആയുസ്സു മുഴുവൻ ഹവിസ്സായി നല്കിയ ആൾ. ഭാര്യയും മക്കളും കദനക്കടൽ കോരിക്കുടിക്കുന്നതറിഞ്ഞില്ല. മകനു ജോലി വാങ്ങി കൊടുക്കുന്നതിലൂടെ, സ്വന്തം കുടുംബത്തോടു ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യാം എന്നു കരുതിയിരിക്കാം.

ഒരു കാലത്തു താൻ സ്ഥലം കൊടുത്തു കെട്ടിപ്പടുത്ത ബാങ്കിൽ ഒരുഒഴിവുണ്ടെന്നറിഞ്ഞ് മകനു കൊടുക്കണമെന്നു പറയാനായി പലരേയും കണ്ടു. നല്ല മടിയുണ്ടായിരുന്നു. ഇന്നലെ വരെ പാർട്ടിയോടു ഒന്നും ആവശ്യപ്പെട്ട ശീലമില്ല.

കുറെദിവസം കാത്തു, ഒന്നും നടന്നില്ല. അവസാനം അച്ഛൻ തന്നെ പറഞ്ഞു

'മന്ത്രിയെ ഒന്നു കാണാം, അയാൾ ഞാൻ പറഞ്ഞാൽ കേൾക്കും, പണ്ട് എന്റെ മുണ്ടും ഷർട്ടും ഇട്ടു നടന്നിരുന്നതല്ലേ?'

ശരിയാണ്, മന്ത്രി, ഇല്ലത്തെ ഒരു ആശ്രിതന്റെ മകനായിരുന്നു. ഇല്ലത്തെ ഭക്ഷണം കഴിച്ചു വളർന്നു. മുത്തശ്ശനായിരുന്നു രാഷ്ട്രീയ ഗുരു. നാട്ടിൽ പാർട്ടിയെ ആദ്യ കാലത്ത് നയിച്ചതും വളർത്തിയതും മുത്തശ്ശനായിരുന്നു. നമ്പൂതിരിയെ മനുഷ്യനാക്കുന്നവരുടെ കൂടെ മുത്തശ്ശൻ കുറെ നടന്നു. പൂണൂൽ പൊട്ടിച്ചെറിഞ്ഞു. ഇല്ലങ്ങളെല്ലാം കയറിഇറങ്ങി. പിന്നെ, നാടും നട്ടാരേയും നന്നാക്കുന്നവരുടെ കൂടെയായി.

ഒളിവു ജീവിതം നയിച്ചിരുന്ന പലരേയും ഇല്ലത്തു താമസിപ്പിച്ചു. കേസുകൾക്കായി പോലീസ് സ്റ്റേഷനുകളിലും കോടതികളിലും കയറി. പിന്നെ അച്ഛന്റെ വഴിയും അതായി. പക്ഷേ, പാർട്ടി പ്രവർത്തനം കൊണ്ട് ഇല്ലത്തെ പറമ്പുകളും പാടങ്ങളും അന്യരുടേതാവുന്നത് ശ്രദ്ധിച്ചില്ല. അവസാനം ഇല്ലത്തു അരി വെയ്ക്കാനായി ഒന്നും ഇല്ലാതായപ്പോഴാണ് ബോധം വന്നത്.

അപ്പോഴേക്കും, പാർട്ടിയും ഒരുപാടു മാറിയിരുന്നു. അച്ഛനേ പോലെയുള്ളവരുടെ വാക്കുകൾ അവഗണിക്കപ്പെട്ടു. അവർ പാർട്ടിയിൽ ഒന്നുമല്ലാതെയായി.

**മന്ത്രിയെ കണ്ടോ കാര്യം പറഞ്ഞോ എന്നറിയില്ല. മടങ്ങി വരുമ്പോൾ വഴിയിൽ വെച്ച് തളർന്നു വീണു. പിന്നെ പതാകയിൽ പൊതിഞ്ഞ മൃതദേഹമാണ് വീട്ടിലെത്തിയത്.**

അതിനിടെ, ജില്ലാ സമ്മേളനത്തിന് മന്ത്രി വരുന്നുണ്ടെന്നു അച്ഛനറിഞ്ഞു. ഇതാണ് അവസരം എന്നു കരുതി കാണാൻ പോയി. അദ്ദേഹത്തെ കണ്ടോ കാര്യം പറഞ്ഞോ എന്നറിയില്ല. മടങ്ങിവരുമ്പോൾ വഴിയിൽ വെച്ച് തളർന്നു വീണു. പിന്നെ പതാകയിൽ പൊതിഞ്ഞ മൃതദേഹമാണ് വീട്ടിലെത്തിയത്. സംസ്ക്കാരം പാർട്ടി ചെലവിൽ നടന്നു. അന്തരിച്ച നേതാവിന് വിട പറയാനും ഉററവരെ ആശ്വസിപ്പിക്കാനും നേതാക്കൾ ഓടിയെത്തി. മന്ത്രി എല്ലാറ്റിനും മുൻപിൽ നിന്നു. വൈകിട്ട് അനുശോചനയോഗവും സംഘടിക്കപ്പെട്ടു. മരിച്ച സഖാവ് എല്ലാവരുടേയും പ്രിയപ്പെട്ടവനായി.

സഖാവിന്റെ ഓർമ്മക്കായി ഉചിതമായ സ്മാരകം കെട്ടിപ്പടുക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു.നാട്ടുകാരായ സഖാക്കൾ ഇല്ലത്തു വന്നു അമ്മയോടു പറഞ്ഞു.

'അന്തരിച്ച സഖാവ് ഞങ്ങളുടെ ആവേശവും മാതൃകയുമായിരുന്നു. അദ്ദേഹത്തിന്റ ഓർമക്കായി സ്മാരകം പണിയാൻ വിചാരിക്കുന്നു....'

അതിന്റെ ആവശ്യത്തിനായി ഫണ്ടു പിരിവു തുടങ്ങി കഴിഞ്ഞു. സഖാവ് അലിഞ്ഞു ചേർന്ന മണ്ണിൽ തന്നെ വേണം സ്മാരകം എന്നാണു എല്ലാവരുടേയും ആഗ്രഹം. അമ്മ അതിനായി ഈ പറമ്പിൽ നിന്നു കുറച്ചു സ്ഥലം വിട്ടുതരണം. ഇതു കേട്ട് അമ്മ പറഞ്ഞു. 'അദ്ദേഹത്തിനു ഇല്ലപ്പറമ്പിൽ തന്നെ സമാരകം വരുന്നത് ഞങ്ങൾക്കും സന്തോഷം. അദ്ദേഹം ജീവിതം മുഴുവൻ പാർട്ടി എന്നു മാത്രമേ ചിന്തിച്ചിരുന്നുള്ളു. പക്ഷേ അവസാന കാലത്ത് വേറൊരു ആഗ്രഹവുമായിയാണ് നടന്നിരുന്നത്....' അമ്മ നിർത്തി.

അവർ പറഞ്ഞു: അമ്മ പറഞ്ഞോളു അത് എന്തായാലും ഒരു കടമയായി നടത്തി തരും.

'ഒരു സ്മാരകമൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. മകനൊരു ജോലി അതാണു മോഹിച്ചിരുന്നത് ,..

അക്കാര്യം പറയാനായിരുന്നു മന്ത്രിയുടെ അടുത്തു പോയതും. പറ്റുമെങ്കിൽ അതു ചെയ്തു കൊടുക്കുക' അമ്മ നിർത്തി. അവർ ഒന്നും പറഞ്ഞില്ല, പിന്നെ വരാം എന്നു പറഞ്ഞ് ഇറങ്ങിപ്പോയി.അവരാരും പിന്നെ വന്നില്ല. ബാങ്കിലെ ജോലി വേറൊരാൾക്ക് കിട്ടി. അക്കാര്യത്തെപ്പറ്റി ചർച്ച വന്നപ്പോൾ സെക്രട്ടറി പറഞ്ഞത്രെ.

'മരിച്ച സഖാവിന്റ വീട്ടിൽ ഉള്ള മൂന്നു വോട്ട് മകനു ജോലി കൊടുത്താലും ഇല്ലെങ്കിലും നമുക്കു തന്നെ കിട്ടും മറ്റേ കുട്ടിയുടെ വീട്ടിൽ മാത്രം പത്ത് വോട്ട്, ചുറ്റും താമസിക്കുന്ന കുടുംബക്കാരുടേതായി നാല്പതോളം വോട്ടും. ഈ ജോലി അയാൾക്കു കൊടുത്താൻ അതു മുഴുവൻ നമുക്കു കിട്ടും. കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അവരുടെ വാർഡിൽ നാം വെറും പത്തു വോട്ടിനാണു തോററത്.....'

പിന്നെ ആരും സഖാവിന്റെ മകനുവേണ്ടി വാദിച്ചില്ല. അതു നടക്കില്ലെന്നു തീരുമാനമായി. അമ്മയുടെ മുഖത്തേക്കു നോക്കാൻതന്നെ പറ്റുന്നില്ല. അവർക്കു താൻ മാത്രമേയുള്ളു, എന്നു അറിയാഞ്ഞിട്ടല്ല, വല്ല കൂലിപ്പണിക്കും പോയാലോ ? അതും നടന്നില്ല, ഇല്ലത്തെ തമ്പുരാൻ കുട്ടിയെ കൊണ്ട് ആരെങ്കിലും കൂലിപ്പണി എടുപ്പിക്കുമോ ?

ഇങ്ങനെ പോയാൽ മൂന്നുപേർക്കും കൂടി ജീവിതം അവസാനിപ്പിക്കേണ്ടിവരുമോ ? താൻ ജീവനോടെയുണ്ടെങ്കിൽ അതുണ്ടാവില്ല. ഒരുവഴി തുറന്നു കിടക്കുന്നുണ്ട്. അച്ഛനും മുത്തശ്ശനും പുച്ഛിച്ചു ഒഴിവാക്കിയ ശാന്തിക്കാരന്റെ ജോലി. അതിനു ആരും തടയില്ല.

അടുത്ത ദിവസം ഓതിക്കനെ കണ്ടു. എല്ലാം കേട്ട അദ്ദേഹം പറഞ്ഞു

'താനൊട്ടും വിഷമിക്കണ്ട, വഴിയുണ്ടാക്കാം. പക്ഷേ ജാതകർമ്മം തൊട്ടു തുടങ്ങേണ്ടി വരും. തന്നെയൊരു ശാന്തി ദ്വിജനാക്കാൻ, തയ്യാറുണ്ടോ?'

തനിക്ക് സംശയമില്ലായിരുന്നു.

'എന്തിനും സമ്മതം'

ജാതകർമം, ഉപനയനം സമാവർത്തനം എല്ലാം ഓതിക്കൻ നടത്തി തന്നു. ഒരാഴ്ച കൊണ്ടു പൂജയും പഠിപ്പിച്ചു. ഇല്ലത്തെ ക്ഷേത്രം, കാലങ്ങളായി ഇല്ലത്തുള്ളവർ തിരിഞ്ഞു നോക്കാത്തതു കൊണ്ട് നാട്ടുകാരായിരുന്നു കാര്യങ്ങൾ നടത്തിയിരുന്നത്. നാട്ടിലെ നമ്പൂതിരിയെ ശാന്തിക്കു കിട്ടിയത് അവർക്കും സന്തോഷം.

അടുത്ത ദിവസം അമ്മയുടെ തെളിഞ്ഞ മുഖം കണ്ടിറങ്ങി. ക്ഷേത്രത്തിലെത്തി കുളിച്ചു. ശ്രീകോവിലിന്റെ താക്കോൽ വാങ്ങി. നടതുറന്നു. നിർമാല്യ ഭംഗിയിൽ നില്ക്കുന്ന കൃഷ്ണവിഗ്രഹത്തിൽ ഒരു പരിഭവമുണ്ടോ എന്നു തോന്നി. ●

ഉദയൻ നമ്പൂതിരിപ്പാട്
മറവഞ്ചേരി കിഴക്കേടത്തുമന
വായപ്പാറപ്പടി,മഞ്ചേരി
മൊബൈൽ: 8281926325



ഗായത്രി



രാഷ്ട്രപതി രാംനാഥ് കോവിന്ദ്

നമുക്കിടയിലെ പ്രതിഭ

## രാഷ്ട്രപതിഭവനിലെ വിരുന്നിൽ പങ്കെടുത്ത്
# ത്രില്ലടിച്ചു പോയി ഈ കുട്ടി

**ജനുവരി 25 ന് രാവിലെത്തന്നെ പരേഡിനുള്ള അവസാന ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. മാനസികമായും ശാരീരികമായുമുള്ള തയ്യാറെടുപ്പുകൾ. ഉച്ചയ്ക്കുശേഷം പരേഡിന് ആവശ്യമായ യൂണിഫോം, അനുബന്ധ സാധനങ്ങൾ തുടങ്ങിയ എല്ലാം തയ്യാറാക്കി വച്ചു. എല്ലാം കഴിഞ്ഞ് കിടക്കാറായപ്പോൾ സമയം രാത്രി 12.30! 2 മണിക്കൂർ മാത്രമാണ് ഉറങ്ങാൻ ലഭിച്ചത് !! രാജ്പഥിൽ കനത്ത സെക്യൂരിറ്റി ചെക്കിംഗ് ഉള്ളതിനാൽ പുലർച്ചെ 2.30 ന് എഴുന്നേറ്റു. പ്രഭാത ഭക്ഷണം കഴിച്ച് 3.30 ന് രാജ്പഥിലേക്കുള്ള ബസിൽ. അവിസ്മരണീയമായ നിമിഷങ്ങൾ യാഥാർത്ഥ്യമാകുവാൻ പോകുന്നതിന്റെ ത്രില്ലിലായിരുന്നു അപ്പോൾ.**

കെ. കേശവൻ പോറ്റി



ഔദ്യോഗികമായും അല്ലാതെയും നിരവധി തവണ ന്യൂഡൽഹി സന്ദർശിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ 2019 ൽ ഡൽഹി സന്ദർശിക്കുന്ന അവസരത്തിലാണ് രാഷ്ട്രപതിഭവനിന്റെ അകത്ത് പ്രവേശിക്കാൻ അനുവാദം ലഭിച്ചത്. നാല് നിലകളിലായി 340 മുറികൾ, 2.5 കിലോമീറ്റർ നീളമുള്ള വരാന്ത, ചുറ്റും 190 ഏക്കറിൽ വിസ്തൃതമായ പൂന്തോട്ടവും. വലിയൊരു കൊട്ടാരം തന്നെ. ഉള്ളിലെ കാഴ്ചകൾ വിസ്മയിപ്പിക്കുന്നതാണ്. അതിലൊന്നാണ് വിരുന്നു ഹാൾ അഥവാ ബാങ്ക്വറ്റ് ഹാൾ.

ഈ ബാങ്ക്വറ്റ് ഹാളിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദിനോടൊപ്പം വിരുന്നിൽ പങ്കെടുക്കുന്നതിന് ഭാഗ്യം ലഭിച്ച ഒരു നമ്പൂതിരി പെൺകുട്ടിയുണ്ട് നമുക്കിടയിൽ. കെ.എ. ഗായത്രി. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ് കോളേജിലെ രണ്ടാം വർഷ ബിരുദവിദ്യാർത്ഥിനി. നാഷണൽ സർവ്വീസ് സ്കീമിലെ വൊളണ്ടിയർ എന്ന നിലയിലാണ് പങ്കെടുക്കാനായത്.

കേരളത്തിൽ നിന്ന് വെറും എട്ട് വിദ്യാർത്ഥികളെയാണ് തിരഞ്ഞെടുത്തത്. ഉത്തര മലബാറിൽ നിന്ന് ഒരേ ഒരാൾ. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടാൻ കുറെ കടമ്പകൾ കടക്കണം. എളുപ്പമല്ല അത്. ഏതാണ്ട് സിവിൽ സർവീസ് കടമ്പയുടെ ഒരു മിനിയേച്ചർ പതിപ്പാണ് ഇത്. ചിട്ടയായ പരിശ്രമവും ആത്മവിശ്വാസവും ദൃഢനിശ്ചയും ഒക്കെ വേണം.

നാട്ടിൻപുറത്തുകാരിയായ ഒരു നമ്പൂതിരിക്കുട്ടിക്ക് ഡൽഹിയിലെ രാ




ഡൽഹിയിൽ റിപ്പബ്ളിക്ദിന പരേഡിൽ പങ്കെടുത്ത കുട്ടികൾ പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് എന്നിവർക്കൊപ്പം

ജ്പഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിലും സാംസ്കാരിക പരിപാടികളിലും പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്തന്നെ അപൂർവ്വമാണല്ലോ. വേറെ കുട്ടികൾ ഇത് നേടിയിട്ടുണ്ടോ എന്ന് സംശയമാണ്. വിവിധ ഘട്ടങ്ങളിലുള്ള അതികഠിനമായ തെരഞ്ഞെടുപ്പ് പ്രക്രിയകൾ/പരീക്ഷകൾ വിജയകരമായി കടന്നുവേണം അവസാനറൗണ്ടിലെത്താൻ.

ആദ്യഘട്ടം കോളേജ് തലം. വർത്തമാനകാല സാമൂഹ്യ രാഷ്ട്രീയ സംഭവങ്ങളിലെ അറിവ്, സാംസ്കാരിക/കലരംഗങ്ങളിലെ പ്രാവീണ്യം പരേഡ്, ഇന്റർവ്യൂ- എന്നീ രംഗങ്ങളിലെ മികവ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ. ഓരോ കോളേജിൽ നിന്നും രണ്ടു കുട്ടികളെ വീതമാണ് തെരഞ്ഞെടുക്കുക. അങ്ങനെ കണ്ണൂരിൽ നിന്ന് മാത്രം 200 ൽ അധികം കുട്ടികൾ. തുടർന്ന് യൂണിവേഴ്സിറ്റി തലം. യൂണിവേഴ്സിറ്റി തലത്തിൽ നാല് കുട്ടികളെയാണ് തെരഞ്ഞെടുക്കുക. പരേഡിൽ മുൻപരിചയം ഇല്ലാത്തതിനാൽ 2019-ലെ റിപ്പബ്ലിക് ദിന പരേഡിന്റെ ക്യാമ്പിൽ പങ്കെടുത്തിരുന്ന ഒരു കുട്ടിയുടെ സഹായത്തോടെ ഒരു മാസം മുമ്പ് തന്നെ പരിശീലനം നേടി. കഥകളി, ചെണ്ട, എന്നിവ അഭ്യസിച്ച് വരുന്നതിനാൽ യൂണിവേഴ്സിറ്റി തലത്തിൽ കഥകളിയും, തായമ്പകയുമാണ് അവതരിപ്പിച്ചത്. ആനുകാലിക വിഷയങ്ങളിൽ ശ്രദ്ധയോടെയുള്ള പഠനം ഇന്റർവ്യൂവിനും സഹായിച്ചു.

ആദ്യം ഇതൊന്നും വലിയ ഗൗരവമായി തോന്നിയിരുന്നില്ല. സാധാരണ രീതിയിൽ പങ്കെടുക്കുന്ന ഒരു മത്സരമായി മാത്രമേ കണ്ടിരുന്നുള്ളു. യൂണിവേഴ്സിറ്റി തലം കഴിഞ്ഞപ്പോഴാണ് ഗൗരവം ശരിക്കും ഫീൽ ചെയ്തത്. സംസ്ഥാനതലക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാവർക്കും റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുക്കാൻ അവസരം കിട്ടില്ലെന്നറിഞ്ഞു. കേരളത്തിന്റെ ക്വാട്ട 8 പേർ മാത്രമാണ്. അതിൽ ഒരാളായി തീരണമെന്നു വാശിയായി. പിന്നെ അതിന് വേണ്ടിയുള്ള കഠിന പരിശ്രമമായി.




*ഡൽഹിയിൽ റിപ്പബ്ളിക്ദിന പരേഡ് ക്യാമ്പിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള എട്ടു കുട്ടികൾ*

**കേരളത്തിൽ നിന്ന് വെറും എട്ട് വിദ്യാർത്ഥികളെയാണ് തിരഞ്ഞെടുത്തത്. ഉത്തര മലബാറിൽ നിന്ന് ഒരേ ഒരാൾ. ഏതാണ്ട് സിവിൽ സർവീസ് കടമ്പയുടെ ഒരു മിനിയേച്ചർ പതിപ്പാണ് ഇത്.**

മൂന്നാം ഘട്ട തെരഞ്ഞെടുപ്പ് 2021 ഡിസംബർ ആദ്യം തിരുവനന്തപുരത്ത് വച്ചായിരുന്നു. ദ്വിദിന പ്രീ-റിപ്പബ്ലിക്ക് ദിന പരിശീലന ക്യാമ്പിൽ വച്ച്. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 56പേർ. എല്ലാവരും മികച്ച ട്രാക് റിക്കാർഡ് ഉള്ളവർ. ഒന്നിനൊന്ന് മെച്ചം. ഇവരിൽ നിന്നു എട്ടു പേരെ തെരഞ്ഞെടുക്കുക വലിയൊരു വെല്ലുവിളിയായിരുന്നു വിധികർത്താക്കൾക്ക്. അവർ തന്നെ അത് സൂചിപ്പിക്കുകയും ചെയ്തു.

ആദ്യ ദിവസം പരേഡ് ടെസ്റ്റായിരുന്നു. എൻ.സി.സി, സ്റ്റുഡന്റ് പൊലീസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങി യൂണിഫോം അണിഞ്ഞ ഗ്രൂപ്പുകളിൽ അംഗമല്ലാഞ്ഞിട്ടും പരേഡിൽ മറ്റുള്ളവരെ പിന്നിലാക്കി. പരേഡിനായി പ്രത്യേക പരിശീലനം നേടിയിരുന്നത് തുണച്ചു. തുടർന്ന് രണ്ടാം ദിവസം കൾച്ചറൽ ഇവന്റ്സ്. സ്കൂൾ തലം മുതൽ പരിശീലനം നടത്തി വരുന്ന കഥകളി, തായമ്പക എന്നിവ അവതരിപ്പിച്ചു. അടുത്ത കടമ്പ ഇന്റർവ്യൂ ആണ്. പൊതുവിജ്ഞാനം, കേരള ചരിത്രം, നാഷണൽ സർവ്വീസ് സ്കീം, കഥകളി തുടങ്ങിയ മേഖലകളിലുള്ള ധാരണകൾ അളക്കുന്ന രീതിയിലായിരുന്നു അഭിമുഖം. കഠിനമായ പരിശ്രമം വളരെ മുമ്പ് തന്നെ തുടങ്ങിയിരുന്നതിനാൽ വളരെ അനായാസം ഈ കടമ്പകൾ എല്ലാം വിജയകരമായി തരണം ചെയ്യുന്നതിന് സാധിച്ചു. ഡിസംബർ പകുതിയോടെ സെലക്ഷൻ റിസൾട്ട് വന്നു. അങ്ങനെ ആയിരങ്ങളിൽ നിന്നും 56- ലേയ്ക്കും 56- പേരിൽ നിന്നും എട്ടിലേയ്ക്കുമെത്തി.

സംസ്ഥാനതലത്തിൽ നിന്നും സെലക്ഷൻ കിട്ടിയശേഷം ഡൽഹി ക്യാമ്പിൽ പോകുന്നതിന് മുമ്പ് മറ്റ് ചില കാര്യങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിൽ പ്രധാനം വൈദ്യ പരിശോധന തന്നെയാണ്. ശരീരം ഫിറ്റ് ആണെന്ന് സർട്ടിഫിക്കറ്റ് വേണം. ചിട്ടയായ ജീവിതചര്യ അതിന് പ്രയോജനപ്പെട്ടു. തുടർന്ന്



*റിപ്പബ്ളിക്ദിന പരേഡ് ക്യാമ്പിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള എട്ടു കുട്ടികൾ കേന്ദ്രമന്ത്രി മുരളീധരനുമൊത്ത് രാഷ്ട്രപതിഭവനിൽ*

സെക്യൂരിറ്റി ക്ലിയറൻസ്. മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ നിന്ന് അത് ലഭിച്ചു. ദേശീയദിന പരേഡിലേയ്ക്ക് തെരഞ്ഞെടുത്തപ്പോൾ മുതൽ തന്നെ പത്രമാസികളിലും സാമൂഹിക മാധ്യമ ങ്ങളിലും ഗായത്രിയെക്കുറിച്ചുള്ള വാർ ത്തകൾ വന്നിരുന്നു. റിപ്പബ്ലിക് ദിന പരേഡിലേക്ക് പഴശ്ശിരാജാ കോളേജ് വിദ്യാർത്ഥിനിയും എന്ന തലക്കെട്ടോ ടെ. അതോടെ ഉത്തരവാദിത്വവും അ ഭിമാനവും കൂടി.

എന്നാലും പരേഡിൽ പങ്കെടുക്കാ നാവുമെന്നുറപ്പില്ല. ഇന്ത്യയിലെ വി വിധ ഭാഗങ്ങളിൽ നിന്ന് എൻ.എസ്.എ സിനെ പ്രതിനിധീകരിച്ച് എത്തുന്ന ഇരുനൂറ് പേരിൽ പകുതി പേർക്ക് മാത്രമേ പരേഡിൽ അവസം കിട്ടൂ എന്ന് പിന്നീടാണ് അറിഞ്ഞത്. റിപ്പ ബ്ളിക് ദിനക്യാമ്പിൽ പങ്കെടുത്തത് കൊണ്ട് മാത്രം പരേഡിനിറങ്ങാൻ അവസരമുണ്ടാവണമെന്നില്ലത്രെ. ഡൽഹി ക്യാമ്പിലെ മികവ് നോക്കി യാണ് പരേഡിന് അവസരം.

ഡൽഹിയിൽ വച്ചാണ് പരേഡിൽ പങ്കെടുക്കുന്ന കുട്ടികൾക്കുള്ള ഒരു മാസത്തെ റിപ്പബ്ലിക്ദിന പരിശീലന ക്യാമ്പ്. ഈ ഒരു മാസം അതികഠി നമായ പരിശീലനമായിരുന്നു. ഡൽ ഹിയിൽ ജനുവരിയിൽ വലിയ തണു പ്പാണ്. എന്നാലും എല്ലാ ദിവസവും അതിരാവിലെ തന്നെ പരേഡിനുള്ള പരിശീലനത്തിന് പോകണം. തുടർന്ന് റിപ്പബ്ലിക് ദിനാഘോഷങ്ങളെ പറ്റിയു ള്ള വിദഗ്ദ്ധരുടെ ക്ലാസുകൾ. എല്ലാ ദിവസവും രാത്രിയിൽ ഓരോ കുട്ടിക ളും കലാപ്രകടനം നടത്തണം. വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികളും ക്യാമ്പിൽ പങ്കെടുക്കുമായിരുന്നു. അ തിഥികളെ ചെണ്ടകൊട്ടി സ്വീകരിച്ചി രുന്നത് ഗായത്രിയായിരുന്നു.കൂടാതെ കഥകളിയും അവതരിപ്പിക്കുകയുണ്ടാ യി. അങ്ങനെ ഒരു മാസം കൊണ്ട് ക്യാമ്പിലെ മികച്ച കുട്ടികളിൽ ഒരാ ളായി തീരാൻ കഴിഞ്ഞു.

ജനുവരി 25 ന് രാവിലെതന്നെ പരേ ഡിനുള്ള അവസാന ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. മാനസികമായും ശാരീരികമായും അതിനുള്ള തയ്യാറെ ടുപ്പുകളിൽ മുഴുകി. ഉച്ചയ്ക്കുശേഷം പരേഡിന് ആവശ്യമായ യൂണിഫോം, അനുബന്ധ സാധനങ്ങൾ തുടങ്ങിയ എല്ലാം തയ്യാറാക്കി വച്ചു. എല്ലാം ക ഴിഞ്ഞ് കിടക്കാറായപ്പോൾ സമയം രാത്രി 12.30. വെറും 2 മണിക്കൂർ മാ ത്രമാണ് ഉറങ്ങാൻ സമയം ലഭിച്ചത്. രാജ്പഥിൽ പ്രവേശിക്കുന്നതിന് മുമ്പ് കനത്ത സെക്യൂരിറ്റി ചെക്കിംഗ് ഉള്ള തിനാൽ വളരെ നേരത്തെ ക്യാമ്പിൽ നിന്നും പുറപ്പെട്ടു. പുലർച്ചെ രാവിലെ



*ഗായത്രി കേന്ദ്രമന്ത്രി മുരളീധരനുമൊത്ത് രാഷ്ട്രപതിഭവൻ അങ്കണത്തിൽ*

2.30 ന്, എഴുന്നേറ്റ് പ്രഭാത ഭക്ഷണം കഴിച്ച് 3.30 ന് രാജ്പഥിലേക്കുള്ള ബസിൽ കയറി.

അവിസ്മരണീയമായ നിമിഷങ്ങൾ യാഥാർത്ഥ്യമാകുവാൻ പോകുന്നതി ന്റെ ത്രില്ലിൽ ആയിരുന്നു. 2022–ലെ റിപ്പബ്ലിക് ദിനവും രാജ്പഥിൽ ചെല

**ഈ ഒരു മാസം അതി കഠിനമായ പരിശീലന മായിരുന്നു. ദിവസവും അതിരാവിലെ തന്നെ പരിശീലനത്തിന് പോ കണം. തുടർന്ന് വിദ ഗ്ദ്ധരുടെ ക്ലാസുകൾ. കഥകളിയും അവത രിപ്പിക്കുകയുണ്ടായി. അങ്ങനെ ക്യാമ്പിലെ മികച്ച കുട്ടികളിൽ ഒരാ ളാവാൻ കഴിഞ്ഞു.**

വഴിച്ച ഓരോ നിമിഷവും ജിവിതത്തി ലെ മായാത്ത ഓർമ്മകൾ തന്നെ,സം ശയമില്ല.

പരേഡിൽ പങ്കെടുക്കുന്ന മിടുക്ക ന്മാർക്കും മിടുക്കികൾക്കും രാജ്യത്തെ പ്രഥമ പുരുഷൻ, വിരുന്ന് നൽകുന്ന പതിവ് ഉണ്ട്. അതിനാൽ രാഷ്ട്രപതി റാംനാഥ് കോവിന്ദ് ഒരുക്കിയ വിരു ന്നിൽ പങ്കെടുക്കുന്നതിനും അദ്ദേഹവു മായി നേരിൽ കണ്ട് ആശയവിനിമയം നടത്തുന്നതിനും ഭാഗ്യം ലഭിച്ചു. ഒപ്പം പ്രധാനമന്ത്രി നരേന്ദ്രമോഡി, പ്രതിപ ക്ഷനേതാവ് രാഹുൽഗാന്ധി, കേര ളത്തിൽ നിന്നുള്ള കേന്ദ്രസഹമന്ത്രി മുരളീധരൻ, യുവജന സാസ്കാരിക കായിക മന്ത്രി അനുരാഗ് സിംഗ് ഠാ ക്കൂർ തുടങ്ങിയ ഭരണ രാഷ്ട്രീയ രംഗ ത്തെ നിരവധി പ്രഗത്ഭരുമായി നേരിൽ കണ്ട് സംസാരിക്കുന്നതിനും അവരോ ടൊപ്പം വിരുന്നുകളിൽ പങ്കെടുക്കുന്ന തിനും കഴിഞ്ഞു! ഇതുപോലൊന്ന് തരപ്പെടാൻ ചില്ലറ ഭാഗ്യം പോരാ!!

പ്രശസ്ത മദ്ദള കലാകാരൻ മട്ടന്നൂർ പെരിഞ്ചേരി കുഞ്ഞിപ്പാലത്തറ അട്ടാ ട്ടുവള്ളി ഇല്ലത്തെ കെ.എ.സതീശൻ നമ്പൂതിരിയാണ് അച്ഛൻ. തലശ്ശേരി യിൽ പൊതുമരാമത്ത് വകുപ്പിലെ ഉ ദ്യോഗസ്ഥയായ പേരാവൂർ ആലക്കാട്ട് പള്ളി ഇല്ലത്തെ എ.പി. സന്ധ്യയാണ് അമ്മ. അനിയത്തി ശിവദ രണ്ടാം ക്ലാ സ്സിൽ പഠിക്കുന്നു. കഴിഞ്ഞ മൂന്നു വർ ഷമായി കലാനിലയം വാസുദേവൻ ആശാന്റെ ശിക്ഷണത്തിൽ കഥകളി യിൽ പരിശീലനം നടത്തി വരുന്നു. ചെണ്ടയിൽ ഗുരു സ്വന്തം അപ്ഫനാ യ പ്രശസ്ത ചെണ്ട വിദ്വാൻ അട്ടാ ട്ടുവള്ളി ഉദയൻ നമ്പൂതിരിയാണ്. ഗായത്രിക്ക് യോഗക്ഷേമസഭയുടെ സർവ്വവിധ ഭാവുകങ്ങളും നേരുന്നു. ഗായത്രി മൊബൈൽ : 9074900810.

(ലേഖകൻ തിരുവനന്തപുരം ജി ല്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപ നം(ഡയറ്റ്) പ്രിൻസിപ്പൽ, കരകുളം യോഗക്ഷേമ ഉപസഭാ സെക്രട്ടറി, യോഗക്ഷേമസഭ സംസ്ഥാന എക്സി ക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.) ●

കെ. കേശവൻ പോറ്റി
ഇടമന പേയാട്, തിരുവനന്തപുരം
മൊബൈൽ : 9446316466




# ഗുരുവായൂരപ്പൻ നൽകിയ ഒരു രൂപ

**മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരിയുടെ കയ്യിൽ ഒരു രൂപയുണ്ട്. കോടിക്കണക്കിന് രൂപയേക്കാൾ മൂല്യമുണ്ട് ഈ ഒരു രൂപ നാണയത്തുട്ടിന്. കാരണം, അത് സാക്ഷാൽ ശ്രീ ഗുരുവായൂരപ്പൻ വിഷു കൈനീട്ടം നൽകിയതാണ്. അതു തന്നെയാണ് ഈ നാണയത്തുട്ടിന്റെ പ്രത്യേകത. രണ്ടു തവണ ഗുരുവായൂർ ക്ഷേത്രം മുൻ മേൽശാന്തി കൂടിയായ മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി ഗുരുവായൂരിലെ വിഷു അനുസ്മരിക്കുന്നു. നാലു തവണ മേശാന്തിയായ ശ്രീഹരിയുടെ അച്ഛൻ മൂർക്കന്നൂർ കൃഷ്ണൻ നമ്പൂതിരിക്കും ലഭിച്ചു രണ്ടു തവണ കണിയൊരുക്കാൻ ഭാഗ്യം.**

മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി

ഓരോരുത്തരും കണ്ണനെ കണി കാണുന്നു. എന്നാൽ കണ്ണനു കണിയൊരുക്കാൻ കഴിയുന്നതാണ് മേശാന്തിയുടെ പുണ്യം. രണ്ടു തവണ അതിന് ഭാഗ്യമുണ്ടായി. ഗുരുവായൂരപ്പന്റെ പൂജകപദം ആദ്യം ലഭിച്ച 2007ലെ വിഷുവിനും പിന്നീട് 2015ലും. രണ്ടും ഏപ്രിൽ 15 ആണെന്നാണ് ഓർമ്മ. തിയ്യതികൾക്ക് പ്രാധാന്യമില്ലെങ്കിലും ആ രണ്ടു വിഷുവും മറക്കാൻ കഴിയില്ല.

എല്ലാ ദിവസവും പുലർച്ചെ മൂന്നിന് തുറക്കുന്ന ശ്രീകോവിൽ വിഷു നാളിൽ രണ്ടു മണിയോടെ തുറക്കണം, ഭക്തർക്ക് കണി കാണാൻ മാത്രമല്ല ഭക്തപ്രിയന് കണി കാണാനും. അത്താഴപൂജയെല്ലാം കഴിഞ്ഞ് വിഷുത്തലേന്ന് രാത്രി ഏറെ വൈകിയാണ് കിടന്നത്. പക്ഷേ, ഉറക്കം വരുന്നില്ല. കാരണം നാളെ ശ്രീകോവിൽ നേരത്തെ തുറക്കണം. കണി കാണാനുള്ള കാത്തിരിപ്പ് മാറി, കണ്ണന് കണി കാണിക്കാനുള്ള കാത്തിരിപ്പായി. വിഷുത്തലേന്ന് ഇങ്ങനെയൊരനുഭവം ഇതാദ്യം. വെറുതെ കണ്ണുകളടച്ച് കിടന്നു.

രാത്രി ഒന്നരക്ക് മുമ്പേയുണർന്നു. കണ്ണു ചിമ്മിത്തന്നെ മേൽശാന്തി മാളികയിലെ കെടാവിളക്കിനു മുന്നിലെ ഗുരുവായൂരപ്പന്റെ ചിത്രത്തിനടുത്തെത്തി കണ്ണു തുറന്നു.

തമത്ഭുതം ബാലകമംബുജേക്ഷണം ചതുർഭുജം....

പിന്നെ മേശാന്തിക്കടവിലെത്തി. കുളിച്ചു, അലക്കിയ വസ്ത്രം തറ്റുടുത്തു. കുറിയിട്ടു. ശ്രീകോവിൽ പരിസരത്ത് എല്ലാവരും കാത്തിരിക്കുകയാണ്. കീഴ്ശാന്തിമാരും ചില ഓതിക്കന്മാരും. (ഗുരുവായൂരിൽ നാലു ഓതിക്കൻ കുടുംബങ്ങളാണുള്ളത്. പഴയം, പൊട്ടക്കുഴി, മുന്നൂലം, കക്കാട്. പന്തീരടി പൂജയും ഉദയാസ്തമന പൂജകളും കഴിക്കാനുള്ള ഭാഗ്യം ഗുരുവായൂരപ്പൻ ഈ കുടുംബാംഗങ്ങൾക്കാണ് നൽകിയിരിക്കുന്നത്)

ദേവനെ കണി കാണിക്കേണ്ട ചുമതല മേൽശാന്തിക്കാണ്. മേൽശാന്തിമാരെല്ലാം കണ്ണന്റെ അമ്മമാരാണല്ലോ. അമ്പാടിയിലെ യശോദയെപ്പോലെ. മഥുരയിലെ ദേവകിയെപ്പോലെ. അയോദ്ധ്യയിലെ കൗസല്യയെപ്പോലെ. അവരുടെ മനസ്സുപോലെയുള്ള സമർപ്പിത പുണ്യമായിരിക്കണം. സ്നേഹവാത്സല്യങ്ങളുടെ ഭക്തിഭാവമാണല്ലോ മനസ്സിൽ നിറയേണ്ടത്. പുറത്തെ വാതിൽ തുറന്നിട്ടില്ല. പുറത്ത് കാത്തു നിൽക്കുന്ന ആയിരക്കണക്കിന് ഭക്തജനങ്ങളുടെ നാമജപത്തിന്റെ ശ്രുതിമാധുര്യം നേർത്ത സ്വരമായി കാതുകളിൽ വന്നു നിറയുന്നുണ്ട്.

വിശ്വം മുഴുവൻ കണികാണിക്കുന്ന വിശ്വപാലകനെ കണി കാണിക്കാനുള്ള ഭാഗ്യം. അതൊരു പുണ്യം തന്നെയാണ്. കാരുണ്യം പകർന്നു നൽകിയ ഗുരുവായൂരപ്പന്റെ മുന്നിൽ ചുണ്ടിൽ നാരായണായെന്ന നാലക്ഷരവുമായി നിന്നു. മുഖമണ്ഡപത്തിൽ കീഴ്ശാന്തിമാർ ഒരുക്കിവച്ച കണിവെള്ളരിയും നെല്ലും അരിയും സ്വർണ്ണവും ഗ്രന്ഥക്കെട്ടും. പിന്നെ ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങളുമടങ്ങുന്ന വിഷുക്കണി. രണ്ടു കയ്യും കൊണ്ട് അതെടുത്ത് ഗർഭഗൃഹത്തിലേക്ക്. വാതിൽ തുറന്നപ്പോൾ ചന്ദനച്ചാർത്തിൽ പുഞ്ചിരിക്കുന്ന കണ്ണൻ. തൂക്കുവിളക്കിന്റെ നേർത്ത പ്രകാശം അപ്പോഴും ശ്രീലകത്തുണ്ട്. ആ വെളിച്ചത്തിൽ കണ്ണനെ കണി കാണിച്ചു. ശേഷം വിഷുക്കൈനീട്ടമാണ്. നാലു കൈകളുള്ള ചതുർബാഹുവാണല്ലോ

കണ്ണൻ. ശംഖ് ചക്ര ഗദാ പദ്മം. അതിൽ വലതുവശം പദ്മമേന്തിയ താഴത്തെ തൃക്കയ്യിൽ അമ്മയുടെ സ്നേഹവാത്സല്യങ്ങളുടെ കൈനീട്ടമായി ഒരു നാണ്യം നൽകി. ഇപ്പോൾ കണ്ണന്റെ അമ്മയാണ് മേശാന്തി.

അടുത്ത നിമിഷത്തിൽ മേശാന്തി കേവലഭക്തനായി. കണ്ണന്റെ കയ്യിൽ നിന്നും സ്നേഹാദരങ്ങളോടെ കൈനീട്ടം സ്വീകരിച്ചു. അതാണ് ഗുരുവായൂരപ്പന്റെ കൈനീട്ടം. ഒരു രൂപയുടെ നാണയത്തുട്ടാണെങ്കിലും അമൂല്യമാണ് അത്. കണ്ണന്റെ കളികൾ. എന്തു നാം കൊടുത്താലും അത് തിരിച്ചു തരുന്ന കാരുണ്യസ്വരൂപൻ. പത്രം, പുഷ്പം, ഫലം, തോയം യോ മേ ഭക്ത്യാ പ്രയച്ഛതി എന്ന ഭഗവദ് വാണി മനസ്സിൽ നിറഞ്ഞു. അതിന് എനിക്ക് ഭക്തിയുണ്ടോ. ഭഗവാൻ പുഞ്ചിരിച്ച പോലെ. ഭഗവാൻ ബിംബവും ഭക്തൻ പ്രതിബിംബവുമാണല്ലോ.

ഇനി പുറത്തു കാത്തു നിൽക്കുന്ന ഭക്തരുടെ ഊഴമാണ്. അവരെ കണി കാണിക്കണം. ബിംബമിരിക്കുന്ന പീഠത്തിൽ നിന്ന് ഭഗവദ് ചൈതന്യമായ ഉത്സവമൂർത്തിയുടെ ആ സ്വർണ്ണ തിടമ്പെടുത്ത് മുഖമണ്ഡപത്തിലെ സ്വർണ്ണ പീഠത്തിൽ സ്ഥാപിച്ചു. ആലവട്ടവും വെഞ്ചാമരവും പട്ടുകുടയുമെല്ലാം കീഴ്ശാന്തിമാർ നേരത്തെ ഒരുക്കിയിരുന്നു. അതിനു മുന്നിൽ കണിക്കോപ്പ് നിറഞ്ഞ ഉരുളി വച്ചു. ഭക്തർക്ക് കാണാനായി. പിന്നീട് പുറത്തെ വാതിൽ തുറന്നു.

അണക്കെട്ട് പൊട്ടിയൊഴുകുന്ന ഭക്തിപ്രവാഹം. ഭക്തജനതതി ആർത്തിരമ്പി. അവരുടെ ചുണ്ടിൽ ഭഗവദ് നാമങ്ങൾ. കണ്ണിൽ കണ്ണന്റെ ദർശന പുണ്യം. ശ്രീകോവിലിനു മുന്നിലെത്തി ചിലർ കണ്ണു തുറന്നു. ചിലർ കണ്ണീരൊഴുക്കി. ചിലർ ആനന്ദ തരളിതരായി. ചിലർ എല്ലാം മറന്ന് ഗുരുവായൂരപ്പനെ വിളിച്ചു. ചിലർ പരിസരം മറന്ന് കണ്ണനോട് പരിഭവം പറഞ്ഞു. തസ്മാത് കേനാപ്യപായേന... (ഏതെങ്കിലും ഒരു ഉപായത്തിലൂടെ ഭഗവാനെ അറിയുക.. ഭഗവാനിൽ അലിയുക) എന്ന ഭാഗവതവാണി സത്യമാകുന്നു.

പിന്നെ, ഭക്തജനങ്ങൾക്ക് കൈനീട്ടം നൽകി. പ്രസാദം നൽകുന്ന പോലെ. ഗണപതിവിഗ്രഹത്തിന്റെ വടക്കു ഭാഗത്തിരുന്നും മേശാന്തിമാളികയിലെ ചാരുകസേരയിലിരുന്നും. കണ്ണനെ കണി കണ്ടാൽ കാര്യങ്ങളെല്ലാം ഭംഗിയാകുമെന്ന വിശ്വാസം ഓരോ ഭക്തനിലും കാണാനായി. അപ്പോഴേക്കും പതിവു പൂജകളുടെ സമയമായിരുന്നു.

മേശാന്തിമാളികയിൽ നിന്നും വൈകാതെ കുളക്കടവിലെത്തി. വീണ്ടും



**രാത്രി ഒന്നരക്ക് മുമ്പേ യുണർന്നു. കണ്ണു ചിമ്മിത്തന്നെ മേൽ ശാന്തി മാളികയിലെ കെടാവിളക്കിനു മുന്നി ലെ ഗുരുവായൂരപ്പന്റെ ചിത്രത്തിനടുത്തെത്തി കണ്ണു തുറന്നു.**

കുളിച്ചു. മൂന്നു മണിയോടെ തന്നെ പതിവുപോലെ കണ്ണന്റെ നിർമ്മാല്യ ദർശനം. തൈലാഭിഷേകം, വാകച്ചാർത്ത്, മന്ത്രതീർത്ഥത്താലും സ്വർണ്ണ കലശത്താലും അഭിഷേകം. പിന്നെ പൂജക്കിരുന്നു. ജല, ഗന്ധ, പുഷ്പ, ധൂപ, ദീപ, നൈവേദ്യങ്ങളടങ്ങുന്ന ഷോഡശോപചാരങ്ങളിലൂടെ സപരിവാരം പൂജ. ഗുരുവായൂരപ്പന്റെ തിരു അമൃതേത്തിന് മാത്രം മാറ്റമൊന്നുമില്ല. വെള്ളിയുരുളിയിൽ സൗവ്വർണ്ണക്കിണ്ണങ്ങളിൽ വറുത്തുപ്പേരി, കാളൻ, ഓലൻ, പഴപ്രഥമൻ, എരിശ്ശേരി.. നിവേദ്യത്തിൽ ഭംഗിയായി ഒരുക്കിയ കദളിപ്പഴങ്ങളും നാളികേരപ്പൂളും ശർക്കരയും. സ്വർണ്ണപ്പാത്രത്തിൽ തൈര്, വെണ്ണ, സ്വർണ്ണക്കുടത്തിൽ പഞ്ചാര പ്പായസം.. പുറത്ത് തിടപ്പിള്ളിയിലെ നാലുകാതൻ ചരക്കുകളിൽ പഞ്ചാര പ്പായസം. അത്യാദരവോടെ പൂജയാരംഭിച്ചു. സ്വീകരിക്കണേ ഗുരുവായൂരപ്പാ... മനമുരുകി പ്രാർത്ഥിച്ചു.

പൂജ മുഴുവനാക്കും മുമ്പേ കണ്ണനെയൊരുക്കണം. അമ്മയുടെ വാത്സല്യത്തോടെ. മേശാന്തിയുടെ ഭക്തിഭാവത്തോടെ. രണ്ടു തവണയും കണ്ണനെ ചതുർബാഹുവായാണ് ഒരുക്കിയത്. അല്ലെങ്കിൽ ഭഗവാൻ ഒതുങ്ങി നിന്നത്. ഒക്കത്തിരിക്കുന്ന ഉണ്ണിയായി കാണാനാണ് ഇഷ്ടമെങ്കിലും ഒക്കെതിരിക്കുന്ന ഉണ്ണിയായി നിൽക്കാനായിരുന്നു അന്ന് കണ്ണൻ ആഗ്രഹിച്ചത്. നാലു തൃക്കൈകളിൽ ശംഖം, ചക്രം, ഗദ, പങ്കജം. അരയിൽ പീതാംബരം. കഴുത്തിൽ വനമാലയും മുത്തുമാലയും സ്വർണ്ണമാലകളും. നെറ്റിയിൽ മിന്നുന്ന തിലകം. കാതിൽ ചെവിപ്പൂവ്. ശിരസ്സിൽ രത്നം പതിപ്പിച്ച തങ്കക്കിരീടം.

അകക്കണ്ണിൽ ആനന്ദത്തിന്റെ തിരയിളക്കം. മിഴിയിൽ ആനന്ദാശ്രുക്കളുടെ മഴവെള്ളപ്പെയ്ത്ത്. കനകം കെട്ടിയൊരുക്കിയ ശംഖിൽ ശ്രീപാദതീർത്ഥവുമായി മുഖമണ്ഡപത്തിലേക്ക്. പുണ്യശ്രീകോവിലിന്റെ നട തുറന്ന നേരം. ഭക്തിയെന്താണെന്ന് ഇവനറിഞ്ഞു. ഭക്തനാരെന്ന് ഇവനറിഞ്ഞു. ആ ഭക്തിയിൽ ഞാനലിഞ്ഞു. നൂറു കണക്കിന് കണ്ഠങ്ങളിൽ നിന്ന് ഉയർന്ന അഷ്ടാക്ഷരീ മന്ത്രം. കൃഷ്ണാ ഗുരുവായൂരപ്പാ. ഉച്ചപ്പൂജ സമർപ്പിച്ച് ഉച്ചത്തിലുയർന്ന നാമഘോഷത്തിൽ എന്നെ സമർപ്പിച്ച് പത്തായപ്പുരയിൽ തിരിച്ചെത്തി. മേശാന്തിയുടെ മുറിയിൽ. സമയം ഉച്ചക്ക് ഒന്നു കഴിഞ്ഞിരിക്കുന്നു. ഇതുവരെ ഒരു തുള്ളി വെള്ളം പോലും കഴിച്ചിട്ടില്ലെങ്കിലും. എന്നും അങ്ങിനെയാണല്ലോ.കണികാണാനെത്തുന്നവരുടെ തിരക്കു ഉച്ചപ്പൂജയുടെ നിവേദ്യം വരെ നീണ്ടു.

ബാല്യത്തിൽ പടക്കം പൊട്ടിച്ചും അച്ഛനമ്മമാരിൽ നിന്ന് കൈനീട്ടം വാങ്ങിയും പുതുവസ്ത്രമണിഞ്ഞുമൊക്കെയുള്ള വിഷുക്കാലം പലപ്പോഴും മാറാല പിടിച്ച് മനസ്സിൽ കിടപ്പുണ്ടെങ്കിലും മാറാല പിടിക്കാതെയുള്ള വിഷു കണ്ണനോടൊപ്പമുള്ള വിഷു തന്നെ. അത് മാറാല പിടിക്കാൻ അനുവദിക്കാറുമില്ല. വിഷു അടുത്തെത്തുമ്പോൾ മാത്രമല്ല, വികൃതിക്കുരുന്നായ കണ്ണനെ ഓർക്കുമ്പോഴെല്ലാം വിഷുവും കൊന്നപ്പൂ പോലെയുള്ള പൊന്നിൻ കിങ്ങിണി കിലുക്കുന്ന കണ്ണനും ഓടിയെത്തും. കണ്ണൻ നൽകിയ ആ ഒരു രൂപ നാണയത്തുട്ടും. ഓരോ വിഷുപ്പുലരിയിലും കണ്ണൻ ചിരിക്കുന്നു. മനസ്സിൽ അത് വിഷുക്കണിയാവുന്നു. വിഷമങ്ങൾക്ക് വിരാമമിടുന്ന വിഷുക്കണി. വിശ്വസ്വരൂപന്റെ വിസ്മയക്കണി. ●


മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി,<br>
മുൻ മേൽശാന്തി ഗുരുവായൂർ<br>
ക്ഷേത്രം, ചാലക്കുടി.<br>
പിൻ 680307, തൃശൂർ ജില്ല.<br>
മൊബൈൽ 94463 02811



2.2.22 ന് 58–ാം വിവാഹ
വാർഷികം ആഘോഷിച്ച
കീഴെ പെരുമ്പടപ്പ് വൈദികൻ

**ശങ്കരനാരായണൻ അടിതിരിപ്പാടിനും**
**ദേവകി പത്തനാടിക്കും**

(എടപ്പാൾ നാരായണമംഗലത്ത് മഹൾ)
ആശംസകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



2022 മാർച്ച് 12 തിരുവാതിര നാളിൽ
രണ്ടാം പിറന്നാൾ ആഘോഷിച്ച ഞങ്ങളുടെ

**നിരഞ്ജൻ കുട്ടന്**

ആയുരാരോഗ്യസൗഖ്യവും ആശംസകളും നേരുന്നു.

നവീൻ മേക്കാട് & മഞ്ജു
Naveen Mekkad.103,1 floor, face 2,
L V S Gardeenia, Hale halli,
P.O Kitiganur, Pin:560036,Bangalore.




**ഏപ്രിൽ 11ന്**
**ഒന്നാംപിറന്നാൾ**
**ആഘോഷിയ്ക്കുന്ന**
**ആരവ് പ്രവീണും**
(കുളപ്പുറത്ത് മന
പ്രവീൺ
നാരായണന്റേയും
ശ്യാമയുടേയും
മകൻ)
ഓപ്പോളും ഏട്ടനും
**ദ്യുതി ഉണ്ണിക്യഷ്ണൻ**
**& അഗ്നിശർമ്മൻ**
(അഷ്ടത്ത് മന ഉണ്ണി
ക്കൃഷ്ണന്റേയും
അപർണയുടേയും
കുട്ടികൾ)



കലിഗ്രാഫിക്കുള്ള ജിഗ്ജി അന്താരാഷ്ട്ര പുരസ്കാരം നേടിയ നാരായണഭട്ടതിരി.

സാരിയുടെ മുന്താണിയും ബോഡറും അക്ഷരസമ്പന്നമായപ്പോൾ



ഭട്ടതിരി കലിഗ്രാഫി ചെയ്ത സ്വസ്തി ടൈറ്റിൽ

## സാരിത്തുമ്പിലായാലും അനുഭവിക്കാനുള്ളതാണ്

# ഭട്ടതിരിയുടെ അക്ഷരം

- ആസ്വദിക്കാനുള്ളതാണ്
- ആത്മനിവേദനമാണ്
- ആത്മാംശമലിഞ്ഞതാണ്
- അംഗീകരിക്കാനുള്ളതാണ്
- അവാർഡിനുമപ്പുറത്താണ്

ശ്രീഭ നാറാണിയാട്

മലയാളലിപി കൊണ്ട് ചിത്രങ്ങളെഴുതി ജിഗ്ജി അന്താരാഷ്ട്രപുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ. മൂന്നു തവണ ഈ പുരസ്കരം നേടിയ ഏക ഇന്ത്യൻ. ലോകപ്രശസ്തമായ ചൈനയിലെ ഹർബിൻ കലിഗ്രാഫി സ്റ്റോൺ പാർക്കിൽ ടാഗോറിന്റെ ബംഗാളി കൈപ്പടയ്ക്കു ശേഷം മറ്റൊരു ഇന്ത്യൻ ലിപിയായി മലയാളത്തെ കൊത്തിവെച്ച കലാകാരൻ. സുന്ദരമായ കൈപ്പട എന്നർഥം വരുന്ന 'കലിഗ്രാഫി'യുടെ കലാംശത്തേയും സാധ്യതകളേയും മലയാളിക്ക് പരിചയപ്പെടുത്തിയ ആർട്ടിസ്റ്റ് നാരായണ ഭട്ടതിരി. സാരിത്തുമ്പു പോലും അക്ഷരം കൊണ്ട് സാർത്ഥകമാക്കും ഭട്ടതിരി.

തിരുവനന്തപുരത്തെ വഴുതക്കാട്ട് വേലിയും ഗേറ്റുമില്ലാതെ ഒരു വീടേയുള്ളൂ. ഭട്ടതിരിയുടെ ഭവനം. എന്നും ദിവസമാരംഭിക്കുന്നത് പുലർച്ചെ മൂന്നു മണിയ്ക്ക്. അപ്പോൾ തോന്നുന്ന പദ്യശകലങ്ങൾ ചൊല്ലിക്കൊണ്ട് കലിഗ്രാഫർ അക്ഷരങ്ങളെ മാടി വിളിയ്ക്കും. കലാകാരനൊപ്പം അവ മതിമോഹനശുഭനർത്തനമാടും. പല പല ചേഷ്ടകൾ കാട്ടും. പലമാതിരി വിന്യാസങ്ങളാൽ ചാരുതയാർന്ന ദൃശ്യങ്ങളൊരുക്കും. കൺകോണുകളിളക്കി നവരസങ്ങളഭിനയിക്കും. ഇത്ര ലിപിപരമാണോ നമ്മുടെ മലയാളം എന്ന് അതിശയിപ്പിക്കുന്നതാണ് ഭട്ടതിരിയുടെ ഓരോ കൈപ്പടയും.

'അമ്മ' എന്നെഴുതുമ്പോൾ സ്നേഹവാത്സല്യങ്ങളോടെ കുഞ്ഞിനെ ചേർത്തുനിൽ




നവരസങ്ങൾ ഭട്ടതിരിയുടെ കലിഗ്രാഫിയിൽ വിരിഞ്ഞപ്പോൾ










അമ്മ എന്നെഴുതുമ്പോൾ സ്നേഹവാത്സല്യങ്ങളോടെ കുഞ്ഞിനെ ചേർത്തുനിൽക്കുന്ന ഒരമ്മയാണ് തെളിയുക. ആനയാകട്ടെ മുമ്പിൽത്തുമ്പുതുളഞ്ഞുവളഞ്ഞൊരു തുമ്പിക്കയ്യുമാട്ടി മുന്നിൽ വരും. മഴവില്ല് കാഴ്ച്ചയുടെ ബഹുവർണം വിരിയിക്കും.മയിൽ പീലി വിടർത്തി നൃത്തം ചെയ്യും. മഴ നനയിക്കും, ചിരി ചിരിപ്പിക്കും. വല്ലാത്തൊരു മാസ്മരികതയാണ് ആ ലിപികൾക്ക്.

*ലതാ മങ്കേഷ്കരുടെ നിര്യാണത്തിലനുശോചിച്ച് മരി(റി)ച്ചാലും മരി(റി)യ്ക്കാത്ത ലതയെ അതിഗംഭീരമായി വരച്ചുകാട്ടി അല്ല എഴുതിക്കാട്ടി. അംബിഗ്രാം രീതിയിൽ 'ലത്' എന്ന് വായിക്കാവുന്ന ഒരു സൃഷ്ടി.*



*ലോകഭാഷകൾ കല്ലിൽ കൊത്തിവെച്ച് സംരക്ഷിക്കുന്ന ചൈനയിലെ ഹർബിൻ സ്റ്റോൺമ്യൂസിയത്തിൽ ഭട്ടതിരിയുടെ കൈപ്പടയിലുള്ള ജ്ഞാനപ്പാനയിലെ വരികൾ വായിക്കാം. അവിടെ പ്രദർശിപ്പിച്ചിട്ടുള്ള രണ്ടാമത്തെ ഇന്ത്യൻ ഭാഷയാണ് മലയാളം.*




ക്കുന്ന ഒരമ്മയാണ് തെളിയുക. 'ആന' യാകട്ടെ മുമ്പിൽത്തുമ്പുതുളഞ്ഞുവളഞ്ഞൊരു തുമ്പിക്കയ്യുമാട്ടി മുന്നിൽ വരും. 'മഴവില്ല്' കാഴ്ച്ചയുടെ ബഹുവർണം വിരിയിക്കും.'മയിൽ' പീലി വിടർത്തി നൃത്തം ചെയ്യും. 'മഴ' നനയിക്കും, 'ചിരി' ചിരിപ്പിക്കും. വല്ലാത്തൊരു മാസ്മരികതയാണ് ആ ലിപികൾക്ക്.

കവിത പോലെ അനുഭൂതി തരുന്ന ചില സൃഷ്ടികളുണ്ട്. അംബിഗ്രാം ശൈലിയിൽ (നേരെ വായിച്ചാലും തലതിരിച്ചു വായിച്ചാലും ഒരേപോലെ തോന്നുംവിധം എഴുതുന്ന രീതി) വാക്കുകളെഴുതാൻ സമർത്ഥനാണ് ഭട്ടതിരി. ലതാ മങ്കേഷ്കരുടെ നിര്യാണത്തിലനുശോചിച്ച് മരി(റി)ച്ചാലും മരി(റി)യ്ക്കാത്ത ലതയെ അതിഗംഭീരമായി വരച്ചുകാട്ടി അല്ല എഴുതിക്കാട്ടി. അംബിഗ്രാം രീതിയിൽ 'ലത്' എന്ന് വായിക്കാവുന്ന ഒരു സൃഷ്ടി. രണ്ടു പേജു നിറയെ എഴുതിക്കൂട്ടിയാലും സംവേദനം ചെയ്യാനാവാത്ത ഒരു അനുഭൂതിയാണ് കേവലം രണ്ടരക്ഷരങ്ങൾ കൊണ്ട് സൃഷ്ടിച്ചത്.

തീർന്നില്ല മാജിക്ക്. കലിഗ്രാഫറുടെ കരസ്പർശത്താൽ അക്ഷരക്കൂട്ടം രസാഭിനയം വരെ നടത്തിക്കളയും. ഹാസ്യത്തിന്റെ ഹാസ്യാത്മകതയെയും വീരത്തിന്റെ വീര്യവും രൗദ്രത്തിന്റെ രൗദ്രതയുമെല്ലാം ലിപി അറിയാത്തവരെക്കൂടി അനുഭവിപ്പിയ്ക്കും. സ്വസ്തിയ്ക്കു വേണ്ടി ഭട്ടതിരി ചെയ്ത നവരസകലിഗ്രാഫി നോക്കൂ. നടന്റെ മുഖത്ത് വിരിയുന്ന ഭാവരസങ്ങളുടെ അതേ വികാരം ആർട്ടിസ്റ്റിന്റെ അക്ഷരങ്ങൾ സംവേദനം ചെയ്യുന്നില്ലേ?

വായിച്ചു മനസ്സിലാക്കാനുള്ളതല്ല കലിഗ്രാഫി എന്നാണ് ഭട്ടതിരിയുടെ പക്ഷം. ചിത്രം പോലെ ആസ്വദിയ്ക്കാനുള്ളതാണ്. വായിച്ചറിയാനാനുള്ളതെങ്കിൽ ഈ കലാകാരന്റെ ആരാധകരുടെ ഒരു വലിയ പങ്ക് മലയാളമറിയാത്ത മറുനാട്ടുകാരാവുന്നതെങ്ങനെ?

സ്കൂൾ മുതൽ തുടങ്ങിയതാണ് കൈയെഴുത്തിനോടുള്ള പ്രണയം. അനധ്യായദിവസങ്ങളിൽപ്പോലും കോപ്പിയെഴുതും. സ്റ്റൈലൈസ് ചെയ്ത് എഴുതാനുള്ള ശ്രമവും അക്കാലത്ത് തുടങ്ങി. കൂട്ടുകാരുടെ പുസ്തകങ്ങളിൽ വ്യത്യസ്ത രീതികളിൽ പേരെഴുതിക്കൊടുക്കലായിരുന്നു വിനോദം. അന്നൊന്നും കലിഗ്രാഫിയാണിതെന്ന് അറിഞ്ഞിരുന്നില്ല. പിന്നീട് മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ പഠിക്കുമ്പോൾ സുഹൃത്തായ പ്രദീപിന്റെ പ്രേരണയിൽ ദിവസേന ഓരോ പോസ്റ്റർ കോളേജ് കവാടത്തിനു മുന്നിൽ എഴുതി വെയ്ക്കുമായിരുന്നു. ആ ലിപിക്കൂട്ടുകളുടെ ദൃശ്യചാരുതയിൽ വിസ്മയിച്ചുപോയ ഹിന്ദി അധ്യാപകനായ തങ്കപ്പൻ നായരാണ് ഭട്ടതിരിയെ തിരുവനന്തപുരത്തെ ഫൈൻ ആർട്ട്സ് കോളേജിലയച്ചത്. അവിടെ പെയിന്റിംഗ് വിദ്യാർഥിയായി അഞ്ചു വർഷം.

കോഴ്സിനിടയിൽത്തന്നെ പല പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി കലിഗ്രാഫി ചെയ്തു. കലാകൗമുദി വീക്കിലി 'കലി



ജ്ഞാനപീഠജേതാവായ അക്കിത്തത്തെ ഇന്ത്യയിലെ 15 ഭാഷകളിൽ അക്കിത്തം എന്നെഴുതിയ ഉപഹാരം നൽകിയാണ് ഭട്ടതിരി ആദരിച്ചത്.

ഒരു കലിഗ്രാഫി എക്സിബിഷനിൽ നാരായണഭട്ടതിരി

ഗ്രാഫർ  എന്ന തസ്തികയിൽത്തന്നെ നിയമനം നൽകി. ഡിഗ്രി സർട്ടിഫിക്കറ്റിന് മുമ്പേ കിട്ടി ഉദ്യോഗം. (ഇന്നും ആ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. അതിന്റെ ആവശ്യം തോന്നിയിട്ടില്ലെന്ന് ഭട്ടതിരി) കേരളത്തിൽ അതിനു മുമ്പും ശേഷവും ഇത്തരമൊരു ഔദ്യോഗിക പദവി ആർക്കും ലഭിച്ചിട്ടില്ല. പിന്നീട് ഈ രംഗത്തേക്ക് പലരും കടന്നുവന്നപ്പോഴും മലയാളികളുടെ കലിഗ്രാഫർ എന്ന വിശേഷണം ആർട്ടിസ്റ്റ് ഭട്ടതിരിയ്ക്കും മാത്രം സ്വന്തമായതും അങ്ങനെയാവാം.

വൈവിധ്യമാർന്ന തലക്കെട്ടുകൾ ആവിഷ്ക്കരിക്കുകയായിരുന്നു മുഖ്യകർമം. കൂട്ടത്തിൽ ലേ ഔട്ടും ചെയ്യണം. മനസ്സിൽ തോന്നുന്ന മട്ടിൽ പേപ്പറിൽ പകർത്തുക എന്നതാണ് രീതി. കലാകൗമുദിക്കു വേണ്ടി നൽകിയ നാൽപ്പതിനായിരത്തിൽപ്പരം തലക്കെട്ടുകൾ സെക്കന്റുകൾക്കുള്ളിൽ ചെയ്തു തീർത്തവയായിരുന്നു. വര- നമ്പൂതിരി, ലിപി- ഭട്ടതിരി എന്ന കോമ്പിനേഷനായിരുന്നു കലാകൗമുദിയുടെ അക്കാലത്തെ മുഖ്യ ആകർഷണം.

അന്നൊന്നും വായനക്കാർ പലരും ഇതിന്റെ വൈവിധ്യത്തേയും സൗന്ദര്യത്തേയും അത്ര ഗൗനിയ്ക്കുന്നതായി തോന്നിയില്ല. പക്ഷേ വർഷങ്ങൾക്കു ശേഷം കലാകൗമുദിയിലെ ടൈറ്റിലുകളും പിന്നീട് ചെയ്ത തലക്കെട്ടുകളും ഉൾപ്പെടുത്തി തിരുവനന്തപുരത്തും തൃശൂരുമൊക്കെ പ്രദർശനം സംഘടിപ്പിച്ചപ്പോൾ ഉണ്ടായ പ്രതികരണം അദ്ഭുതപ്പെടുത്തി. തന്റെ കൈപ്പടയിൽ വിരിഞ്ഞ പല ടൈറ്റിലുകളും ചിലരതെല്ലാം വെട്ടിയെടുത്ത് സൂക്ഷിച്ചതായി കലിഗ്രാഫർ അറിയുന്നതപ്പോഴാണ്.

ഭട്ടതിരിയുടെ അക്ഷരമൂല്യം കണ്ടറിഞ്ഞവരാണ് പത്മരാജൻ, ഭരതൻ, ലെനിൻ രാജേന്ദ്രൻ തുടങ്ങിയ ചലച്ചിത്രകാരൻമാർ. അവരുടെ പല പ്രമുഖ സിനിമകളുടേയും ടൈറ്റിൽ കാർഡ് ചെയ്തത് ഭട്ടതിരിയാണ്. 'ടൈറ്റിൽസ്:ഭട്ടതിരി എന്ന് പലപ്പോഴും സ്ക്രീനിൽ വായിച്ചവരാണ് നമ്മൾ. കമ്പ്യൂട്ടറിന്റെ സഹായമൊന്നുമില്ലാതെ ആർട്ടിസ്റ്റ് കയ്യെഴുതിയൊരുക്കിയതാണതെല്ലാം. ചെന്നൈയിലെ ഒരു ചെറിയ ഹോട്ടൽമുറിയിലിരുന്ന് ടൈറ്റിലെഴുതാൻ ഒരുങ്ങുന്ന ഭട്ടതിരിയെ ചിത്രകാരൻ കൂടിയായ ഭരതന്റെ വീട്ടിൽ അദ്ദേഹം വരയ്ക്കാറുള്ള മുറിയിൽക്കൊണ്ടിരുത്തിയാണ് പത്മരാജൻ എഴുതിപ്പിച്ചിരുന്നത്.

*ഭട്ടതിരിയുമായുള്ള ഒരഭിമുഖം ഈ ക്യു ആർ കോഡ് സ്കാൻ ചെയ്താൽ കാണാം.*
https://youtu.be/q1LHTmLdJMM

ചുമരെഴുത്തുകളും ബാനറെഴുത്തുകളുമൊക്കെ ഭംഗിയായി ചെയ്യുന്നവരുണ്ടായിരുന്നു അന്നും. പക്ഷേ കേരളത്തിൽ കലിഗ്രാഫിയെ ഒരു കലയായി കാണാൻ തുടങ്ങിയിട്ടില്ല. ഒരിയ്ക്കൽ പൂനെയിൽ നടന്ന കലിഗ്രാഫി ക്യാമ്പിലേക്ക് സംഘാടകർ ക്ഷണിച്ചു. ഭട്ടതിരിയുൾപ്പെടെ ഇന്ത്യയിൽ നിന്നുള്ള പതിമൂന്ന് പ്രശസ്ത കലിഗ്രാഫർമാർ പങ്കെടുത്ത ഒരു ക്യാമ്പ്. അതിലെ അനുഭവങ്ങളും അവിടെ പ്രദർശിപ്പിയ്ക്കപ്പെട്ട മറ്റു ആർട്ടിസ്റ്റുകളുടെ സൃഷ്ടികളും തന്റെ മലയാള കയ്യെഴുത്തിനു കിട്ടിയ പ്രശംസകളുമെല്ലാം ഭട്ടതിരിയുടെ കാഴ്ച്ചപ്പാടിൽ വലിയ മാറ്റം വരുത്തി. കേരളത്തിൽ കലിഗ്രാഫിക്ക് പ്രചാരമുണ്ടാക്കുക എന്നത് ജീവിതദൗത്യമായി ഏറ്റെടുത്തു. മലയാളലിപിയുടെ കലാസാധ്യതയെ മറ്റു പല മേഖലകളിലേക്കും സന്നിവേശിപ്പിക്കാനുള്ള ശ്രമവും തുടങ്ങി. തന്റെ മേഖല കലിഗ്രാഫിയാണെന്ന് അപ്പോഴേക്കും ഭട്ടതിരി തിരിച്ചറിയാൻ തുടങ്ങിയിരുന്നു. സാരി, ചുരിദാർ, കുട, ചുവരുകൾ, കലണ്ടർ തുടങ്ങി പലയിടത്തും കലിഗ്രാഫി പരീക്ഷിക്കാൻ തുടങ്ങി. അവയ്ക്കെല്ലാം നല്ല സ്വീകാര്യതയും ലഭിച്ചു.

എത്ര തിരക്കാണെങ്കിലും ഒരു മണിക്കൂർ അക്ഷരമെഴുത്തിനു സമയം കണ്ടെത്തും. സമ്മർദ്ദവും വിരസതയുമകറ്റാനുള്ള വഴിപോലും കലിഗ്രാഫിയാണ്. ഇതിലൂടെ ലഭിക്കുന്ന ആശ്വാസവും ആനന്ദവുമല്ലാതെ സെൽഫ്പ്രമോഷനായി ചെയ്യുന്ന വർക്കിനോടൊന്നും ഒട്ടും മതിപ്പില്ല ഈ ആർട്ടിസ്റ്റിന്. എന്നാലിപ്പോൾ മലയാള കലിഗ്രാഫിയുടെ പ്രചരണാർത്ഥം ദിനംപ്രതി ഓരോ വർക്കുകൾ ഫേസ് ബുക്ക് പേജിൽ പോസ്റ്റ് ചെയ്യാറുണ്ട്. ആസ്വാദകരേറെയുണ്ട് അതിനെല്ലാം.

കലിഗ്രാഫിക്കുള്ള ഏറ്റവും ശ്രദ്ധേയമായ അന്താരാഷ്ട്ര പുരസ്കാരമാണ് കൊറിയൻ ഗവൺമെന്റ് നൽകുന്ന 'ജിഗ് ജീ. ഈ പുരസ്കാരം മൂന്നു തവണ നേടിയിട്ടുണ്ട് ഭട്ടതിരി. തുടർച്ചയായി രണ്ടു തവണ ഈ അംഗീകാരം നേടുന്ന ഇന്ത്യൻ, ഈ പുരസ്കാരം ആദ്യമായി നേടിയ ഇന്ത്യൻ എന്നീ ബഹുമതികളെല്ലാം ഈ ആർട്ടിസ്റ്റിനു മാത്രം അവകാശപ്പെട്ടതാണ്.

ലോകഭാഷകൾ കല്ലിൽ കൊത്തിവെച്ച് സംരക്ഷിക്കുന്ന ചൈനയിലെ വിഖ്യാതമായ ഹർബിൻ സ്റ്റോൺമ്യൂസിയത്തിൽ ഭട്ടതിരിയുടെ കൈപ്പടയിലുള്ള ജ്ഞാനപ്പാനയിലെ വരികൾ വായിക്കാം. അവിടെ പ്രദർശിപ്പിച്ചിട്ടുള്ള രണ്ടാമത്തെ ഇന്ത്യൻ ഭാഷയാണ് നമ്മുടെ മലയാളം. ആദ്യത്തേത് ടാഗോറിന്റെ കൈപ്പടയിലുള്ള ബംഗാളിയാണ്. വിശ്വ വിഖ്യാതനായ ടാഗോറിന്റെ കൈപ്പടയ്ക്കൊപ്പമാണ് അവിടെ നമ്മുടെ മലയാളത്തെ കാണാനാവുക എന്നത് മലയാളികൾക്കെല്ലാം അഭിമാനമല്ലേ?

'ഖസാക്കിന്റെ ഇതിഹാസ് ത്തിന്റെ സുവർണജൂബിലി പതിപ്പ് പുറത്തിറക്കാൻ ഡി.സി. ബുക്സ് തീരുമാനിച്ചപ്പോൾ ശീർഷകത്തിന് ഭട്ടതിരിയെയാണ് സമീപിച്ചത്. ഡിസൈൻ ചെയ്തു നൽകിയ നാലു കവറുകളും അവർ പ്രസിദ്ധപ്പെടുത്തി. ഇതു കണ്ട ചലച്ചിത്രപ്രവർത്തകൻ വിനോദ് മങ്കര, നോവലിന്റെ മുഴുവൻ കലിഗ്രാഫി ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു.

അദ്ദേഹം തന്നെ തസ്രാക്കിലെ ഒ.വി. വിജയൻ സ്മാരകത്തിൽ സംവിധാനങ്ങൾ ഒരുക്കി. അങ്ങനെയാണ് ചരിത്രത്തിലാദ്യമായി ഒരു മുഴുനീള നോവലിന്റെ കലിഗ്രാഫി ഒരുങ്ങിയത്. ഭട്ടതിരി ചെയ്ത 30 കലിഗ്രാഫികൾ തസ്രാക്കിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂമൻകാവും അറബിക്കുളവും, ഞാറ്റുപുരയുമെല്ലാം ഭട്ടതിരിയുടെ അക്ഷരങ്ങളിലൂടെ അവിടെ ആസ്വദിച്ചനുഭവിക്കാം. മലയാള മനോരമ എം ടി വാസുദേവൻ നായരുടെ കൃതികളുടെ സിഡി തയ്യാറാക്കിയപ്പോൾ ടൈറ്റിൽ നൽകിയതും ഭട്ടതിരിയാണ്.

2019 ൽ ഭട്ടതിരിയുടെ നേതൃത്വത്തിൽ ഒരു നാഷണൽ കലിഗ്രാഫി ഫെസ്റ്റിവൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഇന്ത്യയിലെ പ്രശസ്തരായ പല കലിഗ്രാഫർമാരും പങ്കെടുത്തു. ധാരാളം വിദ്യാർഥികളും. ഭട്ടതിരി പഠിച്ചിറങ്ങിയ തിരുവനന്തപുരം ഫൈൻ ആർട്ട്സ് കോളേജ് ഫെസ്റ്റിവലിന്റെ വേദിയാക്കണമെന്നായിരുന്നു മോഹം. ഇത്തരത്തിൽ കേരളത്തിൽ നടക്കുന്ന ആദ്യ ഫെസ്റ്റിവൽ. സംഘാടകനാകട്ടെ അന്താരാഷ്ട്ര ഖ്യാതി നേടിയ ആർട്ടിസ്റ്റും. എന്നിട്ടും ഫൈൻ ആർട്ട്സ് കോളേജ് ആതിഥ്യമേകാൻ വിസമ്മതിച്ചു.

പിന്നെ ഒന്നുമാലോചിച്ചില്ല, ശംഖുമുഖം കടൽത്തീരത്തെ ഒരു ഹോട്ടൽ വേദിയാക്കി. അവഗണനയും പ്രശംസയുമെല്ലാം ഒരേ കണ്ണിൽ കാണും ഈ കലാകാരൻ. മലയാളം കലിഗ്രാഫിയുടെ സാധ്യതകളെ ഇന്നും കേരളം വേണ്ടവിധം അറിഞ്ഞിട്ടില്ലെന്ന് ഭട്ടതിരി പറയുന്നു. ‘അല്ലെങ്കിൽ ഇവിടെയുള്ള നാല് ഫൈൻ ആർട്ട്സ് കോളേജുകളിലൊന്നിൽപ്പോലും മലയാളം കലിഗ്രാഫി പാഠ്യവിഷയമാക്കാത്തതന്തേ? അതാണ് ചോദ്യം. അവിടെയെല്ലാം ഇംഗ്ലീഷ് കലിഗ്രാഫിയാണ് സബ്സിഡിയറി ആയി പഠിപ്പിയ്ക്കുന്നത്.

ജ്ഞാനപീഠജേതാവായ അക്കിത്തത്തെ ഇന്ത്യയിലെ 15 ഭാഷകളിൽ ‘അക്കിത്തം’ എന്നെഴുതിയ ഉപഹാരം നൽകിയാണ് ഭട്ടതിരി ആദരിച്ചത്. അക്ഷരദേവതയുടെ ശരീരത്തെ അലങ്കരിക്കുന്ന ചമയക്കാരന്റെ ആ ആദരം ശാരീരത്തെ ഉപാസിക്കുന്ന കവിയെ അക്ഷരാർഥത്തിൽ വിസ്മയം കൊള്ളിച്ചു. കവി വിഷ്ണു നാരായണൻ നമ്പൂതിരിയുടെ ചിരകാല സ്മരണകൾ നിലനിൽക്കുന്ന തൈക്കാട്ടെ‘ശ്രീവല്ലി’ എന്ന ഭവനം സ്മൃതിമന്ദിരമാക്കി മാറ്റുമ്പോൾ അവിടമെല്ലാം കവിയുടെ കവിതാശകലങ്ങളുടെ കലിഗ്രാഫി ചെയ്തതും ഭട്ടതിരി തന്നെ.

ഇനിയുമുണ്ട് പറയാനായി. മലയാളം മിഷന്റെ ‘ഭൂമി മലയാളം’ കാമ്പെയ്നിനുള്ള ടൈറ്റിൽ ഭട്ടതിരിയുടേതാണ്. ‘അക്ഷർ ഭാരത്’ എന്ന വീഡിയോയ്ക്ക് വേണ്ടി ഇന്ത്യയിലെ 15 കലിഗ്രാഫർമാർ ചേർന്ന് ദേശീയഗാനത്തിലെ വരികൾ 15 ഭാരതീയലിപികളിൽ ആവിഷ്ക്കരിച്ചപ്പോൾ മലയാളത്തിന്റെ പ്രതിനിധിയായതും ഈ ആർട്ടിസ്റ്റ് തന്നെ. ചെർപ്പുളശ്ശേരി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 700 അടി നീളമുള്ള ഒരു മതിലുണ്ട്. വാൾ ഓഫ് പീസ്’ എന്ന പേരിൽ ശ്രദ്ധയാകർഷിച്ച ഈ കലാസൃഷ്ടി യുറേഷ്യ വേൾഡ് റെക്കോർഡ്സിൽ ഇടം നേടിയതാണ്. 250 ലോകഭാഷകളിൽ ചെയ്ത പബ്ലിക്ക് ആർട്ട്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ ആർട്ടിസ്റ്റ് സുരേഷ് കെ നായരുടെ നേതൃത്വത്തിൽ ചെയ്ത ഈവർക്കിൽ ഭട്ടതിരിയും മുഖ്യപങ്കാളിയാണ്.



*അക്ഷരക്കുടയേന്തി*

**‘കചടതപ’ എന്ന പേരിൽ വീടിനു മുകളിൽ ഒരു ആർട്ട് ഗ്യാലറി ഒരുക്കുന്ന തിരക്കിലാണിപ്പോൾ.**

നിരവധി ദേശീയ / അന്തർദേശീയ ക്യാമ്പുകളിലേയും എക്സിബിഷനുകളിലേയും പ്രത്യേക ക്ഷണിതാവാണ് ഭട്ടതിരി. സാൻ ഫ്രാൻസിസ്കോയിലെ അന്താരാഷ്ട്ര പ്രദർശനത്തിന് ഇന്ത്യയുടെ പ്രതിനിധിയായി ക്ഷണിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള സംഘടനകൾക്കു വേണ്ടി ഓൺലൈനായും ക്ലാസെടുക്കുന്നു. ഭട്ടതിരിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ‘കചടതപ ഫൗണ്ടേഷൻ’ കുട്ടികൾക്കായി നിരവധി കലിഗ്രാഫി ശില്പശാലകൾ സംഘടിപ്പിയ്ക്കാറുണ്ട്. വരയ്ക്കാനുള്ള വൈഭവമില്ലാത്തവർക്കും വ്യത്യസ്തവും സുന്ദരവുമായി അക്ഷരങ്ങളെഴുതാനാവുമെന്നാണ് ഭട്ടതിരി പറയുക. അനുകരിയ്ക്കാൻ ശ്രമിക്കാതെ അവനവന്റേതായ ശൈലി കണ്ടെത്തി വികസിപ്പിയ്ക്കാൻ ശ്രമിയ്ക്കണമെന്നു മാത്രം. ‘കചടതപ’ എന്ന പേരിൽ വഴുതക്കാട്ടെ വീടിനു മുകളിൽ ഒരു ആർട്ട് ഗ്യാലറി ഒരുക്കുന്ന തിരക്കിലാണിപ്പോൾ. മുപ്പതോളം പേർക്ക് ഒരേ സമയം ക്ലാസുകൾക്കും ചർച്ചകൾക്കും പങ്കെടുക്കാവുന്ന വിധത്തിലാണിത് പണിയുന്നത്. എക്സിബിഷനുകൾക്കുള്ള സൗകര്യങ്ങളും ഇവിടെയൊരുക്കും.

പന്തളത്തിനടുത്ത് ചെറുമുകയിലെ ചേന്ദമംഗലത്തില്ലത്ത് പരമേശ്വര ഭട്ടതിരിയുടേയും ശ്രീദേവി അന്തർജനത്തിന്റേയും മകനാണ്. പത്നി തൃശൂർ ചേമ്പൂക്കാവ് മനയിലെ മിനി ഭട്ടതിരി. മൂത്തമകൻ അപ്പു ഭട്ടതിരി സിനിമാ മേഖലയിൽ അറിയപ്പെടുന്ന എഡിറ്ററും സംവിധായകനുമാണ്. മികച്ച എഡിറ്റർക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയിട്ടുണ്ട്. ഇളയ മകൻ രാമു ഭട്ടതിരി യു.കെ.യിൽ ജോലി ചെയ്യുന്നു. തിരക്കുകൾക്കിടയിലും ഈ ത്രൈമാസികയ്ക്കുവേണ്ടി ടൈറ്റിലും, നവരസകലിഗ്രാഫിയുമെല്ലാം ഒട്ടും മടികൂടാതെ ചെയ്തു തന്ന ഭട്ടതിരിക്ക് സ്വസ്തിയുടെ സ്നേഹാദരങ്ങൾ. ●

Narayana Bhattathiri
Malayalam Calligrapher
C-11, Forest office lane,
VazhuthacaudTrivandrum,
Pin: 695 014 Ph: 9496 232 444

ശ്രീഭ നാറണിയാട് 9447276760

നമുക്കിടയിലെ പ്രതിഭ



സിലിക്കൺ ബൈറ്റ്. അങ്ങ് അമേരിക്കയിലല്ല. ഇവിടെ നിലയങ്ങോട് മനയ്ക്കലെ 16 കാരനായ സാരംഗ് നമ്പൂതിരിയുടെ വിരൽ ത്തുമ്പിൽ. ടെക്നോളജി രംഗത്തെ എല്ലാ തരം അപ്ഡേറ്റുകളും അപ്പ പ്പോൾ അറിയിക്കുന്ന അതിഗംഭീരമായ ഒരു വാർത്താ വെബ്സൈറ്റാ ണ് സിലിക്കൺ ബൈറ്റ്. ഇതിനു പുറമെ സാങ്കേ തിക വാർത്തകൾ ഉൾ ക്കൊള്ളുന്ന സോഷ്യൽ മീഡിയ അക്കൗണ്ടുക ളായ ട്വിറ്ററും ഇൻസ്റ്റഗ്രാ മും പ്രവർത്തിപ്പിക്കുന്നു.

# ടെക്നോതിരി തിരിക്കുന്ന നമ്പൂതിരി

ശ്രീജ പട്ടലൂർ



സിലിക്കൺ ബൈറ്റ് എന്ന പേരു തന്നെ സാങ്കേതിവിദ്യയുമായി ബന്ധപ്പെട്ടതാണ്.വടക്കൻ കാലിഫോർണിയയിലെ ഒരു പ്രദേശമാണ് സിലിക്കൺ വാലി. ഉയർന്ന സാങ്കേതികവിദ്യയുടെ ആഗോള കേന്ദ്രം. ഡിജിറ്റൽ രൂപത്തിലുള്ള വിവരങ്ങളെയും, ഡാറ്റയേയും മറ്റും അളക്കുന്നതിനുള്ള യൂണിറ്റാണ് ബൈറ്റ്. ഇങ്ങിനെ സിലിക്കണും ബൈറ്റും യോജിപ്പിച്ചാണ് സിലിക്കൺ ബൈറ്റ് എന്ന പേരു നൽകിയത്. ഈ നിലവാരം വച്ച് നോക്കിയാൽ ടെക്നോളജിയുടെ ടെക്കും നമ്പൂതിരിയുടെ തിരിയും ചേർത്ത് ടെക്നോതിരി തിരിയ്ക്കും ഈ പയ്യൻ.

പ്രമുഖ എഴുത്തുകാരി ദേവകി നിലയങ്ങോടിന്റെ ഇല്ലത്തുനിന്നാണ് ഈ പ്ളസ് വൺ പയ്യൻ. അമ്മാത്തും നമ്മളെല്ലാം അറിയുന്ന ഇല്ലമാണ്. സാക്ഷാൽ ഇ.എം.എസിന്റെ ഇല്ലം. ഏലംകുളം മന. നിലയങ്ങോട്ടെ നവീൻ നമ്പൂതിരിയുടെയും ഏലംകുളം മനയ്ക്കലെ വന്ദനയുടെയും

**പ്രമുഖ എഴുത്തുകാരി ദേവകി നിലയങ്ങോടിന്റെ ഇല്ലത്തുനിന്നാണ് ഈ പ്ളസ് വൺ പയ്യൻ. അമ്മാത്തും നമ്മളെല്ലാം അറിയുന്ന ഇല്ലമാണ്. സാക്ഷാൽ ഇ.എം.എസിന്റെ ഇല്ലം. ഏലംകുളം മന.**

മകനാണ്. കേന്ദ്ര ഗവ. സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ എഞ്ചിനീയറാണ് അച്ഛൻ. അമ്മയ്ക്ക് ബിസിനസ്.

ബാംഗ്ലൂരിൽ താമസിക്കുന്ന സാരംഗ് അവിടെ ദീക്ഷ കോളേജിൽ 11–ാം ക്ലാസ്സിൽ പഠിക്കുന്നു. 10 വയസ്സുള്ള സാവൻ നമ്പൂതിരി അനിയനാണ്. കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് പഠിക്കാൻ ആഗ്രഹിക്കുന്ന സാരംഗിന് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനാൽ ടൈം മാനേജ്മെന്റ് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പക്ഷേ എല്ലാം ഒരുമിച്ചു കൊണ്ടുപോകാൻ ശ്രമിക്കുന്നു.

മറ്റു വാർത്തകൾക്ക് ലഭിക്കുന്ന പോലുള്ള പരിഗണന പത്രമാദ്ധ്യമങ്ങളിൽ ടെക്നോളജി വാർത്തകൾക്ക് ലഭിക്കുന്നില്ല, മിക്കവാറും രാഷ്ട്രീയം കൊണ്ട് നിറയും പത്രത്താളുകൾ. പുതു തലമുറയ്ക്ക് ആവശ്യമായ ലേറ്റസ്റ്റ് വിവരങ്ങൾ ലഭ്യമാക്കിയാൽ വായിക്കാൻ ആളുണ്ടാവുമെന്ന തിരിച്ചറിവിൽ നിന്നാണ് ഇത് തുടങ്ങിയത്. സാരംഗിന് ആവശ്യം ടെക് വാർത്തകൾ ആയിരുന്നു. അതിന്റെ ലേറ്റസ്റ്റ് അപ്ഡേറ്റുകൾ കിട്ടാൻ അനുഭവിച്ച പ്രയാസമാണ് ഇങ്ങനെയൊന്ന് തുടങ്ങാൻ പ്രേരിപ്പിച്ചത്.

ഇ മെയിൽ അയക്കുന്നത് മുതൽ ഭക്ഷണം ഓഡർ ചെയ്യുന്നതും സിനിമ കാണുന്നതും വർക്ക് ഔട്ടുകൾ അളക്കുന്നതും എന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മേഖലയും ഇപ്പോൾ ടെക്നോളജി മയമാണ്. നാവിഗേഷൻ ഈസിയായ ഒരു വെബ്സൈറ്റ് വെറു രണ്ടാഴ്ച കൊണ്ടാണ് സാരംഗ് നിർമ്മിച്ചത്.

ഇനി സാരംഗിന്റെ ലക്ഷ്യം പറയാം. വലിയ ടെക്നോളജി ഭീമന്മാർ അവരുടെ ഉല്പന്നങ്ങൾ സിലിക്കൺ

ബൈറ്റിന് റിവ്യൂ ചെയ്യാൻ അയക്കും! സിലിക്കൺ ബൈറ്റ് നല്ല റിവ്യൂ നൽകിയാൽ സാധനങ്ങൾ ചൂടപ്പം പോലെ വിറ്റു പോവും!! എത്ര സുന്ദരമായ നടക്കാത്ത സ്വപ്നം എന്നു പറയാൻ വരട്ടെ. ഇതിനകം ആപ്പിൾ, സാംസംഗ്, മൈക്രോസോഫ്റ്റ്, വൺ പ്ലസ് എന്നീ ആഗോള ജയന്റുകളുടെ ലൈവ് ഇവന്റ്സ് റിപ്പോർട്ട് ചെയ്തു എന്നത് നിസ്സാരമല്ല.

ആഴ്ചയിലൊരിക്കൽ സാങ്കേതിക മേഖല സംബന്ധിച്ച ചോദ്യോത്തര പംക്തിയും കൈകാര്യം ചെയ്യുന്നു. എന്തു സംശയവും ആർക്കും ചോദിക്കാം. ഉത്തരം റെഡിയാണ്. അതും ലളിതമായ ഭഷയിൽ. സാങ്കേതിക ഭാഷ അറിയാത്തവർക്കുപോലും മനസ്സിലാവുന്ന വിധത്തിൽ. അത്രക്കു സമർത്ഥൻ. അതുകൊണ്ടാണ് ഡക്കാൻ ഹെറാൾഡും കർണ്ണാടക ന്യൂസും മറ്റും അവരുടെ വാർത്താ പേജുകളിൽ ഈ നമ്പൂതിരിപ്പയ്യന് വൻ കവറേജ് നൽകിയത്. രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന സിലക്കൺ ബൈറ്റ് പോഡ്കാസ്റ്റാണ് മറ്റൊരു ലക്ഷ്യം. പഠനത്തിരക്കു കാരണം ഒഴിവില്ലാത്തതിനാൽ തുടങ്ങിയില്ലെന്നേയുള്ളൂ. ഓഫ്‌ലൈനായി ടെക് ഇവന്റ്സ് സംഘടിപ്പിക്കാനും പരിപാടിയുണ്ട്.

ഏറ്റവും പുതിയ ടെക് ന്യൂസുകൾ വേണ്ടവർ സിലിക്കൺ ബൈറ്റിനെ ഫോളോ ചെയ്താൽ മതി. ഏറ്റവും പുതിയ ലാപ്ടോപ്പുകൾ, ഫോണുകൾ, റോബോട്ടുകൾ, നെറ്റ് വർക്കുകൾ എന്നിവയെ കുറിച്ചെല്ലാം ഇതിൽ റിപ്പോർട്ട് വരുന്നു. എവിടെയെല്ലാം ടെക്നോളജിയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ ഉൽപ്പന്നങ്ങൾ ഇറങ്ങുന്നുവോ അവയെല്ലാം കണ്ടെത്താനും തന്റെ വെബ്സൈറ്റിലൂടേയും സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെയും പൊതുജനങ്ങളിലേക്ക് എത്തിക്കാനും ഇതിലൂടെ സാധിക്കുന്നു. ഉദാഹരണമായി സാംസങ്ങ്, ആപ്പിൾ തുടങ്ങി ഏത് കമ്പനികളുടെയും പുതിയ ഉൽപന്നത്തിന്റെ പ്രഖ്യാപനം വന്നു കഴിഞ്ഞാൽ തൽക്ഷണം അതിന്റെ മുഴുവൻ വിവരങ്ങളും സിലിക്കൺ ബൈറ്റിൽ ലഭിക്കും.

കൂടെ 4ജി, 5ജി തുടങ്ങി പുതിയ ജനറേഷൻ ഉൽപന്നങ്ങളെ കുറിച്ചും തൽസമയ വിവരങ്ങൾ ഇതുവഴി ലഭിക്കുന്നു.പുതിയ സാങ്കേതിക വിദ്യയിലെപ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും ഉൾക്കൊള്ളാൻ സാരംഗ് ശ്രമിയ്ക്കുന്നുണ്ട്.

സിലിക്കൺ ബൈറ്റുകളുടെ ഭൂരിഭാഗം പ്രേക്ഷകരും ടിറ്ററിലും ഇൻസ്റ്റാഗ്രാമിലുമാണ്. ഈ പ്ലാറ്റ്ഫോമുകളിൽ പ്രതിമാസം 50000 ൽ അധികം കാഴ്ചക്കാരുണ്ട്. വെബ്സൈറ്റിനും വാർത്തകൾക്കുമായി, ഗഹനമായ വിഷയങ്ങളിലേക്ക് കടന്ന് കൂടുതൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾക്ക് വിവരങ്ങൾ നൽകാൻ കൂടുതൽ ഗവേഷണം നടത്തുക എന്നതാണ് സാരംഗ് നേരിടുന്ന ഒരു വെല്ലുവിളി.

സിലിക്കൺ ബൈറ്റ് എന്ന വാർത്താ ബെബ് സൈറ്റിനു പുറമേ സിലിക്കൺ വെയർ എന്ന പേരിൽ ഫാഷൻ അനുബന്ധ സ്ഥാപനവും നടത്തുന്നു. ഡ്രസ്സുകളിൽ പുതിയ ടെക്നോളജിയുമായി ബന്ധപ്പെട്ട രസകരമായ വാചകങ്ങളും പ്രിൻറ് ചെയ്തു കൊടുക്കുക എന്നതാണ് സിലിക്കൺ വെയർ ചെയ്യുന്നത്

ഓർമ്മവെച്ചനാൾ മുതൽ പുതിയ സാങ്കേതികവിദ്യയിൽ എന്നും കൗതുകമായിരുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ എന്തെല്ലാം പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു. ഇതവനെ സിലിക്കൺ ബൈറ്റിന്റെ ഉടമസ്ഥനാക്കി. ആദ്യമായി ലോകത്തിലെ ടെക്നോളജിയിലെ വാർത്തകൾ അവൻ സംപ്രേഷണം ചെയ്യാൻ തുടങ്ങി. ഒഴിവു സമയം മുഴുവൻ ഫോണിൽ സിനിമ കണ്ടും ഗെയിം കളിച്ചു നടക്കുന്ന ഇന്നത്തെ ഭൂരിഭാഗം കൗമാരക്കാർക്കും സാരംഗ് ഒരു മാതൃക തന്നെയാണ്. സാരംഗിന്റെ സിലിക്കൺ ബൈറ്റിന് ലോകം മുഴുവൻ പ്രേക്ഷകരുണ്ടാവട്ടെ.

കഴിഞ്ഞ വർഷം ഫെബ്രുവരിയിലാണ് സംരംഭം തുടങ്ങിയത്. പഠനത്തിന്റെ തിരക്കിലും ഇതിനു വേണ്ടി ഒരു ദിവസം ഒരു മണിക്കൂർ മാറ്റി വയ്ക്കുന്നു. കമ്പനിയും ഉടമസ്ഥതയും പ്ളസ് വൺ പഠനവും ഒരുമിച്ചു കൊണ്ടുപോവുന്നതാണ് വെല്ലുവിളി. വെബ്സൈറ്റ് റൺ ചെയ്യാൻ ആവശ്യമായ തുക മാത്രമേ ഇപ്പോൾ മുതൽ മുടക്കുള്ളൂ. സ്കൂളിൽനിന്ന് നല്ല സപ്പോർട്ടാണ് ലഭിക്കുന്നത്. മറ്റു വിദ്യാർത്ഥികൾക്ക് സാരംഗിന്റെ വർക്കുകൾ സ്കൂൾ അധികൃതർ ഷെയർ ചെയ്യുന്നുമുണ്ട്. പാർട്ട്ണർമാരില്ല. എന്നാൽ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും സഹായം നൽകാറുണ്ട്. ●



ലക്ഷ്യം പറയാം. വലിയ ടെക്നോളജി ഭീമന്മാർ അവരുടെ ഉല്പന്നങ്ങൾ സാരംഗിന്റെ സിലിക്കൺ ബൈറ്റിന് റിവ്യൂ ചെയ്യാൻ അയക്കും! സിലിക്കൺ ബൈറ്റ് നല്ല റിവ്യൂ നൽകിയാൽ സാധനങ്ങൾ ചൂടപ്പം പോലെ വിറ്റു പോവും!! എത്ര സുന്ദരമായ നടക്കാത്ത സ്വപ്നം എന്നു പറയാൻ വരട്ടെ.  ഇതിനകം ആപ്പിൾ, സാംസംഗ്, മൈക്രോസോഫ്റ്റ്, വൺപ്ളസ് എന്നീ ആഗോള ജയന്റുകളുടെ ലൈവ് ഇവന്റ്സ് റിപ്പോർട്ട് ചെയ്തു ഈ പയ്യൻ.

നിലയങ്ങോട് മന,
വർക്കേഴ്സ് റോഡ്, കുറ്റിമുക്ക്,
പി.ഒ. രാമവർമ്മപുരം,
തൃശൂർ, പിൻ 680631
മൊബൈൽ 8310121673
Sarang Namboodiri: Nilayangode Mana, 23, 6th Main, Sidhivinayaka Layout, Virupakshapura, Vidyaranyapura (PO), Bangalore - 560097
sarangnamboodiri@gmail.com

നൂറു കൊല്ലം മുമ്പ് ജനിച്ച ഒരില്ലത്തെ പെൺകിടാവ് എത്രാമത്തെ വയസ്സിലായിരിക്കും വിവാഹിതയായത്. പതിനാല് വയസ്സാകുമ്പോഴേക്ക് വിവാഹം കഴിഞ്ഞിട്ടുണ്ടാവും. അതാണ് സാധാരണം. എന്നാൽ അമ്മ വിവാഹിത ആയത് 29 ാം വയസ്സിൽ! അക്കാലത്ത് വേളി കഴിക്കുന്ന നമ്പൂതിരിയുടെ ജോലിയെന്താവാം? ശാന്തിക്കാരൻ അല്ലെങ്കിൽ സ്കൂൾ മാഷ്. അവിടെയും അസാധാണമായിരുന്നു കാര്യങ്ങൾ. പട്ടാളക്കാരനായിരുന്നു എന്റെ അച്ഛൻ!!

## അതിനാൽ എന്റെ അമ്മയാകട്ടെ നമ്പൂതിരി സമുദായത്തിലെ

# ആദ്യ ടീച്ചർമാരിലൊരാളായി

കെ.എസ് സരസ്വതി



അതേ, അല്പം അസാധാരണത്വം നിറഞ്ഞവരാണ് അച്ഛനുമമ്മയും.അതിന് കാരണങ്ങളുമുണ്ട്.അക്കാലത്ത് നമ്പൂതിരി പെൺകിടാങ്ങളെ സ്കൂളിൽ അയക്കുന്ന ഏർപ്പാടില്ല. ഉണ്ടെങ്കിൽ ത്തന്നെ എൽ.പി. സ്കൂളിനപ്പുറം കടക്കുന്നത് അത്യപൂർവം. എന്നാൽ എന്റെ അമ്മ എൽപിയും യുപിയും ഹൈസ്കൂളും കഴിഞ്ഞ് കോളേജിലെത്തി. ഇന്റർമീഡിയറ്റും ഡിഗ്രിയും മാത്രമല്ല ബി.ടിയും കഴിഞ്ഞു. നമ്പൂതിരി സമുദായത്തിലെ ആദ്യ ടീച്ചർമാരിലൊരാളായി. അമ്മയെങ്ങനെ ടീച്ചറായി. അമ്മയുടെ വേളി എന്തേ ഇത്ര വൈകി? 1925ൽ തൃശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമത്തിലെ അവണൂർ മനയിൽ ജയന്തൻ നമ്പൂതിരിയുടെയും പാർവതി അന്തർജ്ജനത്തിന്റെയും മകളായിട്ടാണ് അമ്മ ജനിച്ചത്. പേര് ആര്യ അന്തർജനം.അമ്മയുടെ അച്ഛൻ മൂന്ന് വിവാഹം കഴിച്ചിരുന്നു. എന്റെ അമ്മയുടെ അമ്മ രണ്ടാമത്തെ ഭാര്യയായിരുന്നു.ആദ്യഭാര്യയിൽ അഞ്ചു മക്കൾ. രണ്ടാം ഭാര്യക്ക് രണ്ട് മക്കൾ. മൂന്നാം ഭാര്യയിൽ മക്കളുണ്ടായില്ല. ഇവർ എല്ലാവരും ഒരുമിച്ചാണ് താമസിച്ചിരുന്നത്. അപ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ.സപത്നീമത്സരങ്ങളും മറ്റു വിധ പ്രയാസങ്ങളും.

മുത്തശ്ശന്റെ ആദ്യവേളിയിലെ മൂന്ന് പെണ്മക്കൾക്കും വിദ്യാഭ്യാസം നേടാൻ സാധിച്ചില്ല. അതായിരുന്നല്ലോ കാലം.1930കൾ. സ്കൂളിൽ പോയുള്ള സ്ത്രീവിദ്യാഭ്യാസം അന്ന് ഇല്ലെന്നു തന്നെ പറയാം. പണമുള്ളവർ നിലത്തെഴുത്താശാന്മാരെ ഇല്ലത്തു വരുത്തി സംസ്കൃതമോ ശ്രീരാമോദന്തമോ പഠിപ്പിക്കും. അതും പത്തു വയസാകുമ്പോഴേക്ക് കഴിയും. തിരണ്ടാൽ അതും സാധിക്കില്ല. ഇങ്ങനെ പൊതു വിദ്യാലയങ്ങളിൽ നമ്പൂതിരി പെൺകിടാങ്ങളെ അയക്കാത്തതിന് പരിഹാരമെന്ന നിലക്കാണ് ഉൽപ്പതിഷ്ണുക്കളായ



*തൃശൂർ മാള കിഴിയേടത്തുമനയിലെ ആര്യ അന്തർജനം.*

**അമ്മക്ക് എട്ട് വയസ്സുള്ളപ്പോഴായിരുന്നു തൃശൂരിലെ നമ്പൂതിരി വിദ്യാലയത്തിന്റെ തുടക്കം. അതൊരു വഴിത്തിരിവായി. മൂത്ത മൂന്നു സഹോദരിമാർക്കും കിട്ടാത്ത ഭാഗ്യം അമ്മക്കുണ്ടായി. സ്കൂളിൽ പോവാൻ അവസരം കിട്ടി.**

നമ്പൂതിരിമാർ ചേർന്ന് നമ്പൂതിരി വിദ്യാലയങ്ങൾ ആരംഭിച്ചത്. ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട്, ദേശമംഗലം നമ്പൂതിരിപ്പാട് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു വിദ്യാലയത്തിന്റെ തുടക്കം. അതുകൊണ്ട് ചിലർക്കെല്ലാം വെളിച്ചം കിട്ടി.

അടുക്കളയായിരുന്നു അക്കാലത്ത് അന്തർജനങ്ങളുടെ ലോകം. മറക്കുടയായിരുന്നു കവചം. നാലുകെട്ടായിരുന്നു പ്രപഞ്ചം.

അമ്മക്ക് എട്ട് വയസ്സുള്ളപ്പോഴായിരുന്നു തൃശൂരിലെ നമ്പൂതിരി വിദ്യാലയത്തിന്റെ തുടക്കം. അതൊരു വഴിത്തിരിവായി. മൂത്ത മൂന്നു സഹോദരിമാർക്കും കിട്ടാത്ത ഭാഗ്യം അമ്മക്കുണ്ടായി.സ്കൂളിൽ പോവാൻ അവസരം കിട്ടി. അവിടെ പഠിക്കാൻ നമ്പൂതിരി മാരായ വിദ്യാർഥികളെ അന്വേഷിക്കുകയായിരുന്നു അവർ. ഇത് മനസ്സിലാക്കിയ മുത്തശ്ശൻ മകളെ അവിടെ ചേർത്ത് പഠിപ്പിച്ചു. നമ്പൂതിരി ബാലികമാർക്കു താമസിക്കാൻ സദനമെന്ന പേരിൽ ഹോസ്റ്റലും തുടങ്ങി.

അക്കാലം ദാരിദ്ര്യം ധാരാളം അനുഭവിച്ചിട്ടുണ്ട്. അമ്മാത്താണെങ്കിൽ



*അമ്മ ആര്യ അന്തർജനത്തോടൊപ്പം മകൾ സരസ്വതി (പഴയ ഫോട്ടൊ)*

മുത്തശ്ശന്റെ മൂന്ന് ഭാര്യമാരും അവരുടെയെല്ലാം മക്കളും ഒരുമിച്ച് താമസിക്കുന്നു. ഭക്ഷണത്തിന്റെ കാര്യം തന്നെ പരുങ്ങലിൽ. അങ്ങനെയുള്ള സാഹചര്യത്തിലാണ് അമ്മയെ നമ്പൂതിരി വിദ്യാലയത്തിൽ ചേർത്തത്. ഒരാളെങ്കിൽ ഒരാളുടെ ചെലവ് കുറഞ്ഞു കിട്ടുമല്ലൊ. മറ്റൊന്നു കൂടി ഉണ്ടായി. അമ്മാത്തെ മുത്തശ്ശിക്കും നമ്പൂതിരി വിദ്യാലയത്തിൽ ജോലി കിട്ടി. അവിടത്തെ അടുക്കളജോലി. ദാരിദ്ര്യം കൊണ്ടാവാം അടുക്കളപ്പണിയാണോ എന്നൊന്നും നോക്കാതെ മുത്തശ്ശി അതിനു പോയത്. അങ്ങനെ അമ്മാത്ത് രണ്ടാളുടെ ചെലവ് കുറഞ്ഞു കിട്ടി. മുത്തശ്ശിയുടെയും അമ്മയുടെയും. മുത്തശ്ശി പാചകക്കാരിയായത് അമ്മക്ക് അനുഗ്രഹമായി. ഇല്ലത്തു താമസിക്കുന്ന പോലെയുള്ള സംരക്ഷണം കിട്ടി.

തികച്ചും സൗജന്യമായിരുന്നു താമസം. നമ്പൂതിരിമാരുടെ എല്ലാ ആചാരങ്ങളും അനുഷ്ഠിച്ചു കൊണ്ടാണ് കുട്ടികൾ അവിടെ താമസിച്ചിരുന്നത്. ശുദ്ധാശുദ്ധങ്ങളും മറ്റു വിശേഷങ്ങളും കുളി സന്ധ്യാവന്ദനാദി കാര്യങ്ങളും എന്നു വേണ്ട ഇല്ലങ്ങളിലെ സമ്പൂർണ്ണ ചിട്ടയിലൊരു ഹോസ്റ്റൽ. അതുകൊണ്ട് രക്ഷിതാക്കൾക്ക് പരാതിയൊന്നും ഉണ്ടായിരുന്നില്ല. കുട്ടികളെ കിട്ടാനും വലിയ വിഷമമുണ്ടായില്ല. ഹോസ്റ്റലിലെ വാർഡൻ ഒരു ചന്ദ്രമതി ടീച്ചർ ആയിരുന്നു. അവർക്ക് അമ്മയെ വലിയ ഇഷ്ടമായിരുന്നു. പിന്നീട് ടീച്ചർ ചേർപ്പ് സ്കൂളിൽ ചേർന്നു. അവിടെ എനിക്കും ടീച്ചറുടെ ശിഷ്യയാവാനുള്ള ഭാഗ്യംലഭിച്ചു.

ഉന്നതമാർക്കോടെ തന്നെ അമ്മ പത്താം ക്ലാസ്സ് പാസായി. പക്ഷേ, ഉന്നതവിദ്യാഭ്യാസം മരീചിക ആയിരുന്നു. കാശ് തന്നെ പ്രശ്നം. ഒടുവിൽ അമ്മയും മുത്തശ്ശിയും കൂടി ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിനെ പോയി കണ്ടു. അദ്ദേഹത്തിന്റെ സ്കൂളിൽ അധ്യാപികയായി നിയമിക്കുമോ എന്ന് ചോദിക്കാനാണ് പോയത്. അമ്മയുടെ ബുദ്ധിയും കഴിവും അറിഞ്ഞിരുന്ന അദ്ദേഹം തുടർന്ന് പഠിക്കാൻ ഉപദേശിച്ചു. അദ്ദേഹംതന്നെ എല്ലാ ചെലവുകളും വഹിച്ചു കൊള്ളാമെന്നും പറഞ്ഞു.

അങ്ങനെ അദ്ദേഹം സ്വന്തം മകളെ ചേർത്തത് പോലെ അമ്മയെയും തൃശൂരിലെ കോളേജിൽ ചേർത്ത് പഠിപ്പിച്ചു. അന്നൊക്കെ ഇന്റർമീഡിയറ്റ് ഒരുവർഷവും ബിരുദം മൂന്നു വർഷവും ആയിരുന്നു. അവിടെയും അമ്മ ഉന്നതവിജയം നേടി. ബി.എ പാസായി വന്ന ഉടനെ ചേർപ്പ് സി.എൻ.എൻ സ്കൂളിൽ അദ്ദേഹം ജോലിയും കൊടുത്തു. അവരുടെ മാനേജ്മാന്റിലുള്ള സ്കൂളാണ് അത്. പിന്നീട് മൂന്നോ നാലോ വർഷത്തിന് ശേഷമാണ് ബി.ടി എടുത്തത്. ഇന്നത്തെ ബി.എഡിനു തുല്യമായ കോഴ്സ്. മുപ്പത്തിമൂന്ന് വർഷം ആ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കാനുള്ള ഭാഗ്യം അമ്മക്കുണ്ടായി. ഇതിൽ അവസാനത്തെ പന്ത്രണ്ടു വർഷം പ്രധാനാധ്യാപിക ആയിരുന്നു.

പഠിച്ചതും ജോലി കിട്ടിയതും ഒരർത്ഥത്തിൽ അമ്മയ്ക്ക് വിനയായി. അമ്മയെ വിവാഹം ചെയ്തയക്കാനുള്ള താല്പര്യം ഇല്ലാതായി. ഉത്തരവാദപ്പെട്ടവരുടെ അനാസ്ഥ തന്നെയായിരുന്നു കാരണം. നല്ലൊരു വരുമാനം നഷ്ടമാവുമല്ലൊ. 24ാമത്തെ വയസ്സിൽ ജോലിയിൽ കയറിയതിനാൽ വരുമാനമായി. മുത്തശ്ശി പല വട്ടംപറഞ്ഞിട്ടും മകളുടെ വിവാഹം നടത്താൻ മുത്തശ്ശൻ ശ്രമിച്ചില്ല. പിന്നീട് അമ്മാമൻ ടി.ടി.സി കഴിഞ്ഞു ചേർപ്പ് സ്കൂളിൽ മാഷായി. അതിനും സഹായിച്ചത് ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട് ആയിരുന്നു. ഒടുവിൽ അമ്മയുടെ ഇരുപത്തൊമ്പതാം വയസ്സിൽ അമ്മാമനാണ് വിവാഹം നടത്തിക്കൊടുത്തത്.

**പഠിച്ചതും ജോലി കിട്ടിയതും ഒരർത്ഥത്തിൽ അമ്മയ്ക്ക് വിനയായി. അമ്മയെ വിവാഹം ചെയ്തയക്കാനുള്ള താല്പര്യം തന്നെ ഇല്ലാതായി.**

തൃശൂർ ജില്ലയിലെ മാള ഗ്രാമത്തിലെ കിഴിയേടത്തുമനയിലെ ശ്രീധരൻ നമ്പൂതിരിക്ക്. മഹാരാജാസ് കോളേജിൽ നിന്ന് ബി.എ പാസായ അച്ഛന് പട്ടാളത്തിൽ ചേരണം എന്ന് വലിയ ആഗ്രഹം ഉണ്ടായിരുന്നുവത്രേ. വേണ്ടെന്ന് മുത്തശ്ശൻ പറഞ്ഞില്ല. അക്കാലത്തെന്നല്ല ഇക്കാലത്തും പട്ടാളത്തിൽ ചേരുന്ന നമ്പൂതിരിമാർ അത്യപൂർവമാണ്. പട്ടാളത്തിൽ ക്ലാർക്കായിരുന്നു അച്ഛൻ. പക്ഷേ, ഏഴാമത്തെ കൊല്ലം എന്തോ അസുഖം വന്നു. അങ്ങനെ തിരിച്ചു പോരേണ്ടി വന്നു.

പിന്നീട് തൃശൂരിൽ കോടതിയിൽ ക്ലാർക്കായി നിയമനം കിട്ടി. ഞങ്ങൾ അഞ്ചുമക്കളാണ്. ഞാനൊഴികെ നാലു പേരും പുരുഷപ്രജകൾ. ഞാൻ മാത്രമേ അമ്മയുടെ പാത പിന്തുടർന്ന് ടീച്ചറായുള്ളൂ. മറ്റുള്ളവർ ബാങ്ക്, പൊതുമരാമത്തു വകുപ്പ്, മെഡിക്കൽ റെപ്പ് തുടങ്ങി വിവിധമേഖലകളിലാണ്. എന്റെ രണ്ടാമത്തെ ഏട്ടൻ മാത്രം ഇപ്പോൾ ജീവിച്ചിരിപ്പില്ല. ബാക്കി മൂന്നു പേരും സേവനത്തിൽ നിന്ന് വിരമിച്ചു.

യാഥാസ്ഥിതികതയും ബ്രാഹ്മണ്യവും കൊടികുത്തി വാഴുന്ന ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസം നേടാൻ സാധിച്ചത് അമ്മയുടെ ഭാഗ്യം തന്നെയാണ്. വി.ടി ഭട്ടതിരിപ്പാട്, പ്രേംജി, എം.ആർ.ബി., ഐ.സി.പി., ഇ.എം.എസ് തുടങ്ങിയ മഹാന്മാരുടെ പ്രവർത്തനഫലമായിട്ടാണ് അമ്മയെപ്പോലെ കുറച്ചുകുട്ടികൾക്ക് പഠിക്കാൻ അവസരം ലഭിച്ചത്. എന്തായാലും നമ്പൂതിരി സമുദായത്തിൽ നിന്ന് ആദ്യമായി വിദ്യാഭ്യാസം നേടുകയും ഉദ്യോഗം ലഭിക്കുകയും ചെയ്തവരുടെ മുൻനിരയിൽത്തന്നെ ഞങ്ങളുടെ അമ്മയും ഉണ്ടായിരുന്നു എന്നത് മക്കളായ ഞങ്ങൾക്ക് അഭിമാനകരം തന്നെ. അമ്മ ഞങ്ങളെ വിട്ടു പോയിട്ട് പത്തു വർഷം തികയുന്നു. എങ്കിലും ഇപ്പോഴും അമ്മയുടെ സാന്നിധ്യം അനുഭവപ്പെടാറുണ്ട്. അമ്മയുടെ സ്നേഹത്തിനു മുന്നിൽ എന്റെ പ്രണാമം. ●


സരസ്വതി കെ.എസ്.
വാദ്ധ്യാൻ മന,മാറാക്കര, മലപ്പുറം ജില്ല, മൊബൈൽ :9048716741



സർപ്പക്കാവ് സംരക്ഷണത്തിന് ഒരു സ്പിരിച്ച്വൽ കം എൻവയർമെന്റ് പ്രോജക്റ്റ്

# ഒരു കാനനക്ഷേത്രം ഒരുങ്ങുന്നു



അനിയൻ തലയാറ്റുംപിള്ളി



പരിസ്ഥിതി സംരക്ഷണത്തിന് ദേവസങ്കൽപ്പങ്ങളെ ഉപാധി ആക്കിയ പൂർവ്വസൂരികളുടെ കാഴ്ചപ്പാടിനൊപ്പം ഇവിടെ ഒരു □ കാനനക്ഷേത്രം□ ഒരുങ്ങുന്നു. തറവാടിന്റെ വടക്കു കിഴക്കേ മൂലയിലാണ് വിശാലമായ സർപ്പക്കാട്. അതിനോട് ചേർന്നാണ് മുല്ലയ്ക്കൽ ക്ഷേത്രം. വനദുർഗ്ഗയും, വന യക്ഷിയും, കിരാതമൂർത്തിയും, കാനനവാസനും, നാഗരാജാവും, നാഗയക്ഷിയും ഒക്കെ അടങ്ങിയ ദേവസങ്കൽപ്പങ്ങൾ.

**ചിത്രശലഭങ്ങൾക്ക് ഇഷ്ട പുഷ്പങ്ങൾ വിരിയുന്ന പൂച്ചടികളുടെ ശലഭോദ്യാനം. പിന്നെ എഴുത്തിനും വായനയ്ക്കും വേണ്ടി പർണ്ണശാല. ഹരിശ്രീയെന്ന എഴുത്തുപുര. സൂര്യനമസ്കാരത്തിനും, യോഗയ്ക്കും വേണ്ടി ആദിത്യ മണ്ഡപം. ഇവിടത്തെ ജലാശയമോ വനതീർത്ഥവും.**

ഇതിന്റെ പുനരുദ്ധാരണ പാതയിലാണിപ്പോൾ. ക്ഷേത്രത്തിനു പുറകിലുള്ള ഒരേക്കറോളം ഭൂമി ശാസ്ത്രീയമായി കാടുപിടിപ്പിക്കാൻ പോകുന്നു. ഒരു ഹെർബെറിയമായോ ഒരു ഫലവൃക്ഷത്തോട്ടമായോ ആ സ്ഥലം രൂപാന്തരം പ്രാപിക്കുമ്പോൾ ആ ഭൂമിയിൽ വനവൽക്കരണത്തിന് ഒരു പുതിയഭാവം കൈവരുന്നു. പ്രപഞ്ചത്തിലെ മുപ്പത്തിമുക്കോടി ചരാചരങ്ങളേയും ദൈവമായിക്കണ്ട് ആരാധിക്കാൻ പഠിപ്പിച്ച ഒരു സംസ്കൃതിയുടെ എളിയ കണ്ണിയാണ് ഞാനും.എലഞ്ഞിയും, കണിക്കൊന്നയും മഹാഗണിയും, ഏതാണ്ട് 150 വർഷം പഴക്കം കണക്കാക്കുന്ന ഞറളയും അമൃതും സംരക്ഷിക്കണം. അതിന് ഞാൻ തുടങ്ങി വച്ച പ്രോജക്റ്റ് താഴെക്കൊടുക്കാം

ഒരോ നക്ഷത്രത്തിനും ഉള്ള മരങ്ങൾ ക്രമത്തിൽ വച്ചുപിടിപ്പിക്കുന്നു. നക്ഷത്രോദ്യാനം. ഒരോ ഗ്രഹത്തിനും സങ്കൽപ്പിച്ചിട്ടുള്ള മരങ്ങൾ കൊണ്ട് നവഗ്രഹോദ്യാനം. പന്ത്രണ്ട് രാശികൾക്കും സങ്കൽപ്പിച്ചവ യഥാദിക്കിൽ വച്ചുപിടിപ്പിച്ച രാശിചക്രോദ്യാനം. മനുഷ്യ ശരീരത്തിന്റെ ഒരോ അവയവത്തിനും ആവശ്യമായ ഔഷധ സസ്യങ്ങൾ കൊണ്ട് ആയുർ ഉദ്യാനം. ആയുർവേദത്തിൽ പറയുന്ന ദശമൂലങ്ങൾ വൃത്താകൃതിയിൽ വച്ചുപിടിപ്പിച്ച ദശമൂലോദ്യാനം.

ദശപുഷ്പോദ്യാനം,നാൽപ്പാമരതോട്ടം,തൃഫലത്തോട്ടം,കദളീവനം,തുളസീവനം. ഇതൊന്നും കൂടാതെ രാമച്ചവും, മുളയും തേക്കും, ബദാമും.രുദ്രാക്ഷവും, കർപ്പൂരവും തുടങ്ങി 150 ഓളം അപൂർവ്വ മരങ്ങളും വച്ചു കഴിഞ്ഞു

മുകളിൽ കൊടുത്ത പരിപാടികൾ പൂർത്തി ആയി വരുന്നു. ഇതൊരു ലാഭമുണ്ടാക്കാനുള്ള ഒരു കൊമേഴ്സ്യൽ പ്രോജക്റ്റ് അല്ല. ഒരു പരിസ്ഥിതി സൗഹൃദ സംരംഭമായി മാത്രം കണ്ടാൽ മതി. ●

ടി.എൻ.പരമേശ്വരൻ നമ്പൂതിരി
അനിയൻ തലയാറ്റുംപിള്ളി
പി.ഒ.കുറിച്ചിത്താനം
കോട്ടയം ജില്ല 686634
മൊബൈൽ: 94471 38644,

ശാന്തിക്കാരൻ ബിസിനസ് തുടങ്ങിയ അനുഭവം



# ഗൾഫുകാരന്റെ ശാന്തിയിൽ വഴിത്തിരിവായത്...

ഗൾഫിലായിരുന്നു സജിത് പുതുമന. അത് മതിയാക്കി വൈക്കത്തു ശ്രീനാരായണപുരത്തു താമസം തുടങ്ങി. ഒരു ശാന്തിയും തരാക്കി. ചെമ്പ് ശ്രീ ജഗദാംബിക ക്ഷേത്രത്തിലെ മേൽശാന്തി. ശാന്തിക്കാരന്റെശാന്തമായ ജീവിതം. ഒരു ദിവസം മൊബൈലും നോക്കിയിരിക്കുമ്പോഴാണ് സ്വസ്തിയുടെ ഒരു ലക്കത്തിൽ വന്ന ചില നമ്പൂതിരിമാരെ ശ്രദ്ധിച്ചത്. ശാന്തിക്കിടയിലും പല ബിസിനസ് ചെയ്യുന്നവർ. ജീവിതം മാറ്റി മറിച്ചവർ. മറ്റുള്ളവർക്ക് പ്രചോദനമായവർ. ഇതു കൊള്ളാലോ.

ബിസിനസ് ചെയ്യുന്ന നമ്പൂതിരിമാർ. എന്തുകൊണ്ട് തനിക്കും ഒന്ന് തുടങ്ങിക്കൂടാ എന്നായി സജിത്തിന്റെ ചിന്ത. സജിത്തിന്റെ അച്ഛൻ ജയൻ പുതുമനയും മുമ്പ് ശാന്തിക്കാരനായിരിക്കെ പല മേഖലകളിലും പ്രവർത്തിച്ചിട്ടുണ്ട്. എന്തു തുടങ്ങാം എന്നായി. അങ്ങനെയാണ് കൊണ്ടാട്ടമെന്ന ആശയത്തിലെത്തിയത്. ഭാര്യ ആര്യയും സഹായത്തിനുണ്ട്. ആര്യയും സജിത്തും പുതുമനയും ചേർന്നപ്പോൾ എ.എസ്.പിയായി! പേരും ബ്രാൻഡും!! അച്ഛൻ ജയൻ പുതുമന ആർട്ടിസ്റ്റു കൂടിയാണ്. എംബ്ളം അദ്ദേഹം ഡിസൈൻ ചെയ്തു. അങ്ങനെ ഒരുവർഷം പിന്നിട്ടു.

അതിനിടയിൽ വെള്ളപ്പൊക്കമായി. മഴയായി. വെയിൽ ഒട്ടുമില്ലെന്ന അവസ്ഥയായി. ഇനിയെന്തു ചെയ്യും. കൊണ്ടാട്ടം ഉണക്കാൻ വഴിയിയില്ല.




**ഏവർക്കും എ എസ് പി കൊണ്ടാട്ടത്തിന്റെ വിഷു ആശംസകൾ**

അങ്ങനെയാണ് ബിസിനസ് വിപുലപ്പെടുത്തിയത്. ഉണക്കാനുള്ള മെഷീനും വാങ്ങി. അതിലൂടെ കോവക്ക, വെണ്ട, വഴുതനങ്ങ, പപ്പായ എന്നീ കൊണ്ടാട്ടങ്ങൾ വളരെ പുതുമയോടെ നിർമ്മിക്കുന്നു. വൈക്കം ഭാഗത്തെ നമ്പർ വൺ ബ്രാൻഡായി എ.എസ്.പി കൊണ്ടാട്ടങ്ങൾ. വെറും 20 രൂപയ്ക്ക് ഒരു പാക്കറ്റ്. സാധാരണക്കാർക്ക് ഉച്ചയൂണിനു കൂട്ടുവാൻ പാകത്തിൽ.

സഹായിയായി അമ്മ സതിയും ചേർന്നു. അവസാനമാണ് വാങ്ങിയ സാധനങ്ങളുടെയും വിൽപ്പന യുടെയും കണക്കുകൾ പ്രശ്നമായി വന്നത്. ഓപ്പോൾ കണ്ണികുളത്തു ഇല്ലത്തെ സജിത അനിൽകുമാർ അക്കൗണ്ടിംഗ് സെക്ഷൻ കൈകാര്യം ചെയ്യാൻ ഒപ്പം കൂടിയപ്പോൾ അതും എളുപ്പമായി. അങ്ങനെ അച്ഛൻ, അമ്മ, ഭാര്യ, ഓപ്പോൾ. എല്ലാവരും രംഗത്തിറങ്ങിയപ്പോൾ കൊണ്ടാട്ടം ഉഷാറായി.

അങ്ങിനെ ബിസിനസ് മുന്നേറുമ്പോഴാണ് പുതിയൊരു ആശയം. അച്ഛൻ കുറെ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. വേരുകളിൽ ശില്പങ്ങളും തീർത്തിട്ടുണ്ട്. അതെല്ലാം വയ്ക്കാൻ ആർട്ട് ഗാലറി പോലെ സുമാർ ആയിരം സ്ക്വയർ ഫീറ്ററിൽ ഒരു ഹാൾ തീർത്തു. അതിനിടയിൽ കൊണ്ടാട്ടത്തിന്റെ പ്രവർത്തനവും ചെയ്യാം. കഴിഞ്ഞ മാസം ഇതിന്റെ ഉദ്ഘാടനവും എ. എസ്. പി യുടെ വാർഷികവും സ്വസ്തി ത്രൈമാസികയുടെ പ്രതിനിധി യോഗവും വായനക്കാരുടെ വൈക്കത്തെ ഒരു കൂട്ടായ്മയും. എല്ലാം ഒന്നിച്ചപ്പോൾ അതൊരു പുതുമയായി.

ശാന്തിക്കാർ മിക്കവരു ഉച്ചയുറക്കം ചെയ്തു ജീവിതം കളയുന്നവരാണ്. അതു ചെയ്യാതെ വി ടി യുടെ സന്ദേശവുമായി ഊർജസ്വലമായി മുന്നേറുകയാണ് വേണ്ടത്. സജിത് പുതുമന പറയുന്നു.

'സ്വസ്തി ഇങ്ങനെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചു. വായനാസുഖം മാത്രമല്ല പുതിയ ദിശാബോധവും അത് തരുന്നു. നമ്പൂതിരമാരിൽ നിന്നു എ. എസ്. പിക്ക് ലഭിക്കുന്ന പിന്തുണയിൽ സന്തോഷമുണ്ട്. എല്ലാറ്റിനും അച്ഛന്റെ നിർലോഭമായ സഹകരണവും ജഗദാംബികയുടെ അനുഗ്രഹവും' ●


സജിത് പുതുമന
ഉദയനാപുരം, വൈക്കം
കോട്ടയം ജില്ല, പിൻ 686143
മൊബൈൽ: 9495261702

# ഇന്ത്യയിലെ ആദ്യത്തെ സന്യാസിനി

# ഈ അന്തർജനം

## കുറിയേടത്തു താത്രിയുടെ സഹോദരിമാരുടെ കഥ



ശ്രീരാമകൃഷ്ണപരമഹംസരുടെ നേരിട്ടുള്ള ശിഷ്യനും സ്വാമി വിവേകാനന്ദന്റെ സഹപ്രവർത്തകനുമായ സ്വാമി നിർമ്മലാനന്ദ. ഇദ്ദേഹമാണ് ഭുവനേശ്വരിയേയും കൂട്ടുകാരികളേയും കുമാരീപൂജയിലൂടെ ബ്രഹ്മചാരിണിമാരാക്കിയത്.

### നമ്പൂതിരിപ്പഴമയിൽ നിന്ന് അറിയാത്ത ഒരേട്

കെ.എം. പരമേശ്വരൻ



ഇന്ത്യയിലെ ആദ്യത്തെ സന്യാസിനി ഒരന്തർജനമാണ്! കുറിയേടത്തു താത്രിയുടെ അനിയത്തിയുടെ മകൾ!! പേര് ഭുവനേശ്വരി. ഒറ്റപ്പാലം പാലപ്പുറം പള്ളത്തേരി മനയിലെദേവസേന അന്തർജനത്തിന്റെ മകളാണ്. ദേവസേനയാവട്ടെ താത്രിയുടെ അനിയത്തിയും. അധർമ്മമാർഗ്ഗത്തിൽ പിഴച്ചു പോയ ഒരാളുടെ ഉറ്റബന്ധു ധർമ്മമാർഗ്ഗത്തിൽ മാതൃകയാവുക. അസാന്മാർഗ്ഗികതയുടെ സ്മാർത്തവിചാരക്കഥ നമ്പൂതിരിമാർ എല്ലാവരും കേട്ടുകാണും. എന്നാൽ മാതൃകയായ ഈ സന്മാർഗ്ഗദീപത്തിന്റെ പ്രഭ അധികമാരും അറിഞ്ഞു കാണില്ല.

ഇന്ത്യയിൽ ആദ്യത്തെ സന്യാസിനീ സംഘം സ്ഥാപിതമായത് ഭുവനേശ്വരിയുടെ നേതൃത്വത്തിലാണ്. 1948ൽ. അഞ്ചു വർഷംകൂടി കഴിഞ്ഞ് 1953 ലാണ് ശ്രീരാമകൃഷ്ണമിഷൻ ആസ്ഥാനമായ കൊൽക്കത്തയിലെ ബേലൂർ മഠത്തിൽപ്പോലും ശ്രീശാരദാശ്രമവും സന്യാസിനീ സംഘവും സ്ഥാപിതമായത്. ഇതറിയുമ്പോഴാണ് ഈ അന്തർജനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. എന്നിട്ടും നമ്മളാരും കേൾക്കാതെ പോയതാണ് അദ്ഭുതം.

ഒന്നുകൂടി അറിയുക. ഇവർ സന്യാസിയാവാൻ കാരണക്കാരി ആ ഭ്രഷ്ടയായ താത്രിയും അവർ മൂലം ഇവർക്കെല്ലാമുണ്ടായ മാനക്കേടും തന്നെയാണ്. താത്രി നാടുവിട്ടുപോയെങ്കിലും ഇവർ ധർമ്മം മുറുകെപ്പിടിച്ചു നിന്നു. ആ കഥയാണ് ഈ കഥ. താത്രിയുടെ കഥയിൽ നിന്നു തന്നെ തുടങ്ങാം. അത് സംഭവിച്ചതു കൊണ്ടാണല്ലൊ ഈ സന്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ടായത്.

ഭാരതപ്പുഴയുടെ തെക്കേ തീരത്താണ് ദേശമംഗലം മന. പഴയകൊച്ചി രാജ്യത്ത്. ദേശമംഗലത്തെ ആശ്രിതരായിരുന്നു കല്പകശ്ശേരി ഇല്ലക്കാർ. ആറങ്ങോട്ടുകര കാർത്ത്യായനീ ക്ഷേ

### സന്യാസിനിയുടെ പുണ്യാശ്രമം

കുറിയേടത്തു താത്രിയുടെ അനിയത്തി ദേവസേനയുടെ മകൾ ഭുവനേശ്വരി പള്ളത്തേരിക്ക് ചിദാനന്ദയെന്ന പേരിൽ ഇന്ത്യയിലെ ആദ്യസന്യാസിനി ആയി ദീക്ഷ നൽകിയ സ്വാമി വിശദാനന്ദയും പാലപ്പുറത്തെ ശ്രീരാമകൃഷ്ണ-നിരഞ്ജനാശ്രമവും നിർമ്മലാനന്ദ സ്വാമികൾ സന്ദർശിച്ച പാലത്തോൾ മനയും









**ചരിത്രത്തിൽ ഇടം പിടിച്ചവർ:** *കുറിയേടത്തു താത്രിയുടെ അനിയൻ കല്പകശ്ശേരി നാരായണൻ നമ്പൂതിരി ഓപ്പോൾ പാലത്തോൾ മനയിലേക്ക് വേളി കഴിച്ച ഉണിക്കാളിയും പേരമകൾ ശാരദയും പാലപ്പുറത്തെ സന്യാസിനി സംഘാംഗങ്ങളും. മദ്ധ്യനിര ഇരിക്കുന്നത് ഇടത്തു നിന്ന് വലത്തോട്ട് 1 ഭാസ്വരാനന്ദ (ശ്രീദേവി മുണ്ടയൂർ) 2 ശുദ്ധാനന്ദ (നീലി മുല്ലപ്പിള്ളി) 3 പരാനന്ദ (ദേവസേന പള്ളത്തേരി) 4 ദിവ്യാനന്ദ (ശാരദ മുണ്ടയൂർ) 5 ചിദാനന്ദ (ഭുവനേശ്വരി പള്ളത്തേരി സംന്യാസിനീ സംഘാദ്ധ്യക്ഷ) പിൻനിര വലത്തേ അറ്റം 6 സദാനന്ദ (സരോജിനി മുണ്ടയൂർ) നിലത്ത് ഇരിക്കുന്നത് ഇടത്തേ അറ്റം 7 പ്രസന്നാനന്ദ (സുശീല പാലത്തോൾ.)*

ത്രത്തിന് തൊട്ടുപടിഞ്ഞാറെ പറമ്പ്. ഇല്ലം മലബാറിൽ, അമ്പലം കൊച്ചി രാജ്യത്തും. കല്പകശ്ശേരിയിലെ അഷ്ടമൂർത്തി നമ്പൂതിരിയുടെ മകളാണ് താത്രി. അച്ഛൻ രണ്ടു വേളി കഴിച്ചിരുന്നു. രണ്ടിലും കൂടി പത്തു മക്കൾ. ഇവരിൽ രണ്ടു അനിയന്മാർ. നാരായണനും അഷ്ടമൂർത്തിയും. എട്ടു പെൺകിടാങ്ങൾ ഇവർ. ഉണിക്കാളി, സാവിത്രി എന്ന താത്രി, ദേവി, ശ്രീദേവി എന്ന ഇട്ടിച്ചിരി, ഉണ്ണീമ എന്ന ഉമാദേവി, പാർവതി എന്ന പാപ്തി, ദേവസേന, നങ്ങേലി. ഇവരിലെ താത്രിയാണ് ഭ്രഷ്ടിലൂടെ മലയാളക്കരയാകെ കുപ്രസിദ്ധയായത്.

1880 ലാണ് താത്രി എന്ന സാവിത്രിയുടെ ജനനം. പത്തൊമ്പതാം വയസ്സിൽ 1899 ൽ താത്രിയെ കുന്ദംകുളത്തിനടുത്ത് ചെമ്മന്തട്ട ദേശത്തെ കുറിയേടത്തേക്ക് പെൺകൊട നടത്തി. ഇരുപത്തഞ്ച് വയസ്സായപ്പോഴേക്കും ആ സംഭവപരമ്പര അരങ്ങേറിയിരുന്നു. ഇക്കാലത്തെ പീഡനപരമ്പര പോലെ കുപ്രസദ്ധി നേടിയ ഒന്നായിരുന്നു താത്രിയ്ക്കെതിരെ ഉയർന്ന ആരോപണങ്ങൾ. കൊച്ചി രാജാവ് സ്മാർത്തവിചാരത്തിന് ഏർപ്പാടാക്കി. വിചാരണ വേളയിൽ താത്രി 64 പുരുഷന്മാരുടെ പേരുകൾ പറഞ്ഞു. അവർ 64 പേരും സമുദായത്തിൽ നിന്ന് ഭ്രഷ്ട് കല്പിക്കപ്പെട്ടു.

1905 ലായിരുന്നു അത്. താത്രിയുടെ 25–ാം വയസ്സിൽ. 30 നമ്പൂതിരിമാർ, 10 അയ്യർമാർ, 4നമ്പീശന്മാർ, 9 അമ്പലവാസികൾ, 11നായന്മാർ. ഇങ്ങനെയായിരുന്നു പട്ടിക. താത്രിയുടെ പട്ടികയിൽ പേരു വന്ന 64 പേരിൽ സ്വന്തം അച്ഛനും, അനിയനും ഏടത്തിയുടെ ഭർത്താവും ഉൾപ്പെടെ ഉണ്ടായിരുന്നു എന്നതാണ് കുടുംബസമേതം ഭ്രഷ്ടാവാൻ കാരണം. വല്ലാത്തൊരു ദുരന്തമായി അത്.

നാട്ടിൽ നൽക്കാൻ പറ്റാതെ താത്രി തമിഴകത്തു ചേക്കേറി. പിന്നെ അവരെപ്പറ്റി ഒരു വിവരവുമില്ല. അങ്ങനെ രാജ്യം വിട്ട പലരും അക്കാലത്ത് മതം മാറുകയാണ് ചെയ്തത്. എന്നാൽ താത്രിയുടെ അനിയത്തിമാർ മതം മാറിയില്ലെന്നു മാത്രമല്ല, ധർമ്മസംസ്ഥാപനത്തിനായി സന്യാസിനിമാർ ആയിത്തീരുക കൂടി ചെയ്തു. നമ്മളാരും അധികം അറിയാത്ത ആ അപ്രസിദ്ധകഥയാണ് ഇവിടെ പറയുന്നത്. കുപ്രസിദ്ധിയുടെ മറ്റേകഥ കേട്ടവരെല്ലാം തീർച്ചയായും ഇതു കൂടി കേൾക്കണം.

**ഇവർ സന്യാസിയാവാൻ കാരണക്കാരി ആ ഭ്രഷ്ടയായ താത്രിയും അവർ മൂലം ഇവർക്കെല്ലാമുണ്ടായ മാനക്കേടും തന്നെയാണ്.**

താത്രിയുടെ അച്ഛൻ, അമ്മ, ആറ് സഹോദരിമാർ, രണ്ട് അനിയന്മാർ, ഇത്രയും പേരായിരുന്നു അവർ. എന്തായാലും കൊച്ചി രാജ്യത്ത് നിൽക്കാൻ വയ്യ. ഹിന്ദുക്കളാരും സഹകരിക്കില്ല. അവിടെത്തന്നെ കഴിയണമെങ്കിൽ മതം മാറുകയേ രക്ഷയുള്ളൂ. അതെന്തായാലും വയ്യ. അപ്പോൾ, എങ്ങോട്ടു പോവും?

ഭാരതപ്പുഴയുടെ മറുകര ബ്രിട്ടീഷ് മലബാറാണ്. സാമൂതിരിയുടെ രാജ്യം. അങ്ങോട്ടു പോവാം. അതിന് മറ്റൊരു കാരണം കൂടിയുണ്ട്. ഒറ്റപ്പാലത്തിനടുത്ത് കണ്ണിയമ്പുറത്ത് ദേശമംഗലം മനക്കാരുടെ ഒരു കളം ഉണ്ട്. ദേശമംഗലത്തെ എ.കെ.ടി.കെ.എം. വാസുദേവൻ നമ്പൂതിരിപ്പാടും താത്രി വിഷയത്തിൽ ഇവരോടൊപ്പം ഭ്രഷ്ടനായിരുന്നുവല്ലോ. തല്കാലം അവിടെ അഭയം തേടി.

ഭ്രഷ്ടരാക്കപ്പെട്ട താത്രിയുടെ ബന്ധുക്കൾ ദേശമംഗലം മനക്കാരുടെ കണ്ണിയമ്പുറത്തെ കളത്തിലായിരുന്നു ആദ്യം താമസം. ഏറെ വൈകാതെ നാലു കിലോമീറ്റർ കിഴക്കുള്ള പാലത്തോൾ ഇല്ലത്തേക്കു താമസം മാറി. അതിനു വേറൊരു കാരണമുണ്ട്. താത്രിയുടെ മൂത്ത ഏടത്തി ഉണിക്കാളിയെ ഒറ്റപ്പാലത്തിനടുത്ത് പാലപ്പുറത്തെ പാലത്തോൾ ഇല്ലത്തേക്ക് നേരത്തെ തന്നെ വേളികഴിച്ച് അയച്ചിരുന്നു. ആ ഏടത്തിയെ വേളി കഴിച്ച രവിശർമ്മൻ നമ്പൂതിരിയും താത്രിയുടെ ലിസ്റ്റിൽ പേരുള്ള ആളായിരുന്നു. അതിനാൽ താത്രി വിഷയത്തിൽ ഭ്രഷ്ടനുമായിരുന്നു. പട്ടാമ്പിക്കടുത്ത് ഓങ്ങല്ലൂരിലാണ് ശരിക്കും പാലത്തോൾ മന. ഭ്രഷ്ട് കാരണം ഇല്ലത്തു നിൽക്കാൻ പറ്റാതായപ്പോഴാണ് അദ്ദേഹം പാലപ്പുറത്തേക്ക് താമസം മാറ്റിയത്. ചുരുക്കത്തിൽ അന്ന് ഒറ്റപ്പാലത്തുള്ള പാലത്തോൾ മന ഒരു ഭ്രഷ്ടസങ്കേതമായി.

അങ്ങനെയിരിക്കെ മൂന്നു കൊല്ലം കഴിയും മുമ്പ് 1908 ൽ പാലത്തോൾ രവിശർമ്മൻ നമ്പൂതിരിപ്പാട് മരിച്ചു. താത്രിയുടെ അച്ഛൻ അഷ്ടമൂർത്തി നമ്പൂതിരിയും മരിച്ചു. ഇവരിൽ ചിലരെല്ലാം അപമാനഭാരം താങ്ങാനാവാതെ ആത്മഹത്യ ചെയ്തതാണെന്നും പറയുന്നുണ്ട്. അതെന്തായാലും അനാഥയായ ഏടത്തിയെയും അവരുടെ രണ്ടു പെൺകുട്ടികളെയും നാല് ഉണ്ണികളേയും മറ്റ് ആറു സഹോദരിമാരെ

# ആദ്യ സന്യാസിനിയുടെ അനിയൻ അമേരിക്കയിൽ



ആദ്യത്തെ സന്യാസിനിയുടെ അനിയൻ ഇപ്പോഴുമുണ്ട്. ഡോ. പള്ളത്തേരി സുബ്രഹ്മണ്യൻ നമ്പൂതിരി. ഇങ്ങനെ ഒരാളെപ്പറ്റി പള്ളത്തേരി മനക്കാർക്ക് പോലും അരനൂറ്റാണ്ടുകാലം അജ്ഞാതമായിരുന്നു. കാരണം 1958 ൽ കപ്പൽ കയറിയതാണ്. പ്രവാസത്തിന്റെ ഗോൾഡൻ ജൂബിലിയും എൺപത്തിനാലാം പിറന്നാളും കഴിഞ്ഞ ശേഷം ആറു വർഷം മുമ്പാണ് സ്വന്തം ഇല്ലത്ത് ആദ്യമായെത്തുന്നത്. പാലപ്പുറത്തെ ശ്രീരാമകൃഷ്ണ-നിരഞ്ജനാശ്രമമായിരുന്നു ഇല്ലം. അമ്മാത്താകട്ടെ ശാരദാശ്രമവും. സുബ്രഹ്മണ്യന്റെ ചോറൂണു കഴിഞ്ഞ് അധികം വൈകാതെ അറുപത്തിരണ്ടാം വയസ്സിൽ അച്ഛൻ ആര്യൻ പള്ളത്തേരി മരിച്ചിരുന്നു.

നിർമ്മലാനന്ദ സ്വാമികളുടെ തൃക്കൈ കൊണ്ട് വിദ്യാരംഭം. അപ്പർ പ്രൈമറി തിരുവനന്തപുരം ആശ്രമത്തിൽ. ഹൈസ്ക്കൂൾ പഠനം ഒറ്റപ്പാലത്ത്. തലശ്ശേരി ബ്രണ്ണൻ കോളേജിലും എറണാംകുളം മഹാരാജാസ് കോളേജിലും ഉപരിപഠനം. ബോംബെ ഗോദ്റേജിൽ ജോലി കിട്ടി. അവിടെ ബോംബെ സർവ്വകലാശാലയിൽ ബയോ കെമിസ്ട്രിയിൽ എം.എസ്.സി നൈറ്റ് ക്ലാസിനു ചേർന്നു പഠിച്ചു മികച്ച നിലയിൽ പാസ്സായി. പിന്നെ ടാറ്റാ ഫൗണ്ടേഷന്റെ സ്കോളർഷിപ്പോടെ അമേരിക്കയിലെത്തി. അവിടെ മിഷിഗൺ സർവ്വകലാശാലയിൽ നിന്ന് പി.എച്.ഡി. ശേഷം ഡുപോണ്ട് കമ്പനിയിൽ ശാസ്ത്രജ്ഞനായി. ക്രമേണ പോസ്റ്റ് ഡോക്ടറൽ ഗവേഷണങ്ങൾ. ഇപ്പോൾ സ്വന്തമായി പത്തു പേറ്റന്റുകളുള്ള അമേരിക്കൻ ശാസ്ത്രജ്ഞൻ. ആദ്യമായി സ്വന്തം ഇല്ലം കാണുന്നത് 84-ാം വയസിൽ. ഭ്രഷ്ടിന്റെ മുറിപ്പാടുകളെല്ലാം ഉണങ്ങിയ ശേഷം. പത്നി നളിനി സുബ്രഹ്മണ്യൻ തത്തമംഗലം സ്വദേശിനി. മക്കൾ ഡോ. ഗീത, ഡോ.അശോകൻ. രണ്ടു പേർക്കും കുടുംബമായി, കുട്ടികളുമായി. ●

ഡോ. സുബ്രഹ്മണ്യൻ നമ്പൂതിരി 0013 026601498

---

**"**

**ഞാനും ഓപ്പോളും (ചിദാനന്ദ മാതാജി) നാലഞ്ചു വയസ്സിന്റെ വ്യത്യാസമുണ്ട്. ഒറ്റപ്പാലത്ത് ലേഡി ശങ്കരൻ നായർ (എൽ.എസ്.എൻ) കോൺവെൻറ് ഹൈസ്കൂളിലും മംഗലാപുരത്ത് സെന്റ് ആഗ്നസ് കൃസ്ത്യൻ കോളേജിലുമായിരുന്നു ഓപ്പോളുടെ പഠനം. ഞാൻ തലശ്ശേരിയിൽ മാടമ്പിലെ ഓപ്പോളുടെ കൂടെ താമസിച്ച് ബ്രണ്ണൻ കോളേജിൽ ഇന്റർ മീഡിയറ്റിന് പഠിക്കുമ്പോൾ ഓപ്പോൾ മംഗലാപുരത്ത് ബിരുദപഠനം തുടരുന്നുണ്ടായിരുന്നു. ട്രെയിൻ യാത്ര ഒരുമിച്ചായിരുന്നു. ഞാൻ തലശ്ശേരിയിൽ ഇറങ്ങും. അക്കാലത്ത് മാടമ്പിലെ ഓപ്പോൾ നല്ല കഷ്ടപ്പാടുകൾ അനുഭവിച്ചിരുന്നു. അതിനാൽ ഞാൻ എറണാകുളത്ത് മഹാരാജാസ് കോളേജിലാണ് പിന്നീട് ഡിഗ്രിക്ക് പഠിച്ചത്. വിശദാനന്ദ സ്വാമിജിയായിരുന്നു രക്ഷാകർത്താവ്. വൈറ്റിലയിൽ ആശ്രമത്തിന്റെ നിർമ്മാണ സാമഗ്രികൾ സൂക്ഷിക്കുന്ന ഷെഡ്ഡിൽ താമസിച്ചു കൊണ്ട് ഞാനും കോളേജിൽ പഠിച്ചു.**

യും അമ്മയെയും സംരക്ഷിക്കേണ്ട ചുമതല താത്രിയുടെ അനിയനായ നാരായണന്റെ ചുമലിലായി. അന്ന് അയാൾക്ക് ഇരുപതു വയസ്സേയുള്ളൂ.

സഹോദരിമാരെയെല്ലാം വിവാഹം കഴിപ്പിക്കണം. ഒരു നമ്പൂതിരിമാരും ഇവരെ വേളി കഴിക്കില്ല. ഭ്രഷ്ടരാണല്ലൊ. മറ്റൊന്നായിരുന്നു പരിഹാരം. അതേ ഭ്രഷ്ട് മൂലം സമുദായത്തിൽ നിന്ന് കന്യകമാരെ കിട്ടാത്ത നമ്പൂതിരിമാരെ

> ## ഓരോരുത്തരെയായി ഭ്രഷ്ടന്മാർക്കു തന്നെ കൈ പിടിച്ചു നൽകി. അങ്ങനെ നൽകിയാലും പരിഹാരമാവില്ല.

കണ്ടെത്തുക. അങ്ങനെ ഓരോരുത്തരെയായി ഭ്രഷ്ടന്മാർക്കു തന്നെ കൈ പിടിച്ചു നൽകി. ഭ്രഷ്ടന്മാരായ ആ നമ്പൂതിരിമാർക്ക് പാലത്തോൾ ഇല്ലപ്പറമ്പിൽ വെവ്വേറെ വീടുകളുണ്ടാക്കി നൽകി അവിടെത്തന്നെ പാർപ്പിക്കുകയായിരുന്നു.

സഹോദരിമാരിൽ ശ്രീദേവിയെ കുന്നക്കാടുമന അഷ്ടമൂർത്തിയും ഉമാദേവിയെ പേരാങ്ങല്ലൂർ മന മാന്നനും പാർവ്വതിയെ ആലത്തൂർമന വാസുദേവനും ദേവിയെ പൊന്നാനിക്കടുത്ത് മുല്ലപ്പള്ളി ഇല്ലത്തെ ദുർഗ്ഗാദത്തൻ ഭട്ടതിരി യും വേളി കഴിച്ചു. ദേവി മരിച്ച ശേഷം ഏറ്റവും ചെറിയ അനിയത്തി നങ്ങേലിയേയും ഇദ്ദേഹം തന്നെ വേട്ടു. 30 വയസ്സ് വ്യത്യാസമുണ്ടായിട്ടും ദേവസേന ആര്യൻ പള്ളത്തേരിയെ വേട്ടു. എല്ലാവർക്കും കൂടി 10 ഉണ്ണികളും 5 പെൺകിടാങ്ങളും ഉണ്ടായി.

ഇതിനിടെ മൂത്ത സഹോദരി ഉണിക്കാളിയുടെ രണ്ടു പെൺമക്കളെക്കൂടി ഇങ്ങനെ രണ്ടു നമ്പൂതിരിമാരെ കണ്ടെത്തി നൽകി. ഒരാൾ ആറങ്ങോട്ടുകര മുണ്ടയൂർ വാസുദേവൻ. മറ്റൊരാൾ മാടമ്പ് പരമേശ്വരൻ. രണ്ടു പേരും ഭ്രഷ്ടന്മാർ തന്നെ. അങ്ങനെ ആകപ്പെടെ അഞ്ചും രണ്ടും ഏഴ് ഭ്രഷ്ടന്മാരും അവരുടെ സഹധർമ്മിണിമാരും. ഭ്രഷ്ടന്മാരുടെ ഒരു കമ്മ്യൂൺ ആയി ആ ഇല്ലപ്പറമ്പ്. അക്കാലത്ത് നമ്പൂതിരിമാർ മാത്രമല്ല മറ്റു സമുദായക്കാർ പോലും ഇവരെ അടുപ്പിക്കില്ലായിരുന്നു. അത്രക്കുണ്ടായിരുന്നു പതിത്വം. നിലനിന്നു പോവാനുള്ള ഏറ്റവും എളുപ്പമായ വഴി മതം മാറുകയായിരുന്നു. പലരും അതാണ് ചെയ്തത്. എന്നിട്ടും മതം മാറാതെ അതിജീവിച്ചു എന്നതു മാത്രമല്ല സ്വധർമ്മത്തെ അങ്ങേയറ്റം മുറുകെപ്പിടിച്ചു എന്നതും കാണേണ്ടതുണ്ട്. അങ്ങനെയാണ് സന്യാസത്തിലേക്ക് തിരിയുന്നത്. അതിനുമുണ്ട് ഒരു കാരണം.

പാലത്തോൾ മനയിലെ ഭൂമിക്കേസുകളും മറ്റു വ്യവഹാരങ്ങളും നോക്കിയിരുന്നത് അനിയന്മാരിൽ മൂത്തവനായ

## ആ ബ്രഹ്മചാരിണി പഠിച്ചത് ധനതത്ത്വം

ഭുവനേശ്വരി, മാധവൻ, സുബ്രഹ്മണ്യൻ ഇങ്ങനെ മൂന്നു മക്കളായിരുന്നു ദേവസേന ആര്യൻ പള്ളത്തേരി ദമ്പതിമാർക്ക്. ഭുവനേശ്വരി പള്ളത്തേരി (ചിദാനന്ദമാതാജി) ധനതത്വശാസ്ത്രത്തിൽ (ഇക്കണോമിക്സ് ) ആണ് മംഗലാപുരത്ത് ബിരുദപഠനം നടത്തിയതെന്ന് ശ്രീമതി ഇന്ദിര കൃഷ്ണകുമാർ പറഞ്ഞു. 9.2.2022 ന് കോഴിക്കോട്ട് പരമേശ്വർജി അനുസ്മരണ പ്രഭാഷണം നടത്താൻ വന്നപ്പോൾ നേരിൽ കണ്ടു ചോദിച്ചപ്പോൾ ആണ് പറഞ്ഞത്. പോസ്റ്റൽ സർവ്വീസിൽ ഉന്നത പദവിയിൽ നിന്ന് വിരമിച്ച ഒറ്റപ്പാലത്തുകാരിയും ചിദാനന്ദ മാതാജിയെ നേരിട്ടു പരിചയമുള്ളവരുമായ അവരുടെ വിവരം ആധികാരികമാവണം .ഇപ്പോൾ അങ്ങാടിപ്പുറത്താണ് ഇവർ താമസമാക്കിയിട്ടുള്ളത്. ●



*ഇടത്ത് ചിദാനന്ദ മാതാജി. നടുവിൽ പാലത്തോൾ ഗംഗാധരൻ നമ്പൂതിരി. വലത്ത് ധീരാനന്ദ സ്വാമിജി*

*1985 ൽ പാലപ്പുറം ആശ്രമാദ്ധ്യക്ഷൻ സ്വാമി വിശദാനന്ദജി സമാധിയാവുന്നതിനു മുമ്പായി ഇപ്പോഴത്തെ ആശ്രമാദ്ധ്യക്ഷൻ ധീരാനന്ദ സ്വാമിജി സംന്യാസദീക്ഷ സ്വീകരിച്ചു. ഗൃഹനാഥനായ ഗംഗാധരൻ പാലത്തോൾ അവരെ സ്വീകരിച്ച വേളയിൽ എടുത്ത പഴയ ഒരു ഫോട്ടോ*

## സന്യാസിനീപൂർവ കുമാരീപൂജാവിധി

മൂമ്മൂന്നിരട്ടിച്ചു, മൊമ്പ
തോരോനാളിലുമായുമേ!
കുമാരിമാരെ പൂജിക്ക
വസ്ത്രഭൂഷാദിയാൽ മുദാ.
വയസ്സുരണ്ടായവളെ
വിളിക്കുന്നു കുമാരിയായ്
ത്രിമൂർത്തി മൂന്നാണ്ടായെങ്കിൽ,
കല്യാണിയവൾ നാലിലും
അഞ്ചാണ്ടായോൾ രോഹിണിയായ്
ആറിൽ കാളികയെന്നവൾ
ഏഴാ ണ്ടായോൾ ചണ്ഡികയും
എട്ടിൽ ശാംഭവിയെന്നു പേർ
വയസ്സൊമ്പതിലോ ദുർഗ്ഗ
പത്തായാലോ സുഭദ്രയും. ●

(ടി. സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ ദേവീഭാഗവത വിവർത്തനംമൂന്നാം സ്കന്ധം അദ്ധ്യായം 26 ൽ ശ്ലോകം 38 മുതൽ 53 കൂടി)

---

നാരായണനാണ്. ഒറ്റപ്പാലത്തെ വി.കെ നാരായണൻ നായരായിരുന്നു വക്കീൽ. കേസിന്റെ ആവശ്യാർത്ഥം വക്കീലിനെ ചെന്നു കണ്ടതാണ് സന്യാസത്തിലേക്ക് വഴിത്തിരിവായത്. ബെഗളൂരുവിൽ നിന്ന് ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമി നിർമ്മലാനന്ദയും വക്കീലിന്റെ അതിഥിയായി ഉണ്ടായിരുന്നു.

ഈ നിർമ്മലാനന്ദയെപ്പറ്റി പറയുകയാണെങ്കിൽ... സ്വാമി വിവേകാനന്ദന്റെ സതീർത്ഥ്യനായിരുന്നു നിർമ്മലാനന്ദ. ശ്രീരാമകൃഷ്ണ പരമഹംസരുടെ നേരിട്ടുള്ള ശിഷ്യൻ. 1886 ൽ പരമഹംസർ സമാധിയായ ശേഷം സ്വാമി നിമ്മലാനന്ദയും സ്വാമി വിവേകാനന്ദനും എല്ലാം

> **ഇവർ ഭ്രഷ്ടരാണെന്നു പറഞ്ഞ് നാട്ടുകാർ സ്വാമികളെ പിന്തിരിപ്പിക്കാൻ നോക്കിയെങ്കിലും അദ്ദേഹം വഴങ്ങിയില്ല.**

ചേർന്നാണ് 1890 ൽ കൊൽക്കത്തയിൽ രാമകൃഷ്ണാശ്രമം തുടങ്ങിയത്. വിദേശങ്ങളിൽ ധർമ്മപ്രചാരണം നടത്തുകയായിരുന്ന സ്വാമി നിർമ്മലാനന്ദ വിവേകാനന്ദൻ സമാധിയായ ശേഷം 1909 ൽ അമേരിക്കയിൽ നിന്ന് തിരിച്ചെത്തി. ബെംഗളൂരു കേന്ദ്രീകരിച്ചായിരുന്നു പിന്നീട് പ്രവർത്തനം.

അതിനിടെ വിവേകാനന്ദന്റെ പ്രസിദ്ധമായ കേരള സന്ദർശനത്തോടെ കേരളത്തിൽ ധാരാളം അനുയായികളുണ്ടായി. കേരളത്തിലും ആശ്രമങ്ങൾ തുടങ്ങണമെന്നായി അനുയായികൾ. പരമഹംസരെ നേരിൽ കണ്ട ആൾ വേണം കേരളത്തിൽ വരാനെന്ന് അനുയായികൾ ആവശ്യപ്പെട്ടതോടെ സ്വാമി നിർമ്മലാനന്ദ 1911ൽ ഹരിപ്പാട്ടെത്തി. അവിടെ ആശ്രമം സ്ഥാപിച്ചു. ഒറ്റപ്പാലത്തേക്ക് ക്ഷണിച്ചത് തിയോസഫിക്കൽ സൊസൈറ്റിക്കാരാണ്. ഇപ്പറഞ്ഞ വക്കീലിന്റെ വീട്ടിലായിരുന്നു നിർമ്മലാനന്ദ സ്വാമികളുടെ താമസം.

ആ താമസത്തിനിടയിൽ, പാലപ്പുറത്തെ ഈ ഭ്രഷ്ടന്മാരുടെ കഥ മുഴുവൻ നിമ്മലാനന്ദ സ്വാമികൾ മനസ്സിലാക്കിയിരുന്നു. ആ സാഹചര്യത്തിലാണ് കേസിന്റെ ആവശ്യാർത്ഥം വക്കീലിനെ കാണാനെത്തിയ കല്പകശ്ശേരി നാരായണൻ നിർമ്മലാനന്ദ സ്വാമികളെ നേരിൽ കണ്ടത്. തന്റെ സഹോദരിമാർ അനുഭവിക്കുന്ന തീവ്രമായ സങ്കടങ്ങൾ തീർക്കാൻ നാരായണൻ സ്വാമികളോട് അപേക്ഷിച്ചു. അദ്ദേഹം പാലപ്പുറത്ത് വന്നു. ഇവർ ഭ്രഷ്ടരാണെന്നു പറഞ്ഞ് നാട്ടുകാർ സ്വാമികളെ പിന്തിരിപ്പിക്കാൻ നോക്കിയെങ്കിലും അദ്ദേഹം വഴങ്ങിയില്ല.

ഇല്ലവും പരിസരവും മുഴുവൻ നോക്കിക്കണ്ടു. ആ സ്ഥലം ആശ്രമത്തിന് യോജിക്കും എന്നു തോന്നി. ഇക്കാര്യം അവരോടു പറഞ്ഞു. ഒരു വൈമനസ്യവും കൂടാതെ സ്വാമിയുടെ പേരിൽത്തന്നെ നാലേക്കർ സ്ഥലം ദാനംതീരാധാരമായി രജിസ്റ്റർ ചെയ്തു നൽകി. 1925 ലാണ് ഇത്. താത്രിയുടെ അനിയൻ കല്പകശ്ശേരി നാരായണൻ സെക്രട്ടറിയും നിർമ്മലാനന്ദ സ്വാമി പ്രസിഡണ്ടും ആയിക്കൊണ്ട് ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമം സ്ഥാപിതമായി. ശിഷ്യരായ ഭക്തകൾക്ക് താ

മസിക്കാൻ ശാരദാശ്രമവും തുടങ്ങി. കേരളത്തിലെ മറ്റ് പന്ത്രണ്ട് ആശ്രമങ്ങൾ സ്ഥാപിച്ചതും സ്വാമി നിർമ്മലാനന്ദതന്നെയായിരുന്നു.

അക്കാലത്തൊന്നും ഒരിടത്തും സന്യാസിനികൾ ഉണ്ടായിരുന്നില്ല. മറ്റു പലതുമെന്ന പോലെ സന്യാസവും ഭാരതീയ സ്ത്രീകൾക്ക് നിഷിദ്ധമായിരുന്നു. ശ്രീരാമകൃഷ്ണമഠങ്ങളിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ദശനാമി സമ്പ്രദായം പിന്തുടരുന്ന മഠങ്ങളിലോ ആശ്രമങ്ങളിലോ സന്യസിച്ച മാതാജിമാർ ഇല്ലാത്ത കാലം. എന്നാലും പതിതരായ ഈ അന്തർജനങ്ങൾ ആ മഠത്തിലും പരിസരത്തുമായി അന്തേവാസികളായി കഴിഞ്ഞു കൂടി. മഠത്തിലെ സത്സംഗങ്ങൾ അവരിൽ പുതിയ പ്രകാശം പടർത്തി. നികൃഷ്ടമായ ജന്മങ്ങളെന്ന തോന്നൽ ഇല്ലാതായി. ക്രമേണ അവർ ഭ്രഷ്ടകാലം മറന്നുതുടങ്ങി.

അങ്ങനെയിരിക്കെ,1936 ലെ നവരാത്രിക്കാലത്ത് സ്വാമി നിർമ്മലാനന്ദ ഇവിടെ വച്ച് ഇരുപത് കന്യകമാരുടെ കുമാരീ പൂജ നടത്തി. ഇവരിൽ ഒരു കുട്ടിയാണ് അന്ന് വിദ്യാർത്ഥിയായിരുന്ന പള്ളത്തേരി ഭുവനേശ്വരി. താത്രിയുടെ അനിയത്തി ദേവസേനയുടെ മകൾ. ഒറ്റപ്പാലം എൽ.എസ്.എൻ കോൺവെന്റിലായിരുന്നു ഹൈസ്കൂൾ പഠനം. പിന്നെ മംഗലാപുരത്തെ വനിതാ കൃസ്ത്യൻ കോളേജിൽ നിന്ന് ബിരുദപഠനവും. ഇതര ധർമ്മങ്ങളുമായി പരിചയം ഉണ്ടായിട്ടും സ്വധർമ്മം കൈവിട്ടില്ല ഇവർ. സ്വധർമ്മത്തിൽ നിന്ന് തങ്ങളുടേതല്ലാത്ത തെറ്റിന് പുറത്താക്കിയിട്ടു കൂടി.

1938 ൽ നിർമ്മലാനന്ദ സ്വാമിജി സമാധിയടഞ്ഞു. വിശദാനന്ദയായി പുതിയ അധിപതി. പന്ത്രണ്ട് കൊല്ലം ബ്രഹ്മചാരിണിയായി കഴിഞ്ഞ ഭുവനേശ്വരി 1948 ൽ സ്വാമി വിശദാനന്ദജിയോട് സന്യാസദീക്ഷ അഭ്യർത്ഥിച്ചു. സ്വാമിജിയുടെ ഗുരുനാഥനായ നിർമ്മലാനന്ദ കുമാരീ പൂജയിലൂടെ ബ്രഹ്മചാരിണിയാക്കിയവരാണല്ലൊ ഇവർ. അതിനാൽ അദ്ദേഹം ഭുവനേശ്വരിക്ക് ചിദാനന്ദ എന്ന പേരിൽ സംന്യാസദീക്ഷ നൽകി. അങ്ങനെ ഇന്ത്യയിലെ ആദ്യസന്യാസിനിയായി. ആദ്യത്തെ അന്തർജനസന്യാസിനിയും. തുടർന്ന് സഹബ്രഹ്മചാരിണികളും അമ്മ ദേവസേനയുൾപ്പെടെയുള്ളവർക്ക് സന്യാസദീക്ഷ നൽകപ്പെട്ടു. അതും ഒരു അപൂർവതയാണ്.

സന്യാസത്തിന്റെ പ്രാഥമിക ചടങ്ങുകൾ കഴിഞ്ഞ ശേഷം ശാരദാശ്രമത്തിൽ ഔപചാരികമായി ശാരദാ സന്യാസിനീ സംഘവും രൂപീകരിച്ചു. ചിദാനന്ദ തന്നെ ആയിരുന്നു സന്യാസിനീ സംഘത്തിന്റെ അധ്യക്ഷ. ശ്രീദേവിയുടെ മകൾ ശാരദയാകട്ടെ ദിവ്യാനന്ദ എന്ന ദീക്ഷാനാമത്തോടെ കാര്യദർശിയുമായി. തൃശ്ശിനാപ്പള്ളി ഹോളിക്രോസ് കൃസ്ത്യൻ കോളേജിൽ നിന്ന് ബിരുദം നേടിയതാണ് ശാരദാ സിസ്റ്റർ (മുത്തശ്ശിയുടെ മടിയിലിരിക്കുന്ന പേരക്കുട്ടി). അങ്ങനെ താത്രിയുടെ രണ്ടു ബന്ധുക്കളുടെ സാരഥ്യത്തിലായി ഇന്ത്യയിലെ ആദ്യ സന്യാസിനീ സംഘം.

ശാരദാ വിദ്യാലയത്തിൽ ടീച്ചറായും കുട്ടികൾക്ക് ട്യൂഷനെടുത്തും ആദ്ധ്യാത്മിക സാധനകളനുഷ്ഠിച്ചും ശിഷ്ട ജീവിതം അവർ നയിച്ചു. അഞ്ചു ദശകം നീണ്ട സന്യാസ ജീവിതത്തിനൊടുവിൽ 1999 ലാണ് അവർ സമാധിയായത്.

ഭുവനേശ്വരിയുടെ അമ്മയായ പള്ളത്തേരി ദേവസേനയെക്കൂടാതെ മുല്ലപ്പള്ളി നങ്ങേലി, മുണ്ടയൂർ ശ്രീദേവി എന്നീ വിധവമാരും അന്ന് സന്യാസിനിമാരായി. ശ്രീദേവിയുടെ രണ്ടു കുട്ടികളായ ശാരദയും സരോജിനിയും. ദേശമംഗലം നമ്പൂതിരിപ്പാടിന്റെ സംബന്ധത്തിലെ കുട്ടിയായ ചന്ദ്രമണിയും ഇവർക്കൊപ്പം സന്യാസിനിയായി. ഇന്ത്യയിലെ മറ്റൊരു സന്യാസിനീ സംഘവും ഇത്രമേൽ യാതനകൾ അനുഭവിച്ചു കാണില്ല. സന്യാസത്തേക്കാൾ വലിയ സംയമം ദീക്ഷിച്ച് അതിനു മുമ്പ് തന്നെ മനസ്സു പാകപ്പെട്ടവരാണല്ലൊ അവർ. നമിക്കുന്നു അവരെയെല്ലാം. ●

കെ. എം. പരമേശ്വരൻ
മൊബൈൽ 9072383651

## ആ പരമ്പര ഇങ്ങനെ

ഏഴു പതിറ്റാണ്ടായി നിശ്ശബ്ദമായ തപസ്സനുഷ്ഠിക്കുകയാണ് പാലപ്പുറത്തെ മാതാജിമാർ. പല കാലത്തായി പതിമൂന്നു പേർ സ്വപ്രേരണയോടെ സന്യസിച്ചു. ഇപ്പോൾ പ്രസന്നാനന്ദയും അംബികാനന്ദയും ബ്രഹ്മചാരിണികളുമാണിവിടെ.

**1948:** ആദ്യബാച്ചിൽ ഏഴു പേർ. ചിദാനന്ദ, ദിവ്യാനന്ദ, സദാനന്ദ, ബോധാനന്ദ, ആത്മാനന്ദ, പാവനാനന്ദ, പരാനന്ദ. ഇവരിൽ ചിദാനന്ദ മകളും പരാനന്ദ അമ്മയും. (ദേവസേന പള്ളത്തേരി– ചിദാനന്ദയുടെ അമ്മ ) ബോധാനന്ദ എന്ന ചന്ദ്രമണി ഭ്രഷ്ടനായ ദേശമംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ സംബന്ധത്തിലെ പുത്രി.



*പാലപ്പുറത്തെ പുതുക്കിപ്പണിത ശാരദാശ്രമം, ആദ്യത്തെ സന്യാസിനിയുടെ പിൻമുറക്കാർ ഇവിടെയാണ്*

**1955:** എട്ടാമത്തെ അംഗമായി ആറങ്ങോട്ടുകര മുണ്ടയൂർ മനയിലെ ശ്രീദേവി ഭാസുരാനന്ദയായി. ഇവരുടെ രണ്ടു പെൺമക്കൾ ശാരദയും സരോജിനിയും ആദ്യം സന്യസിച്ച ഏഴു പേരിലുണ്ട്.

**1960:** മുല്ലപ്പള്ളി നീലി അന്തർജ്ജനം ( താത്രിയുടെ അനുജത്തി) ശുദ്ധാനന്ദയും തങ്കമണി പാലത്തോൾ (താത്രിയുടെ ജ്യേഷ്ഠത്തിയുടെ പൗത്രി) പരമാനന്ദയുമായി.

**1970:** സുശീല പാലത്തോൾ (തങ്കമണിയുടെ കസിൻ) പ്രസന്നാനന്ദയായി. 1980 കളുടെ ആദ്യം സന്യസിച്ച് പാലപ്പുറത്തെ ശാരദാശ്രമത്തിൽ അന്തേവാസിയായത് അംബികാനന്ദ മാതാജിയാണ്. പൂർവ്വാശ്രമത്തിൽ കടങ്ങോട് വാരിയം കുടുംബാംഗവും യശശ്ശരീരനായ തെക്കേടത്തുമനയിലെ ടി.എസ്.ഭട്ടതിരിപ്പാടിന്റെ മകളുമാണ് അവർ.

## പേരിനു പിന്നിലുള്ളത്

ദീക്ഷാനാമത്തോടൊപ്പം ആനന്ദ, തീർത്ഥ, പുരി, സരസ്വതി, തുടങ്ങിയ പത്തു ഗുരുപരമ്പരാ സംജ്ഞകൾ ചേർത്ത് സംന്യാസിമാരെ ഗ്രൂപ്പുകളാക്കിയതിനെയാണ് ദശനാമി എന്ന് വിവക്ഷിക്കുന്നത്. ഭാരതി എന്നും മറ്റുമാണ് ബാക്കി പേരുകൾ. നമുക്കിടയിൽ ഗോത്രങ്ങളും പ്രവരങ്ങളും ഉണ്ടല്ലോ. ഏതാണ്ട് അതു പോലെ. ശങ്കരാചാര്യർ സന്യാസിമാരെ കൂട്ടിയിണക്കി ശൃംഗേരി, പുരി, ബദരി, ദ്വാരക എന്നീ നാലു മഠങ്ങൾക്ക് കീഴിൽ അണിനിരത്തി. ഇന്ന് കാണുന്ന ഇന്ത്യയെ രൂപപ്പെരുത്തുന്നതിൽ ശങ്കരാചാര്യർ വഹിച്ച പങ്ക് വലുതാണ്.

●

# കുട്ടിയപ്പൻ ദ ബ്രഹ്മജ്ഞാനി

നർമ്മം /നസ്യം

കൃഷ്ണൻ നമ്പൂതിരിപ്പാട്



ആവളപാണ്ടിയെ തഴുകി വരുന്ന കാറ്റ് ഒരു കുനി പോലെയുള്ള പള്ളിക്കൽ പറമ്പിന്റെ പടിഞ്ഞാറു വശത്തുകൂടി പൂമുഖത്തു കയറി, തന്ത്രികൾ പൊട്ടിയ വീണയെയും ഭീമൻ ഭരണിയെയും ഇക്കിളി കൂട്ടി, കല്ലൊതുക്കുകൾ കയറി, കുട്ടോത്തപ്പനെ തൊഴുതുവഴങ്ങി കോമാവുള്ള പറമ്പിലേക്ക് തിരിഞ്ഞു.

പേജുകൾ തെറ്റി തുന്നിക്കൂട്ടിയ പുസ്തകം പോലെയുള്ള ഓർമകളുമായി കുട്ടിയപ്പൻ ഉടുമുണ്ട് തന്നെ ഉത്തരീയമാക്കി ജപം തുടർന്നു.

അച്ഛന്റെ പ്രായമുള്ള ഭർത്താവിനെ ശുശ്രൂഷിച്ചു വല്യമ്മ, തലയിൽ കൈവെച്ചു വിളിച്ചു.... ഓ ന്റ മച്ചൂനാ ??

തലേന്ന് സിനിമക്ക് പോയ മകൻ കയറി വരുന്നത് പിറ്റേന്ന് ഉച്ചക്ക്...അവനിപ്പോ ആവിലായിലും, ഹരിദ്വാറിലും ഒക്കെയാ..

കുട്ടിയപ്പൻ ബ്രഹ്മജ്ഞാനി, പൊലിയേടത്ത് അമ്പലം പ്രതിഷ്ഠ നടത്തിയയാൾ. പടയോട്ടക്കാലത്തു തച്ചു പൊട്ടിച്ച ബിംബം മാറ്റാൻ പഠിച്ച പണി പതിനെട്ടും നോക്കി. എത്ര നോക്കിയിട്ടും പ്രശ്നക്കാരന് ഗ്രഹങ്ങൾ അനുവാദം കൊടുത്തില്ല. ഉള്ളത് ഒതുക്കി കൂട്ടി വെച്ചാൽ മതിയെന്ന് ദേവഹിതം.

വയലിന്റ കരയിൽ ചെങ്കല്ലിൽ ഒരമ്പലം. അച്ഛനാണു പണിയിച്ചത്. കരിങ്കൽ മണ്ഡപം ചുറ്റമ്പലമില്ല ചുറ്റുമതിൽ മാത്രം. ഒരു തിടപ്പള്ളിയും, കുടിച്ചാലും കുടിച്ചാലും മതിവരാത്ത,വറ്റാത്ത ഒരു ചെറിയ കിണറും.

മതിൽ കെട്ടിനകത്തു ഉയർന്ന തറയിൽ, പനിനീർ പൂന്തോട്ടം. നിറയെ മറ്റു പൂക്കളും.

ചെത്തി, തുളസി, ചെമ്പരത്തി, മന്ദാരം, കൂവളം തുടങ്ങി....

കുട്ടിത്തം വിടാത്ത ശാന്തിക്കാരൻ മതിലിൽ കയറി ഇരുന്ന് ബാലൻസ് ചെയ്താണ് സന്ധ്യാവന്ദനം.

നിശബ്ദ സുന്ദരമായ സായാഹ്നങ്ങളിൽ,ചുറ്റുമുള്ള ചമതകളുടെ നിഴൽ, അമ്പലമുറ്റത്ത് കയറി പടർന്നു, ശ്രീകോവിലിലേക്ക് നീളുന്നത് മണ്ഡപത്തിൽ ഇരുന്നാൽ കാണാം.

അപ്പോഴേക്കും, പതിയെ , ഇരുട്ട്, തണുപ്പിനൊപ്പം അമ്പലത്തെ പൊതിയും.മണ്ഡപത്തിനു മുകളിൽ കൂടുകൂട്ടിയ തേനിച്ചക്കൂട്ടം തംബുരു മീട്ടും, ഉപദ്രവിക്കില്ല.....

മുത്തപ്പാ, അടി, വീശം...



കുട്ടിയപ്പൻ തുടരും

അബ്ദുവും ഒരു നമ്പീശനും ആയിരുന്നു കൂട്ട്...

കാശി യാത്രയെ കുറിച്ചാണ്. അബ്ദുവല്ല,അപ്പു എന്ന് കണ്ണിറുക്കി, ചിരിച്ചു കാട്ടി, തിരുത്തി, മച്ചുനൻ അലറി ചിരിക്കും.

ജവഹരിലാൽ ആണ് പ്രധാനമന്ത്രി. ഇന്ദിരയൊ മറ്റോ ആണ് മകൾ. ഇന്ദിര മരിച്ചിട്ടു പത്തു കൊല്ലം കഴിഞ്ഞ കാലം.

വെള്ളത്തിലെ ഇളകുന്ന നിഴലുകൾ പോലെ ശിഥിലമായ ഓർമ്മകൾ കൂട്ടി വായിക്കാനാകാതെ കുട്ടിയപ്പൻ തുടരും.. വീണ, അപ്പു, കള്ളാടിമുത്തം, കാശി യാത്ര, ജവഹരി ലാൽ..... ഭീമൻ ഭരണി നിറയെ പാട്ട് പുസ്തകങ്ങളും, മലയാളനാട്, കുങ്കുമം, പമ്മന്റെ ഭ്രാന്ത് തുടങ്ങിയ മച്ചൂനന്റെ ശേഖരങ്ങളാണ്.

റോഡ് മുറിച്ചു കടന്നു വീതിയുള്ള ഇടവഴിയിലൂടെ, കയറ്റം കയറി ചെല്ലുന്നത്, അമ്പല മുറ്റത്തെക്കാണ്. ഇടത്തൊട്ട് തിരിഞ്ഞു ഒരാൾക്ക് നടക്കാൻ കഷ്ടിച്ചു വീതിയുള്ള ഇടവഴിയിലൂടെ താഴെക്കിറങ്ങിയാൽ, ചെങ്കല്ലിൽ കെട്ടിപ്പടുത്ത,വീതിയുള്ള കരിങ്കൽ പടവുകളുള്ള കുളം.

തൊട്ടടുത്തു,കേട്ട പ്രതാപത്തിന്റെ ഒരു ശേഷിപ്പും അവശേഷിപ്പിക്കാതെ ജീർണിച്ചു തീർന്ന തറവാടിന്റെ അസ്ഥി വ്യൂഹത്തിൽ കാട് കയറി കിടക്കുന്നു. പഴയ പൂമുഖത്തിന്റെ സിമന്റ് പടിയുടെ ഒരു ചെറിയ ഭാഗം, മാനം നോക്കി വെളുത്തു കിടക്കുന്നു.

ഒരു നിമിഷാർദ്ധത്തിൽ തലക്കകത്തു, വലിച്ചു കെട്ടിയ വീണക്കമ്പിയിൽ തൊട്ട പോലെ, തരംഗങ്ങൾ ഉയരുകയും, ശബ്ദായമാനമായ ഒരന്തരീക്ഷത്തിലേക്ക് ഞാൻ വഴുതി വീഴുകയും ചെയ്തു.

വെള്ളം കോരുന്നതിന്റെയും, അരക്കുന്നതിന്റെയും, ഇടിക്കുന്നതിന്റെയും ശബ്ദതിനൊപ്പം, ഹോമപ്പുകയുടെയും, മുറുക്കാന്റെയും, ഇരുട്ടിൽ, അനേക കാലം കൊട്ടിയടക്കപ്പെട്ട കാറ്റിന്റെയും ഗന്ധം എന്നെ പൊതിഞ്ഞു.

വംശാവലിയിലെ ആദിപിതാവായിരുന്നു പാണ്ഡുരംഗൻ. ഒരു കയ്യില്ലാത്ത പാണ്ഡുരംഗൻ തെക്കോട്ടു നയിച്ച പലായനത്തിനൊടുവിൽ, കൂട് കൂട്ടിയത് ഈ നാട്ടിൽ, അകലാപുഴയുടെ തീരങ്ങളിൽ. മുപ്പത്തിമുക്കോടി ദേവന്മാരിൽ ഒട്ടുമുക്കാലിനെയും പ്രതിഷ്ഠിച്ചു. കനല് തിന്നുന്ന ഘണ്ടാകർണന്നു കനൽ നിവേദ്യം.

പൂജക്ക് തുരുതുരാ മണിയടിയില്ല

... ണിം...ണിം.... ണിം

കൈയില്ലാത്ത പാണ്ഡുരംഗൻ ഒരു മണിയടിച്ചു താഴെ വെച്ചു പൂവാരാധിച്ചു വീണ്ടും മണിയെടുത്തു കുലുക്കുന്ന ഇടവേള. നേദിക്കാൻ ഒന്നുമില്ലെങ്കിൽ ഒരു തൊട്ടി വെള്ളം കോരി നിവേദ്യം. ജലപിശാച് ബാധിച്ച മുത്തശ്ശി കുളത്തിൽ നിന്നും കയറില്ല. കയറി വന്നാൽ പിന്നെ ഈറൻ മാറാതെ കോണി കയറും, ഓരോ പടിയിലും കാതിലെ ചിറ്റ് മുട്ടിച്ചു ശബ്ദമുണ്ടാക്കി കൊണ്ട്. ചിറ്റ് മുട്ടുന്ന ശബ്ദതരംഗങ്ങളിൽ മുത്തശ്ശി ചുത്തം അളക്കും. ചില കോണിപ്പടികൾ ചുത്തമാവാൻ ഒരു പാട് തവണ ചിറ്റ് മുട്ടിക്കണം.

എല്ലാം കണ്ട കാലം, കാറ്റായി, ഇക്കിളിപ്പെടുത്തുന്ന ഒരു തലോടലായി എല്ലായിടത്തും നിറയും.●

(കേരള ഗ്രാമീൺ ബാങ്ക് റിട്ട എ. ജി. എം ആണ് കൃഷ്ണൻ നമ്പൂതിരിപ്പാട്.നെല്ലിപ്പറ്റ ബാണത്തൂർ ഇല്ലം,പി. ഒ കരുമല, ബാലുശ്ശേരി. കോഴിക്കോട് ജില്ല ഫോൺ 9447338016)

# സ്കിൽ കോമ്പറ്റീഷനിലെ ജേതാവ്




## ഇനി ജയിച്ചാൽ കിട്ടുന്നത് 25 ലക്ഷം



കണ്ണൂർ ജില്ലയിലെ എടയാറിലുള്ള മൂഴിയോട്ടില്ലത്തെ ഉണ്ണി കൃഷ്ണൻ നമ്പൂതിരി- സിന്ധു അന്തർജ്ജനം എന്നിവരുടെ മകനാണ് കൃഷ്ണപ്രസാദ്.

ശ്രീഹരി ടി



2021 ഡിസംബർ മാസത്തിലായിരുന്നു അപ്രതീക്ഷിതമായി ഒരു ഫേസ് ബുക്ക് പോസ്റ്റ് കണ്ടത്. ഇന്ത്യ സ്കിൽസ് 2021 ദേശീയ മത്സരത്തിൽ വെള്ളി മെഡൽ സ്വീകരിക്കുന്ന കുട്ടൻ എന്ന □കൃഷ്ണപ്രസാദി□ന്റെ പുഞ്ചിരിക്കുന്ന മുഖം.

ഒളിമ്പിക്സിന് തുല്യമായ മൽസരമാണ് വേൾഡ് സ്കിൽ കോമ്പറ്റീഷൻ എന്നത് പിന്നീടാണ് അറിയുന്നത്. അതിന്റെ പ്രാഥമിക തലത്തിലെ വിവിധ മൽസരങ്ങളിൽ ഒന്നാം സ്ഥാനം നേടിയാണ് കൃഷ്ണപ്രസാദ് വാർത്തകളിലിടം നേടിയത്.

കണ്ണൂർ ജില്ലയിലെ എടയാറിലുള്ള മൂഴിയോട്ടില്ലത്തെ ഉണ്ണികൃഷ്ണൻ നമ്പൂതിരി- സിന്ധു അന്തർജ്ജനം എന്നിവരുടെ മകനാണ് കൃഷ്ണപ്രസാദ്. മൂത്തമകൾ സ്വാതികൃഷ്ണ പി.എച്ച്.ഡി ചെയ്യുന്നു.

2014- ൽ ചിറ്റാരിപ്പറമ്പ് ഹൈസ്കൂളിൽ നിന്നും എസ്. എസ്. എൽ സിയ്ക്കുശേഷം കതിരൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും അഗ്രിക്കൾച്ചർ പ്രധാന വിഷയമായി പ്ലസ് ടു പൂർത്തീകരിച്ചു. ശേഷം സ്വന്തം ഇഷ്ടപ്രകാരം തന്നെ തലശ്ശേരിയിലെ എൻ ടി ടി എഫിൽ നിന്നും ടൂൾ മേയ്ക്കിംഗ് ആൻഡ് ഡിജിറ്റൽ മാനുഫാക്ച്ചറിംഗിൽ 3 വർഷത്തെ ഡിപ്ലോമ പാസ്സായി.അവിടുത്തെ പഠനത്തോടൊപ്പം തന്നെ നിധിൻ മാസ്റ്റർ, ജെറിൻ മാസ്റ്റർ എന്നിവരുടെ കീഴിൽ സി എൻ സി മില്ലിംഗ് വിഭാഗത്തിൽ കൂടി പരിശീലനം നേടി.

പിന്നീട് ജോലിക്കു വേണ്ടിയുള്ള അന്വേഷണമായിരുന്നു. താമസിയാതെ ബാംഗ്ലൂരിലെ മെക്കിനോ ടെക്നിക്കൽ ട്രെയിനിംഗ് സെൻററിൽ ഒരു വർഷത്തെ പരിശീലനം. തുടർന്ന് സാൻസെറ എയ്റോ സ്പേയ്സ് ഡിവിഗനിൽജോലി ലഭിച്ചു.

തുടർന്നാണ് വേൾഡ് സ്കിൽ കോമ്പറ്റീഷനെക്കുറിച്ച് അറിയുന്നതും പങ്കെടുക്കാനാഗ്രഹിച്ചതും. ധാരാളം കടമ്പകൾ കടക്കാനുണ്ടായിരുന്നു

കേന്ദ്ര തൊഴിൽ നൈപുണ്യവിഭാഗത്തിലെ CGSC യും NSDS (National still development corporation )യുടെയും കീഴിൽ സമൂഹത്തിലെ വിവിധ തൊഴിൽ മേഖലകളിലുള്ളവരുടെ കഴിവ് കണ്ടെത്തി മൽസരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി സി എൻ സി മില്ലിംഗ് (കമ്പ്യൂട്ടർ ന്യൂമറിക്കൽ കൺട്രോൾ)എന്ന വിഭാഗത്തിലായിരുന്നു കൃഷ്ണപ്രസാദ് മൽസരത്തിനായി പങ്കെടുത്തത്.

2020 ൽ ഏറ്റുമാനൂർ ഐ.ടി. ഐ യിൽ വെച്ചായിരുന്നു മൽസരാർത്ഥികളുടെ ആദ്യ സെലക്ഷൻ. അതിൽ അംഗീകാരം നേടിയ കൃഷ്ണപ്രസാദ് സംസ്ഥാനതല മൽസരത്തിൽ രണ്ടാം സ്ഥാനക്കാരനായി. 50000 രൂപയും പ്രശസ്തി പത്രവും ലഭിച്ചു. കോഴിക്കോട് സ്വപ്നനഗരിയിൽ വെച്ച് നടന്ന പൊതുപരിപാടിയിൽ അന്നത്തെ ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.

സി എൻ സി മില്ലിംഗ്. ഈ മൽസര




*ഇന്ത്യ സ്കിൽസ് 2021 ൽ ജേതാക്കളായവർക്കൊപ്പം കൃഷ്ണപ്രസാദ്*

**കൃഷ്ണപ്രസാദിന്റെ ഇതുവരെയുള്ള വിജയങ്ങൾ:**

India skills Kerala_2020 Dist.level selected
India skills Kerala_2020 Zonal level selected
India skills Kerala_2020 State level selected
India skills South India Gold medal
India skills National level Silver

ത്തിൽ ആദ്യം അവർ നൽകുന്ന ഡ്രോയിങ്ങിന് ഉചിതമായ ത്രീ ഡി മോഡൽ നിർമ്മിക്കുന്നു. കമ്പ്യൂട്ടർ ന്യൂമറിക്കൽ കൺട്രോൾ പ്രോഗ്രാമിംഗിന് ഉചിതമായ ത്രീ ഡി മോഡൽ നടത്തിക്കൊടുക്കുക, മോഡലിന്റെ പ്രവർത്തനത്തിലെ കൃത്യത, അതിനെ നിയന്ത്രിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ കൃത്യത എന്നിവയാണ് വിലയിരുത്തുന്നത്.

2021 ൽ സംസ്ഥാനത്തിൽ അംഗീകാരം ലഭിച്ചവർക്കായി, കേരളം കർണ്ണാടക, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന സൗത്ത് ഇന്ത്യൻ റീജിയണൽ മൽസരം വിശാഖപട്ടണത്ത് വെച്ച് നടന്നു. മത്സരാർത്ഥികളായി 10 പേരുണ്ടായിരുന്നു. അവിടെവെച്ച് ഒന്നാം സ്ഥാനവും സ്വർണ്ണമെഡലും 21,000 രൂപയും പ്രശസ്തിപത്രവും ലഭിക്കുകയുണ്ടായി.

പിന്നീട് 2022 ൽ ദേശീയതല മൽസരം ബാംഗ്ലൂരിലെ ഗവൺമെന്റ് ടെക്നിക്കൽ ടൂൾ റൂം സെന്റർൽ വെച്ച് നടത്തുകയുണ്ടായി. അന്നും 10 മൽസരാർത്ഥികളുണ്ടായിരുന്നു. പ്രസ്തുത മൽസരത്തിൽ രണ്ടാം സ്ഥാനവും വെള്ളിമെഡലും 75000/- രൂപയും പ്രശംസാപത്രവും പാരിതോഷികമായി നൽകി. തലസ്ഥാനമായ ഡൽഹിയിൽ വെച്ചായിരുന്നു ചടങ്ങ്.

സംസ്ഥാനതല മൽസരങ്ങൾ നിയന്ത്രിച്ചിരുന്നത് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് എന്നീ വിഭാഗങ്ങളാണ്.

മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇനി നടക്കാനിരിക്കുന്ന അന്താരാഷ്ട്ര മൽസരത്തിൽ പങ്കെടുക്കുന്നതിനു വേണ്ടി ഒന്നും രണ്ടും സ്ഥാനക്കാർ തമ്മിൽ വീണ്ടുമൊരു മൽസരം സംഘടിപ്പിക്കുന്നതാണ്. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നയാളാണ് അന്താരാഷ്ട്ര മൽസരം നടക്കുന്ന ചൈനയിലെ "ഷാങ്ഹായ്' മൽസരവേദിയിൽ മാറ്റുരയ്ക്കുന്നത്.

വിജയിക്കുന്നയാൾക്ക് 25 ലക്ഷം രൂപയാണ് സമ്മാനത്തുക. വേൾഡ് സ്കിൽ ഇന്റർനാഷണൽ എന്ന സംഘടനയാണ് ഇതിന്റെ കോ-ഓർഡിനേറ്റർ.

ദേശീയ തല മൽസരത്തിലേക്കുള്ള ഒരുക്കങ്ങൾ വളരെ കൃത്യമായിരുന്നു. എൻ.ടി.ടി.എഫിലെ ഓരോ അധ്യാപകരും അവരവരുടെ കഴിവിനനുസരിച്ച് പരിശീലനം നൽകി. എല്ലാവരുടേയും കൂട്ടായ പരിശ്രമവും കൃഷ്ണ പ്രസാദിന്റെ നിശ്ചയദാർഢ്യവും വിജയത്തിന് നിദാനമായി. ഇനി രണ്ട് തലത്തിലുള്ള മൽസരങ്ങൾ കൂടിയുണ്ട്. ഇതിലും വിജയിക്കുകയാണെങ്കിൽ ചൈനയിൽ വെച്ച് നടക്കുന്ന വേൾഡ് സ്കിൽ കോമ്പറ്റീഷനിൽ പങ്കെടുക്കാം.

കൃഷ്ണപ്രസാദിന്റെ സ്കിൽ പ്രെസെന്റേഷൻ സി എൻ സി മില്ലിംഗിലായിരുന്നു . പ്രോഗ്രാമിനനുസരിച്ച് മെഷീനുകളുടെ ഓട്ടോമാറ്റിക് വർക്കിംഗ് സാധ്യമാക്കുന്ന സാങ്കേതിക വിദ്യയാണ് സി എൻ സി മില്ലിംഗ്.. ●

കൃഷ്ണപ്രസാദ് 9847985400
ശ്രീഹരി ടി,സ്വരം, വള്ളങ്ങാട്,
പി.ഒ മൊകേരി, പാനൂർ, കണ്ണൂർ മൊബൈൽ 9496833458

# ഇരുപതിലധികം കുടുംബങ്ങളെ ഉണർത്തിയ ഉണർവ്




*പേപ്പർ ബാഗ് നിർമ്മാണത്തിൽ ഏർപ്പെട്ട അംഗങ്ങൾ*

തൃശ്ശൂരിലെ അന്നമനട ഉപസഭയിലുള്ള അന്തർജ്ജന കൂട്ടായ്മയാണ് ഉണർവ്. പേരിലെ ഉണർവ് പ്രവൃത്തിയിലുമുണ്ട്. ആഴ്ച്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഒത്തുകൂടും. അതിന്റെ ഫലമാണ് ഇവരുടെ എല്ലാ നേട്ടങ്ങളും.

അംഗങ്ങളുടെ മാനസിക സൗഖ്യത്തിന് ഒരു സാന്ത്വന, സഹായ സംവിധാനമുണ്ട്. അംഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നു. സ്വന്തമായി വായനശാലയുണ്ട്. ധാരാളം പുസ്തകങ്ങളും. ഉപസഭാംഗങ്ങളുടെ കലാസാഹിത്യ കഴിവുകകൾ ഉദ്ഗമ എന്ന പേരിൽ ഒരു മാഗസിൻ രൂപത്തിലാക്കി അച്ചടിച്ച് പ്രകാശനവും ചെയ്തു.

കറിക്കൂട്ടുകളും പൊടികളും ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിന് ഉണർവ് ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനവുമുണ്ട്. വേറൊരു ക്രിയാത്മക ഉദ്യമമാണ് ഉണർവ് പേപ്പർ ബാഗ്സ്. ഇരുപതിലധികം കുടുംബങ്ങൾ പങ്കെടുക്കുന്ന അതിവേഗം വളരുന്ന ഒരു പ്രസ്ഥാനമായി അത് മാറിക്കഴിഞ്ഞു.

അസംസ്കൃതവസ്തുക്കളും പരിശീലനവും നൽകും. സാമ്പത്തിക സഹായം ആവശ്യമുള്ള സ്ത്രീകളെ സഹായിക്കാൻ ഈ ഉദ്യമത്തിന് കഴിയുന്നു.

ഗാന്ധി ജയന്തി ദിനത്തിൽ അന്തർജനങ്ങൾ പൊതുഇടങ്ങളിൽ തൂപ്പു ജോലി ചെയ്തപ്പോൾ ചാനലുകൾ പിറകെ കൂടി വാർത്തയാക്കുക പോലും ചെയ്തു. വാർത്തയ്ക്ക് വേണ്ടിയല്ല അത് ചെയ്തതെങ്കിലും. മാതൃസഭയുടെ സഹായത്തോടെ കൊരട്ടി ലെപ്രസി സെന്ററിലെ അന്തേവാസികൾക്ക് പുതു വസ്ത്രങ്ങളും നൽകി.ഗിരിജ മംഗലപ്പിള്ളി പ്രസിഡണ്ട്, ബിന്ദു മംഗലപ്പിള്ളി സെക്രട്ടറി,അശ്വതി രജീഷ് ട്രഷറർ, ശ്രീജ ടി.ജെ മൈക്രോ ഫൈനാൻസ് കോ ഓർഡിനേറ്റർ സുമ തുറനെല്ലൂർ മൈക്രോ ഫൈനാൻസ് സെക്രട്ടറി എന്നിവരാണ് ഉണർവിനെ ഉണർത്തുന്നതും നയിക്കുന്നതും ●

ഗിരിജ മംഗലപ്പിള്ളി
മൊബൈൽ: 9447760262

# മേൽശാന്തിപ്പൊടി ഒരു ഔഷധമാണ്

നമ്പൂരാര് സ്വതേ രസികൻമാരാണ്. അവര് വൈദ്യന്മാർ കൂടിയായാലോ നർമ്മം മാത്രമല്ല നസ്യവും ധാരാളമുണ്ടാവും. ആത്മകഥയിലും കാണും ആ രസികത്തരം. രസിച്ചു വായിക്കാവുന്ന പുസ്തകമാണ് അഷ്ടവൈദ്യൻ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ ആത്മകഥയായ ആൽബത്തിലെ ഓർമ്മകൾ.

ഇത്ര ഇഡലി കഴിച്ചു, പാലട ചെലുത്തി, പിന്നെ നളചരിതം കണ്ടു എന്ന മട്ടല്ല. മരുന്നിൽ മേമ്പൊടിയായി നർമ്മം ചേർത്താൽ ഏതു കഷായവും പാലട പോലെ ആസ്വാദ്യമാവും. ആ നിലവാരത്തിലുള്ള എഴുത്താണ് ഇതിൽ. അല്ലെങ്കിൽ അഷ്ടാംഗഹൃദയത്തിലോ ആയുർവേദവിധികളിലോ അന്വേഷിച്ചാൽ മേൽശാന്തിപ്പൊടി എന്നൊരു ഔഷധം കാണാനാവുമോ. ആ ഔഷധം ഇതിലുണ്ട്. അതിന്റെ നിർമ്മാണവും വിവരിച്ചിട്ടുണ്ട്. അതാണ് രസികത്തം.

നമ്പൂതിരിമാർക്കിടയിൽ കുബേരനായിരുന്ന സാക്ഷാൽ പൂമുള്ളി നമ്പൂതിരിപ്പാടിനോടൊപ്പം കഴിഞ്ഞ തലമുറയിലെ ഒരു വൈദ്യമഠം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തവേ പൂമുള്ളി ചോദിച്ചു:

'വൈദ്യന്റെ തൊഴൽ കുറെ വിസ്തരിച്ചുണ്ടായല്ലോ. എന്തൊക്കെ പ്രാർത്ഥിച്ചു..' തന്റെ സ്വകാര്യദുഃഖങ്ങളിലേക്കാണ് ഈ ചൊട്ട് എന്ന് വൈദ്യമഠത്തിനു മനസ്സിലായി. അദ്ദേഹം മറുപടിയായി പറഞ്ഞു:

'ആദ്യം നമ്പൂതിരി പ്രാർത്ഥിച്ചിരുന്നതെന്തെല്ലാമെന്നു കേൾക്കട്ടെ. നമ്പൂതിരിയും ശ്ശി നേരം മന്ത്രിക്കുന്നതും മുദ്ര കാണിക്കുന്നതും കണ്ടുവല്ലോ. എന്തൊക്കെ പ്രാർത്ഥിച്ചു?.'

വൈദ്യന്റെ ദാരിദ്ര്യത്തോടുള്ള പുച്ഛ പരിഹാസങ്ങളോടെ പൂമുള്ളി പറഞ്ഞു: 'ഞാൻ മറ്റൊന്നുമല്ല പ്രാർത്ഥിച്ചത്. എന്റെ കൈയിൽ പണം പിടിപ്പതുണ്ട്. പണം പെട്ടിയിലിരുന്നാൽ പലിശ നഷ്ടമാവും. അതുകൊണ്ട് വൈദ്യമഠത്തിനേപ്പോലുള്ള വിശ്വസ്തർക്ക് കൂടക്കൂടെ പണത്തിന്റെ തിടുക്കമുണ്ടായിട്ട് എന്നോട് കടം ചോദിക്കാനിടവരണേ എന്നാണ് പ്രാർത്ഥിച്ചത്. എന്നാൽ എനിക്ക് പലിശ കിട്ടുമല്ലോ..'

വൈദ്യമഠം വിട്ടുകൊടുത്തില്ല. 'പൂമുള്ളി നമ്പൂതിരിയെപ്പോലുള്ള ധനികർക്കു ഇടയ്ക്കിടെ ദണ്ണം പിടിക്കാനും എന്നെ ചികിത്സയ്ക്ക് ക്ഷണിക്കാനും സന്ദർഭങ്ങളുണ്ടാവണേ എന്നാണ് എന്റെ പ്രാർത്ഥന. എന്നാലെനിക്കു നല്ല




– വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി

സമ്പാദ്യമുണ്ടാകുമല്ലൊ..'

അവതാരികയിൽ വി.ടി.വാസുദേവൻ എഴുതിയ ഇതുപോലെ ചില കുസൃതികളാണ് ഈ പുസ്തകം നിറയെ.

ആൽബത്തിലെ ഓർമ്മകൾ എന്ന ഈ പുസ്തകം എഴുതാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ

ദേശം, ദേശപ്പെരുമ, പ്രത്യേകതകൾ, തലമുറകളിലൂടെ മൺമറഞ്ഞുപോവുന്ന വിഷയങ്ങൾ ഇവയെ പറ്റുന്നത് തിരഞ്ഞെടുത്ത് പൊടിതട്ടി വിവരിക്കുക എന്ന ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ എന്ന് വൈദ്യമഠം പറയുന്നുണ്ട്. എന്നാൽ ദേശപ്പെരുമയേക്കാൾ വലുതാണല്ലൊ ഇല്ലപ്പെരുമ. അതേക്കാൾ വലുതാണല്ലൊ വൈദ്യപ്പെരുമ. അതെല്ലാം ഇതിലുണ്ട്.

കള്ളുകുടി മാറാൻ ആയുർവേദ മരുന്നുണ്ടോ? എന്ന് വൈദ്യമഠത്തിനെ കാണാനെത്തിയ വിദ്യാർത്ഥി സംഘത്തിലെ ഒരു കുമാരൻ ചോദിച്ചു. ഉടനെ കിട്ടിയ മറുപടി അവർക്ക് ചുട്ട പെടയാണ് മരുന്ന് എന്നായിരുന്നു. അതാണ് രസികത്തം. ഉമ്മത്തുംകായ ഉപയോഗിച്ചുള്ള ചില പ്രയോഗങ്ങൾ പിന്നീട് കുട്ടികൾക്കു പറഞ്ഞുകൊടുക്കുകയും ചെയ്തു. അതാണ് വൈദ്യം.

ആ വൈദ്യരെ കേട്ടറിഞ്ഞ് അമേരിക്കയിൽ നിന്ന് മുപ്പത്തഞ്ചു വയസ്സുകാരി എബി ആന്റേഴ്സൻ മേഴത്തൂരിലെത്തിയതു സാഹസികമായാണ്. കാറപകടത്തെത്തുടർന്ന് വിടാതെ നടുവേദന പിടികൂടിയ ഇവർക്ക് ചികിത്സകനായ വൈദ്യമഠം ഇന്ത്യയിലാണെന്നേ അറിയൂ. ദില്ലിയിലെത്തിയപ്പോൾ ദക്ഷിണേന്ത്യയിലാണെന്നു മനസ്സിലാക്കി. മദിരാശിയിൽ വന്നപ്പോൾ കേരളത്തിലാണെന്നും തിരുവനന്തപുരത്തെത്തിയപ്പോൾ മലബാറിലാണെന്നും അറിഞ്ഞു. അങ്ങനെ നെടുമ്പാശ്ശേരിയിലെത്തി കാർ പിടിച്ച് മേഴത്തൂരിലെത്തി. പക്ഷേ, വൈദ്യമഠം ഉടനെ കിടത്തി ചികിത്സിക്കാൻ തയ്യാറായില്ല. ആ മദാമ്മ മരുന്നു വാങ്ങി മടങ്ങി പോവുകയാണുണ്ടായത്.

വൈദ്യത്തെ വിൽക്കുന്നവർക്ക് അസ്സലൊരു പാഠമാണ് ഇത്തരം കാര്യങ്ങൾ.

1930 ഏപ്രിൽ 10ന് ജനിച്ചു. അച്ഛൻ വൈദ്യശാസ്ത്രമഹോദധി അഷ്ടവൈദ്യൻ വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരി. അമ്മ ഉണിക്കാളി അന്തർജ്ജനം. കോരല്ലൂർ കൃഷ്ണവാരിയർ, വൈശ്രവണത്ത് രാമൻ നമ്പൂതിരി, വി.കെ. ആർ. തിരുമുൽപ്പാട്, വിദ്വാൻ കലക്കത്ത് രാമൻ നമ്പ്യാർ എന്നിവരിൽനിന്ന് സംസ്കൃതം, ആയുർവേദം ഇവയുടെ പ്രാഥമിക പാഠങ്ങൾ അഭ്യസിച്ചു. മുത്തച്ഛൻ വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരിയിൽ നിന്ന് ആയുർവ്വേദത്തിൽ ഉപരിപഠനം, വൈദ്യമഠം വൈദ്യശാല & നഴ്സിങ് ഹോമിലെ മുഖ്യഫിസിഷ്യനായിരുന്നു. 18.10.2013ന് അന്തരിച്ചു. ഭാര്യ: ശാന്ത അന്തർജ്ജനം, മക്കൾ: നാരായണൻ, നീലകണ്ഠൻ, ഡോ.പ്രസന്ന, ലത, ഡോ.വാസുദേവൻ. മരുമക്കൾ: രോി, അനിത, ഹരി, സുബ്രഹ്മണ്യൻ, സാവിത്രി.

ഇത്രയുമായാൽ ആത്മകഥയായി. അതല്ലല്ലൊ ജീവിതം. ഈ പുസ്തകം നിറയെ ജീവിതമാണ്.

ശുകപുരം ഗ്രാമത്തിലെ ബ്രഹ്മാലയങ്ങളുടെ പട്ടിക, നൂറിലേറെ ഫോട്ടോകൾ, വൈദ്യമഠം വംശാവലി, തുടങ്ങി ധാരാളം വിവരങ്ങൾ വേറെയുമുണ്ട്. എന്റെ ഗ്രാമം, എന്റെ ലോകം, എന്റെ നിള, എന്റെ കുടുംബം, തുടങ്ങി എന്റെ എന്നാണ് തലക്കെട്ടുകളെങ്കിലും ഇതിലുള്ളതെല്ലാം നമ്മുടേതാണ്. ചെമ്പൈ വന്നത്, തീഷ്ണ നസ്യത്തിന്റെ ഫലം, വീരേന്ദ്രകുമാറുമായുള്ള ബന്ധം തുടങ്ങി ഇന്നതേ ഉള്ളൂ എന്നില്ല. മാതൃഭൂമി പുറത്തിറക്കിയ പുസ്തകം നമ്പൂതിരിമാർ വായിച്ചാൽ മാത്രം പോര പഠിക്കുക കൂടി വേണം. നടപ്പിലുള്ളത് മൂന്നാം പതിപ്പാണ്. സംഭവം ചൂടപ്പം പോലെ വിറ്റു പോവുന്നു എന്നർത്ഥം. 320 രൂപയാണ് വില. ●

**എറണാകുളം ശിവക്ഷേത്രത്തിലെ പാരമ്പര്യ അവകാശികളിൽ ഒരാളായിരുന്ന**

**മുഴയാപ്പള്ളി കിഴക്കേഇല്ലത്ത് ശിവലോകം പൂകിയ**

# രവി മൂസത് (68)

( Ex NRI, റിട്ടയേർഡ് ശാന്തിക്കാരൻ )

ആദരാഞ്ജലികളോടെ:

ഭാര്യ: ജ്യോതി രവി, മക്കൾ രാജേഷ് ശർമ, രാഹുൽ ശർമ
മുഴയാപ്പള്ളി കിഴക്കേ ഇല്ലം, എറണാകുളം ശിവക്ഷേത്രത്തിന് തെക്ക് വശം
എറണാകുളം, മൊബൈൽ: 6282546583



22. 07. 1953 2. 1. 2022

## ഇല്ലപ്പെരുമ

കോഴിക്കോട് പെരുവയൽ പെരുവമ്പറമ്പ് അഥവാ <u>എരഞ്ഞമ്പറമ്പത്ത് പാട്ടം ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി.</u> പണ്ടത്തെ മേശാന്തി ഇന്ന് പെട്രോൾ പമ്പ് ഉടമസ്ഥൻ. കോഴിക്കോട് നഗരാതിർത്തിയിൽ, വെള്ളിപറമ്പും മാവൂരുമായി രണ്ട് ഡീലർ പോയന്റുകൾ. **ഒരു പക്ഷേ രണ്ട് പെട്രോൾ പമ്പുകൾ സ്വന്തമായുള്ള അപൂർവ്വം നമ്പൂതിരിമാരിലൊരാൾ .** മുതലാളിക്കു കീഴിൽ ഇന്ന് ഇരുപതിലധികം ജീവനക്കാർ. അന്നും ഇന്നും എ.പി ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി പൂജാരിയാണ്.കർമ്മങ്ങൾ, പരികർമ്മങ്ങൾ, ശ്രീരുദ്രം ധാര.അണുവിട മാറാത്ത തേവാരം.എല്ലാ അർത്ഥത്തിലും ഒന്നാന്തരം നമ്പൂതിരി.

# ഉപ്പുകല്ലിന്നായുരിയരിച്ചോറിന...

# തൊഴിലാളിയാ...

(അക്കിത്തം എഴുതിയ പണ്ടത്തെ മേശാന്തി എ...

വിനോദ് മങ്ങത്തായ

**പുരാണപർവ്വം**



മഞ്ചേരി കരിക്കാട്ട് ഗ്രാമത്തിൽ നിന്ന് പാട്ടം ഇല്ലക്കാർ രാക്ഷസനായ ബകനെ പേടിച്ച് ആദ്യം അനന്തായൂർക്കും പിന്നീട് കോഴിക്കോട് ജില്ലയിലെ പെരുമണ്ണ പെരുവമ്പാട്ടേക്കും താമസം മാറ്റി.അക്കാലം തറവാട്ടിലെ ഒരു കുട്ടിയെ അക്രമിയായ ഒരു മാപ്പിള പിടിച്ചു കൊണ്ടുപോയത്രെ. തുടർന്ന് ഇല്ലക്കാർ കൂടുതൽ ജനവാസമുള്ള പെരുവയലിലേക്ക് വന്നതാണെന്ന് പഴമക്കാർ പറയുന്നു . പിന്നീട് മേലേപാട്ടം, താഴേപാട്ടം. എരഞ്ഞമ്പറമ്പത്ത് പാട്ടം, കൽപ്പകശ്ശേരി പാട്ടം, മംഗലശ്ശേരി പാട്ടം എന്നിങ്ങനെ 5 താവഴികളായി ഇവർ മാറിയെന്ന് ചരിത്രം.

**ദാരിദ്യപർവ്വം**

ഉണ്ണികൃഷ്ണൻ നമ്പൂതിരി തന്റെ കഥ ഇങ്ങനെ പറയുന്നു. എരഞ്ഞമ്പറമ്പത്ത് പാട്ടം സാമ്പത്തികമായി അത്രയൊന്നും ഭദ്രമായിരുന്നില്ല .അച്ഛനും വലിയച്ഛനും അപ്ഫനുമായി മുത്തച്ഛ

ന് ആൺമക്കൾ മൂന്ന്. വലിച്ഛനായ...
നമ്പൂതിരി കാരണവരും കുടുംബ...
നല്ല നിലയിൽ തുടർന്നു. എന്റെ അ...
ദരൻ നമ്പൂതിരി അപ്ഫൻ നമ്പൂ...
സംബന്ധമാണ് വിധിച്ചത്. നാട്ടിൽ...
കല്യാണി അമ്മയെ അച്ഛൻ വിവാ...
അപ്ഫനായ കൃഷ്ണൻ നമ്പൂതിര...
ബന്ധമായിരുന്നു.

കല്യാണി അമ്മയുടെ മരണശേ...
വിളയിൽ പറപ്പൂർ കൊട്ടക്കാട് ഉണ്ണി...
ജനത്തെ വേളി കഴിച്ചു. ഞങ്ങൾ ...
യിരുന്നു. മൂത്തത് ദേവകിയോപ്പേ...
ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്ന ...
അനിയത്തി തങ്കമ്മു. എന്റെ നാല...
അമ്മ മരിച്ചു. ക്ഷയരോഗമായിരു...
ചികിത്സ നൽകാനൊന്നും കഴിയാ...
യായിരുന്നു അന്ന്. വലിയച്ഛനായ...
നമ്പൂതിരിയായിരുന്നു സ്വത്തുക്കൾ...
ചെയ്തിരുന്നത്. അച്ഛന് സ്വന്തം ...
കുട്ടികളുടെ വിശപ്പു മാറ്റാൻ പോല...
പീച്ചംവിടാത്ത മൂന്ന് മക്കളേയും കൂ...

*'ഹരിശ്രീ ' കോഴിക്കോട് -മാവൂർ റോഡിൽ പെരുവയൽ ജനതാ റോഡ് ബസ്സ്റ്റോപ്പിന് സമീപം എ പി ഉണ്ണികൃഷ്ണൻ... രിയുടെ വസതി. (താഴെ) എ പി ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി ,സഹധർമ്മിണി വിമല മക്കളും മരുമക്കളും .*





*മാവൂർ ശിവശക്തി പെട്രോ...*

## നായ് ഇപ്പട്ടണത്തിൽ

# ായി ഞാൻ

ഉന്ന കവിതയിൽ നിന്ന്)

ം ഗോവിന്ദൻ
ഥസ്ഥനുമായി
അച്ഛൻ ദാമോ
തിയാകയാൽ
തന്നെയുള്ള
ഹം കഴിച്ചു.
ിയ്ക്കും സം

രഷം അച്ഛൻ
ിമായ അന്തർ
മൂന്ന് മക്കളാ
പ്പാൾ, പിന്നെ
ഞാൻ. താഴെ
ാം വയസ്സിൽ
ുന്നു. വേണ്ട
ാത്ത സ്ഥിതി
ം ഗോവിന്ദൻ
് കൈകാര്യം
വരുമാനമില്ല,
ലും വഴിയില്ല.
ട്ടി ആ സാധു

ബ്രാഹ്മണൻ കണ്ണിപറമ്പ് ശിവക്ഷേത്രത്തിലെത്തി. അവിടെ പൂജാരിയായി. അമ്പലത്തിൽ നിന്നും ദക്ഷിണ ഒട്ടുമില്ല. പേരിനുള്ള ശമ്പളവും കിട്ടാതായി. താമസം അമ്പലത്തിലെ പത്തായപ്പുരയിൽ. നേദ്യച്ചോറ് ഞങ്ങളുടെ പട്ടിണി അകറ്റി എന്ന് സമാധാനിച്ചു. അക്കാലം രണ്ടു വയസ്സുള്ള അനിയത്തിയെയും ക്ഷയരോഗം കൊണ്ടുപോയി. ദുരിതങ്ങൾ കണ്ടറിഞ്ഞ ഊരാളനായ നടുവിലേടത്തെ കാരണവർ തന്റെ ഇല്ലത്ത് വന്ന് താമസിച്ചോളാൻ അച്ഛനോട് പറഞ്ഞു. നടുവിലേടത്തേക്ക് മാറിയതോടെ ഭക്ഷണത്തിന് മുട്ടില്ല എന്നായി . ഒന്നും രണ്ടും ദിവസങ്ങളല്ല, കണ്ണി പറമ്പ് അമ്പലത്തിലും നടുവിലേടത്തുമായി മൂന്ന് വർഷങ്ങളാണ് അച്ഛനും ഞങ്ങളും നന്നെ അരിഷ്ടിച്ചു ജീവിച്ചത്. പനി പിടിച്ച് കിടന്ന ഞങ്ങൾ കുട്ടികൾക്കും അച്ഛനും നുറുങ്ങേരിക്കഞ്ഞി തന്ന് ജീവൻ രക്ഷിച്ച പേരൂർ കേശപ്പനെ മറക്കാൻ പറ്റില്ല.

എത്ര കഷ്ടപ്പാടിലും അച്ഛൻ എന്റെ പഠനം മുടക്കിയില്ല. 1960 ൽ ഒന്നും രണ്ടും ക്ലാസുകൾ പെരുവയൽ സെന്റ് സേവിയേഴ്സ് യു.പി.സ്കൂളിൽ ആണ് തുടങ്ങിയത്. താമസം കണ്ണിപറമ്പ് ആയപ്പോൾ മാവൂർ കാര്യാട്ട് യു.പിയിൽ വിദ്യാഭ്യാസം തുടർന്നു. ഇല്ലത്തേക്ക് തിരിച്ചു വന്നപ്പോൾ വീണ്ടും പെരുവയൽ

*ർ നമ്പൂതി*



**കണ്ണിപറമ്പിൽ നിന്നും പോന്ന ശേഷം അച്ഛൻ വരുമാനത്തിനായി തിരുവിതാംകൂറിൽ ഹരിപ്പാട്ട് ശാന്തിക്കു പോയി. കുട്ടികളായ ഞങ്ങൾ മേലേ പാട്ടത്ത് താമസിച്ചാണ് പഠിച്ചത്. ഇന്ത്യാ ചൈനാ യുദ്ധം കഴിഞ്ഞ കാലമാണ്. 1962. നാട്ടിലാകെ പട്ടിണിയും പരിവട്ടവും. പ്രത്യേക(ദുർ)ഗന്ധമുള്ള അമേരിക്കൻ ഗോതമ്പ് അമൃതിന് സമം. ചക്കയും മാങ്ങയും ഇല്ലാത്തപ്പോൾ പനമ്പൊടിയും ഈന്തു പൊടിയും മറ്റും ആശ്രയം**




*ളിയം*



പൂക്കോട് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി (ഹെൽത്ത് ഇൻസ്പെകൂർ, വാഴക്കാട്), ഭാര്യ മായ (ടീച്ചർ), മക്കൾ അഭിരാം, ശ്രീരാം



ദേവകിയോപ്പോൾ, മകൻ ദീപൻ, ഭാര്യ സുമ, മക്കൾ ഹരിഗോവിന്ദ് , ഹരിനന്ദൻ



ഉമ (+2 ടീച്ചർ), ഭർത്താവ് എം വി സന്തോഷ് കുമാർ (അധ്യാപകൻ) മക്കൾ ഐശ്വര്യ (എം.ബി.ബി.എസ് വിദ്യാർത്ഥിനി ), ജയശങ്കർ

സ്കൂളിൽ തന്നെ ചേർന്നു.

കണ്ണിപറമ്പിൽ നിന്നും പോന്ന തിനുശേഷം അച്ഛൻ വരുമാനത്തിനായി തിരുവിതാംകൂറിൽ ഹരിപ്പാട്ട് ശാന്തിക്കു പോയി. കുട്ടികളായ ഞങ്ങൾ മേലേ പാട്ടത്ത് താമസിച്ചാണ് പഠിച്ചത്.

ഇന്ത്യാ ചൈനാ യുദ്ധം കഴിഞ്ഞ കാലമാണ്. ( 1962) . നാട്ടിലാകെ പട്ടിണിയും പരിവട്ടവും. പ്രത്യേക(ദുർ)ഗന്ധമുള്ള അമേരിക്കൻ ഗോതമ്പ് അമൃതിന് സമം .ചക്കയും മാങ്ങയും ഇല്ലാത്തപ്പോൾ പനമ്പൊടിയും ഈന്തു പൊടിയും മറ്റും ആശ്രയം .ഒട്ടിയ വയറ് മുറുക്കിയുടുക്കാൻ മുണ്ട് പോലും ആഡംബരമായിരുന്നു അന്ന്. 'അമ്മക്കു നൽകുവാൻ ചെമ്മുള്ള ചേലകൾ 'എന്ന് കൃഷ്ണഗാഥയിൽ പഠിക്കുമ്പോൾ പുത്തനുടുപുടകൾ സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല ഞങ്ങൾ. സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരെയെല്ലാം അക്കാലം കൊടും ദുരിതങ്ങൾ ബാധിച്ചിരുന്നു .അതിൽ നമ്പൂതിരിയെന്നോ തീയാടി എന്നോ വ്യത്യാസമൊന്നുമില്ല. കൊ

## കുടുംബം ഇങ്ങനെ

എ പി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി.(റിട്ടയേർഡ് റജിസ്ട്രാർ ,കേരള സർക്കാർ )അഛൻ - ദാമോദരൻ നമ്പൂതിരി.അമ്മ: വിളയിൽ പറപ്പൂർ കൊടക്കാട്ടില്ലത്ത് ഉണ്ണിമായ അന്തർജനം.

സഹോദരിമാർ

1 ദാമോദരൻ നായരുടെ സഹധർമ്മിണി രുഗ്മിണി (കല്യാണി അമ്മയുടെ മകൾ). മക്കൾ രമേഷ്, ലളിത,രമ

2 വെങ്കളോട്ടില്ലം ഗോവിന്ദൻ നമ്പൂതിരിയുടെ ഭാര്യ ദേവകി അന്തർജനം, മക്കൾ ദീപൻ ,ഗീത .മരുമക്കൾ പെരികമന സുമ , പെരിന്തൽമണ്ണ കൊടൽവള്ളി ഉണ്ണിക്കൃഷ്ണൻ.

3 തങ്കമ്മു (കുഞ്ഞുന്നാളിൽ നിര്യാതയായി)

സഹധർമ്മിണി: എം.ആർ.വിമല, (റിട്ടയേർഡ് ഓഫീസർ ,യൂക്കോ ബാങ്കിൽ 38 വർഷത്തെ സേവനം ) രാമയ്യർ , സീതാലക്ഷ്മിയം ബാൾ ദമ്പതിമാരുടെ മകൾ, തളി,കോഴിക്കോട്.



ഹരീഷ് നമ്പൂതിരി (ഹരിശ്രീ പെട്രോളിയം ഉടമസ്ഥൻ) ,ഭാര്യ ചിത്ര, മക്കൾ വൈഗ ,വേദ

മക്കൾ: 1. ഉമ ,ടീച്ചർ, വിരിപ്പാടം യു.പി സ്കൂൾ. ഭർത്താവ്: പയ്യന്നൂർ മേത്തലെ വട്ടപ്പറമ്പിൽ (എം വി ) സന്തോഷ്, മലപ്പുറം വേങ്ങരയിൽ അധ്യാപകൻ. മക്കൾ ഐശ്വര്യ, (എം.ബി.ബി.എസ് വിദ്യാർത്ഥിനി) ജയശങ്കർ.

2. മായ +2 അധ്യാപിക, മലപ്പുറം അരീക്കോട് കാവനൂർസ്കൂൾ, മലപ്പുറം ജില്ല .ഭർത്താവ്: വിളയിൽ പറപ്പൂർ പൂക്കോട് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, ഹെൽത്ത് ഇൻസ്പെക്ടർ, വാഴക്കാട്, മലപ്പുറം ജില്ല.മക്കൾ അഭിരാം ,ശ്രീരാം

3 ഹരീഷ് നമ്പൂതിരി എ.പി,വെള്ളിപറമ്പ് ഹരിശ്രീ പെട്രോൾ ബങ്ക് നടത്തുന്നു. ഭാര്യ: വല്ലപ്പുഴ (പാലക്കാട് ജില്ല)എരംതൊടി മനയിൽ ചിത്ര. മക്കൾ വൈഗ ,വേദ

എ പി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി @ 60 പത്നി വിമലയുടെ കൂടെ



## ഗുരുവായൂരപ്പന്റെ മുന്നിൽ വെച്ച്





പ്രണയകാലം പഞ്ചവത്സരം കഴിഞ്ഞല്ലോ. ഒരാൾക്ക് ജോലി ഇല്ലാതെ ഒഫീഷ്യൽ ആയി കുടുംബം തുടങ്ങാനാവില്ല. ഞാനുമായി നോക്കിയാൽ വിമലയുടെ വീട്ടുകാർ റൊമ്പ പെരിയവർ. വേല ഇല്ലാ പയ്യന് എപ്പടി പൊണ്ണ് കൊടുക്കവേ? ദേവിയുടെ മുമ്പിൽ നിന്ന് ഉള്ളിൽ തട്ടി പ്രാർത്ഥിച്ചു. ഞാനും വിമലയും പരീക്ഷ ഒന്നിച്ചാണ് എഴുതിയത്. അവളുടെ ഒരു സ്പീഡ് എനിക്കില്ലല്ലോ. പരീക്ഷക്ക് കിട്ടിയ മാറ്റർ തന്ന സമയത്തിൽ എനിക്ക് ടൈപ്പ് ചെയ്ത് തീർക്കാൻ തന്നെ കഴിഞ്ഞില്ല .അപ്പോഴേക്കും അവൾ സംഗതി തീർത്ത് തെറ്റുകൾ കൂടി പരിശോധിച്ചു കഴിഞ്ഞിരുന്നു. വിമലക്ക് 1978ൽ യൂക്കോ ബാങ്കിൽ ജോലി കിട്ടി. ഇനി താമസിപ്പിച്ചു കൂടാ കന്യകാപരമേശ്വരി ക്ഷേത്രത്തിൽ പോയി ദേവിയോട് മനസ്സുരുകി പ്രാർത്ഥിച്ചു . ഏറ്റവും ആദ്യത്തെ ദിവസം ഗുരുവായൂരപ്പന്റെ മുന്നിൽ വെച്ച് വിമലയുടെ കഴുത്തിൽ താലി കെട്ടി. സ്വയംവരമാണല്ലോ. സംഗതി ആരേയും അറിയിച്ചില്ല. വേളി കഴിഞ്ഞിട്ടും താമസം രണ്ടു വീടുകളിൽ തന്നെ. ഒരു ലിവിംഗ് ടുഗദർ ഉണ്ടായില്ലെന്ന് സാരം. പ്രണയത്തിന്റെ പഞ്ചവത്സരക്കാലത്തും ഗാന്ധർവ്വത്തിന് വിലക്കില്ലായിരുന്നല്ലോ എന്ന് സുഹൃത്തുക്കൾ കളി പറഞ്ഞു .

*ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി - വിമല ഗുരുവായൂർ കല്യാണരസീത്*

ട്ടിഘോഷിക്കപ്പെടുന്ന സോ കാൾഡ് ബ്രാഹ്മണാധിപത്യത്തിന്റെ അന്നത്തെ നേർക്കാഴ്ച പലപ്പോഴും ഇങ്ങിനെയൊക്കെയായിരുന്നെന്ന് വിനയത്തോടെ ഓർമ്മിപ്പിക്കുന്നു എന്ന് മാത്രം .

**ദ്വിജപർവ്വം**

നാലാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നുഎന്റെഉപനയനം.3 വർഷമാണ് സ്വതേ ദീക്ഷാ കാലം .എന്നാൽ ഉപായത്തിൽ സമാവർത്തനം നടത്താൻ പോലും അച്ഛന് പണമില്ലാതെ വന്നപ്പോൾ പിന്നെയും ഓനിച്ചുണ്ണിയായി തന്നെ എനിക്ക് കഴിയേണ്ടി വന്നു . സമാവർത്തനം നാല് കൊല്ലത്തോളം നീ ണ്ടു പോയി . ഒടുവിൽ താമരശ്ശേരി കരിഞ്ഞമണ്ണ ഇല്ലത്തെ ഉണ്ണിയുടെ ഒപ്പം എന്റെ സമാവർത്തനവും കഴിച്ചുകൂട്ടുകയായിരുന്നു പ്രാരബ്ധങ്ങൾക്കു നടുവിൽ ഏഴാം ക്ലാസോടെ എന്റെ വിദ്യാഭ്യാസം നിർത്തുകയും വേണ്ടി വന്നു .സ്കൂൾ ഡ്രോപ്പ് ഔട്ടിനെ ഇൻ ആക്കാൻ പറ്റിയ ഭൗതിക സാഹചര്യങ്ങളൊന്നും അച്ഛനുണ്ടായിരുന്നില്ല എന്നതാണ് യഥാർത്ഥം .

പണ്ടത്തെ മേശാന്തി ഇന്നും പൂജക്കാരനും പരികർമ്മിയുമാണ് .ഇല്ലത്ത് നിത്യപൂജകളും തേവാരവും .നിത്യം ശ്രീരുദ്രം.നാട്ടിലെ ഏത് അമ്പലത്തിൽ പൂജ മുടങ്ങിയാലും മുട്ടുശാന്തി കഴിക്കാൻ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ഉണ്ടാവും. പ്രതിഫലത്തിനല്ല ,അതാണ് ബ്രാഹ്മണന്റെ ധർമ്മം എന്ന തിരിച്ചറിവിൽ. നിരവധി തവണ ശ്രീമദ് ഭാഗവതം പാരായണം ചെയ്തിട്ടുണ്ട് .ഇല്ലത്തും മാവൂർ സന്താനഗോപാലമൂർത്തി ക്ഷേത്രത്തിലും.

**ദ്വിജപർവ്വം 2**

തൊള്ളായിരത്തറുപതുകളിൽ ഒരു ഉണ്ണി നമ്പൂതിരിയുടെ ജീവിതം താഴെ. ജീവിതം മുന്നോട്ടു കൊണ്ടു പോകേണ്ടെ? ഹരിപ്പാട് നിന്ന് തിരിച്ചു വന്ന അച്ഛൻ കോഴിക്കോട്ട് അന്നത്തെ പ്രശസ്തനായ വക്കീൽ കുറുമാപ്പള്ളി നാരായണൻ നമ്പൂതിരിയുടെ ഇല്ലത്ത് ദേഹണ്ഡത്തിന് നിന്നു. കൊക്കൊഴിക്കോട് അമ്പലത്തിനടുത്താണ് വക്കീൽ താമസിച്ചിരുന്നത്. തന്റെ ഉണ്ണിക്ക് പഠിക്കാൻ സൗകര്യപ്പെടുത്തണമെന്ന അച്ഛന്റെ അപേക്ഷ വക്കീൽ സ്വീകരിച്ചു .അതുകൊണ്ട് മാത്രമാണ് എനിക്ക് ഹൈസ്കൂൾ പഠനം ഉണ്ടായത് .ഏഴാം ക്ലാസിലെ ഡ്രോപ്പ് ഔട്ടിനെ സ്കൂളിലേക്ക് വീണ്ടും ലിഫ്റ്റ് ഇൻ ചെയ്തു വക്കീൽ .

അങ്ങിനെ കുറുമാപ്പള്ളി താമസിച്ച് 8, 9, 10 ക്ലാസുകളിൽ സാമൂതിരി ഹൈസ്കൂളിൽ ഞാൻ പഠിപ്പ് തുടർന്നു.

അച്ഛന് വയ്യായ്കകൾ ഉണ്ടായിരുന്നു . പഠനത്തോടൊപ്പം കുറുമാപ്പള്ളിയിലെ ദേഹണ്ഡവും എനിക്ക് വേണ്ടി വന്നു.പുതിയ ഭാഷയിൽ വർക്ക് വൈൽ യൂ ലേൺ. അല്ലെങ്കിൽ ലേൺ വൈൽ യു വർക്ക് .രാവിലെ 5 മണിക്ക് എഴുന്നേൽക്കണം. ഈർച്ചപ്പൊടി അടുപ്പ്. അരവ് അമ്മിയിലും ആട്ടമ്മിയിലും .

രാവിലെ ചായ പലഹാരം, ഉച്ചക്ക് ഊണ്, എല്ലാം ഒരുക്കി വെച്ച് 9 മണിക്ക് സ്കൂളിൽ പോകണം. വൈകിട്ട് വന്ന് ആട്ടമ്മിയിൽ ഫ്രഷ് ആയി അരിയരക്കണം, അ ത്താഴമുണ്ടാക്കണം. വക്കീലും ഭാര്യയും എല്ലാ കാര്യത്തിലും സഹായിച്ചിരുന്നു. എനിക്കൊന്നും ഒരു ഭാരമായി തോന്നിയിരുന്നില്ല .സമൃദ്ധമായി നല്ല ഭക്ഷണം കഴിക്കാനും പറ്റിയിരുന്നു എന്നതും കാരണമാവാം . കുറച്ചു ബുദ്ധിമുട്ടിയാലും മകൻ പട്ടിണി കിടക്കേണ്ടല്ലോ എന്ന് അച്ഛനും വിചാരിച്ചിട്ടുണ്ടാവും .

**വിജയപർവ്വം**





*അച്ഛൻ എ പി ദാമോദരൻ നമ്പൂതിരി, വിമലയുടെ അമ്മ സീതാലക്ഷ്മി, അച്ഛൻ രാമയ്യർ*



ജീവിക്കാനുള്ള പാരമ്പര്യമായ സ്വത്ത് കൈ വശമുണ്ടായിട്ടും സ്വന്തം വഴി കണ്ടെത്തുന്നത് വരെ ജീവിതത്തിലെ സുഖങ്ങൾ ഒന്നും അനുഭവിക്കാൻ സാധിക്കാതെ കഷ്ടപ്പാടിന്റെ കയ്പ്നീർ കുടിച്ച ഒരു ബാല്യകാലം ഉണ്ണികൃഷ്ണൻ നമ്പൂതിരിയെ വെല്ലുവിളികളെ ചെറുചിരിയോടെ എല്ലാം ഈശ്വരനിൽ സമർപ്പിച്ചു കൊണ്ട് അതിജീവിക്കാൻ പ്രാപ്തനാക്കിയത് എല്ലാവർക്കും ഒരു ഉദാത്ത മാതൃകയാണ് . റിട്ടയർമെന്റിന് ശേഷം ജീവിതം വിശ്രമിക്കാനുള്ളതല്ല എന്ന തത്ത്വം സ്വീകരിച്ചു കൊണ്ട് ഒരുപാട് പേർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ സഹായകമാകുമാറ് ഇന്നും ഒരു സംരംഭകനായി വളരെ ലളിതജീവിതം ആരെയും ആകർഷിക്കുന്നതിൽ അത്ഭുതമില്ല.

*വയപ്പുറം നാരായണൻ നമ്പൂതിരി ,ഡയറക്ടർ,*
*വൈദികവിജ്ഞാന കേന്ദ്രം ,*
*പെരുമൻപുറ, കോഴിക്കോട് .*




*എ പി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ശാന്തി കഴിച്ച കോഴിക്കോട് തളി കന്യകാ പരമേശ്വരി ക്ഷേത്രം*

ഞങ്ങളുടെ വരവും പോക്കും ഒരുമിച്ച്. സുമുഖനായ നമ്പൂതിരിപ്പയ്യൻ , സുന്ദരിയായ ഒരു അയ്യര് കുട്ടിയും. തൊട്ടാൽ പൊട്ടുന്ന പ്രായം. കാതലിന് ഭാഷ കാതൽ തന്നെയാണല്ലോ. ചെറിയ തടസ്സങ്ങളോടെ അനുരാഗനീർച്ചാൽ മെല്ലെ മെല്ലെ രൂപപ്പെട്ടു .



2005 ലോ മറ്റോ ആണ്. ബഹളങ്ങൾ ഉണ്ടാവുന്ന സാഹചര്യങ്ങൾ കൺട്രോൾ ചെയ്ത ഒരു റജിസ്റ്റാർ നമ്പൂതിരി സാറെപ്പറ്റി ഇലക്ഷൻ ക്ലാസിൽ മേലുദ്യോഗസ്ഥന്മാർ റഫർ ചെയ്തു. പിന്നീട് ഞങ്ങൾ പ്രിസൈഡിംഗ് ഓഫീസർമാരായി ഒരുമിച്ച് ഉണ്ടായിരുന്നു പലവട്ടം. ഏതു പ്രതിസന്ധിയിലും പ്രശാന്തമാണ് ആ വ്യക്തിത്വം. കഠിനാധ്വാനത്തിന്റെയും ഈശ്വരാർപ്പണത്തിന്റെയും ഫലമാണ് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ നേട്ടങ്ങളെല്ലാം .പ്രിയ സുഹൃത്തിന് എന്നും വിജയങ്ങൾ നേരുന്നു .

*മണി പുൽപറമ്പിൽ*
*റിട്ടയേർഡ് പ്രൊഫസർ*
*എം എ എം ഒ കോളേജ്*
*മുക്കം ,കോഴിക്കോട്*

ഞാൻ 1971 ലാണ് എസ് എസ് എൽ സി എഴുതുന്നത് .സംസ്ഥാനത്ത് അക്കൊല്ലം എസ് എസ് എൽ സി ക്ക് ആകെ പാസായത് 28 % പേർ. 306 മാർക്കോടെ സെക്കന്റ് ക്ലാസ് . വക്കീലിന് വലിയ സന്തോഷമായി. എന്റെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു.തുടർപഠനത്തെക്കുറിച്ചൊന്നും വലിയ ധാരണകളില്ല. കരിയർ പ്ലാൻ എന്നത് അന്നന്നത്തെ അന്നം ലഭിക്കാൻ എന്നതിൽ കവിഞ്ഞൊന്നുമില്ല.

വക്കീൽ സ്വദേശത്തേക്ക് പോകാനുള്ള ഒരുക്കത്തിലായിരുന്നു .ഇനി എന്ത് ? പഠിക്കണമെന്ന് അതിയായ ആഗ്രഹമുണ്ട് .ഈശ്വരൻ എല്ലാം പ്ലാൻ ചെയ്തിരിക്കുമല്ലോ .കോഴിക്കോട്ട് തളിയിൽ തെലുങ്കന്മാരുടെ കന്യകാപരമേശ്വരി ക്ഷേത്രമുണ്ട്.

നിത്യപൂജക്ക് പുതിയ തെലുങ്ക് വാദ്ധ്യാരെ കിട്ടാതെ ബുദ്ധിമുട്ടുകയായിരുന്നു അതിന്റെ കമ്മിറ്റിക്കാർ. അതിലെ പ്രമുഖനും നഗരത്തിലെ പ്രധാന ബിസിനസുകാരനുമായ വൈശ്യപ്രമാണി രാധാകൃഷ്ണചെട്ടിയാരോടുള്ള അടുപ്പം വഴി കുറുമാപ്പള്ളി വക്കീൽ എന്നെ അവിടേക്ക് നിർദ്ദേശിച്ചു .

അങ്ങിനെ 1973 ഒക്ടോബർ 31 ന് ഞാനും അച്ഛനും അവിടെ ശാന്തി ഏറ്റെടുത്തു. അമ്പലത്തിൽ തന്നെ താമസം.കേരളത്തിലെ അമ്പലത്തിന്റെ രീതിയേ അല്ല, ഒരു വലിയ പൂജാമുറിയുടെ സ്വഭാവമാണ് ക്ഷേത്രത്തിന് .ചുറ്റമ്പലത്തിൽ തന്നെ ചില കുടുംബങ്ങൾ താമസിക്കും ഒരഗ്രഹാര ഛായ .

എസ് എസ് എൽസി കഴിഞ്ഞാ ൽ അക്കാലത്ത് എല്ലാവരും ടൈപ് റൈറ്റിംഗും ഷോർട്ടു ഹാന്റും പഠിക്കാ ൻ പോകും. ഞാനും ചേർന്നു , നഗരത്തിൽ ഒരു അയ്യരുടെ ഇൻസ്റ്റിട്യൂട്ടിൽ .അമ്പലത്തിലെ ശാന്തിക്കാരന് ഫീസ് വേണ്ടെന്ന് അയ്യർ തീരുമാനിച്ചു . കെ ജി ടി ഇ മലയാളം ഇംഗ്ലീഷ് ടൈപ് റൈറ്റിംഗ് പരീക്ഷകൾ പാസായി.

**സ്വയംവരപർവ്വം**

കാതൽ റോജാവേ. കന്യകാ പരമേശ്വരിയിലെ തമിഴ് മകൾ വിമലയും ടൈപ്പിന് ചേർന്നിരുന്നു. തമിഴ് ബ്രാഹ്മിൻസ് ഇതിന്റെ ആശാന്മാരാണല്ലോ .ഇന്ത്യയിലെ മഹാനഗരങ്ങളിൽ കണക്കുകൾ അയ്യർമാരുടെ കുത്തകയായിരുന്നു. ഞങ്ങളുടെ വരവും പോക്കും ഒരുമിച്ച്. സുമുഖനായ നമ്പൂതിരിപ്പയ്യൻ , സുന്ദരിയായ ഒരു അയ്യര് കുട്ടിയും. തൊട്ടാൽ പൊട്ടുന്ന പ്രായം. കാതലിന് ഭാഷ കാതൽ തന്നെയാണല്ലോ. ചെറിയ തടസ്സങ്ങളോടെ അനുരാഗനീർച്ചാൽ മെല്ലെ മെല്ലെ രൂപപ്പെട്ടു .

പ്രീഡിഗ്രി വേണമല്ലോ. പ്രിൻസിപ്പാളായ സി.കൃഷ്ണൻ മൂസ് സാറിനെ കണ്ട് എം.ബി ട്യൂട്ടോറിയൽ കോളേജിൽ ഫീസ് കൊടുക്കാതെ പഠനം

## പമ്പ് തുടങ്ങാനുള്ള ആശയം തന്നത്

എന്റെ മരുമകനായ വെങ്കലോട്ട് ഇല്ലം ദീപൻ ( ദേവകിയോപ്പോളുടെ മകൻ - കണ്ണൂർ ചാലാട്ട് ക്ഷേത്രസമീപമാണ് ഇല്ലം) ആണ് പമ്പ് തുടങ്ങാനുള്ള ആശയം തന്നത്. കോഴിക്കോട് മാവൂർ റോഡ് സൈഡിലെ വെള്ളിപറമ്പിൽ പുതിയ പെട്രോൾ പമ്പ് നിർദ്ദേശിച്ച് പരസ്യം വന്നപ്പോൾ എനിക്ക് അവിടെ സ്ഥലം പോലുമില്ല. (എന്റെ ഇല്ലം അവിടന്ന് 7 കിലോമീറ്റർ ദൂരെയാണ്.) തളരാതെ ഒരുമ്പെട്ടിറങ്ങാൻ ദേവി എല്ലാ ശക്തിയും തന്നു. സ്ഥലമുടമയെ കണ്ടെത്തൽ, പണം നൽകാൻ ബാങ്ക് ലോൺ എല്ലാം പെട്ടെന്നു നടത്താൻ പറ്റി. നാട്ടുകാരുടെ ഭാഗത്തു നിന്നും നല്ല സഹകരണമായിരുന്നു. ഒരൽപ്പം അവികസിതമായി നിന്നിരുന്ന ആ പ്രദേശങ്ങൾ പുരോഗമിക്കുന്നതിന് പെട്രോൾ പമ്പ് കാരണമാവുമല്ലോ എന്നവർ ആലോചിച്ചിരിക്കാം.=

അച്ഛൻ ശരിയാക്കി. പ്രിഡിഗ്രി പാസായി. പിന്നീട് കാലിക്കറ്റ് കോളേജ് ഓഫ് കോമേഴ്സിൽ ബി. കോമിന് ചേർന്നു. ഇതിനിടയിൽ പി.എസ്.സി പരീക്ഷ എഴുതുവാനും തുടങ്ങി രണ്ടാളും. പ്രേമിച്ചുതുടങ്ങിയിട്ടു 5 വർഷമായി. ആർക്കെങ്കിലും ഒരാൾക്ക് ജോലി കിട്ടിയാൽ വിവാഹം എന്നായിരുന്നു തീരുമാനം. തെലുങ്കു വാദ്ധ്യാനെ ത്താത്തതിനാൽ കന്യകാപരമേശ്വരീ ക്ഷേത്രത്തിലെ പൂജാരിയായി തുടർന്നു. വിമലയുടെ അഛൻ രാമയ്യരിൽ നിന്ന് ഇതിനിടയിൽ ശ്രീരുദ്രവും പഠിച്ചു.

**തിരുമണം**

വിമലയുമായുള്ള ബന്ധം ആൾക്കാരൊക്കെ അറിഞ്ഞു തുടങ്ങി. ഏതു പ്രശ്നവും കുറച്ചു കഴിഞ്ഞാൽ ലഘൂകരിക്കപ്പെടും .അതാണ് ജീവിതം എന്നെ പഠിപ്പിച്ചത്. കന്യകാപരമേശ്വരിയുടെ അനുഗ്രഹം എന്നുമുണ്ടല്ലോ . ദിവസങ്ങൾക്കുള്ളിൽ എനിക്ക് രജിസ്ട്രേഷൻ വകുപ്പിൽ ജോലി കിട്ടി. അപ്പോഴേക്കും എതിർപ്പുകൾ കുറഞ്ഞിരുന്നു. മങ്ങത്തായ ദാമോദരൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ ക്രിയാദികളോടെ ഞങ്ങളുടെ വേളി ഔദ്യോഗികമായി നടത്തി.

ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ സഹോദരി ദേവകിയെ വെങ്കളോട്ടില്ലത്ത് ഗോവിന്ദൻ നമ്പൂതിരിയാണ് വേളി കഴിച്ചത് .പട്ടാളക്കാരനായ ഇദ്ദേഹത്തിന് ഇന്ത്യാ പാക്കിസ്ഥാൻ യുദ്ധത്തിൽ കാലു നഷ്ടപ്പെട്ടു .ഇന്ദിരാഗാന്ധി ഗവർമെന്റ് കണ്ണൂർ ജില്ലയിലെ മണ്ണെണ്ണ ഡീലർ ഷിപ്പ് വിമുക്തഭടനായ ഗോവിന്ദൻ നമ്പൂതിരിക്ക് നൽകി .

നിയതിയുടെ പദ്ധതികൾ വളരെ വലുതാണ് .വർഷങ്ങളായി അമ്പലക്കാർ അന്വേഷിക്കുന്ന തെലുങ്ക് വാദ്ധ്യാർ അടുത്ത ദിവസം എത്തി. അമ്പലത്തിലെ ശാന്തി മതിയാക്കിയെങ്കിലും ജീവിതത്തിൽ എക്കാലവും ലഭിച്ച 'വിമല'മായ ശാന്തിയോടെ ഞാൻ ഇല്ലത്തേക്ക് തിരിച്ചു .

**ഉദ്യോഗപർവ്വം**

കേരളാ റജിസ്ട്രേഷൻ വകുപ്പിൽ കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിൽ ജോലി ചെയ്തു. പൊതുവെ ടെൻഷനും ദേഷ്യവും എന്റെ പ്രകൃതമല്ല. ഡിപ്പാർട്ട്മെന്റിൽ സത്യം തുറന്നു പറയുന്നതു കൊണ്ടും നിയമങ്ങൾ നടപ്പാക്കണമെന്ന നിർബന്ധമുള്ളതു കൊണ്ടും മേലുദ്യോഗസ്ഥരുടെ ഗുഡ് ലിസ്റ്റിൽ ഞാൻ പെടാറില്ല. കൃത്യമായി ഭാഗപത്രങ്ങളും വിൽപ്പത്രവും സൂക്ഷിക്കാത്തതിനാൽ ഒരു ബാങ്ക് ലോൺ പോലും ലഭിക്കാതെ നരകിക്കുന്ന നമ്പൂതിരിമാർ ധാരാളമുണ്ട്. റജിസ്റ്റാർ ആയിരിക്കുമ്പോൾ സമുദായത്തിലെ ചിലർക്കെങ്കിലും ന്യായമായ സഹായങ്ങൾ ചെയ്ത് രേഖകൾ ക്രമപ്പെടുത്താൻ കഴിഞ്ഞു എന്നത് വലിയ സന്തോഷം നൽകിയിട്ടുണ്ട്. റജിസ്റ്റാർ വളരെ അധികാരമുള്ള പദവിയാണ്. ആരും റിസ്ക് എടുക്കാറില്ല എന്നതാണ് സത്യം .വ്യത്യസ്ത മതവിഭാഗങ്ങളിൽ പെട്ട രണ്ടു യുവതീ യുവാക്കൾ വിവാഹം റജിസ്റ്റർ ചെയ്യുന്നതിനായി എന്റെ മുന്നിലെത്തി .

എല്ലാ ശക്തിയുമുപയോഗിച്ച് വിവാഹം തടയാൻ മതതീവ്രവാദികൾ നയിക്കുന്ന വധൂഗൃഹക്കാരുടെ സംഘം തന്നെ ഓഫീസിന് പുറത്ത് നിൽപ്പുണ്ട്. എനിക്ക് വേണമെങ്കിൽ ചില ലൊട്ടുലൊടുക്ക് കാരണങ്ങൾ പറഞ്ഞ് കല്യാണം റജിസ്റ്റർ ചെയ്യാതിരിക്കാം. ബഹളം ഒഴിവാക്കാൻ സഹപ്രവർത്തകരും ആ വഴിയാണ് നിർദ്ദേശിച്ചത്. വരനേയും വധുവിനേയും ഞാൻ വിളിച്ചു സംസാരിച്ചു. അവരുടെ കണ്ണിൽ തീവ്ര പ്രണയത്തിന്റെ അണയാത്ത വെളിച്ചം ഞാൻ കണ്ടു. പോലീസ് പ്രൊട്ടക്ഷനിൽ വിവാഹം റജിസ്റ്റർ ചെയ്തു .എനിക്കും വലിയ ഭീഷണികളൊക്കെ ഉണ്ടായി. അന്നത്തെ ദമ്പതിമാർ ഇന്ന് സുഖമായി ജീവിക്കുന്നു .

**സംഘടനാപർവ്വം**

മനസ്സിൽ അടിയുറച്ച ചില സങ്കൽപ്പങ്ങൾ കാരണം സർക്കാർ സർവീസിലെ വലിയ യൂനിയനുകളിലായിരുന്നില്ല ഞാൻ പ്രവർത്തിച്ചത് .എംപ്ലോയീസ് സംഘിലായിരുന്നു എന്റെ അംഗത്വം .റിട്ടയർ ചെയ്യുമ്പോൾ കേരള ഗസറ്റഡ് ഓഫീസേർസ് സംഘിന്റെ വൈസ് പ്രസിഡണ്ട്.

**വ്യവസായപർവ്വം**

ഒരു പെട്രോൾ പമ്പ് തുടങ്ങണമെങ്കിൽ ചുരുങ്ങിയത് മെയിൻ റോഡ് സൈഡിൽ 20 സെന്റ് സ്ഥലം വേണം.




*ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി പൂജയിൽ*

## കേസ് മൂലം എനിക്ക് ലോക്കപ്പിൽ കിടക്കേണ്ടി വന്നു

"തറവാട്ടിലെ മൂത്തയാൾ സ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്ന രീതി എനിക്കും അഛനും പ്രശ്നങ്ങൾ മാത്രമേ ഉണ്ടാക്കിയിരുന്നുള്ളു. തറവാട്ടു ഭാഗപ്രകാരമുള്ള ചെറിയ സ്വത്ത് തന്നെ കോടതി മുഖാന്തിരമാണ് കൈവശം കിട്ടിയത്. ഇല്ലത്തെ കിഴക്കിനി പൊളിച്ച് വീടുണ്ടാക്കുന്നത് 1982 ൽ. 40 വർഷത്തോളം കേസു നടത്തിയാണ് ഒന്നര ഏക്കറും 3 ഏക്കറുമുള്ള 2പറമ്പുകൾ ഞങ്ങൾക്ക് കൈവശം കിട്ടിയത്. ഞങ്ങൾക്കവകാശപ്പെട്ട സ്ഥലത്ത് പ്രവേശിക്കരുതെന്നുള്ള ഇൻജക്ഷൻ ഉണ്ടായിട്ടു പോലും കൈയ്യൂക്കിന്റെയും രാഷ്ട്രീയ ബലത്തിന്റെയും പേരിൽ കയ്യേറി വർഷങ്ങളോളം കൈവശം വെച്ചു ചിലർ. കേസ് മൂലം എനിക്ക് ലോക്കപ്പിൽ കിടക്കേണ്ടി വന്നതും വലിയ അനുഭവമായി. അവിടെയും കന്യകാപരമേശ്വരി കാത്തു. ജോലിക്ക് ഒരു പോറൽ പോലും പറ്റാതെ ഞാൻ തിരിച്ചു വന്നു. മുൻസിഫ് കോടതി, ജില്ലാ കോടതി, ലാൻറ് ടിബ്യൂണൽ, അപ്പലറ്റ് ട്രിബ്യൂണൽ, ഹൈക്കോടതി സിംഗിൾ ബഞ്ച്, ഡിവിഷൻ ബഞ്ച് മുതൽ സുപ്രീം കോടതി വരെ കേസ് നടത്തേണ്ടി വന്നിട്ടുണ്ട്. എന്നെ സംബന്ധിച്ചേടത്തോളം എല്ലാം നേടിയെടുത്തത് പാവപ്പെട്ടവരുടെ യഥാർത്ഥ നീതിപീഠമായ കോടതികളിലൂടെയാണ്. ●



ഉണ്ണിയെ എനിക്ക് അഞ്ചാം ക്ലാസ് മുതൽ അറിയാം. ദാരിദ്ര്യത്തിലും ധാരാളം ദിവസം ഒന്നിച്ചിരുന്നുണ്ടിട്ടുണ്ട്. അന്നും ഇന്നും ഒരു വ്യത്യാസവുമില്ലാത്ത, വന്ന വഴി മറക്കാത്ത പെരുമാറ്റത്തിന് ഒരു ദണ്ഡനമസ്കാരം. ഉറച്ച ഈശ്വര ഉപാസനയും പിന്തിരിയാത്ത സ്ഥിരോത്സാഹവും എത്ര വലിയ പ്രതിബന്ധങ്ങളേയും തൃണവദ്ഗണിച്ചു തരണം ചെയ്യാനുള്ള ദൃഢനിശ്ചയവും ഏതു വിധിവൈപരീത്യങ്ങളേയും പുരോഗതിക്കുള്ള സോപാനങ്ങളായി സ്വീകരിച്ചു അതിജീവിക്കാനുള്ള ആത്മവിശ്വാസവും കഠിനാദ്ധ്വാനവും സ്ഥിതപ്രജ്ഞതയും സർവോപരി ദൈവാധീനവും ആണ് എന്റെ ഏറ്റവും അടുത്ത സുഹൃത്തായ എരഞ്ഞമ്പുറത്തു പാട്ടം ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി എന്ന അഷ്ടിക്കു പോലും കഷ്ടപ്പെട്ടിരുന്ന അതി ദരിദ്ര ബ്രാഹ്മണബാലനെ സർക്കാർ ഉദ്യോഗസ്ഥനും പടിപടിയായുർന്ന് സബ് റജിസ്ട്രാറും ആക്കിയതും അടുത്തൂൺ പറ്റിയ ശേഷം പെട്രോൾ പമ്പുകളുടെ മുതലാളിയും ധാരാളം തൊഴിലാളികളുടെ അന്നദാതാവും സാമൂഹ്യസേവകനും പൊതുകാര്യപ്രസക്തനും പ്രവർത്തകനും സകലജനസമ്മതനും എല്ലാം ആക്കിതീർത്തത്.

*മാളിക ഗോവിന്ദൻ നമ്പൂതിരി*
*റിട്ടയേർഡ് പിഎഫ്*
*ഓഫീസർ ,കോഴിക്കോട്*

റോഡിൽ നിന്നും പമ്പിലേക്ക് പ്രവേശിക്കാൻ 20 മീ എങ്കിലും ഫ്രൺടേജ് ഉണ്ടാവണം. സ്ഥലത്തിനു പുറമേ അരക്കോടിയിലധികം രൂപ മിനിമം മുതൽ മുടക്കുണ്ട്. പെട്രോൾ - ഡീസൽ സ്റ്റോക്ക് ചെയ്യാൻ 20-25 ലക്ഷം വേറെ കരുതണം. ഇനി ഒരു സംരംഭകന് തോന്നുമ്പോൾ തുടങ്ങാൻ പറ്റുന്ന സംഗതിയല്ല പെട്രോൾ പമ്പ്. രാജ്യത്തെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിതരണം കേന്ദ്ര ഗവർമെൻറ് നിയന്ത്രിക്കുന്ന കോർപ്പറേഷനുകൾ വഴിയാണ്. ഇന്ത്യൻ ഓയൽ , ഭാരത് പെട്രോളിയം തുടങ്ങിയവ. റിലയൻസ് പോലുള്ള സ്വകാര്യ കമ്പനികൾ ഈ രംഗത്ത് കടന്നു വരുന്നത് അടുത്ത കാലത്ത് മാത്രമാണ്. അവയും സർക്കാർ നിയന്ത്രണത്തിൽ മാത്രമേ പ്രവർത്തിക്കാവു എന്നാണ് വ്യവസ്ഥ .

വാഹനങ്ങളുടെ പെരുപ്പവും റോഡുകളുടെ സൗകര്യവും കണക്കാക്കി കാലാകാലങ്ങളിലായി പെട്രോൾ പമ്പ് തുടങ്ങേണ്ട സ്ഥലങ്ങൾ പെട്രോളിയം കോർപ്പറേഷനുകളാണ് നിശ്ചയിക്കുക .അത് വിജ്ഞാപനമായി പത്രങ്ങളിൽ പരസ്യപ്പെടുത്തും. വരാൻ പോവുന്ന പമ്പുകളുടെ ഉടമസ്ഥതയും അവർ തന്നെ നിശ്ചയിക്കും. ഉദാഹരണമായി വിമുക്തഭടൻ, ഹരിജൻ, ഗിരിജൻ, വിധവ എന്നിങ്ങനെ .

സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന രീതിയിലാണ് ഇത്തരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് .ബ്രാഹ്മണരായ നമ്മളൊക്കെ പൊതു വിഭാഗത്തിലാണ് വരിക .അവസരങ്ങൾ പൊതുവേ കുറവാവും എന്നർത്ഥം.

പെട്രോൾ പമ്പ് എന്നാണ് പേരെങ്കിലും പെട്രോളും ഡീസലും അതത് കമ്പനികളുടെ ലൂബ്രിക്കേറ്റിംഗ് ഓയലുകളും ഇവിടെ വിൽക്കണം. അപകട സാധ്യതയുള്ള ഇൻഫ്ളേമബിൾ കാറ്റഗറി ഉൽപ്പന്നങ്ങൾ ആണ് ഇവയെല്ലാം. ആയതിനാൽ ലൈസൻസ് ലഭിക്കൽ വലിയ കടമ്പയാണ് . ചില വ്യവസ്ഥകൾ പാലിക്കാൻ എളുപ്പമല്ല. മെയിൻ റോഡിനോട് ചേർന്ന് വേണം, എന്നാൽ തൊട്ടടുത്ത് ജനവാസമുള്ള റെസിഡൻറ് ഏരിയ ആവരുത് എന്നിങ്ങനെയാണ് വ്യവസ്ഥകൾ. എട്ട് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കിട്ടണം. അതു തന്നെ ഭഗീരഥപ്രയത്നമാണ്. എൻ ഒ സി കിട്ടിയാൽ മാത്രമേ പഞ്ചായത്ത് / കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെർമിറ്റ് ലഭിക്കൂ. പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലൈസൻസ് കിട്ടാൻ വലിയ തുകയാണ് അടക്കേണ്ടത്. ( വാർഷികമായി തുക അടച്ച് പുതുക്കുകയും വേണം) .അയൽവാസികളുടെ പരാതികൾ ഉണ്ടെങ്കിൽ അവ നിയമാനുസൃതം പരിഹരിക്കണം. ചുരുക്കത്തിൽ സമയബന്ധിതമായ ചെയിൻ ഓഫ് ആക്ഷൻസ് നിർബന്ധമായും നടത്തണം . എല്ലാം പൂർത്തിയായി നൽകിയാലും അപേക്ഷകൾ കാരണം കാണിച്ചും അല്ലാതെയും തള്ളാനും സാധ്യതകൾ ഏറെയാണ് .




*കോഴിക്കോട് പെരുവയൽ കട്ടയാട്ട് ദേവീക്ഷേത്രത്തെപ്പറ്റി എഴുതിയ പുസ്തകം*

## ഒറ്റച്ചോദ്യം

വാഹനങ്ങളിൽ പെട്രോൾ വാങ്ങുമ്പോൾ കൃത്യമായ തുക അതായത് 100 ,500 എന്നിവക്കു പകരം 1 ലിറ്റർ, 5 ലിറ്റർ. എന്നിങ്ങനെ അടിച്ചാൽ കൃത്രിമം കുറയും എന്നൊരു ധാരണയുണ്ട് .ശരിയാണോ?

അല്ലേ അല്ല .അതൊക്കെ ആളുകളുടെ തെറ്റിധാരണയാണ് .അങ്ങിനെയൊന്നും പമ്പിൽ കൃത്രിമം കാണിക്കാൻ പറ്റില്ല . സർപ്രൈസ് ഇൻസ്പെക്ഷനും മറ്റും എപ്പോളും ഉണ്ടാവാം. പിന്നെ കേരളത്തിൽ ഡീലേഴ്സ് മിക്കവാറും തന്നെ നിയമം പാലിക്കുന്നവരാണ്.
(എ പി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ,ഭാരത് പെട്രോളിയം മാവൂർ ഡീലർ

## വിവിധ താവഴികൾ

യു എസ് എയിൽ വലിയ ശാസ്ത്രജ്ഞരായിരുന്ന സുബ്രഹ്മണ്യൻ നമ്പൂതിരി ,കൃഷ്ണൻ നമ്പൂതിരി ,സിനിമാ സംവിധായകനായിരുന്ന കെ പി പാർത്ഥസാരഥി ,വനം വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ടി പി ശങ്കരൻ നമ്പൂതിരി ,റിട്ടയേർഡ് പ്രധാനാധ്യാപകൻ എ പി പദ്മനാഭൻ നമ്പൂതിരി ,സുകുമാരൻ നമ്പൂതിരി ,കട്ടയാട്ട് ക്ഷേത്രം മേശാന്തി ഉണ്ണി നാരായണൻ നമ്പൂതിരി ,തളി ക്ഷേത്രം മേൽശാന്തി കൃഷ്ണൻ നമ്പൂതിരി തുടങ്ങി സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ തിളങ്ങിയ നിരവധി പേർ എരഞ്ഞമ്പറമ്പത്ത് പാട്ടത്തിലും പാട്ടം ഇല്ലത്തെ വിവിധ താവഴികളിലുമുള്ളവരാണ്.

## പിന്നിട്ട വഴികളിലെ ഓരോ മണൽത്തരിയും നമ്മെ നയിച്ചവരാണ്.

കേരളം പോലുള്ള സംസ്ഥാനത്ത് സ്ഥലം വാങ്ങി പെട്രോൾ പമ്പ് തുടങ്ങുക വലിയ മുതൽമുടക്ക് വേണ്ട കാര്യമാണ്. കോടികൾ തന്നെ വേണ്ടി വന്നേക്കാം. എന്നാൽ റോഡരികിൽ ഇല്ലപ്പറമ്പുള്ള നമ്പൂതിരിമാർക്ക് ആലോചിക്കാവുന്ന ഒരു നല്ല ബിസിനസ് തന്നെയാണ് പെട്രോൾ ഔട്ട്ലെറ്റുകൾ. അൽപ്പം സ്ഥലമുണ്ട് എന്നത് നമ്മുടെ പ്ലസ് പോയന്റ് തന്നെയാണ്. കാടുപിടിച്ചു കിടക്കുന്ന ഇല്ലപ്പറമ്പ് വരുമാനമാർഗ്ഗമാക്കാലോ. പൂർണ്ണമായും ഇലക്ട്രിക് വാഹനങ്ങളുടെ യുഗം വന്നു ചേരാൻ ഇനിയും ഏറെ കാത്തിരിക്കണം എന്നതിനാൽ ഈ രംഗത്ത് നമുക്കിനിയും സാധ്യതകൾ ഉണ്ടെന്നർത്ഥം .

പെട്രോൾ പമ്പുടമ എന്ന നിലയിൽ ഈ മേഖലയിലെ തുടക്കക്കാർക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ ചോദിച്ചപ്പോൾ നിറഞ്ഞ ചിരിയോടെ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി പറഞ്ഞു 'അതിനു തക്ക പരിജ്ഞാനമൊന്നും എനിക്കില്ല. പിന്നിട്ട വഴികളിലെ ഓരോ മണൽത്തരിയും നമ്മെ നയിച്ചവരാണ്. അത് മറക്കാൻ പാടില്ല. ഈശ്വരനെ വിചാരിച്ച് ഇറങ്ങുക .സത്യത്തിന്റെ വഴി മാത്രം സ്വീകരിക്കുക .'

ശീവേലി കണ്ട കുട്ടികൾ ആനപ്പുറത്തിരുന്ന മേശാന്തിയോട് ഇങ്ങിനെ ചോദിച്ചു (കവിത: പണ്ടത്തെ മേശാന്തി – അക്കിത്തം)

'എന്നെയുമാനപ്പുറത്തു കയറ്റണം/
എന്നെയുമെന്നെയുമെന്നെയുമെന്നെയും'

മേശാന്തിയുടെ അർത്ഥഗർഭമായ മറുപടി ഇങ്ങിനെയായിരുന്നു .

'എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ' ●

ഒരു ചെറു കച്ചവടം പോലും ഇക്കാലം വരെ നടത്താത്ത ഞാൻ ഏറെ സങ്കീർണമായ മേഖലയിലാണ് ഹരിശ്രീ കുറിക്കാൻ ശ്രമിച്ചത് . സത്യം പറഞ്ഞാൽ അത്ര പരിഭ്രമമൊന്നും ഉണ്ടായില്ല. ജീവിതത്തിലെ കടുത്ത പരീക്ഷണങ്ങൾ തന്ന ആത്മവിശ്വാസം വളരെ വലുതായിരുന്നു. വിമലയുടെ അതിശക്തമായ, എന്നാൽ എടുത്തു ചാടുന്ന എനിക്ക് ഒരു ബ്രേക്ക് നൽകുന്ന , പിന്തുണയും ഉണ്ടായി. ഏതായാലും ഈശ്വരാനുഗ്രഹത്താൽ മകൻ ഹരീഷിന്റെ പേരിൽ 2009 ൽ ഞങ്ങളുടെ ആദ്യത്തെ പെട്രോൾ പമ്പ് -ഹരിശ്രീ – തുടങ്ങി .

രണ്ടാമത്തെ ഔട്ട്ലെറ്റ് മാവൂരിലാണ്. അറുപതു വർഷങ്ങൾക്കു മുമ്പ് ,ഞങ്ങളുടെ അമ്മയുടെ അകാലമരണത്തിന് ശേഷം മക്കളായ എന്നെയും ഓപ്പോളേയും അനിയത്തിയെയുമായി നടന്നലഞ്ഞ അച്ഛന് ആശ്രയം നൽകിയ കണ്ണിപറമ്പിന് വളരെ അടുത്താണ് മാവൂർ . ഇന്നും അത്യത്ഭുതമായി ശിവരാത്രിക്ക് സ്വയംഭൂവായ തീർത്ഥം ഉണ്ടാവുന്ന കണ്ണിപറമ്പിലെ (കണ്വമഹർഷിയുടെ ആശ്രമം ഇവിടെയായിരുന്നതിനാലാണ് കണ്ണിപറമ്പ് എന്ന പേർ വന്നത്) മഹേശ്വരന്റെയും ദേവിയുടെയും പേരാണ് പെട്രോൾ പമ്പിന് ഞാൻ മനസ്സിൽ കണ്ടത് .രാഷ്ട്രീയ കാരണങ്ങളാൽ മാവൂർ പഞ്ചായത്ത് പെർമിറ്റ് തന്നില്ല. ആശ്രയം കോടതി തന്നെയായി. അനുകൂല വിധി വന്നു. സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ശേഷം 2014 ൽ ശിവശക്തി പെട്രോളിയം തുടങ്ങുന്നത് അങ്ങിനെയാണ് .

### പ്രശാന്തിപർവ്വം

ജീവിതത്തിൽ തിരിഞ്ഞു നോക്കുമ്പോൾ പൂർണ സംതൃപ്തി. ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ നിന്നും വിദ്യാഭ്യാസം, ജോലി ഇവ നേടാനായത്, പ്രണയിച്ച കൂട്ടുകാരിയെ ജീവിത സഖിയായി ലഭിച്ചത് ,ഒന്നുമില്ലായ്മയിൽ



*ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ സോദരി: രുഗ്മിണി, ഗോപാലൻ നായരുടെ സഹധർമ്മിണി*

നിന്നും സ്വന്തമായി വീട്, അത്യാവശ്യം സ്വത്തുക്കൾ, ബിസിനസ്, നല്ല നിലയിൽ ജീവിക്കുന്ന മക്കൾ, പേരക്കുട്ടികൾ, എല്ലാം ഈശ്വരൻ കനിഞ്ഞു തന്നത്. എപ്പോഴുമുള്ള ഭഗവൽസ്മരണ, കഴിയുന്നത്രയുള്ള നാമജപം. ചെറുപ്പത്തിൽ എന്റെ അമ്മ മരിച്ചു. അച്ഛൻ വല്ലാതെ കഷ്ടപ്പെട്ടു:ഒരു നേരത്തെ ഭക്ഷണത്തിന് പോലും ഗതിയില്ലാതായി. എന്നിട്ടും എന്റെ പഠനം മുടക്കാതെ അച്ഛൻ കൊണ്ടുപോയി .കുറുമാപ്പള്ളി വഴി സാമൂതിരി സ്കൂളിലും പിന്നീട് എം ബി ട്യൂട്ടോറിയലിലും അയ്യരുടെ ടൈപ്പ് ഇൻസ്റ്റിറ്റ്യൂട്ടിലും എത്തിച്ചതും പരമസാധുവായ എന്റെ അച്ഛനാണ്.

*അഖിലാനപരാധാൻ മേ*
*ക്ഷമ സ്വ കരുണാനിധേ*
*പ്രസീദ മത് ഗുരോ നാഥാ*
*ജനകായ നമോ നമ:*

എന്ന് ഞാനെപ്പോഴും നമസ്ക്കരിക്കും.

പണ്ടത്തെ മേശാന്തി ഇന്നും പൂജക്കാരനും പരികർമ്മിയുമാണ് .ഇല്ലത്ത് നിത്യപൂജകളും തേവാരവും .നിത്യം ശ്രീരുദ്രം.നാട്ടിലെ ഏത് അമ്പലത്തിൽ പൂജ മുടങ്ങിയാലും മുട്ടുശാന്തി കഴിക്കാൻ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ഉണ്ടാവും .പ്രതിഫലത്തിനല്ല ,അതാണ് ബ്രാഹ്മണന്റെ ധർമ്മം എന്ന തിരിച്ചറിവിൽ. നിരവധി തവണ ശ്രീമദ് ഭാഗവതം പാരായണം ചെയ്തിട്ടുണ്ട് .ഇല്ലത്തും മാവൂർ സന്താനഗോപാലമൂർത്തി ക്ഷേത്രത്തിലും. കട്ടയാട്ട് ദേവീചരിതം എന്ന പുസ്തകത്തിന്റെ രചയിതാവാണ് .കൊക്കോഴിക്കോട് ക്ഷേത്രത്തിൽ ദശാബ്ദങ്ങളായി നടക്കുന്ന അതിരുദ്രത്തിൽ എല്ലാ വർഷവും പങ്കെടുക്കാറുണ്ട്. ഭാരതത്തിലെ പ്രധാനക്ഷേത്രങ്ങളിലെല്ലാം തീർത്ഥാടനം നടത്തി .കൈലാസ മാനസസരോവർ യാത്രയിൽ ലഭിച്ച ആനന്ദമാണ് സച്ചിദാനന്ദം എന്ന് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി പറഞ്ഞു .പാലക്കോൾ നാരായണൻ നമ്പൂതിരി ,കേശവൻ നമ്പൂതിരി എന്നിവരുടെ കൂടെ ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലും ഇന്തോനേഷ്യയടക്കമുള്ള മറുനാടുകളിലും ധാരാളം പൂജകൾക്ക് പോയിട്ടുണ്ട്.

സംഘപരിവാർ സംഘടനകളുമായി എന്നും ബന്ധമുണ്ട്.പൂജനീയ മോഹൻജി ഭഗവതിനെ പരിചയപ്പെടാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കാണുന്നു. അതു പോലെ ഗോവാ ഗവർണർ പി എസ് ശ്രീധരൻ പിള്ളയുമായി ഏറെ കാലത്തെ പരിചയമുണ്ട്. കേസരി പ്രസിദ്ധീകരിക്കുന്ന ഹിന്ദുസ്ഥാൻ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി ആയ അഡ്വക്കറ്റ് ശ്രീകുമാർ എന്റെ നാട്ടിലാണ്; എറ്റവും അടുപ്പക്കാരനുമാണ്. വർഷങ്ങളായി ബാലഗോകുലം ശോഭായാത്രകളുടെ ഉത്തരവാദിത്തമുണ്ട് . ഇടിക്കോട്ട് അയ്യപ്പക്ഷേത്രസമിതി , പെരുവയൽ ഗായത്രി സ്കൂൾ ,പെരുമൻപുറ വൈദിക വിജ്ഞാന കേന്ദ്രം എന്നിവയുടെ തുടക്കം മുതൽ തന്നെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. യോഗക്ഷേമസഭ പെരുമണ്ണ ഉപസഭാംഗമാണ്. ●

എ പി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി,
ഭാരത് പെട്രോളിയം മാവൂർ ഡീലർ,
ഫോൺ : 9446 402270

## ഒരന്തർജനത്തിന്റെ അത്യപൂർവമായ ജീവിത കഥ

# ദാരിദ്ര്യമായിരുന്നു കളിക്കൂട്ടുകാരി

കടുത്ത ദാരിദ്ര്യം അനുഭവിച്ച കാലമായിരുന്നു 1960-1975. അതിനാൽ, ഇപ്പോഴത്തെ പെൺകുട്ടികൾക്കൊന്നുമില്ലാത്ത ഒരുപാട് ദുരിതങ്ങൾ കുട്ടിക്കാലത്തേ നേരിടേണ്ടി വന്നു. ദാരിദ്ര്യത്തിന്റെ കൂടപ്പിറപ്പായ പട്ടിണി. അതിനെ മറികടക്കാൻ കടം വാങ്ങൽ. വാങ്ങിയ കടം വീട്ടാനാവാത്തതിന്റെ മാനക്കേട്. അങ്ങനെയങ്ങനെ ഒരു വശത്ത്. സംസ്കരിക്കാൻ ഒരിടമില്ലാതെ മൃതദേഹവുമായി കാത്തു കെട്ടിയിരുന്നതു പോലുള്ള തിക്തമായ അനുഭവങ്ങൾ വേറെയും. പത്തു പതിനാറു വയസ്സിനിടെ അനുഭവിച്ചു തീർത്തത് നാലഞ്ചു ജന്മത്തേക്കുള്ള യാതനകളാണ്. അല്ലെങ്കിൽപ്പിന്നെ

**റേഷൻ ഷാപ്പിൽപ്പോലും കടം പറഞ്ഞ് അരി വാങ്ങിയ ഏതെങ്കിലും പെൺകുട്ടി ഇക്കാലത്തുണ്ടാവുമോ.**

എസ്. ഗിരിജ ദേവി



ബാർബറായ ബാലന്റെ മകളുടെ കഥയില്ലേ ശ്രീനിവാസന്റെ ഒരു സിനിമയിൽ. ഫീസടക്കാൻ വഴിയില്ലാതെ ക്ളാസിൽ നിന്ന് ഇറക്കി വിടുന്നത്. ആ സീൻ കാണുമ്പോൾ പലതും ഓർമ്മ വരും. ക്ളാസ് ടീച്ചർ കടം തന്നതിനാൽ ഇറങ്ങിപ്പോവേണ്ടി വന്നില്ലെന്നു മാത്രം. പക്ഷേ, ആ കടം വീട്ടാനാവാതെ വർഷങ്ങളോളം ഉള്ളു നീറിയത് ഇന്നും ആറിയിട്ടില്ല.

സ്കൂൾ വിട്ടു വീട്ടിൽ വന്നാലുടൻ അമ്മ പറയും റേഷൻ കടയിൽ പോകാനുണ്ടെന്ന്. വൈകീട്ട് വല്ലതും കഴിക്കണമെങ്കിൽ വാങ്ങിക്കൊണ്ടു വന്നിട്ടു വേണം. സ്കൂളിൽ നിന്ന് നടന്നാണ് വരുന്നത്. ആ വഴിയിലാണ് റേഷൻകടയും. വീണ്ടും തിരിച്ചു പോകണം. ആഴ്ചയിലൊരിക്കൽ ഇതു വേണ്ടിവരും. ചിലപ്പോൾ അമ്മ പൈസ തരും. മറ്റു ചിലപ്പോൾ പൈസയാവില്ല .അച്ഛൻ എഴുതി വച്ച കത്താവും തരിക. റേഷൻ കടമുതലാളിയായ കുഞ്ഞച്ചൻ എന്ന ആളിനുള്ളതാണ് കത്ത്. എല്ലാ കത്തിന്റെയും അടിയിൽ അച്ഛൻ സ്ഥിരമായി എഴുതാറുണ്ട്. 'ഉപേക്ഷ വിചാരിക്കരുത്, ശമ്പളം കിട്ടുമ്പോൾ തന്നോളാം.'

കടയിൽ പോയി സാധനങ്ങൾ കടം പറഞ്ഞു വാങ്ങുന്ന ജോലി എനിക്കും കൊച്ചേച്ചിക്കും ആയിരുന്നു.

ചിലപ്പോഴൊക്കെ കട മുതലാളിയുടെ ശകാരവും കിട്ടാറുണ്ട്. അതു കാരണം സങ്കടം വരും . എങ്കിലും കത്തും സഞ്ചിയും റേഷൻ കാർഡുമായി ഞാനും ചേച്ചിയും പോകും. റേഷൻ കടയിൽ നല്ല ക്യൂ കാണും. ഞങ്ങൾ പൈസ കൊണ്ട് വന്നിട്ടുണ്ടെങ്കിൽ ക്യൂവിൽ കയറി കാർഡ് നീട്ടി അരിയും ഗോതമ്പും മണ്ണെണ്ണയും വാങ്ങും.

അച്ഛന്റെ കത്തുമായാണ് പോകുന്നതെങ്കിൽ പിറകിൽ പമ്മിപ്പമ്മി നില്ക്കും. എല്ലാരും പോയശേഷം മുതലാളിയുടെ കയ്യിൽ കത്ത് കൊടുക്കും. കാത്തുവായിച്ച ശേഷം മുതലാളി ഞങ്ങളെ നോക്കിയിട്ട് പറയും എന്നും ഇങ്ങനാണല്ലോ എന്ന്. ഞങ്ങൾ ഒന്നും മിണ്ടില്ല. മുതലാളി ജോലിക്കാരോട് പറയും വേണ്ട സാധനങ്ങൾ തൂക്കി കൊടുക്കാൻ. സഞ്ചി ഞങ്ങൾ പിടിച്ചു കൊടുക്കും. വാങ്ങിക്കൊണ്ട് ഞങ്ങൾ നേരെ മില്ലിൽ പോയി പൊടിപ്പിക്കും. അവിടെയും കടമാണ്.

ഗോതമ്പു മാത്രമാണ് പൊടിക്കുന്നത്. കടം രേഖപ്പെടുത്താൻ ഒരു കൊച്ചു ബുക്കുണ്ട്. അതിൽ മില്ലുകാരൻ കുറിക്കും. ആ കണക്കു തീർക്കുന്നത് അച്ഛൻ തന്നെയാണ്. ചിലപ്പോൾ പൊടിക്കൂലി തന്നാൽ ബാക്കി പൈസക്ക് ഞാനും ചേച്ചിയും നാരങ്ങ മുട്ടായി വാങ്ങും. കയ്ക്കുന്ന ജീവിതത്തിൽ കിട്ടുന്ന അപൂർവമായ മധുരങ്ങൾ.

അങ്ങനെ പല തവണ റേഷൻ കടയിൽ പോയിട്ടുണ്ട്. കടം വീട്ടാൻ അച്ഛനെ ഓർമ്മിപ്പിച്ചു പൈസ വാങ്ങുന്നതും ഞാൻ തന്നെ ആയിരുന്നു. ഒരു കയ്യിൽ മണ്ണെണ്ണക്കുപ്പി. മറു കയ്യിൽ അരി. ചേച്ചി ഗോതമ്പു പിടിക്കും. ചുമന്നു വീട്ടിൽ കൊണ്ടുവരുമ്പോൾ സമയം 6 മണിയാകും. പിന്നെ കാൽ കഴുകി നാമം ജപിക്കും. ജപിക്കുമ്പോൾ മനസ്സ് മുഴുവൻ അടുക്കളയിലാണ്. കാരണം വിശപ്പുതന്നെ. ഇന്ന് ചപ്പാത്തിയാണോ കഞ്ഞിയാണോ എന്നാവും നോട്ടം. ഗോതമ്പു പൊടിച്ച ദിവസമാണെങ്കിൽ ചപ്പാത്തിയാവും.

അങ്ങനെ റേഷൻ കടയിൽ, പലചരക്കു കടയിൽ, ഗോതമ്പു മില്ലിൽ.... എന്നു വേണ്ട ഒരു മാതിരിപ്പെട്ട എല്ലാ സ്ഥലത്തും കടം. അതും പെൺകുട്ടികളായ ഞങ്ങൾ പോയി വാങ്ങണം. പൊതുസ്ഥലത്തെല്ലാം കടക്കാരിയായി കഴിയുന്ന



**ദുഃഖത്തിന്റെ സഹയാത്രികരായ അച്ഛനും അമ്മയും:** *മാന്നാർ കുട്ടമ്പേരൂർ കാക്കനാട്ടു മഠത്തിൽ എ.വി.പരമേശ്വരൻ ഭട്ടതിരിയും പത്നി ശ്രീദേവി അന്തർജനവും*

**റേഷൻ കടമുതലാളിയായ കുഞ്ഞച്ചന് നൽകാൻ അച്ഛൻ കത്തെഴുതി വച്ചിട്ടുണ്ടാവും. എല്ലാ കത്തിൻറെയും അടിയിൽ അച്ഛൻ സ്ഥിരമായി എഴുതാറുണ്ട്. ഉപേക്ഷ വിചാരിക്കരുത്, ശമ്പളം കിട്ടുമ്പോൾ തന്നോളാം. ആ കത്തുമായി ഞാനും കൊച്ചേച്ചിയും റേഷൻ കടയിൽ പോവും. എല്ലാരും പോയശേഷം മുതലാളിയുടെ കയ്യിൽ കത്ത് കൊടുക്കും. കാത്തുവായിച്ച ശേഷം മുതലാളി ഞങ്ങളെ നോക്കിയിട്ട് പറയും എന്നും ഇങ്ങനാണല്ലോ എന്ന്. ഞങ്ങളാകെ വല്ലാണ്ടാവും**

കാലത്താണ് കടം ഒരു ദുരന്തമായി സ്കൂൾ കോമ്പൗണ്ടിലേക്കും പ്രവേശിച്ചത്.

അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു അത്. അക്കാലത്തെല്ലാം സ്കൂളിൽ ടേം ഫീസ് അടക്കണം.5 രൂപയാണ് വേണ്ടത്. അത് കൊടുക്കാൻ കുറച്ചൊന്നുമല്ല കഷ്ടപ്പെട്ടത്. അവസാന ദിവസം കഴിഞ്ഞിട്ടും കൊടുക്കാത്തത് കൊണ്ട് ക്ലാസ്സ് ടീച്ചർ പേര് വിളിച്ചു. ഫീസ് കൊടുക്കാത്ത കുട്ടികളുടെ പേര്. അത് വീട്ടിൽ പറഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു ടീച്ചറിനോട് കാശ് ചോദിക്കാൻ.

എങ്ങനെ ചോദിക്കും. ടീച്ചർ എന്താവും പറയുക. വല്ലാത്ത വിഷമം തോന്നി.

അടുത്ത ദിവസം സ്കൂളിൽ പോവാൻ തന്നെ തോന്നിയില്ല. സുഭദ്രടീച്ചറാണ് ക്ലാസ്സ് ടീച്ചർ . എങ്ങനെ ചോദിക്കും എന്നു പേടിച്ചു വെപ്രാളപ്പെട്ടു. ഒടുവിൽ, ടീച്ചർ ക്ലാസിൽ നിന്നിറങ്ങിയപ്പോൾ വിറച്ചു വിറച്ചു പിറകെ പോയി പറഞ്ഞു. ടീച്ചർ എന്നെക്കൂട്ടി സ്റ്റാഫ് റൂമിൽ ചെന്ന് ബാഗ് തുറന്ന് 5 രൂപ തന്നു. ഞാൻ ആ രൂപ ടീച്ചറിന് തന്നെ കൊടുത്തിട്ടു പറഞ്ഞു ടീച്ചർ ഇതെന്റെ ഫീസ് ആണ്. അടുത്ത മാസം അച്ഛൻ തരുമ്പോൾ തിരിച്ചു തരാം എന്നു പറഞ്ഞു. ടീച്ചർ ചിരിച്ചോണ്ട് തലകുലുക്കി.

എന്നാൽ അടുത്തമാസം അതിലും മോശമായിരുന്നു അവസ്ഥ. അച്ഛൻ തന്നില്ല. തരാം എന്നു പറഞ്ഞതു മാത്രം മിച്ചം. പിന്നീട് ടീച്ചർ ക്ലാസ്സിൽ വരുമ്പോൾ എനിക്ക് വെപ്രാളമാണ്. ടീച്ചർ ചോദിച്ചാൽ എന്തു പറയും. അന്ന് ചോദിച്ചില്ല. ടീച്ചർ മറന്നതാവും. എന്തായാലും നാളെ ചോദിക്കാതിരിക്കില്ല. അങ്ങനെ ഒരാഴ്ച കഴിഞ്ഞു. പിന്നത്തെ തിങ്കളാഴ്ച സ്കൂളിലെത്തി. കയ്യിൽ കാശില്ല. ഇന്ന് ചോദിച്ചാൽ എന്തു പറയും. പക്ഷേ, അന്നും ടീച്ചർ ചോദിച്ചില്ല. അങ്ങനെ 5 വർഷം കഴിഞ്ഞു ടീച്ചർ ചോദിച്ചേയില്ല. അച്ഛൻ തന്നുമില്ല. സ്കൂളിൽ നിന്ന് പിരിയുമ്പോഴും ആ കടം വീട്ടിയിട്ടില്ല.ടീച്ചർക്ക് അഞ്ചുരൂപയുടെ കടക്കാരിയായി സ്കൂളിനോട് വിട പറഞ്ഞു.

എങ്ങനെ കടം വീട്ടുമെന്നു എന്നും ഓർക്കും. കോളേജിൽ ചേർന്നു. പിന്നെയും 5 വർഷം കൂടി കഴിഞ്ഞു. ഒരിക്കൽ ഞാനും ചേച്ചിയും കൂടി ഒരു സ്ഥലത്ത് പോയിട്ട് തിരിച്ചു വരുമ്പോൾ ചേച്ചി പറഞ്ഞു ഇതാണ് സുഭദ്ര ടീച്ചറിന്റെ വീട് എന്നു. ടീച്ചർ റിട്ടയർ ആയിരുന്നു. ഞാൻ പറഞ്ഞു ചേച്ചിയോട് പണ്ടത്തെ 5 രൂപ കൊടുക്കാനുണ്ട് . ഞങ്ങളുടെ കയ്യിലുള്ള പൈസ എണ്ണിനോക്കി. 50രൂപ ഉണ്ട്. നേരെ ടീച്ചറിന്റെ വീട്ടിൽ കയറി. ടീച്ചറിന് മനസ്സിലായില്ല ഞാൻ പരിചയപ്പെടുത്തി. കാര്യം പറഞ്ഞപ്പോൾ ഞങ്ങൾ മൂന്നു പേരുടെയും കണ്ണ് നിറഞ്ഞു. ടീച്ചർ ആ പൈസ വാങ്ങിയിട്ട് എനിക്കു തന്നെ തിരിച്ചു തന്നു. എന്നിട്ട് പറഞ്ഞു. കുട്ടി ഇപ്പോൾ പഠിക്കുന്ന കോളേജിലെ ആവശ്യത്തിനു എടുത്തോളൂ. തിരികെ



*ഭർത്താവ് നീലകണ്ഠൻ പോറ്റിയുമൊത്ത് ഗിരിജ അന്തർജനം*

**റേഷൻ കടയിൽ, പല ചരക്കു കടയിൽ, ഗോതമ്പു മില്ലിൽ.... എന്നു വേണ്ട ഒരു മാതിരിപ്പെട്ട എല്ലാ സ്ഥലത്തും കടം. പൊതു സ്ഥലത്തെല്ലാം കടക്കാരിയായി കഴിയുന്ന കാലത്താണ് കടം ഒരു ദുരന്തമായി സ്കൂൾ കോമ്പൗണ്ടിലേക്കും പ്രവേശിച്ചത്. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു അത്.**

വാങ്ങാൻ അല്ല അന്ന് തന്നത്. ഉയരങ്ങളിൻ എത്താനാണ്. നിങ്ങൾ ഓർത്തു വന്നതിൽ അതിയായ സന്തോഷം ഉണ്ട് ഇനിയും വരണം. എന്നു പറഞ്ഞു അനുഗ്രഹിച്ചു. പിന്നെ ജോലി കിട്ടിയിട്ട് സ്വീറ്റ്സും വാങ്ങി പോയിരുന്നു.

ഇതു പോലെ എത്രയെത്ര അനുഭവങ്ങൾ. ഇന്നത്തെ പോലെ ഗ്യാസും ഗ്യാസടുപ്പുമില്ല. കത്തിക്കാൻ തൊണ്ടും ചിരട്ടയുമാണ്. ഒരു വീട്ടിൽ നിന്ന് തേങ്ങാതൊണ്ടും ചിരട്ടയും വാങ്ങുമായിരുന്നു. ഞാനും കൊച്ചേച്ചിയും കൂടി ആയിരുന്നു വാങ്ങാൻ പോയിരുന്നത്. തൊണ്ടു വാങ്ങുന്ന വീട്ടിൽ ചങ്ങലയിട്ടു ബന്ധിച്ചിരുന്നു ഒരു ഭ്രാന്തൻ ഉണ്ടായിരുന്നു. അതുവഴി പോകുമ്പോൾ ആദ്യമൊക്കെ വലിയ പേടിയായിരുന്നു. പിന്നെ സാവധാനം അതു മാറി. ഒരു ദിവസം ഊണ് ഉണ്ടാക്കാൻ അരിയില്ല. അമ്മപറഞ്ഞു ചക്ക കിട്ടിയാൽ മതിയായിരുന്നു. ഞാനും ചേച്ചിയും കൂടി അടുത്ത വീട്ടിൽ ചെന്ന് ചക്ക ചോദിച്ചു. അവർ ചക്ക തന്നു. അന്ന് ഉച്ചക്ക് ചക്ക വേവിച്ചത് ആയിരുന്നു ഭക്ഷണം.

സ്കൂളിൽ മാഷായിരുന്നു അച്ഛൻ. ഒരാളിന്റെ വരുമാനംകൊണ്ട് 8 അംഗങ്ങളുള്ള കുടുംബം കഴിയാൻ പാടായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് വിവാഹം നടത്തിക്കൊടുക്കുന്ന ജോലിയും അച്ഛൻ ചെയ്യാറുണ്ട്. ഇതുമൂലം ധാരാളം പേരെ പരിചയപ്പെടാനും അത് വഴി പല സഹായങ്ങളും ലഭിക്കാനും ഇടയായി.

ഞാൻ എട്ടാം ക്ളാസ്സിൽ പഠിക്കുമ്പോഴാണ് വന്മഴിയിൽ നിന്നു മാറി ചെങ്ങന്നൂർ അമ്പലത്തിനടുത്തുള്ള കൊച്ചു മഠത്തിൽ താമസം തുടങ്ങിയത്. എല്ലാ ദിവസവും രാവിലെ അമ്പലത്തിൽ പോയി 12 തവണ പ്രദക്ഷിണം വയ്ക്കണം എന്ന് അച്ഛൻ പറഞ്ഞതനുസരിച്ച് 41 ദിവസം മുടങ്ങാതെ അങ്ങനെ ചെയ്തു. എനിക്ക് ഡാൻസിനോടുള്ള ഭ്രമം കണ്ടപ്പോൾ എന്നെ ഡാൻസ് പഠിക്കാൻ വിട്ടു. എന്നാൽ ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ അതു പാതി വഴിയിൽ നിന്നു പോയി. അങ്ങനെയുള്ള ഒരു സ്ഥലത്ത് കടം പറയാനാവില്ലല്ലോ. ഡാൻസ് പഠനം അത്യാവശ്യമൊന്നുമല്ലല്ലോ.

അച്ഛനെപ്പറ്റിയുള്ള ഓർമ്മകൾ തുടങ്ങുന്നത് ഒന്നാം ക്ളാസിൽ പഠിക്കുമ്പോഴാണ്. പുസ്തകങ്ങൾ വാങ്ങി തന്ന ശേഷം അതെല്ലാം ഭംഗിയായി പൊതിഞ്ഞു തരുന്നത് അച്ഛനായിരുന്നു. പഠിത്ത കാര്യത്തിൽ അമ്മക്ക് വലിയ ശ്രദ്ധയൊന്നുമില്ലായിരുന്നു. ഞങ്ങൾ അന്ന് പാണ്ടനാട്ട് വന്മഴി ദ്വാരകാശ്രമത്തിലായിരുന്നു താമസം. സ്കൂളിൽ നാലു മണി കഴിഞ്ഞ് എൻ.സി.സി. യുടെ പരിശീലനം ഉണ്ടെങ്കിൽ അച്ഛൻ താമസിച്ചേ വരുകയുള്ളൂ. വന്നു ചായ കുടിച്ചു കഴിയുമ്പോൾ ഞങ്ങൾ ഓരോരുത്തരോടും സ്കൂളിലെ അന്നത്തെ വിശേഷങ്ങൾ ചോദിക്കുമായിരുന്നു. സ്കൂളിൽ നിന്നു വന്നാൽ ഗൃഹപാഠം ചെയ്യാനുണ്ടോ എന്നു ചോദിക്കുമായിരുന്നു. ഗൃഹപാഠം ചെയ്തിട്ടേ ഞാൻ ഉറങ്ങുമായിരുന്നുള്ളു. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് പഠിച്ചിരുന്നത്.

വളരെ രസകരമായ ഒരു ചെറിയ ഓർമ. ഓലയിൽ അക്ഷരം പഠിക്കുന്ന സമയത്തേതാണ്.

ആശാൻ എഴുതി തരും ഞങ്ങൾ കൂവി അലച്ചു പറയുന്ന കാലം. രണ്ടു പയ്യൻസ് ഉണ്ടായിരുന്നു. ആശാന്റെ വീടിന്റെ മുമ്പിൽ ഒരു റോഡ് ഉണ്ട്. ഒരുദിവസം അവിടെ ഒരാൾ ഒരു സഞ്ചിയും തൂക്കി നില്ക്കുന്നു. സമയം 12 ഉച്ചക്ക്. ദാ അച്ചുകുത്തുകാരൻ വന്നേ എല്ലാരും ഓടിക്കോ എന്നു ഞാൻ പറഞ്ഞതും നിമിഷം കൊണ്ട് പിള്ളേരെല്ലാം പല വഴിക്കു ഓടിപ്പോയി. പിറ്റേന്നു ആശാൻ ഞങ്ങളെ പിടിച്ചുവച്ചു വാക്സിനേഷൻ കുത്തിപ്പിച്ചു. വസൂരിക്കെതിരെയുള്ള കുത്തിവെപ്പായിരുന്നു അത്. കൈ പഴുത്തു കുളം ആയി. അങ്ങനെ എന്തെല്ലാം വികൃതികൾ.

ചില ദിവസങ്ങളിൽ അത്താഴത്തിനു ചപ്പാത്തി ഉണ്ടാക്കാറുണ്ടായിരുന്നു. ഞങ്ങളെല്ലാവരും കൂടിയാണു പരത്തുക. അച്ഛന് പ്രത്യേകം വലുപ്പം കൂട്ടി പരത്തി നാലെണ്ണം ഉണ്ടാക്കും. അച്ഛൻ കഴിച്ച് പാത്രത്തിൽ മാത്രമേ അമ്മ കഴിക്കുമായിരുന്നുള്ളൂ. ഈ പതിവ് അച്ഛന്റെ വേർപാടു വരെയും അമ്മ തുടർന്നു.

രാവിലെ എന്നും ചക്കരക്കാപ്പി ഉണ്ടാക്കുമായിരുന്നു. അതിൽ നെയ്യൊഴിച്ചു കുടിക്കുന്നതായിരുന്നു അച്ഛന്റെ ശീലം.

ശബരിമലയിൽ നേദിച്ച നെയ്യാണ് അതിനായി ഉപയോഗിച്ചിരുന്നത്. എല്ലാ വർഷവും ശബരിമലയിൽ പോയി ദർശനം നടത്തുമായിരുന്നു. ഞങ്ങൾ മക്കളെ ഓരോരുത്തരെ ഓരോ വർഷവും കൊണ്ടുപോകുമായിരുന്നു. എനിക്ക് രണ്ടുപ്രാവശ്യം പോകാൻ ഭാഗ്യം ലഭിച്ചു.

ഒരു ദിവസം അത്താഴത്തിനു ഒന്നുമില്ലെന്നു അച്ഛൻ വന്നപ്പോഴാണ് അറിയുന്നത്. അപ്പോൾ തന്നെ അച്ഛൻ ഒരു ഹോട്ടലിൽ പോയി പലഹാരങ്ങൾ വാങ്ങിവന്നു. അന്ന് അത്താഴം അതായിരുന്നു. ചില ദിവസങ്ങളിൽ അച്ഛൻ തന്നെ വലിയ തടി കൊണ്ടുവന്ന് വിറകു കീറും, എന്നിട്ട് വരാന്തയിൽ അടുക്കി വയ്ക്കും. ഞങ്ങളാണ് എടുത്തു കൊടുക്കുന്നത്. മുറ്റത്തുനിന്ന് ഏറ്റവും ചെറിയ നുറുക്കു വരെ നുള്ളി പെറുക്കണം എന്ന് അച്ഛൻ പറയും. കാരണം കാശു കൊടുത്തു വാങ്ങുന്ന വിറകല്ലേ? അച്ഛൻ ചെയ്യാത്ത പണികളൊന്നും ഇല്ല. താമസസ്ഥലത്തു പലപ്പോഴും കക്കൂസ് ഉണ്ടാകാറില്ല. പിന്നീട് അച്ഛൻ കുഴിയെടുത്ത് കക്കൂസുണ്ടാക്കുന്നതു കണ്ടിട്ടുണ്ട്.

1967 ലാണ്. ഒരു ദിവസം എനിക്ക് പനിയും വയറുവേദനയും. അച്ഛനോട് പറഞ്ഞപ്പോൾ ആശുപത്രിയിൽ പൊക്കോളാൻ പറഞ്ഞു. രണ്ടര കിലോമീറ്റർ ദൂരം ഉണ്ട്. ബസിൽ പോക്കോളാൻ പറഞ്ഞ് 5രൂപ തന്നു. പത്തു വയസ്സു മാത്രമുള്ള ഞാൻ ഒറ്റയ്ക്ക് ആശുപത്രിയിൽ പോവണം. എനിക്ക് വെപ്രാളമായി. ഒറ്റയ്ക്ക് പോയിട്ടില്ല. ചേച്ചിയെ കൂടെ കൊണ്ടുപൊക്കോളാൻ പറഞ്ഞു. ഡോക്ടറോട് അസുഖം പറയുമ്പോൾ എനിക്ക് കരച്ചിൽ വരുമെന്നറിയാവുന്നതുകൊണ്ട് അച്ഛൻ ഒരു കത്ത് തന്നു. അതിൽ ഇങ്ങനെ എഴുതി. ഈ വരുന്ന എന്റെ മകൾക്കു വയറുവേദനയും പനിയും ഉണ്ട് പരിശോധിച്ചിട്ടു മരുന്ന് കൊടുത്തു വിടണം.

ഞാനും ചേച്ചിയും കൂടി എങ്ങനെയോ ബസിൽ കയറി പറ്റി. ഒരു രൂപ ടിക്കറ്റ് ആണ്. കണ്ടക്ടർ ചോദിച്ചു. എവിടെപ്പോകാൻ. ഞങ്ങൾ രണ്ടു ആശുപത്രിപ്പടി ടിക്കറ്റ് എന്നു പറഞ്ഞു. ഡോക്ടറുടെ മുറിയിൽ കയറി കത്ത് കൊടുത്തു. കിലുകിലാന്ന് വിറയ്ക്കാൻ തുടങ്ങി. അസുഖവിവരം ഒരുതരത്തിൽ പറഞ്ഞു. മരുന്ന് വാങ്ങി ബസ് വരുന്നത് വരെ റോഡിൽ നിന്ന് ബസ് കയറി ടിക്കറ്റ് എടുത്തു ഇല്ലത്തു വന്നപ്പോൾ സമയം 2 മണി.അങ്ങനെ ഒറ്റയ്ക്ക് ബസിൽ കയറാനും പോകാനും പഠിച്ചു.

കപ്ലാശ്ശേരിയിൽ വാടകയ്ക്ക് താമസിക്കുന്ന കാലത്ത് ഞാൻ പ്രീഡിഗ്രിക്കു പഠിക്കുകയായിരുന്നു. അവിടെ വച്ചാണ് അമ്മയുടെ അച്ഛനായ അപ്പൂപ്പൻ മരിച്ചത്. അന്ന് മഠത്തിൽ അച്ഛനുണ്ടായിരുന്നില്ല. അതിനാൽ എന്തു വേണമെന്നറിയാതെ ഞങ്ങൾ വിഷമിച്ചു. രാവിലെ ഒന്നും കഴിച്ചില്ല. അമ്മ ഉണക്കക്കപ്പ വേവിച്ചു വച്ചിട്ടുണ്ട് . മരണവീട്ടിൽ ഭക്ഷണം പാടില്ലല്ലോ.



*മക്കളായ ഭദ്ര, ശോഭന, ഗിരിജ, ജയശ്രീ, കല സന്തോഷ് എന്നിവർ അമ്മ ശ്രീദേവി അന്തർജനത്തോടൊപ്പം ( പഴയ ഫയൽ ഫോട്ടോ)*

**പഴയ കാലത്ത് ഉന്നത ജാതിക്കാർ നഴ്സിംഗിന് പോകില്ലായിരുന്നു. അച്ഛന്റെ കൂടെയുള്ള ടീച്ചേഴ്സ് നിർബന്ധിച്ചത് കൊണ്ടാണ് എന്നെ നഴ്സിംഗിന് വിട്ടത്. കുറച്ചു മാർക്കിന്റെ കുറവ് കൊണ്ടാണ് എം.ബി.ബി.എസ് കിട്ടാതിരുന്നത്. അപ്പോൾ ഒരു മെഡിക്കൽ ലൈൻ ഇരിക്കട്ടെ എന്നു ഞാനും കരുതി. 1999 ൽ ഞാൻ സ്വന്തം പൈസ കൊണ്ട് എം. എസ്. സി സൈക്കോളജി പഠിച്ചു പാസ്സായി. പിന്നീട് കൗൺസിലിങ് ആൻഡ് ഗൈഡൻസും ചെയ്തു. ഇപ്പോൾ കഷ്ടപ്പാടില്ലാതെ ജീവിക്കുന്നതിന്റെ പിന്നിൽ അച്ഛൻ നൽകിയ കരുത്തും ജീവിതാനുഭവങ്ങളുമാണ്**

ഞാനും ചേച്ചിയും കൂടി ചില്ലറ പൈസ നുള്ളിപ്പെറുക്കി അടുത്തൊരു ഹോട്ടലിൽ പോയി ഇഡ്ഡലി വാങ്ങിവന്നു. അടുത്ത വീട്ടിൽപ്പോയി അതു കഴിച്ചു.

അന്ന് ഫോൺ സൗകര്യമൊന്നും ഇല്ല. അമ്മാവന്മാർക്ക് ടെലിഗ്രാം അടിച്ചു. അച്ഛൻ സന്ധ്യക്ക് ആറു മണിയോടു കൂടിയാണു വന്നത്. അപ്പൂപ്പന്റെ ശരീരം എവിടെ ദഹിപ്പിക്കും? ഞങ്ങൾക്ക് സ്ഥലം ഇല്ലായിരുന്നു. വാടക വീട്ടിന്റെ ഉടമസ്ഥൻ അവിടെ ദഹിപ്പിക്കാൻ പറ്റില്ലെന്നു പറഞ്ഞു. കവിയൂരിൽ പറ്റുമോയെന്നു അച്ഛൻ ചോദിച്ചു. അവരും സമ്മതിച്ചില്ല. എങ്കിൽ പിന്നെ മണ്ണടിക്കു കൊണ്ടുപോകാമെന്നു തീരുമാനിച്ചു. കൊണ്ടു പോകാനായി ഒരു പെട്ടി വാങ്ങിക്കൊണ്ടു വന്നു. അപ്പോൾ തന്റെ പുരയിടത്തിൽ അടക്കിക്കൊള്ളാൻ അടുത്തു താമസിച്ചിരുന്ന തമ്പിസാർ പറഞ്ഞു. അപ്പൂപ്പന്റെ മൃതദേഹം അദ്ദേഹത്തിന്റെ പുരയിടത്തിലാണ് അടക്കം ചെയ്തത്.

കടം വാങ്ങിയാണെങ്കിലും വിദ്യാഭ്യാസം ചെയ്യിക്കാൻ അച്ഛൻ ശ്രമിച്ചിരുന്നു. പ്രീഡിഗ്രി പാസ്സായപ്പോൾ തിരുവനന്തപുരം ഗവ. നഴ്സിംഗ് കോളേജിൽ അഡ്മിഷൻ കിട്ടി. ഹോസ്റ്റലിൽ നിൽക്കണം. എല്ലാകുട്ടികളും മെത്തയും തലയിണയും വലിയപെട്ടിയുമൊക്കെ ആയിട്ടാണ് വന്നിരിക്കുന്നത്. ഞാൻ അച്ഛനോട് പറഞ്ഞു മെത്ത വേണ്ട. പായും തലയിണയും മതിയെന്ന്. പഴയ ഒരു ചെറിയ ട്രങ്ക് പെട്ടിയും ആയിട്ടാണ് 4 വർഷം ഹോസ്റ്റലിൽ താമസിച്ചത്. കല്ലടയിലെ ഏട്ടന്മാർ, പ്രത്യേകിച്ച് നാരായണൻ ഏട്ടനും ഏടത്തിയും, ആണ് വസ്ത്രങ്ങൾക്കും ഫീസിനും പണം തന്ന് സഹായിച്ചത്.

എനിക്ക് ബെസ്റ്റ് ഔട്ട് ഗോയിംഗ് സ്റ്റുഡന്റ് അവാർഡ് കിട്ടി, രണ്ടാംറാങ്കും.

സൗദിഅറേബ്യ, യെമൻ, സിങ്കപ്പൂർ എന്നീ വിദേശരാജ്യങ്ങളിലും കേന്ദ്ര സംസ്ഥാന ഗവ.സർവിസിലും എം.ജി യൂണിവേഴ്സിറ്റിയിലും നഴ്സിംഗ് ടീച്ചർ ആയി ജോലി ചെയ്തു. റിട്ടയർ ആയ ശേഷം ഇപ്പോൾ പന്തളം എൻ. എസ്.എസ് നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ ആയി ജോലി ചെയ്യുന്നു. മകൻ അരുൺദേവ് മൈസൂരിൽ ബയോ മെഡിക്കൽ എഞ്ചിനീയർ.

കാൻസറായിരുന്നു അച്ഛന്. നഴ്സിംഗ് പഠിച്ചത് പാലിയേറ്റീവ് പരിചരണത്തിനു സഹായകമായി. ശസ്ത്രക്രിയ കഴിഞ്ഞ് ആശുപത്രിയിൽ ആയിരുന്നപ്പോൾ അച്ഛനെപ്പറ്റി വല്ലാത്ത ഉൽക്കണ്ഠ അനുഭവപ്പെട്ടു. മരണം അടുത്തെത്തിയെന്ന ഒരു ഭയവും തോന്നി. ഒരു ദിവസത്തേക്കു കൂടിയെങ്കിലും അച്ഛനു ജീവിതം നീട്ടി നൽകണേയെന്നു മണ്ണടി ഭഗവതിയെ വിളിച്ചു പ്രാർത്ഥിച്ചു.

ആശുപത്രിയിൽ നിന്ന് ഉടനെ ഡിസ്ചാർജ്ജ് ചെയ്യണമെന്ന് അച്ഛൻ വാശി പിടിച്ചു. അച്ഛനും മരണം മുമ്പിൽ കണ്ടെന്നു തീർച്ച. 'അമ്മ' ( മണ്ണടി ഭഗവതി ആയിരിക്കണം) വിളിക്കുന്നെന്നും പറഞ്ഞു. ഏതായാലും അന്നു തന്നെ ഡിസ്ചാർജ്ജ് വാങ്ങി പോന്നു.

ആ രാത്രി ആരും ഒരു പോള കണ്ണടച്ചില്ല. അച്ഛന് തുടർച്ചയായി ഐവി ദ്രാവകം കൊടുത്തു കൊണ്ടിരുന്നു. പിറ്റേന്നു രാവിലെ ഏകദേശം എട്ടു മണിയായപ്പോൾ എന്നെ കൊണ്ടുപോകാൻ അമ്മ വന്നു എന്നും അമ്മയോടു കൈയിൽ നിന്നു പിടി വിട്ടുകൊള്ളാനും പറഞ്ഞു. അതായിരുന്നു അവസാന വാക്കുകൾ. തന്റെ സമയം എപ്പോൾ വരെയുണ്ടെന്നു അച്ഛനു കൃത്യമായി അറിയാമായിരുന്നു.

അമ്മയുടെ കൈയിൽ നിന്നു വിട്ട് ഭഗവതിയുടെ കൈയിൽ പിടിച്ചു. കൃത്രിമ ശ്വാസോച്ഛ്വാസം കൊടുത്തും മറ്റും ജീവിതത്തിലേക്കു തിരിച്ചു കൊണ്ടുവരാൻ ഞാൻ കുറെ ശ്രമിച്ചു. പക്ഷെ എല്ലാം വിഫലമായി. അങ്ങനെ 1993 ഓഗസ്റ്റ് 20–നു തന്റെ പ്രിയപ്പെട്ട മകനെ മണ്ണടി ഭഗവതി കൂട്ടിക്കൊണ്ടു പോകുക തന്നെ ചെയ്തു ●

(അരുണോദയം, പുതിയടത്തു ചെമ്പകശ്ശേരി മഠം,പി.ഒ മണ്ണടി, പത്തനംതിട്ട ജില്ല, മൊബൈൽ 9446978701)

**പേരൂര് രാമൻ നമ്പൂതിരി**
(കണ്ണിപറമ്പ്, മാവൂർ, കോഴിക്കോട് ജില്ല)
ഭാര്യ: സാവിത്രി അന്തർജ്ജനം (കരിപ്പാല)
മകൻ: വാസുദേവൻ നമ്പൂതിരി
മകന്റെ ഭാര്യ: ശ്രീരഞ്ജിനി (പാടേരി ഇല്ലം)
പേരക്കുട്ടികൾ: ശ്രേയ വാസുദേവ്
(വിദ്യാർത്ഥി ) പി റാംശങ്കർ ( വിദ്യാർത്ഥി)

# ശതാഭിഷേക ആശംസകൾ

**പിറന്നാൾ സുദിനം**
**1197 കുംഭം 8**
**ഞായറാഴ്ച**
**2022 ഫെബ്രുവരി 20**
**അത്തം നക്ഷത്രം**



## ശതാഭിഷേക മംഗളം



വേട്ടക്കൊരുമകാ കാത്തിടേണം നിത്യം
പാദപത്മത്തിൽ നമിച്ചിടുന്നൂ
അയ്യപ്പദേവനും ദേവികരിങ്കാളി
ശക്തി ഭഗവതിയമ്മേ തായേ
ചിറ്റാരിത്തേവരേ സന്താനമൂർത്തീനീ
സന്തതി സൗഖ്യം തരേണമെന്നും
കണ്വതപോവന പുണ്യപുരാതന
ഭൂമിയിൽ വാഴും ശിവശങ്കരാ
വിഷ്ണുദേവാ ലോകമെങ്ങും വിളങ്ങുന്ന
ശക്തേ നരസിംഹ രൂപേനമഃ
എൺപത്തിനാലാണ്ടു പിന്നിടുന്നൂ
പേരൂര് രാമഫനിന്നുമോദം
കുംഭത്തിലത്തത്തിലാണു ജന്മം
ആയിരം പൂർണേന്ദു പൂർത്തിയായി
'സാവിത്രി' കന്യയെ വേട്ടു കരിപ്പാല-
ഇല്ലത്തൊരംഗമായ് ബന്ധുവായീ...
പുത്രികൾ മൂന്നുപേർ ഉണ്ടായതിൻശേഷം
പിന്നെയൊരുസുതൻ വാസുദേവൻ
മക്കളും അവരുടെ മക്കളും ചേർന്നിന്ന്
ആചാരപൂർവ്വം നമസ്കരിപ്പൂ
എല്ലാ കുടുംബവും തൻചിറകിനുള്ളിലായ്
തോന്നിച്ചു നെഞ്ചിലെ ചൂടുനൽകി
നിസ്വാർത്ഥ മാത്മാർത്ഥ സ്നേഹം പകർന്നുനീ
വടവൃക്ഷമായ് തണലേകിനിന്നു
ആ തണലിലിത്തിരി നേരമിരിക്കവേ
സംശുദ്ധമാവുന്നിതന്തരംഗം
കാക്കണേ കാലത്തിനതിജീവനം നൽകി
നീളട്ടെ നിൻ താര സൂര്യപ്രഭ
കൈതൊഴാം കൈതൊഴാം ഞങ്ങളിന്നൊരുമിച്ച്
നിത്യം നമിക്കുന്നു പാദപത്മം
ആയുരാരോഗ്യവും സൗഖ്യവും നൽകുവാൻ
വേട്ടയ്ക്കരാ ഞങ്ങൾ കുമ്പിടുന്നു...
വേട്ടയ്ക്കരാ ഞങ്ങൾ കുമ്പിടുന്നൂ ●

*(സമർപ്പണം: വൈത്തല നാരായണൻ നമ്പൂതിരി)*

സർവീസ് ആൻഡ് പ്രൊഡക്ട്സ്

S&P Service Products

# മീൻ തൊട്ടുകൂട്ടിയ നമ്പൂതിരിപ്പാട്



വാതരോഗശമനത്തിനാണ് മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട് മത്സ്യാവതാരം തൊട്ടുള്ള ഭഗവദ്കഥകൾ ഉപാസിച്ചത്. അത് മീൻ തൊട്ടുകൂട്ടിയ കഥയായി. ഇത് വേറൊരു നമ്പൂതിരിപ്പാട്. മീൻ കച്ചവടക്കാരൻ. നാട്ടിൻപുറത്തെ മീൻചാപ്പയിൽ ചാളമേരിയുടെ ലെവലിലുള്ള കച്ചവടമല്ല, വിദേശ രാജ്യങ്ങളിലേക്ക് കണ്ടെയിനർ കണക്കിന് മത്സ്യം കയറ്റുമതി ചെയ്യുന്ന ബിഗ് ബിസിനസ്. നമ്പൂതിരിമാരിൽ ഇങ്ങനെ ഒരാളേയുള്ളൂ.

**വണ്ടൂർ നടുവത്ത് മനയിലെ ദിവാകരൻ നമ്പൂതിരിപ്പാട്.**

പദ്മനാഭൻ നമ്പൂതിരി



ഈ നമ്പൂതിരിപ്പാടിന്റെ മീനെത്തിച്ചേർന്ന രാജ്യങ്ങൾ പറയാം. അമേരിക്ക, ഇംഗ്ളണ്ട്, സ്പെയിൻ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ഹോളണ്ട്, ബെൽജിയം, ചൈന. പിന്നെ എല്ലാ ഗൾഫ് രാജ്യങ്ങളും. ഒരു സ്റ്റേഷനറി കച്ചവടം മര്യാദയ്ക്ക് നടത്താനറിയാത്തവരാണ് നമ്മൾ. ബിസിനസ് വൈശ്യവൃത്തിയാണ്. പാരമ്പര്യത്തിൽ അതിന്റെ ജീനില്ലാത്തതിനാൽ നമ്പൂരിക്ക് പറഞ്ഞതല്ല. ഇതാണ് സങ്കല്പം. ഈ സങ്കല്പമാണ് പൊളിച്ചെഴുതിയത്.

1971 ൽ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ഫിസിക്സിൽ ബിരുദം. പരമ്പരാഗത രീതിയിൽ പിന്നെ ബി.എഡ് കഴിഞ്ഞ് മാഷാവാം. പക്ഷേ, പാരമ്പര്യം തിരുത്തി. മാർക്കറ്റിംഗ് ആൻഡ് അഡ്വടൈസ്മെന്റിൽ ഒരു വർഷത്തെ ഡിപ്ളോമ. അതോടെ തലയിൽ പുതിയ വെളിച്ചം. ബാങ്ക് ടെസ്റ്റ് കഴിഞ്ഞ് നെടുങ്ങാടി ബാങ്കിലോ ധനലക്ഷ്മി ബാങ്കിലോ ക്ളാർക്കായി ചേരാൻ നിൽക്കുകയായിരുന്നു. അതിനിടയിലാണ് മദ്രാസിലേക്ക് വണ്ടി കയറിയത്. സിനിമയിൽ അഭിനയിക്കാനല്ല, മാർക്കറ്റിംഗിന്റെ ആവേശത്തിൽ മെഡിക്കൽ റെപ്പ് ആയി ജോലി ചെയ്യാൻ.

ഒരു കൊല്ലം കഴിഞ്ഞു. റെപ്പ് അത്ര നല്ല ഏർപ്പാടല്ലെന്ന് മനസ്സിലായി. പുതിയ മേച്ചിൽപ്പുറം തേടി കൊച്ചിയിലെത്തി. അക്കാലത്ത് കോമന ഇല്ലത്തെ ദാമോദരൻ നമ്പൂതിരിപ്പാട് രേവതി ബാറ്ററീസ് എന്ന പേരിൽ ഡ്രൈസെൽ ഉണ്ടാക്കിയിരുന്നു. അതിന്റെ മാർക്കറ്റിംഗിൽ വർക്ക് ചെയ്തു. ഏറെ നീണ്ടു നിന്നില്ല. വേഗം ബാറ്ററിയിൽ നിന്ന് തൊഴിൽ ഡിസ്കണക്ട് ചെയ്തു. ആരാന്റെ കീഴിൽ ജോലി ചെയ്യുന്നതേക്കാൾ നല്ലത് സ്വയം തൊഴിലുടമ ആവുന്നതാണ്.

എന്തു സംരംഭമാണ് തുടങ്ങേണ്ടത്. നാടോടിക്കാറ്റിലെ മോഹൻലാലിന്റെ അവസ്ഥ. ആരും ചെയ്യാത്ത ബിസിനസ് ആണെങ്കിൽ നല്ല സ്പെയ്സ് ലഭിക്കും. മാർക്കറ്റിംഗ് പഠിച്ചപ്പോൾ കിട്ടിയ ബുദ്ധിയാണത്. അങ്ങനെയാണ് കുട്ടികളുടെ സൈക്കിൾ ഉണ്ടാക്കിയത്. 1977ൽ. അക്കാലത്ത് ലക്നൗ പഞ്ചാബ് തുടങ്ങിയയിടങ്ങളിൽ നിന്നായിരുന്നു

ഇവിടേക്ക് സൈക്കിൾ എത്തിയിരുന്നത്.

ഡെൽക്ക് എന്റർപ്രൈസസ് എന്ന പേരിൽ ഒരു സൈക്കിൾ നിർമ്മാണ കമ്പനി തുടങ്ങി. ഒരു വിശദാംശങ്ങളും അറിയാതെയാണ് ബിസിനസിലേക്ക് എടുത്തു ചാടിയത്. കോഴിക്കോട്ടെ ഏറ്റവും വലിയ മാർക്കറ്റായ ടിപ്ടോപ്പ് ട്രോപ്പിക്കാനയിലും മറ്റും അക്കാലത്ത് ഡിസ്പ്ളേ ചെയ്തിരുന്നത് ഈ സൈക്കിളാണ്. എന്നിട്ടും അതങ്ങ് പച്ച പിടിച്ചില്ല. പക്ഷേ, ഒരു എം.ബി.എ ചെയ്ത പോലുള്ള ഗുണം കിട്ടി. ബിസിനസ് എന്തെന്ന് നന്നായി പഠിച്ചു.

ഇനിയെന്ത്? അപ്പോഴാണ് ചാലക്കുടിക്കാരൻ ചങ്ങാതി പാതിരിശ്ശേരി മനയിലെ മോഹൻ മസ്കറ്റിൽ പോയത്. അവിടെ വില്പനയാവുന്ന ഇന്ത്യൻ ഉല്പന്നങ്ങൾ എന്തെല്ലാമെന്ന് അന്വേഷിക്കാൻ പറഞ്ഞു. മുട്ടയ്ക്കാണത്രെ ഡിമാൻഡ്. മുട്ടയെങ്കിൽ മുട്ട. അതെവിടെ കിട്ടും. ഒരു വെറ്ററിനറി ഡോക്ടറെ കണ്ട് ഉപദേശം തേടി. തമിഴ്നാട്ടിലെ നാമക്കലാണ് മുട്ടയുടെ ആസ്ഥാനം. ഒരു വണ്ടി വിളിച്ച് നാമക്കലേക്ക് പോയി. ഹോട്ടലിൽ മുറിയെടുത്തു. മുട്ടയുടെ അകവും പുറവും അരച്ചു കലക്കിക്കുടിച്ചു. ഒരു ട്രേയിൽ 30 മുട്ട. അങ്ങനെ പന്ത്രണ്ട് ട്രേ ആയാൽ ഒരു കാർട്ടൻ. ഒരു കണ്ടെയിനറിൽ 4,13,000 കൊള്ളും. ക്വട്ടേഷൻ വാങ്ങി. അത് മസ്കറ്റിലേക്ക് അയച്ചു കൊടുത്തു. അവിടന്ന് ഒരു ഓർഡറും കിട്ടി. മോഹനനെയും ഒപ്പം കൂട്ടി. അങ്ങനെ 1989 ൽ ഫ്രണ്ട്ലൈൻ എക്സ്പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങി. ഇനിയാണ് കടമ്പകൾ. കയറ്റുമതി ലൈസൻസ് വേണം. റിസർവ് ബാങ്കിന്റെ അനുമതി വേണം. ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിൽ അപേക്ഷിക്കണം. അതു കഴിഞ്ഞ് ഇൻകം ടാക്സ്, സെയിൽസ്ടാക്സ്, റിസർവ് ബാങ്ക്, ഫോറിൻ ട്രേഡ്, ഇവരെല്ലാം ചേർന്ന ഇന്റർവ്യു! അമ്പമ്പോ!!




*ചൈനയിലെ സീഫുഡ് ട്രേഡ് ഫെയറിൽ സന്ദർശനം നടത്തിയപ്പോൾ*

ഭാഗ്യം. ഇന്റർവ്യു പാസായി. ഇംപോർട്ട് എക്സ്പോർട്ട് കോഡ് കിട്ടി. ഇന്നാണെങ്കിൽ വെറും രണ്ടു ദിവസം കൊണ്ട് ഓൺലൈനിൽക്കൂടി ഇത് കിട്ടും. മുട്ട പായ്ക്ക് ചെയ്യാനായി കാർട്ടനുണ്ടാക്കി. ഓരോ മുട്ടയിലും

## എന്തു സംരംഭമാണ് തുടങ്ങേണ്ടത്. നാടോടിക്കാറ്റിലെ മോഹൻലാലിന്റെ അവസ്ഥയായിരുന്നു

ഇന്ത്യയെന്ന സീൽ പതിക്കണം. കൊച്ചിയിൽ നിന്ന് നാലു ലോറിയുമായി പോയി ലോഡ് എടുത്തു. പർച്ചേയ്സ് ഓർഡറും മറ്റും കസ്റ്റംസിൽ ഫയൽ ചെയ്യണം. ആറ് ഡിഗ്രി തണുപ്പിൽ റഫ്രജിറേറ്റഡ് കണ്ടെയിനറിൽ വേണം കയറ്റാൻ. കാരണം കപ്പൽ അവിടെയെത്താൻ ദിവസങ്ങളെടുക്കും. മുട്ട കേടാവരുത്.

ഇതിനെല്ലാം കാശ് വേണം. ഒരു പൈസ പോലും സ്വന്തം പോക്കറ്റിൽ നിന്ന് എടുക്കാതെയാണ് ഈ ബിസിനസ്. ഇല്ലത്തു നിന്ന് പരമ്പരാഗതമായി കിട്ടിയ ഭൂമി സ്റ്റേറ്റ് ബാങ്കിൽ പണയം വച്ചു. ലോൺ തന്നാൽ വിദേശ നാണ്യം തരാമെന്ന ഓഫർ ബാങ്കുകാർക്ക് സമ്മതമായി. അങ്ങനെ നാല് ലക്ഷം രൂപ. ബാങ്കിന്റെ കാശുമായി നാമക്കൽ ചെന്നു മുട്ട വാങ്ങി. 1990 ലായിരുന്നു അത്. ഗൾഫിൽ മൂന്നാഴ്ച കൊണ്ട് എത്തി. അവിടത്തെ ബാങ്കിൽ അവർ കാശ് അടച്ചാൽ മാത്രമേ കണ്ടെയിനർ എടുക്കാനാവൂ. അതിനാൽ ബിസിനസിൽ കടം പറയുന്ന ഏർപ്പാടില്ല.

എന്നാൽ അവിടെ എത്തിയപ്പോഴേക്കും കുറെ മുട്ട പൊട്ടിപ്പോയി. പല വലിപ്പത്തിലുള്ള മുട്ടകൾ ഒരേ കാർട്ടനിൽ പായ്ക്ക് ചെയ്തതു കൊണ്ടാണ് ചിലത് പൊട്ടിയത്. വേഗം മസ്കറ്റിൽ ചെന്നു. ഉടമയെകണ്ടു. ഇത് തന്റെ ആദ്യത്തെ ഇടപാടാണെന്നും ഇനി മുതൽ അവർ പറയുന്ന പോലെ പായ്ക്കിംഗ് നടത്താമെന്നും പറഞ്ഞു. ആ നിലപാട് അവർക്ക് ഇഷ്ടമായി. കയ്യോടെ നാല് കണ്ടെയിനറിന്റെ കൂടി ഓർഡർ കിട്ടി. അതൊരു ടേണിംഗ് പോയിന്റും അനുഭവവുമായി. പരാതി ഉണ്ടായാൻ എങ്ങനെ പരിഹരിക്കണമെന്ന പാഠം.

നേരെ നാമക്കൽ പോയി. അവിടെ ഒരു ഹോട്ടലിൽ ജോലി ചെയ്തിരുന്ന മലയാളിയെ മാനേജരാക്കി. ലോറിക്കു പകരം വലിയ നാലു കണ്ടെയിനർ തന്നെ നാമക്കലേക്ക് അയച്ചു. ഒരേ വിലപ്പമുള്ളവ മാത്രം ഒരു കാർട്ടനിലാക്കി. നഷ്ടം വരാതിരിക്കാൻ ഇൻഷൂറൻസും എടുത്തു. ഓരോ തവണയും പുതിയ പാഠങ്ങൾ. മസ്കറ്റ് അനുകൂലമായപ്പോൾ ദുബായിലേക്ക് പോയി.



*കൊച്ചിയിലെ സീഫുഡ് പ്ളാന്റിൽ തൊഴിലാളികൾക്കിടയിൽ*

അവർ യൂറോപ്പിൽ നിന്നായിരുന്നു മുട്ട വാങ്ങിയിരുന്നത്. ഇന്ത്യൻ മുട്ട അതിലും കുറഞ്ഞ വിലയിൽ നൽകാമെന്ന ഓഫർ വച്ചപ്പോൾ ദുബായ്, ബെഹറിൻ എന്നിവിടങ്ങളിൽ നിന്നും ഓർഡർ കിട്ടി. മനസിൽ ധാരാളം ലഡു പൊട്ടുകയും മുട്ട വിരിയുകയും ചെയ്തു.

അങ്ങനെയിരിക്കെയാണ് മറ്റൊരു ടേണിംഗ് പോയിന്റ്.

ഒരു ദിവസം ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ മകൻ കൃഷ്ണൻ നമ്പൂതിരിപ്പാട് വന്നു. കോളേജിലെ സഹപാഠി. അദ്ദേഹത്തിന് എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയിലാണ് ജോലി. മുട്ടയേക്കാൾ ലാഭം സീഫുഡാണത്രെ. സീഫുഡ് തുടങ്ങാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. വൻകിട മേഖലയിലേക്കുള്ള ചുവടു വയ്പായിരുന്നു അത്. അതാണ് ഈ നിലയിലെത്താൻ കാരണമായത്. മറ്റൊരു സഹപാഠി ജഗന്നിവാസനും കൂടെക്കൂടി.

ബാങ്ക് പത്തു ലക്ഷം പാസാക്കി നൽകി. മാസം ലക്ഷം രൂപ വാടകക്ക് ഒരു പ്രെഡക്ഷൻ പ്ലാന്റ്. മൂന്നു ലക്ഷം അഡ്വാൻസും. ആദ്യം മുതൽ എല്ലാം പഠിക്കണം. ചെമ്മീൻ കണ്ടിട്ടു പോലുമില്ല. അങ്ങനെയുള്ള ആളാണ് ലേലത്തിൽ പിടിച്ച മീൻ വിലപേശി വാങ്ങേണ്ടത്.ഷിപ്പിംഗ്കാര്യങ്ങൾ ജഗൻ നോക്കും. പ്രൊഡക്ഷനിൽ പരിചയമുള്ള ഒരു കൊങ്കിണിയെയും കിട്ടി. ഓർഡർ പിടിച്ചു കൊടുത്താൽ ബാക്കിയെല്ലാം ഓകെ.

അങ്ങനെ അല്ലലില്ലാതെ പോവുമ്പോൾ പ്രൊഡക്ഷൻ നോക്കിയിരുന്ന കൊങ്കിണി വേറെ പോയി. പിന്നെ തനി മീൻകാരനായി. അരൂരിലെ പീലിംഗ് സെന്ററിൽ ചെന്ന് ചെമ്മീൻ വാങ്ങണം. സൈസ് തിരിക്കണം. പ്ളാന്റിൽ തൊഴിലാളികളെ വച്ച് രണ്ടു കിലോ വീതമുള്ള പായ്ക്ക് ആക്കണം. പിന്നെ കണ്ടെയിനറിലാക്കി ഷിപ്പിംഗ്.അങ്ങനെയങ്ങനെ. ആയിടക്ക് 1992ൽ ഗുജറാത്തിൽ പ്ളേഗ് വന്നു. ഇന്ത്യയിൽ നിന്നുള്ള എക്സ്പോർട്ടിന് വിലക്കേർപ്പെടുത്തി. എന്നാലും പ്ളാന്റിനു വാടക നൽകണം. ഒന്നര മാസം കയറ്റുമതി നിലച്ചതോടെ പ്ളാന്റ് ഒഴിഞ്ഞു കൊടുത്തു. തല്കാലം എക്സ്പോർട്ട് ഇല്ലാതായി.

ഒന്നു രണ്ടു മാസത്തിനകം കയറ്റുമതിയിലെ ബാൻ നീക്കി. അരൂരിലെ തന്നെ മറ്റൊരു പ്ളാന്റ് എടുത്തു. ഇത്തവണ സ്വന്തം പണിക്കാരെ വച്ചായിരുന്നു പ്രൊഡക്ഷൻ. നാല്പതോളം പേർ. ഒരു അമേരിക്കൻ ഓർഡർ കിട്ടി. ആഴ്ചയിൽ ഒരു കണ്ടെയിനർ വീതം അമേരിക്കയിലേക്ക്. പത്തു ലക്ഷം വായ്പ നൽകിയാൽ മുപ്പതു ലക്ഷം ടേണോവർ വേണമെന്നായിരുന്നു ബാങ്ക് ആവശ്യപ്പെട്ടത്. എന്നാൽ ഒരു കോടി മുപ്പത്തഞ്ച് ലക്ഷം കിട്ടി. ബാങ്കുകാർ



*ഭാര്യ ഗീത മകൾ രമ്യ മകൻ രാകേഷ് മകളുടെ ഭർത്താവ് അനൂപ് എന്നിവരോടൊപ്പം*

വലിയ സന്തോഷത്തിലായി. അതോടെ ഒരു കോടി രൂപ വരെ ബാങ്ക് കണ്ണും പൂട്ടി നൽകി. 1992/93 കാലത്താണ് ഇതെല്ലാം. 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്ളാന്റ്. സ്വന്തം പണിക്കാർ, രണ്ടു ഷിഫ്റ്റ് ജോലി, ചെമ്മീനിനു പുറമെ കട്ടിൽ ഫിഷ്, ഒക്ടോപസ്, തുടങ്ങി എല്ലായിനം കടൽ ഭക്ഷ്യങ്ങളും. ലോസ് ആഞ്ചലസിനപ്പുറം യൂറോപ്പ് ചൈന തുടങ്ങിയ രാജ്യങ്ങളിലേക്ക് കടന്നത് ഇക്കാലത്താണ്.

ഇനി വേറൊരു രഹസ്യം പറയാം. മൾട്ടി നാഷണലുകളായ ഹിന്ദുസ്ഥാൻ ലിവറും ടാറ്റയുമെല്ലാം കൊച്ചിയിലെ സീഫുഡിൽ കൈ വച്ചതാണ്. എന്നാൽ വിജയിക്കാനായില്ല. ഉല്പാദനചെലവ്

## ഒടുവിൽ പഠിച്ചു; കൈ നനയാതെയും മീൻ പിടിക്കാം

അനുസരിച്ച് വില നിർണയിക്കുന്നതാണ് അവരുടെ രീതി. കിലോക്ക് അഞ്ചു ഡോളർ നിരക്കിൽ സപ്ളെ ചെയ്യാൻ കരാറുണ്ടാക്കിയാൽ അതനുസരിച്ച് മാർക്കറ്റിൽ നിന്ന് മീൻ കിട്ടണമെന്നതാണ് കടമ്പ. വിൽക്കുന്നത് അമേരിക്കയിലെ സൂപ്പർ മാർക്കറ്റിൽ. വാങ്ങുന്നതോ തറ നിലവാരത്തിലുള്ള മീൻ മാർക്കറ്റിൽ നിന്ന്. വല്ലാത്തൊരു ഞാണിന്മേൽ കളിയാണ് ഇത്. രണ്ടു സംസ്കാരം. രണ്ടു രീതി. ഒന്ന് കരാർ ഉറപ്പിച്ച ഹൈ പ്രൊഫഷണൽ എൻഡ്. മറ്റേത് വില പേശി വില നിശ്ചയിക്കുന്ന നാടൻ മീഞ്ചന്ത. എളുപ്പമല്ല അതിജീവിക്കാൻ. നല്ല കോൺടാക്ട് വേണം. വൻ കിടക്കാർ വീണുപോയത് ഇവിടെയാണ്.

ഇങ്ങനെ സംഭവബഹുലമായ പതിനഞ്ച് വർഷങ്ങൾ. അരൂർ ഇൻഡസ്ട്രിയൽ പാർക്കിൽ യേശുദാസിന്റെ ഗിറ്റാർ ഫാക്ടറി പൂട്ടിക്കിടപ്പുണ്ടായിരുന്നു. 44 സെന്റ് സ്ഥലം. അതു കിട്ടിയാൽ സ്വന്തം പ്ളാന്റ് ഉണ്ടാക്കാം. പനമ്പള്ളി നഗറിൽ ചെന്ന് യേശുദാസിനെ കണ്ടു.വില പറഞ്ഞു. കച്ചവടം ഉറപ്പിച്ചു. പക്ഷേ,പെട്ടെന്ന് യേശുദാസിന് അമേരിക്കയിൽ പോവേണ്ടി വന്നു. അപ്പോൾ വില്പന നടന്നില്ല. അതിനാൽ വേറൊരു അറുപതു സെന്റ് വാങ്ങി. ആറു മാസം കഴിഞ്ഞ് യേശുദാസ് തിരിച്ചെത്തി. അപ്പോൾ ആ സ്ഥലവും വാങ്ങി.

തിരിച്ചടികളുമുണ്ടായി ധാരാളം. നമ്മളാണെങ്കിൽ ഇതെല്ലാം ഉപേക്ഷിച്ച് സന്യാസത്തിനു പോവും. ഇന്ത്യൻ പ്ളാന്റുകൾക്ക് യൂറോ സ്റ്റാൻഡേർഡ് ഇല്ലത്രെ. അതായിരുന്നു ഒരിക്കൽ യൂറോപ്യൻ രാജ്യങ്ങളുടെ വിലക്കിനു കാരണം. ഇന്ത്യയിലെ ചെമ്മീൻ വേണ്ടെന്നായി അവർ. എന്തിനും കാണുമല്ലൊ പരിഹാരം. വീണ്ടും ലക്ഷങ്ങൾ മുടക്കി പ്ളാന്റ് നവീകരിച്ചു. അങ്ങനെ യൂറോസ്റ്റാൻഡേർഡ് കൈവരിച്ചു.

ഏറ്റവും പ്രയാസമുണ്ടാക്കിയ മറ്റൊരു സംഭവം നാല്പത് ലക്ഷത്തിന്റെ ലോഡ് മടങ്ങിയതാണ്.

ചെമ്മീനിൽ ബാക്ടീരിയ ഉണ്ടെന്ന് പറഞ്ഞ് അമേരിക്കയാണ് മടക്കിയത്. അവർ ഭൂതക്കണ്ണാടി വച്ച് നോക്കുന്നവരാണ്. അവർ പറഞ്ഞാൽ അച്ചട്ടാണ്. ആ ലോഡ് വീണ്ടും ഇന്ത്യയിലെത്തിച്ചു. എല്ലാ തരത്തിലുള്ള പരിശോധനയും നടത്തി. അനുവദീയമായ പരിധിയിൽ നിൽക്കുന്നതാണ് എല്ലാം എന്ന് സർട്ടിഫിക്കേഷൻ ഉറപ്പാക്കി. അത് ഇംഗ്ളണ്ടിലേക്ക് കയറ്റി.അമേരിയുടെ ബാക്ടീരിയ ഇംഗ്ളണ്ടിന് ബാധകമല്ല. മറക്കാനാവാത്ത അനുഭവമാണത്.

വെറും മീൻകാരനല്ല ഈ നമ്പൂതിരിപ്പാട്. അമേരിക്കൻ വിപണിയിൽ ഇഡലി വട തുടങ്ങിയവയ്ക്കും നല്ല ഡിമാൻഡ് ഉണ്ടെന്ന് പാലാക്കാരനായ ഒരു അച്ചായനിൽ നിന്ന് അറിഞ്ഞു. സാധനം നൽകിയാൽ വിതരണ ശൃംഘല അയാൾ നോക്കാമെന്നേറ്റു. അതിനു വേറെ പ്ളാന്റ് വേണം. അങ്ങനെ ഇഡലി, വട തുടങ്ങിയവയും പായ്ക്ക് ചെയ്ത് ഫ്രീസ് ചെയ്ത് അയക്കാൻ തുടങ്ങി. ഡെയ്‌ലി ഡിലൈറ്റ് എന്നായിരുന്നു ആ വെജിറ്റേറിയൻ ബ്രാൻഡിന്റെ പേര്. കച്ചവടം ഹിറ്റായപ്പോൾ അച്ചായൻ ആ ബിസിനസ് സ്വന്തം പേരിൽ ചെയ്യാൻ തുടങ്ങി.

2005 ആയതോടെ പീലിംഗ് ജോലിക്ക് മലയാളി പെൺകുട്ടികളെ കിട്ടാതായി. സൂപ്പർ മാർക്കറ്റുകൾ ധാരാളമായപ്പോൾ മീൻ നാറുന്ന ജോലി ഒഴിവാക്കി അവർ സെയിൽസ് ഗേളുകളായി. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടു വന്നാൽ താമസം ഭക്ഷണം തുടങ്ങി സെക്യൂരിറ്റി വരെ എല്ലാം നോക്കണം. അതോടെ പ്ളാന്റ് ഒഴിവാക്കി. നേരെ ആന്ധ്രയിലേക്ക്. വിജയവാഡ

യിലെ ഭീമാവാരത്തേക്ക്. അവിടെ ഹെക്ടർ കണക്കിനു പാടശേഖരങ്ങളിൽ ചെമ്മീൻ കൃഷിയുണ്ട്. ചുരുങ്ങിയ കൂലിക്ക് തൊഴിലാളികളെയും കിട്ടും. അവിടെയും ഒരു പ്ളാന്റ് വാടകയ്ക്ക് എടുത്ത് ബിസിനസ് ചെയ്തു.

2008 മുതൽ ട്രേഡിംഗ് മാത്രമായി. അപ്പോഴേക്കും പ്ളാന്റ് ഇല്ലാതെയും ബിസിനസ് ചെയ്യാൻ പഠിച്ചിരുന്നു. പ്ളാന്റ് വേണ്ട, തൊഴിലാളി വേണ്ട, റോ മെറ്റീരിയൽ വേണ്ട, മറ്റു സൊല്ലകൾ ഒന്നുമില്ല. മൊബൈൽ ഫോണും കമ്പ്യൂട്ടറും മതി. വർക്ക് അറ്റ് ഹോം. കൊറോണ വരും മുമ്പ് തന്നെ ഈ മോഡിലേക്ക് മാറിയിരുന്നു. കൊച്ചിയിലെ ഫ്ളാറ്റിലോ നടുവത്തെ നാലുകൊട്ടിലോ എന്നു വേണ്ട എവിടെയിരുന്നും സീ ഫുഡ് ട്രേഡിംഗ് നടത്താം. ലോകത്തെ പല രാജ്യങ്ങളിലെയും ട്രേഡ് ഫെയറുകൾക്ക് പോയി. അവരുടെ ആവശ്യങ്ങൾ മനസിലാക്കി. ബിസിനസ് മോഡ് നവീകരിച്ചു. പുതിയ നെറ്റ്‌വർക്കുകൾ വികസിപ്പിച്ചു.

ഇപ്പോൾ മാസം അഞ്ചു കണ്ടെയിനറുകൾ വച്ച് കയറ്റി അയക്കുന്നു. ഈയിടെ ഈ കൊറോണക്കാലത്ത് ഇന്റർനെറ്റിൽ ചൂണ്ടയിട്ടപ്പോൾ മൗറീഷ്യസിലെ ഒരു കമ്പനി കൊത്തി. അവർക്ക് ഒരു കണ്ടെയിനർ സാധനം വേണം. ആ ഓർഡർ നേരെ ഒറീസയിലെ ഒരു പ്ളാന്റിന് നൽകി കണ്ടെയിനർ അയപ്പിച്ചു. ഇങ്ങനെയാണ് ഇപ്പോൾ ബിസിനസ്. കൈ നനയാതെ മീൻ പിടിക്കുന്ന വിദ്യ. ചൈനയിൽ ബിസിനസ് നോക്കാൻ ഒരു ലേഡിയുണ്ട്. ഇംഗ്ളീഷ് അറിയുന്ന യുവതി. ഒരു ട്രേഡ് ഫെയറിൽ നിന്ന് പിടി കൂടിയതാണ് അവരെ. അവർക്ക് ഇവിടെ കണക്ഷനില്ല. നമ്പൂതിരിപ്പാടിന് അവിടെയുമില്ല. രണ്ടു പേരും ചേർന്നപ്പോൾ ഇവിടത്തെ ചെമ്മീൻ ചൈനയിലെത്തുന്നു.




*ഡെയ്‌ലി ഡിലൈറ്റ് എന്ന പേരിൽ അമേരിക്കയിലേക്ക് കയറ്റി അയച്ചിരുന്ന ഫ്രോസൺ ഇഡ്ഡലി*

ഒരു വിദ്യ കൂടി പറയാതെ വയ്യ. നടുവത്ത് റോഡു വക്കിൽ ഒഴിഞ്ഞു കിടക്കുന്ന ഇല്ലപ്പറമ്പിലെ അല്പം സ്ഥലം ഇന്ത്യൻ ഓയിൽ കോർപ്പറേഷന് വാടകക്ക് കൊടുത്തു. പെട്രോൾ പമ്പ് ഉണ്ടാക്കാൻ. ഒരു കൊല്ലമായി അത് നല്ല രീതിയിൽ നടക്കുന്നു. നല്ലൊരു വരുമാനം കിട്ടുന്നു ആ ഒഴിഞ്ഞ പറമ്പിൽ നിന്ന്. ഒരു സെന്റ് ഭൂമിയും വിറ്റിട്ടില്ല ഈ നമ്പൂതിരിപ്പാട്. വിജയരഹസ്യം എന്തെന്നു ചോദിച്ചാൽ ടീം വർക്കിന്റെ വിജയമെന്നേ പറയൂ.

നൂറു വയസു വരെ ജീവിച്ച അച്ഛൻ കദംബൻ നമ്പൂതിരിപ്പാട് 2008 ലാണ് മരിച്ചത്. അദ്ദേഹം വണ്ടൂർ ബീഡിക്കമ്പനിയുണ്ടാക്കി സിലോണിലേക്ക് (ഇന്നത്തെ ശ്രീലങ്ക) ബീഡി കയറ്റുമതി ചെയ്ത ആളാണ്! വെറുതെയല്ല മകൻ ബിസിനസുകാരനായത്, അതാണ് പാരമ്പര്യം. രണ്ട് ഏട്ടന്മാർ. മാഷായിരുന്ന കദംബനും തിരുനെൽവേലിയിൽ ബിസിനസുകാരനായ ഋഷികേശനും. അനിയൻ ഉണ്ണികൃഷ്ണൻ റിട്ട എഞ്ചനീയർ. അന്തരിച്ച ദേവകി ഉൾപ്പെടെ രാധ രുഗ്മിണി ഇന്ദിര എന്നിവർ സഹോദരിമാരും.

ഭാര്യ ഗീത റിട്ട ബാങ്ക് മാനേജർ ജീവിതപങ്കാളി മാത്രമല്ല ബിസിനസ് പങ്കാളി കൂടിയാണ്. ഡി.ജി. മറൈൻ എക്സ്പോർട്ട്സ് ആണ് ഇപ്പോഴത്തെ കമ്പനി. മകൾ രമ്യ വിവാഹിത. ഷിപ്പിംഗ് കമ്പനിയിലാണ് ജോലി. മകൻ രാകേഷ് നെതർലാൻഡിൽ ആർക്കിടെക്ട്. സംരംഭകരാവാൻ താല്പര്യമുള്ളവർക്ക് വിളിക്കാം ദിവാകരൻ നമ്പൂതിരിപ്പാടിനെ ●


ദിവാകരൻ നമ്പൂതിരിപ്പാട്.
നടുവത്ത്, പിഷാരി കോവിൽ
റോഡ്, പി.ഒ എരൂർ,
കൊച്ചി, പിൻ: 682306
മൊബൈൽ: 9847294757


# The next generation for the best service

തലക്കെട്ട് കണ്ടു അമ്പരക്കേണ്ട. ഏകദേശം 10 വർഷം മുമ്പ് പത്തോളം യുവാക്കൾ ചേർന്ന് പട്ടാമ്പി കേന്ദ്രീകരിച്ചു ആരംഭിച്ച ഒരു ശ്രമസംഘം ഇന്ന് മദ്ധ്യകേരളത്തിലെ 65 ഓളം ഇല്ലങ്ങളിലെ 158 സമുദായ അംഗങ്ങളെ മാത്രം ഉൾക്കൊള്ളിക്കുന്ന ഒരു വലിയ സംഘമായി വളർന്നു. വള്ളുവനാടൻ സദ്യാ ശൃംഘലയിലെ ഒഴിച്ചുകൂടാനാവാത്ത സാന്നിദ്ധ്യമാണ് മിത്ര ശ്രമസംഘം.

വള്ളുവനാടൻ സദ്യാ സമ്പ്രദായ രീതികളുടെ ചിട്ട സസൂക്ഷ്മം പരിപാലിച്ചു പോരുന്നതാണ് മിത്രയുടെ മുഖമുദ്ര. ഇതിനായി ആരംഭം മുതൽ തന്നെ ശ്രമവേളകളിൽ സമുചിതമായ പെരുമാറ്റചട്ടങ്ങൾ കൊണ്ടുവരികയും കൃത്യമായ ഇടവേളകളിൽ സംഘാംഗങ്ങളെ വിളിച്ചുചേർത്ത് പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇതിനു പുറമെ ദേഹണ്ണക്കാരെയും മറ്റു പരിചയസമ്പന്നരെയും വിളിച്ചു അംഗങ്ങൾക്കു




ക്ലാസുകൾ നൽകുന്നതിനും നേതൃത്വം ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു.

ഒരു പതിറ്റാണ്ട് പിന്നിടുന്ന ഈ വേളയിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി അനവധി യാഗങ്ങൾക്കും മറ്റു ഷോഡശകർമങ്ങളോട് അനുബന്ധിച്ചുള്ള സദ്യകൾക്കും ഉത്തരവാദിത്വത്തോട് കൂടി ശ്രമങ്ങൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള മിത്ര ഇന്ന് മണ്ണാറശാല ആയില്യം, അമേടമംഗലം ആയില്യം, കടവല്ലൂർ അന്യോന്യം തുടങ്ങി കേരളത്തിലെ പ്രസിദ്ധമായ പല ചടങ്ങുകളുടെയും ശ്രമത്തിന്റെ സ്ഥിര സാനിധ്യമായിരിക്കുന്നു. അധ്യാപകർ , മറ്റു ഉന്നത സ്ഥാനങ്ങളിൽ നിന്നും വിരമിച്ചവർ തുടങ്ങി ശ്രമ രംഗത്ത് ഏറെ വർഷത്തെ പരിചയ സമ്പന്നർ അടങ്ങുന്ന സംഘത്തിന്റെ ശക്തി പീഠങ്ങളായി നില കൊള്ളുന്നത് മെഡിക്കൽ വിദ്യാർത്ഥികൾ വരെ ഉൾകൊള്ളുന്ന യൗവനയുക്തരായ അംഗങ്ങൾ ആണ്.

കേവലം ശ്രമങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ടീമിന്റെ പ്രവർത്തങ്ങൾ സമൂഹത്തിന്റെ മറ്റു തലങ്ങളിലേക്ക് കൂടി എത്തിക്കുന്നതിന്റെ ഭാഗമായി രക്ത്ദാനവും മറ്റു ആതുര സേവന പ്രവർത്തനങ്ങളിലും മിത്ര എന്നും മുൻപന്തിയിൽ തന്നെയുണ്ട്. ●


വിളിക്കാം
കപ്ലിങ്ങാട് അനൂപ്
9037898380
മഹേഷ് കാപ്ര
9539814591
ശ്രീധരൻ ചെമ്മങ്ങാട്
9633080607

കഴിഞ്ഞ ലക്കത്തിൽ വന്ന വഞ്ഞേരി ഇല്ലപ്പെരുമ വായിച്ചപ്പോൾ തനിക്കുണ്ടായ പഴയൊരു അനുഭവം കെ എം എസ് ഭട്ടതിരിപ്പാട് പങ്കു വയ്ക്കുന്നു

# ആറാം തമ്പുരാന്റെ തിരുമുമ്പിൽ

## ദണ്ഡകാരണ്യത്തിലെ ആദിവാസി മൂപ്പന്റെ വിഷചികിത്സ അറിയാൻ ആറാം തമ്പുരാൻ വന്നതും വഞ്ഞേരി മനയിൽപ്പോയി രത്നശേഖരങ്ങൾ കണ്ടതും



പൂമുള്ളി ആറാം തമ്പുരാൻ

കെ.എം.എസ് ഭട്ടതിരിപ്പാട്



ജോലിയിൽ ഇരിക്കുമ്പോൾ എല്ലാ ഞായറാഴ്ചയും ആഗസ്റ്റ് 15 ആണ്. സ്വാതന്ത്ര്യം. മാസത്തിൽ രണ്ടാഴ്ചയേ സാധാരണ കിട്ടാറുള്ളു. എക്സിക്യൂട്ടീവ് പോസ്റ്റ് ആയതുകൊണ്ട്, ഒഴിവു, ഒന്നുമില്ല. എപ്പൊ വിളിച്ചാലും 'കൂകിപ്പായാൻ' തയ്യാറാവണം.

'1979ൽ ഒരു ഞായറാഴ്ച. അപൂർവ്വമായി കിട്ടുന്ന ഉച്ചവിശ്രമത്തിനു കിടക്കയിലേക്ക് ചാഞ്ഞത് ഓർമ്മയുണ്ട്.

'കുഞ്ഞികുട്ടേട്ടനും പൂമുള്ളി കുഞ്ഞപ്പനും വന്നിട്ടുണ്ട് ' സഹധർമ്മിണി, അടുത്തെത്തി ശബ്ദം താഴ്ത്തിപ്പറഞ്ഞു. പെട്ടെന്നുറക്കം തെളിഞ്ഞു. പൂമുള്ളി കുഞ്ഞനിയൻ നമ്പൂതിരി (ആറാം തമ്പുരാൻ) ഈ റയിൽവെ ക്വാട്ടേഴ്സിലേക്ക് വരിക - അത്ഭുതപ്പെടുത്തി. പെരിങ്ങോട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ.എം.എസ്. എന്റെ അമ്മയുടെ അമ്മാമന്റെ മകനാണ്. കുഞ്ഞികുട്ടേട്ടനു എന്നെ കാര്യമാണ്. അദ്ദേഹം പെരിങ്ങോട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്ററാണ്. കുഞ്ഞനിയൻ നമ്പൂതിരിപ്പാടും കെ.എം.എസും അടുത്ത ബന്ധക്കളാണ്, ജ്യേഷ്ഠാനുജത്തി മക്കളാണ്.

ആറാംതമ്പുരാനായ കുഞ്ഞപ്പനെ വളരെ അടുത്തറിയുന്നവർ കുഞ്ഞനിയൻ നമ്പൂതിരിയെന്നാണു വിളിക്കുക. നേരിട്ടു സംബോധന ചെയ്യുമ്പോൾ കുഞ്ഞപ്പനെന്നേ പറയു.

എഴുന്നേറ്റു മുഖം കഴുകുമ്പോൾ പലവിധ കാരണങ്ങൾ മനസ്സിലൂടെ കടന്നുപോയി. മൂന്നാലുമാസം മുമ്പു പൂമുള്ളി പോയപ്പോൾ 2 മണിക്കൂർ നേരം പലതും സംസാരിച്ചിരുന്നു. അദ്ദേഹം ഭക്ഷണം കഴിക്കുന്ന തിരക്കിലായിരുന്നു. വിവരമറിഞ്ഞപ്പോൾ അകത്തേക്ക് ചെല്ലാൻ പറഞ്ഞു. നിലത്ത് ചമ്രം പടിഞ്ഞിരുന്നു, അസ്വദിച്ച് കഴിക്കയാണ്. വലിയ നാക്കിലയിൽ നിന്നു കയ്യും കണ്ണുമെടുത്തു എന്നെ നോക്കി.

'ബലെ, ഇരിക്കു. കുഞ്ഞികുട്ടൻ പറഞ്ഞു താൻ വരുന്നുണ്ടെന്ന്' ആ നോട്ടം ഫുൾ സൈസ് ഫോട്ടോ എടുക്കലാണ്. ഞാനടുത്തുള്ള ബഞ്ചിലിരുന്നു.

'വർത്തമാനം പറയാനൊരാളുണ്ടെങ്കിൽ ഊണു കേമാവും. അതാണനുഭവം'. ഞാൻ

'കുഞ്ഞികുട്ടേട്ടനും പൂമുള്ളി കുഞ്ഞപ്പനും (ആറാം തമ്പുരാൻ) വന്നിട്ടുണ്ട്' സഹധർമ്മിണി, അടുത്തെത്തി ശബ്ദം താഴ്ത്തിപ്പറഞ്ഞു. പെട്ടെന്നുറക്കം തെളിഞ്ഞു. പൂമുള്ളി ആറാം തമ്പുരാൻ ഈ റെയിൽവെ ക്വാട്ടേഴ്സിലേക്ക് വരിക - അതെന്നെ അത്ഭുതപ്പെടുത്തി.

ചിരിച്ചു. നേരത്തെയാണ് ഊണെന്നറിയില്ല. 12 മണിയായിട്ടില്ല. അരമണിക്കൂറെടുത്തു ഊണുകഴിഞ്ഞു. ഉമ്മറത്തെത്താൻ. അന്നു പറഞ്ഞതിൽ വല്ലതുമായിരിക്കും ഇന്നു വരാനിടയാക്കിയത്. 'ഞാനൊന്നു വിശ്രമിക്കട്ടെ' എന്നു ഒന്നരമണിക്ക് പറയുന്നതുവരെ പറഞ്ഞതിൽ, തൊടാത്ത വിഷയങ്ങളില്ല. അത് അങ്ങനെയാണ് അടുത്ത പരിചയക്കാരാണെങ്കിൽ വിഷയം മാറിക്കൊണ്ടിരിക്കും. ഞാൻ ഉമ്മറത്തേക്ക് പടിയിറങ്ങിയപ്പോൾ, രണ്ടുപേരും ചെല്ലം തുറന്നു മുറുക്കാനുള്ള ശ്രമത്തിലാണ്. കുഞ്ഞപ്പൻ തലയുയർത്തി.

'ഒന്നു കൂടിക്കോളു, ഇടക്കാവാം' മുറുക്കാനുള്ള ക്ഷണമാണ്.

ശരി, ഞാൻ ആറാം തമ്പുരാന്റെ കൽപ്പന കേട്ടു. ആയുർവ്വേദം, വിഷവൈദ്യം, ഗജചികിത്സ, ന്യായം തുടങ്ങി അദ്ദേഹത്തിനറിയാത്ത വിഷയങ്ങളില്ല. അദ്ദേഹം പറയാറുണ്ട്. 'ഞാൻ ജ്യോതിഷം നോക്കിയിട്ടില്ല, അതിന്റെ അടിത്തറ വീക്കാണ്. കണക്കെനിക്കിഷ്ടമാണ്.' ബാക്കിയെല്ലാം ഒരുമാതിരി നോക്കിയിട്ടുണ്ട് എന്നുസാരം.

'ചായക്ക് തിരക്കില്ല' കെ.എം.എസ്. പുകയില വായിലിട്ടു. മുറുക്കാസ്വദിച്ചു രണ്ടുപേരും പുറത്തേക്ക് നോക്കിയിരുന്നു. പരശുരാം എക്സ്പ്രസ്സ് പ്ളാറ്റുഫോമിലെത്തിയിട്ടുണ്ട്. കരിയെഞ്ചിൻ വെള്ളം പിടിക്കുന്ന ബഹളമാണ്.

കുഞ്ഞുകുട്ടേട്ടൻ എന്നെ നോക്കി, കുഞ്ഞപ്പനോട്.

'വന്ന കാര്യം പറഞ്ഞോളു.'

കുഞ്ഞപ്പൻ പുറത്തേക്കിറങ്ങി, തുപ്പിതിരിച്ചുവന്നു. 'ഞാൻ വന്നത് താനന്നുപ

റഞ്ഞ ശ്രീധരനെ കാണാനാണ്.'

മുമ്പൊരിക്കൽ കണ്ടപ്പോൾ പറഞ്ഞ കൂട്ടത്തിൽ ഞാൻ ആന്ധ്രയിലായിരിക്കെ കേട്ട ഒരനുഭവം പറയുകയുണ്ടായി. എന്റെ ഒരു സുഹൃത്ത് ശ്രീധരൻ ഡെപ്യൂട്ടേഷനിൽ ദണ്ഡകാരണ്യ റയിൽവെ പ്രൊജക്ടിൽ (DBK) പോകേണ്ടിവന്നു. റയിൽവെയുടെ ദണ്ഡകാരണ്യ - ബോലാംഗീർ പദ്ധതി നടപ്പിലായ കാലത്ത്, 1960 കളിൽ നടന്നതാണ്. ശ്രീധരന് ആന്ധ്ര - മദ്ധ്യപ്രദേശ് അതിർത്തിയിലാണ് ജോലി. ഒരിക്കൽ ഒരൊഴിവുദിവസം എന്നെ കാണാൻ വന്നപ്പോൾ അയാൾ വാചാലനായി.

'സാറിനറിയോ, ഒരു കൂട്ടം ആദിവാസികളുണ്ടാ അതിർത്തികളിൽ. അവർ വിഷചികിത്സയിൽ അഗ്രഗണ്യന്മാരാണ് അതും പാമ്പിന്റെ. ഞങ്ങളുടെ ലൈൻ കടന്നു പോകുന്നത് കുറ്റിക്കാടുകളും മറ്റുമുള്ള ഒരൊഴിഞ്ഞ ചെരുവിലൂടെയാണ്. അടുത്തൊന്നും ആൾപ്പാർപ്പില്ല. ഈ ആദിവാസികളുടെ ചെറിയൊരു ഗ്രാമമുണ്ട്. പലതരം വിഷപ്പാമ്പുകളുടെ പ്രദേശമാണ്. മാസത്തിൽ രണ്ടു മൂന്നു പാമ്പുകടിക്കേസുവരും റെയിൽവെ ശമ്പളം കൊടുക്കുന്ന ഒരു മൂപ്പനാണ് ചികിത്സക്ക്. ആദിവാസികളെ കൂടെ നിർത്താനാണ് മൂപ്പനെ ശമ്പളത്തിനു വെച്ചത്. കടിപെട്ടാൽ ഉടനെ മൂപ്പനെ കാണും. രാത്രിയോടെ സുഖമായി മടങ്ങാം.

ഒരിക്കൽ ഞങ്ങളുടെ ഗ്രൂപ്പിലെ വർഗ്ഗീസിനും കിട്ടി കടി. രാവിലെ വെളിക്കിറങ്ങാൻ പോയതാ. ഉടനെ ഞാനാണ് കൂടെ പോയത്. ആ കഥ ഞാൻ കുഞ്ഞപ്പനോടു അന്നു പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിഷയമാണല്ലോ, വിഷം.

ഒരു മണിക്കൂറുകൊണ്ടു എവിടെയാണെന്ന അറിയാത്ത ഒരാളെ എങ്ങനെ തപ്പിയെടുക്കും. ഞാൻ കേരളത്തിൽ വന്നശേഷം ശ്രീധരന്റെ കൃത്യമായ വിവരമൊന്നുമില്ല.

'പെട്ടെന്നു ശ്രീധരനെ കിട്ടില്ല'. ഞാൻ എന്റെ പ്രയാസം ആത്മഗതമായി പറഞ്ഞു.

ഞാൻ കേട്ടിരുന്നു ശ്രീധരൻ അഞ്ചാറു കൊല്ലം മുമ്പ് കൊയിലാണ്ടി എത്തിയെന്ന് കടലുണ്ടിക്കാരനായ അയാൾ കടലുണ്ടിയാണെന്നും കേട്ടു.

'ഞാനടുത്ത് അവനെയും കൂട്ടി പെരിങ്ങോട്ടുവരാം' ഞാൻ ഒഴിഞ്ഞു മാറി.

'എനിക്കിന്നയാളെ കാണണം'.

വാക്കിലെ ഉറപ്പും ദൃഢതയും എന്നെ കുഴക്കി. അയാൾ ഡ്യൂട്ടിയിലാണോ, ലീവാണോ, ഒന്നുമറിയില്ല. എന്തുചെയ്യണമെന്നു പകച്ചിരിപ്പായി ഞാൻ.

'താനൊന്നു ശ്രമിക്കു'. എന്റെ പരവേശം കണ്ടു കുഞ്ഞികുട്ടേട്ടൻ ഇടപെട്ടു. മൊബൈൽ ഫോണും, മറ്റുപാധികളുമില്ലാത്ത കാലം. എവിടെ പോയി തിരക്കാനാണ്. കുഞ്ഞപ്പൻ ഒരു കാര്യം തീരുമാനിച്ചാൽ പിന്നോട്ടില്ലല്ലൊ.

'ശരി ഞാനിപ്പൊ വരാം'.

ഞാനവരോടായിപ്പറഞ്ഞു.

ഏതായാലും ഒന്നുശ്രമിക്കാം. ആദ്യം കടലുണ്ടിയിൽ അന്വേഷിക്കാം. ഞാൻ പുറപ്പെട്ടു റയിൽവെ സ്റ്റേഷനിലെത്തി. കട



*കെ.എം എസ്. നമ്പൂതിരിപ്പാട്. പൂമുള്ളി ആറാം തമ്പുരാന്റെ മാതൃസഹോദരീപുത്രൻ*

**3 ഡയമണ്ട് കല്ലുകൾ, ടേബിൾലാമ്പിന്റെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി. ഒരു വലിയതും രണ്ടു ചെറിയതും. ഉണ്ണി നമ്പൂതിരി ആറാം തമ്പുരാനെ നോക്കി. 'സൂറത്ത് ഡയമണ്ടാണ്. വലിയത് ബൽജിയം കട്ട്. അതാണു ഇത്ര ക്ലാരിറ്റി'.**

ലുണ്ടി സ്റ്റേഷൻ മാസ്റ്റർ രാജഗോപാലൻ, അടുത്ത സുഹൃത്താണ്. മൂപ്പർ ഡ്യൂട്ടിയിലാണോയെന്നറിയില്ല.

ഞാൻ കൺട്രോൾ ഫോണെടുത്ത് കടലുണ്ടി കണക്റ്റ് ചെയ്യാൻ പറഞ്ഞു. ഭാഗ്യം രാജേട്ടനാണ് ഡ്യൂട്ടിയിൽ. ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെ സ്റ്റേഷനും കാബിനുകളും ശ്രദ്ധിക്കുന്നുണ്ടാവും. കൺട്രോൾ ഫോൺ തീവണ്ടി ഗതാഗതത്തിന്റെ സിരാകേന്ദ്രമാണ്.

'രാജേട്ടാ, കാബിൻമാൻ ശ്രീധരൻ ഡ്യൂട്ടിയിലാണോ'.

'ഇന്നു രാത്രിഡ്യൂട്ടിയാണ്'.

'അഞ്ചരയുടെ വണ്ടിക്ക് അയാളെ തിരൂരിലെക്കയയ്ക്കാനെന്താ വഴി.'

മറുതലക്ൽ നിശ്ശബ്ദം. രാജേട്ടൻ വെച്ചു പോയോ. പേടിപ്പെടുത്തുന്ന മൂകത

'പത്ത് മിനിറ്റ് വെയ്റ്റു ചെയ്യു'. രാജഗോപാലൻ പയ്യേ പറഞ്ഞു.

മണി നാലരയായി, പത്തു മിനിറ്റായില്ല വിളിവന്നു.

'ശ്രീധരൻ വരുന്നുണ്ട്. പകരക്കാരനെ കിട്ടാനായിരുന്നു പാട്'. രാജേട്ടൻ ഇതിനു മുമ്പും രക്ഷകനായിട്ടുണ്ട്.

ആവു ആശ്വാസമായി. പിന്നീടു കണ്ടപ്പോൾ രാജഗോപാലൻ പറഞ്ഞു. 'പെട്ടു പോയി പെട്ടെന്നു പകരക്കാരനെ കിട്ടാൻ'. രാജേട്ടന്റെ കടം വീട്ടാൻ ഒരവസരം കിട്ടും. ഞാനാശ്വസിച്ചു.

ഞാൻ തിരിച്ചുവന്നു, വിവരം പറഞ്ഞു, കുഞ്ഞപ്പന്റെ മുഖത്ത് ഭാവമൊന്നുമില്ല. ഒരു സാധാരണ സംഭവം കുറച്ചുനേരം ഞാനനുഭവിച്ച ടെൻഷൻ എഴുതിയറിയിക്കാൻ ആവാത്തതാണ്. പക്ഷെ ആ മുഖത്തെ ശാന്തതയുടെ ഉള്ളറകളിൽ എന്താണെന്നറിയില്ല.

'ആറരക്കാണു ശ്രീധരന്റെ വണ്ടി ഇവിടെയെത്തുക'. ഞാനും കാര്യം നിസ്സാരമെന്ന മട്ടിൽതന്നെ. അദ്ദേഹത്തിന്റെ മൂഡറിയുന്ന കെ.എം.എസ്. ചിരിച്ചുകൊണ്ട് എന്നെ നോക്കി. കുഞ്ഞപ്പൻ വാച്ചിൽ നിന്നും മെല്ലെ മുഖം ഉയർത്തി.

'ശരി, ഒന്നരമണിക്കൂറുണ്ട്'! അദ്ദേഹം എന്തോ കണ്ടപോലെ മുറ്റത്തേക്ക് നോക്കി. സ്റ്റേഷനിൽനിന്ന് ഏതോവണ്ടി ബ്ലോക്കായി ബെല്ലടിച്ചു. മൂന്ന് ബെല്ല്. ഷൊർണ്ണൂർ ഭാഗത്തേക്കാണ്.

''താൻ വിലപിടിപ്പുള്ള രത്നങ്ങൾ കണ്ടിട്ടുണ്ടോ ? ഡയമണ്ട്'' എമറാൾഡ്.

'ഇല്ല'. എനിക്കൊന്നും മനസ്സിലായില്ല.

ഇവിടെ വഞ്ചേരി ഉണ്ണിക്ക് പ്രഷ്യസ് സ്റ്റോൺ കളക്ഷനുണ്ട് '. ഒന്നു പോയി മുട്ടി നോക്കാം.'' ചിരിച്ചുകൊണ്ടു തുടർന്നു.

'അയാൾ ആരെയും അത് കാണിക്കാറില്ല ലക്ഷങ്ങളുടെ ഏർപ്പാടല്ലെ, രഹസ്യ ഇടപാട്.

അദ്ദേഹം എഴുന്നേറ്റു. പിന്നീടാലോചനയൊന്നുമില്ല. കാറ് വഞ്ചേരി മനക്കലേക്ക് നീങ്ങി. വഴിയിൽ ഉണ്ണിനമ്പൂതിരിയുടെ അനുജൻ രാമൻ നമ്പൂതിരി പൂമുള്ളി രാമഫന്റെ കൂടെ പാട്ടു പഠിച്ച കഥ പറയുകയുണ്ടായി. 'ഭാഗവതരുടെ ശിഷ്യനായി' രാമഫൻ തികഞ്ഞ കലാമർമ്മജ്ഞനാണ്. അത്തരക്കാർക്ക് ആത്മജ്ഞാനം എളുപ്പമാണെന്ന് തോന്നുന്നു. മാസങ്ങൾക്ക് മുമ്പ് കണ്ടപ്പോൾ സംസാരം സംഗീതത്തിലൂടെ നീങ്ങി. പെട്ടെന്ന് വിശാലമായ നടപ്പുരയിലെ ഏതോ ഒരു ബിന്ദുവിൽ ദൃഷ്ടി ഉറപ്പിച്ച് കുറച്ചുനേരം മൂകനായി.

'ഈയിടെ ഞാൻ ഭാഗവതരെ കാണാറുണ്ട്. ഇടക്ക്. താൻ വിശ്വസിക്കില്ല. എല്ലാം ഒരു തിരസ്കരണികൊണ്ട് മറച്ചിരിക്കുകയാണ്. കർട്ടൺ ഒന്ന് നീക്കിയാൽ മതി ത്രികാലവും വെളിപ്പെടും'

ഭാഗവതരെന്നു പറഞ്ഞത് ചെമ്പൈ വൈദ്യനാഥ ഭാഗവതരാണ്. അദ്ദേഹം നിര്യാതനായിട്ട് കൊല്ലങ്ങളായി.

രാമൻ നമ്പൂതിരി രണ്ടു മൂന്നു കൊല്ലമായി ക്വാട്ടേഴ്സിൽ വരാറുണ്ടെന്നു ഞാൻ പറഞ്ഞു. പോകാൻ നേരത്തു ചെറിയ സംഖ്യകൾ കടമായി ചോദിക്കാറുണ്ട്. തിരിച്ചുതരാൻ അദ്ദേഹത്തിനു കഴിയാറുമില്ല. ഒരിക്കൽ പിരിയുമ്പോൾ പറഞ്ഞു.

''ഞാൻ കാരണവരാവുമ്പോ പത്തു സെന്റ് സ്ഥലം തരാം. ഭട്ടേരി ഇവിടെ സെറ്റിലായിക്കോളു. അടുത്തുണ്ടാവണം''കുഞ്ഞപ്പൻ ഇതുകേട്ടു ചിരിച്ചതേയുള്ളു.

വഞ്ചേരി എത്തി. കാറു നിർത്തി, കെ.എം.എസും ഞാനും ഇറങ്ങി. ഡ്രൈവർ

കുഞ്ഞപ്പന്റെ ഭാഗത്തെ ഡോർ തുറന്നു. ഉണ്ണിനമ്പൂതിരി, മുഷിഞ്ഞ ഒരു വെള്ള ബനിയനിട്ടു, മുറ്റത്തു കൂടിയിരിക്കുന്ന വലിയ തേങ്ങാ കൂമ്പാരത്തിനടുത്ത് കാര്യസ്ഥനുമായി ചർച്ചയിലാണ്. കുറച്ചു ദൂരെ കച്ചവടക്കാരാണെന്നു തോന്നുന്ന രണ്ടുപേർ സ്വകാര്യം പറയുന്നുണ്ട്. ഞങ്ങൾ രണ്ടുപേരെ ആദ്യം കണ്ടതും, ചിരിക്കാൻ മടിച്ചുകൊണ്ടു, അത്ഭുത ഭാവത്തിൽ അദ്ദേഹം നോക്കി നിന്നതേയുള്ളു.

അപ്പോഴേക്കും കുഞ്ഞപ്പൻ കാറിൽ നിന്നു പതുക്കെയിറങ്ങി. രണ്ടാംമുണ്ട് കുടഞ്ഞു തോളിലിട്ടു. ആഭിജാത്യം മുറ്റിയ വടിവോടെ നിന്നു, ചുറ്റും കണ്ണോടിച്ചു. അവസാനം കണ്ണ് ഉണ്ണിനമ്പൂതരിയിൽ നിന്നു. കുഞ്ഞപ്പനെകൂടെ കണ്ടപ്പോൾ ഉണ്ണി നമ്പൂതിരിയുടെ മുഖം പരിഭ്രമവും വിസ്മയവും ഇടകലർന്നു കാണിച്ചു

'കുഞ്ഞപ്പൻ. ഒട്ടും പ്രതീക്ഷിച്ചില്ല'. ഉണ്ണി നമ്പൂതിരി അടുത്തെത്തി. 'എടൊ, ഉണ്ണി താൻ പരിഭ്രമിക്കണ്ട. ഈ വഴി വന്നപ്പോ. ഒന്നു കേറി അത്രേള്ളു.

'ഹെയ് അതാവില്ല. എന്തോ ഉണ്ട്'.

'താനിവരെയൊക്കെയറിയോ' .

'ഓ, കെ.എം.എസ്. റയിൽവെയിലെ ഭട്ടതിരി' ശങ്കയില്ലാതെയുള്ള ഉത്തരം.

തിരൂരിലെ ഒരു വി.ഐ.പി. കൈവശപ്പെടുത്തിയിരുന്ന റെയിൽവെ ഭൂമി ഞാൻ ഒഴിപ്പിച്ചെടുത്ത കഥ അദ്ദേഹത്തിനറിയാം.

കാര്യസ്ഥൻ എന്തോ പറയാൻ അടുത്ത് വന്നപ്പോൾ, കുഞ്ഞപ്പൻ ഒന്നു നോക്കി, നേരെ പത്തായപ്പുരയിലേക്ക് നടന്നു. ഓഫീസ് മുറിയിൽ പ്രധാന കസേരയിൽതന്നെ അദ്ദേഹം ഇരുന്നു. സംഭ്രമം തീരാതെ ഉണ്ണി നമ്പൂതിരി മുറിയിൽ ചുറ്റി നടന്നു.

കുഞ്ഞപ്പൻ വാതിലിന്നടുത്ത് കാര്യസ്ഥനെ കണ്ട്, 'ചായയൊന്നും വേണ്ട' എന്നു കൈകാട്ടി പോകാൻ അനുവാദം കൊടുത്തു.

'ഈ കുഞ്ഞനിയനൊരു മോഹം, തന്റെ സ്റ്റോൺ കളക്ഷനൊന്നു കാണണമെന്ന് '. അദ്ദേഹം എന്നെ ചൂണ്ടി പറഞ്ഞു.

'എയ്, കുഞ്ഞപ്പ. അതൊന്നും ഇപ്പോ പറ്റില്ല. സന്ധ്യക്കരുത്.' പിന്നെ ഒന്നാലോചിച്ചശേഷം – 'പിന്നൊരിക്കലാവവാം'.

'താൻ വിഷമിക്കണ്ട. ഒന്നു രണ്ടെണ്ണം കാണിച്ചാമതി. ഒരു മോഹത്തിന്' .

കുറെ നേരത്തെ എതിർത്തുനിൽപ്പിനു ശേഷം അദ്ദേഹം അയഞ്ഞു. താഴെക്കുപോയി. കുഞ്ഞപ്പനോട് എതിർത്തു നിൽക്കാൻ അധികമാർക്കും പറ്റില്ല. അദ്ദേഹത്തിന്റെ ശരീരഭാഷയും മുഖത്തെ ദാർഢ്യവും ആരെയും കീഴ്പ്പെടുത്തും.

'ഇതൊരു സ്വകാര്യ ഏർപ്പാടാ, ലക്ഷങ്ങളുടെ ഇടപാട്. ആരുമറിയരുതെന്നാ വിചാരം. പക്ഷെ, അറിയാത്തവരാരുമുണ്ടാവില്ല. തിരൂരിൽ ഗുജറാത്തി വ്യാപാരികൾ പലരും ഇവിടെ വരുന്നത് പലരും ശ്രദ്ധിച്ചിട്ടുണ്ടാവും '.

കുഞ്ഞപ്പൻ വിവരിച്ചു. അഞ്ചുമിനിറ്റിനുള്ളിൽ ഉണ്ണി നമ്പൂതിരി വീർത്തമടിയും, കയ്യിലൊരു പൊതിയുമായെത്തി. ഉടനെ



*പൂമുള്ളി ഉണ്ണി നമ്പൂതിരിപ്പാട്, ആഴ്‌വാഞ്ചേരി കൃഷ്ണൻ തമ്പ്രാക്കൾ നടുവിൽ ലേഖകൻ കെ.എം.എസ് ഭട്ടതിരിപ്പാട്*

**കുറെ നേരം എമറാൾഡും, റൂബിയും നീലക്കല്ലുകളും മുറിയിൽ മഴവില്ല് തീർത്തു. കെ.എം.എസും ഞാനും വിസ്മയത്തുമ്പത്ത് നിന്നിറങ്ങിയില്ല. വജ്രത്തിന്റെ ഗുണം നിർണ്ണയിക്കുന്ന കാരറ്റും, കട്ടും, ക്ലാരിറ്റിയും, കളറുമായിരുന്നു അവരുടെ ചർച്ച.**

ഓഫീസു മുറിയുടെ വാതിലടച്ചു കുറ്റിയിട്ടു. ഒരുതരം പേപ്പറിൽ ഉമിക്കരിപ്പൊതിപോലെ നാലഞ്ചു പൊതികൾ മേശപ്പുറത്തു വെച്ചു. ടേബിൾലാമ്പ് പ്രത്യേകരീതിയിൽ ഫോക്കസ്സാക്കി. പിന്നെ പയ്യെ ആ പൊതിയഴിച്ചു. ഞങ്ങൾ ശ്വാസമടക്കി, ഇമവെട്ടാതെ നോക്കിയിരുന്നു. കുഞ്ഞപ്പൻ ഭാവഭേദമില്ലാതെ, എന്നാൽ എല്ലാം ശ്രദ്ധിച്ചുകൊണ്ട് ചാരിയിരുന്നു.

3 കല്ലുകൾ, ടേബിൾലാമ്പിന്റെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി. ഒരു വലിയതും രണ്ടു ചെറിയതും. ഉണ്ണിനമ്പൂതിരി കുഞ്ഞപ്പനെ നോക്കി. 'സൂറത്ത് ഡയമണ്ടാണ് '. വലിയത് ബൽജിയം കട്ട് '. അതാണു ഇത്ര ക്ലാരിറ്റി '.

കുഞ്ഞപ്പൻ സൂക്ഷിച്ചു നോക്കി. ഉണ്ണി നമ്പൂതിരി മടിയിൽ നിന്നു ചെറിയൊരു ഭൂതക്കണ്ണാടിയെടുത്തു തുടച്ചു കൊടുത്തു. അദ്ദേഹം അതെടുത്തു വജ്രം പലവിധത്തിലും ദൂരത്തിലും പിടിച്ചു പരിശോധിച്ചു. കട്ടിന്റെ പ്രത്യേകതകളെപ്പറ്റി ചോദിക്കുന്നതു കേട്ടു.

പിന്നീടു 5 ചെറിയ പൊതികൾ കൂടെ ഓരോന്നായി അഴിച്ചു. പഴയ വൈമനസ്യം കണിക പോലുമില്ല. അദ്ദേഹത്തിന്റെ ചലനങ്ങൾ ഒരനുഷ്ഠാനം പോലെയാണു തോന്നിച്ചത്. വിലയെപ്പറ്റി ചോദിക്കുന്നതു ഇഷ്ടമല്ലെന്നു തോന്നിയതുകൊണ്ടാവാം ചർച്ച കണ്ടില്ല. ഒരു യഥാർത്ഥ കൊണോസറെപ്പോലെ (Conoisseur) യായിരുന്നു ചോദ്യവും ഉത്തരവും. അഞ്ചു മിനിറ്റുകൊണ്ടു തീരാവുന്നത് മുക്കാൽ മണിക്കൂറെടുത്തു. കുറെ നേരം എമറാൾഡും, റൂബിയും നീലക്കല്ലുകളും മുറിയിൽ മഴവില്ല് തീർത്തു. കെ.എം.എസും ഞാനും വിസ്മയത്തുമ്പത്ത് നിന്നിറങ്ങിയില്ല. വജ്രത്തിന്റെ ഗുണം നിർണ്ണയിക്കുന്ന കാരറ്റും, കട്ടും, ക്ലാരിറ്റിയും, കളറുമായിരുന്നു അവരുടെ ചർച്ച. കുഞ്ഞപ്പന്റെ ചില ചോദ്യങ്ങൾക്ക് ഉണ്ണിനമ്പൂതിരി മിനിട്ടുകൾ എടുത്തു മറുപടി പറയാൻ. ചിലപ്പോൾ ചിരിച്ചുകൊണ്ടു ഒഴിഞ്ഞുമാറി. തികച്ചും അപരിചിത മേഘലയായതുകൊണ്ട് കെ.എം.എസും ഞാനും ഇവരുടെ സംവാദം കൗതുകപൂർവ്വം കേട്ടിരുന്നു.

ആറരക്ക് ഞങ്ങൾ ഇറങ്ങുമ്പോഴേക്ക് ഉണ്ണിനമ്പൂതിരി ഉത്സാഹവാനായിരുന്നു. വഴിയിൽ കുഞ്ഞപ്പൻ ഗാഢചിന്തയിലായിരുന്നു.

കാറു നിർത്തി ക്വാട്ടേഴ്സിലേക്ക് നടന്നു. ഞങ്ങൾ എത്തിയപ്പോഴേക്കും ശ്രീധരൻ മുറ്റത്തു നിൽപ്പുണ്ട്. ഒന്നും ശ്രദ്ധിക്കാതെ അവർ അകത്തുപോയി. ശ്രീധരൻ നിറഞ്ഞ ചിരിയോടെ എന്നെ എതിരേറ്റു. കുശലപ്രശ്നങ്ങൾക്കു ശേഷം ഞാൻ കാര്യം പറഞ്ഞു. അദ്ദേഹത്തോട് എല്ലാം തുറന്നുപറയണമെന്ന് നിർദ്ദേശിച്ചു.

'ഇനി ചായയാവാം' കുഞ്ഞികുട്ടേട്ടൻ അകത്തുനിന്നു വിളിച്ചു.

ഞാനകത്തു ചെന്ന ഉടനെ കുഞ്ഞപ്പൻ മെല്ലെ പറഞ്ഞു.

'എനിക്കയാളുടെ മുഖം വെളിച്ചത്തിൽ കാണണം. കസേരയവിടെ ഇട്ടോളു. ഞാനീ ചെറിയ ഇരുട്ടിലിരുന്നോളാം' .

ഞാൻ സീറ്റു ശരിയാക്കി, ശ്രീധരനെ വിളിച്ചു. ചായക്കുശേഷം അദ്ദേഹം കൈ കാണിച്ചു. ചോദ്യം തുടങ്ങിക്കോളാൻ.

'ശ്രീധരാ, ഇദ്ദേഹം പേരു കെട്ട വിഷഹാരിയാണ്. ഇത്രയും അറിവും പരിചയവും മറ്റാർക്കുമില്ല. തന്റെ അനുഭവം എന്നോടു പറഞ്ഞ പോലെ ഒന്നു വിവരിക്കു'.

'ശ്രീധരൻ മങ്ങിയ വെളിച്ചത്തിലേക്ക് നോക്കി തൊഴുതു.

'15 കൊല്ലം മുമ്പാണ് ' അയാൾ നടന്ന കഥകൾ വിസ്തരിച്ചു. പിന്നെ മേസ്തിരിയെന്ന നിലക്ക് ഞാനാണ് രോഗിയെകൂട്ടി മൂപ്പനെ കാണുന്നത്. ആയിടക്ക് എന്റെ റൂം മേറ്റ് വർഗ്ഗീസിനെയും വിഷം തീണ്ടി.

അന്നു ഞാനുടനെ മൂപ്പനെ കൊണ്ടുവന്നു. അയാൾ വന്നപ്പോഴേക്കും സ്ഥിതിമോശമായി. ഒരു മുളം കുറ്റിയിലുണ്ടായിരുന്ന ദ്രാവകം പല തവണ അയാൾ അൽപ്പാൽപ്പമായി കുടിപ്പിച്ചു. കരുവാളിച്ചു, ബോധം പോയിരുന്ന വർഗ്ഗീസ് നാലുമണിക്കൂറുകൊണ്ടു കണ്ണുമിഴിച്ചു. ക്രമേണ കഞ്ഞി കുടിച്ചു. രാത്രി എഴുന്നേറ്റു നടന്നു. മുറിയുണങ്ങാൻ ഒരാഴ്ചയെടുത്തു' ശ്രീധരൻ നിർത്തി.

ശ്രദ്ധാപൂർവ്വം കേട്ടിരുന്ന കുഞ്ഞപ്പൻ ചോദിച്ചു.'ഏതു തരം പാമ്പാണ് കടിച്ചതെന്നു ഈ മൂപ്പൻ നോക്കാറുണ്ടോ ?

'മുറിവായ നോക്കിയാണ് പറയാറ്. മുറിയുടെ വലുപ്പം, സ്ഥലം, കളർ എല്ലാം നോക്കും'. മുറിപ്പാട് ചെറുവിരലുകൊണ്ടു തൊട്ടു നോക്കുന്നതു കണ്ടിട്ടുണ്ട്.

'പക്ഷെ ചികിത്സ ഒന്നു തന്നെയാണോ '.

'മുളം കുഴലിലെ വെള്ളമാണു കൊടുക്കുന്നത് '.

'അതിലെന്താണെന്ന ശ്രീധരനറിയൊ '.

ശ്രീധരൻ ഒന്നു മടിച്ചു. 'എന്നോടു പറഞ്ഞത് തമ്പുരാനോടു പറഞ്ഞോളു'. ഞാൻ പറഞ്ഞു.

ശ്രീധരൻ മൂപ്പൻ പറഞ്ഞു കൊടുത്ത മരുന്നുകൾ വിവരിച്ചു.

'ഈ ചികിത്സക്കു ശേഷം ആരെങ്കിലും മരിച്ചോ '.

'ഒരാൾ മരിച്ചതറിയാം. മൂപ്പന്റെ അടുത്ത് എത്തുമ്പോഴേക്കും മൂന്നു മണിക്കൂറായിരുന്നു. കടിയേറ്റത് വലത്തെ ചുമലിലായിരുന്നു''.

'മന്ത്രചികിത്സയുണ്ടോ അവർക്ക്'

'രോഗിയെ പരിശോധിച്ചശേഷം അവരുടെ പ്രത്യേക ആദിവാസി ഭാഷയിൽ എന്തോ ഉറക്കെ ചൊല്ലാറുണ്ട്. രോഗി അത്യാസന്ന നിലയിലാണെങ്കിൽ കുറേ നേരം കണ്ണടച്ച് ജപിച്ചുകൊണ്ടിരിക്കും'.

പിന്നീടു കുഞ്ഞപ്പനൊന്നും ചോദിച്ചില്ല. കുറെ നേരം എന്തോ ചിന്തിച്ചു കൊണ്ടിരുന്നു.

'ശരി, ശ്രീധരന്റെ വണ്ടിയെപ്പോഴാ'

'9 മണിക്ക് '

കൂടിക്കാഴ്ച അവസാനിച്ചു.

പിന്നെ ആറാം തമ്പുരാൻ വഞ്ചേരി കഥയിലേക്ക് മടങ്ങി. അദ്ദേഹം കുഞ്ഞികുട്ടേട്ടനോട്

'താനറിയോ പണ്ട് ഈ വഞ്ചേരി നമ്പൂതിരി തിരൂരിന്റെ അധിപനായിരുന്നു. സർവ്വാധികാരി ഇല്ലത്തുനിന്ന് ഏതാണ്ടിതുവരെ അവരുടെ സ്വന്തമാണ്. അധികാരി ഇല്ലത്തുനിന്ന് ഇറങ്ങിയാൽ എല്ലാവരും വഴിമാറും, കടകളിലുള്ളവരെല്ലാം ബഹുമാനപൂർവ്വം എഴുന്നേൽക്കും' വഞ്ചേരിക്കാരുടെ പഴയ പ്രതാപം അദ്ദേഹം വിവരിച്ചത് ഞങ്ങളിൽ അത്ഭുതപ്പെടുത്തി.

എട്ടരമണിയോടെ കാറിൽ കയറുമ്പോൾ ഞാൻ ചോദിച്ചു

'കുഞ്ഞപ്പന്റെ അഭിപ്രായം എന്താ'

'ശരിയാവാം. അയാൾ പറയുന്നത് സത്യ മാവാനാണിട. എതായാലും ഒന്നു പരീക്ഷിക്കണം'. വണ്ടി നീങ്ങുന്നതിനുമുമ്പ് കുഞ്ഞപ്പൻ സ്വാകാര്യമായി പറഞ്ഞു.



*പൂമുള്ളി മന (തറവാട് ) ഏഴാം തമ്പുരാൻ രാമൻ നമ്പൂതിരിപ്പാടിന്റ മകൻ വാസുദേവൻ നമ്പൂതിരിപ്പാട്*

**ഏതു തരം പാമ്പാണ് കടിച്ചതെന്നു മൂപ്പൻ മുറിവായ നോക്കിയാണ് പറയാറ്. മുറിയുടെ വലുപ്പം, സ്ഥലം, കളർ എല്ലാം നോക്കും'. മുറിപ്പാട് ചെറുവിരലുകൊണ്ടു തൊട്ടു നോക്കുന്നതു കണ്ടിട്ടുണ്ട്. മൂപ്പന്റെ ചികിത്സയെപ്പറ്റി അറിയാനാണ് ഇത്രയും ദൂരേക്ക് അദ്ദേഹം വന്നത്**

'ശ്രീധരന് കാശ് എന്തെങ്കിലും കൊടുക്കണം. ഓടിക്കിതച്ച് വന്നതല്ലെ.'

പിന്നേയും അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഒരു കാര്യത്തിൽ മാത്രമാണ് ദു:ഖം. അദ്ദേഹത്തിന്റെ ഒരാവശ്യം എന്നോടു പറഞ്ഞത് സാധിക്കാനായില്ല. ഒരിക്കലദ്ദേഹം ഒരു മോഹം പറഞ്ഞു. ഒരാളെ തർക്കം പഠിപ്പിക്കണം.

'12 - 15 വയസ്സു പ്രായമുള്ള ഒരുണ്ണിയാണു നല്ലത്. ഡിഗ്രിവരെ ഞാൻ പഠിപ്പിക്കാം. ഞാനഞ്ചാറുകൊല്ലം നോക്കിയ തർക്കശാസ്ത്രം വേരറ്റു പോകരുത്. താനൊന്നു ശ്രമിക്കു '.

ഞാൻ ശ്രമിച്ചു, പക്ഷെ ആരേയും കിട്ടിയില്ല. വാ മൊഴിയായി ആറാം തമ്പുരാനിൽ നിന്നു പഠിക്കാൻ ഒരാളെ തേടായ്കയല്ല. ആ ഖേദം ബാക്കിയാണ്.

അദ്ദേഹത്തിന്റെ തീക്ഷ്ണമെങ്കിലും പളുങ്കുനീർപോലുള്ള ധിഷണയുടെ ഓളങ്ങൾ പ്രഭാഷണത്തിലും ഫലിതോക്തിയിലും ഒന്നിനുമേലെ ഒന്നായി വന്നുകൊണ്ടിരിക്കും. ഇത്തരം അനുഭവങ്ങൾ അടുത്തു പെരുമാറിയവർക്ക് നിറയെ പറയാനുണ്ടാവും. അവർ ആ സാമീപ്യത്തിന്റെ കാന്തിക ശക്തി തൊട്ടറിഞ്ഞിട്ടുമുണ്ടാവും.

പിൻകുറിപ്പ് -

സ്വസ്തിയിൽ വന്ന വഞ്ചേരി ഇല്ലത്തെപ്പറ്റിയുള്ള ലേഖനമാണ് ഇത് എഴുതുവാൻ പ്രേരിപ്പിച്ചത്. എഴുതി തീർന്നശേഷം ഇതിന്റെ കോപ്പി ആറാം തമ്പുരാന്റെ (പൂമുള്ളിമനക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ) മകൻ ഉണ്ണിനമ്പൂതിരിപ്പാടിന് അയച്ചുകൊടുത്തു. പിറ്റേന്ന് അദ്ദേഹത്തിന്റെ വിളി എന്നെ അത്ഭുതപ്പെടുത്തി. അന്ന്, അച്ഛന്റെയും കെ.എം.എസിന്റെയും കൂടെ ഡ്രൈവറായി വന്നത് താനായിരുന്നു എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. അന്ന് നടന്ന സംഭവങ്ങളെല്ലാം അദ്ദേഹം വിവരിച്ചത് കേട്ടപ്പോൾ ഞാൻ സ്തബ്ധനായി. എന്റെ മനസ്സിൽ ഇത് എഴുതുമ്പോൾ അത് മറഞ്ഞുകിടന്നിരുന്നു.

ചരിത്രത്തിന്റെ താളുകളിലേക്കൊതുങ്ങുന്ന വഞ്ചേരി ഇല്ലത്തെപ്പറ്റി, നിയതിയുടെ ദാക്ഷിണ്യമില്ലാത്ത നിശ്ചയത്തെ, സന്താപത്തോടെ മാത്രമെ ഓർക്കാനാവു.

ഉണ്ണിനമ്പൂതിരിയുടെ മരണശേഷം രാമേട്ടൻ കാരണവരായി. കൊല്ലങ്ങൾക്കുശേഷം ഞാൻ അവിചാരിതമായി ആ വഴി പോയപ്പോൾ അവിടെ കേറി. അദ്ദേഹത്തിന്റെ വൈകിയ വേളിയെപ്പറ്റി കേട്ടിരുന്നു. കുറെ കാത്തിരിപ്പിനുശേഷം അദ്ദേഹത്തെ കണ്ടു. രാമേട്ടൻ അമ്പരപ്പിക്കുന്ന മാറ്റങ്ങൾക്ക് വിധേയനായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തെ പരിഭ്രമം മാറ്റാൻ ഞാൻ എഴുന്നേറ്റ് പറഞ്ഞു.

'ഹെയ് രാമേട്ടാ ഈ വഴിക്ക് വന്നപ്പോൾ ഒന്ന് കയറിയെന്നുമാത്രം'

ആ മുഖം എന്റെ മനസ്സിലെ രാമേട്ടനായിരുന്നില്ല. അഞ്ചുമിനിറ്റിനുള്ളിൽ എല്ലാ ആശംസകളും രണ്ടുപേർക്കും നേർന്ന് ഞാൻ പടിയിറങ്ങി. ●

കെ.എം.എസ്. ഭട്ടതിരിപ്പാട്
ഗുരുപവൻ കാവനാട്ട്,
കോട്ടപ്പടി, പി.ഒ. കോട്ടക്കൽ - 676 503,
(ഫോൺ: 9744999300)

# അനുമോദനങ്ങൾ



**അഖില ആര്യ**
*കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്ന്റെ എം.ഡി ജനറൽ മെഡിസിൻ പരീക്ഷയിൽ രണ്ടാം നേടിയ അഖില ആര്യ. പാലക്കാട് ഉപസഭയിലെ ഉണ്ണികൃഷ്ണന്റെയും ഉമാദേവിയുടേയും മകൻ ഡോക്ടർ ദിലീപിന്റെ ഭാര്യയാണ്.*



**എസ്. ആര്യ**
*എം.ജി സർവകലാശാല എം. കോം പരീക്ഷയിൽ മൂന്നാം മാങ്ക് നേടിയ എസ്. ആര്യ. ഷൊർണ്ണൂർ ആര്യഞ്ചിറ സ്കൂളിലെ അദ്ധ്യാപകൻ എൻ. ബി സതീശന്റെയും ഹൈക്കോടതി ഫയലിംഗ് സ്ക്രൂട്ടണി ഓഫീസർ ഗിരിജയുടെയും മകളാണ്.*



**ദിവ്യ**
മലയാള സാഹിത്യത്തിൽ പി.എച്ച്.ഡി. (എം.ജി. സർവ്വകലാശാല) നേടിയ ആലുവ യു.സി. കോളേജിലെ ദിവ്യ ശീവൊള്ളി. ആലുവ കുന്നുകര ശീവൊള്ളി മനയിൽ പ്രൊഫ. ഡോ. എസ്.നാരായണൻ നമ്പൂതിരിയുടെയും ടി. എൻ.ഇന്ദിരയുടെയും മകളും തൃശൂർ ചേർപ്പ് കിഴക്കേടത്ത് മനയിൽ ബിനോയ് മാധവന്റെ ഭാര്യയുമാണ്.



**സഞ്ജീവ് വാസുദേവൻ**
മദ്രാസ് ഐ. ഐ. ടി.യിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ സഞ്ജീവ് വാസുദേവൻ. ഷൊർണൂർ കവളപ്പാറ കുമ്മിണിമനയിലെ കെ.വി.വാസുദേവൻ (റിട്ട. കനറാ ബാങ്ക് ഓഫീസർ), എം.സാവിത്രി ദമ്പതികളുടെ മകനാണ്.



**ഹരിതശ്രീ.**
കോഴിക്കോട് സർവ്വകലാശാല എം.എ. മ്യൂസിക് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ഹരിതശ്രീ. എം.എൻ. എം.എസ്. നാരായണൻ മാസ്റ്ററുടെയും ആര്യാ സുനന്ദയുടെയും മകളായ ഹരിതശ്രീ നെടുമ്പള്ളി രാം മോഹൻ , മീര രാം മോഹൻ എന്നിവരുടെ ശിഷ്യയുമാണ്. കഥകളി സംഗീതത്തിൽ ആകാശവാണിയുടെ ഗ്രേഡഡ് ആർട്ടിസ്റ്റ് ആണ്.

# 700 വർഷത്തിന് ശേഷം മഹാകുബേരയാഗം

ഏപ്രിൽ മാസത്തിൽ ഒരു അത്യപൂർവ മഹായാഗത്തിനു ഷൊർണൂരിനടുത്തുള്ള ചളവറ എന്ന ഗ്രാമം സാക്ഷ്യമാവാൻ പോവുകയാണ്. ഏതാണ്ട് 700 വർഷങ്ങൾക്കു ശേഷം ധനാധിപതിയായ കുബേരനെ സാക്ഷിനിർത്തി അദ്ദേഹത്തിന്റെ തന്നെ സൃഷ്ടിയായ മഹാകുബേര യാഗം അരങ്ങേറുന്നു. ചളവറയിലെ കുബേരപുരിയിൽ ശ്രീ കുബേര ക്ഷേത്രത്തിൽ ഏപ്രിൽ 17 മുതൽ 23 വരെയാണ് യാഗം നടക്കുന്നത്.

ലോക സാമ്പത്തിക സമാധാനം എന്ന ലക്ഷ്യം കൈവരിക്കലാണ് ഈ യാഗം ലക്ഷ്യമിടുന്നത്. സോമയാഗത്തിലും കുണ്ടൂർ അതിരാത്രത്തിൽ ഹോത്രം ചെയ്തു പങ്കെടുത്തും അപൂർവ പുണ്യം ആർജിച്ച പ്രശസ്ത വൈദികൻ ചെറുമുക്ക് വല്ലഭൻ അക്കിത്തിരിപ്പാടിന്റെ മുഖ്യ കാർമികത്വത്തിലാണ് യാഗം.

കേരളത്തിലെ ആദ്യ കുബേര ക്ഷേത്രമായ ചളവറയിലെ കുബേര ക്ഷേത്രം കഴിഞ്ഞ നവംബർ ഒന്നാം തീയതി കാസർഗോട്ടെ എടനീർ മഠാധിപതി സച്ചിദാനന്ദ ഭാരതി സ്വാമികൾ ആശീർവദിച്ച് ഭക്തർക്കായി തുറന്നു കൊടുത്തു. കുബേര ഭഗവാനെ കൂടാതെ ലക്ഷ്മി വിനായകൻ, കനകധാരാ ദേവി (മഹാലക്ഷ്മി), രാജഗോപാലൻ (ശ്രീകൃഷ്ണൻ) എന്നിവരുടെ പ്രതിഷ്ഠകളുമുണ്ട്

മഹാ കുബേര യാഗത്തിൽ ഓൺലൈൻ ആയോ ഓഫ്‌ലൈൻ ആയോ പങ്കെടുക്കാം. നിധികുംഭം അടങ്ങുന്ന പ്രസാദം ഭക്തന് ലഭിക്കും. ധനത്തിന്റെയും ഐശ്വര്യത്തിന്റെയും നാഥനെന്ന നിലയിൽ കുബേര ഭഗവാൻ സൂക്ഷിക്കുന്ന നിധി കുംഭത്തിന്റെ ചെറു മാതൃകയിലാണിത് രൂപകല്പന ചെയ്തിരിക്കുന്നത്. ശംഖു നിധിയും പദ്മനിധിയും രേഖപ്പെടുത്തിയ ദിവ്യയന്ത്രവും ലഭിക്കും.

കുബേര ഭഗവാന്റെ കാൽക്കൽ പൂജിച്ചു ശക്തി ആവാഹിച്ച ദിവ്യമായ നാണയവും ഭക്തന്റെ പേരും നക്ഷത്രവും പറഞ്ഞു കുബേര പൂജ നടത്തിയ വിഭൂതി പ്രസാദവും ലഭിക്കുന്നതാണ്. ഭക്തന് കുബേരമന്ത്രവും ഈ അവസരത്തിൽ സ്വായത്തമാക്കാം. കുബേര ഭഗവാനെ ഏതു വിധത്തിലും ദിശയിലും പൂജിക്കണമെന്നും വിദഗ്ധർ മനസ്സിലാക്കിത്തരുന്നു. മഹാ കുബേര യാഗം പുരുഷാർത്ഥങ്ങളിൽ രണ്ടാമത്തേതായ അർത്ഥത്തിൽ അഥവാ ധർമത്തിൽ ഊന്നിയ സമ്പദ് സമൃദ്ധിയിൽ അധിഷ്ഠിതമാണ്.

യാഗ യജമാനനായ പ്രശസ്ത വൈദികൻ ചെറുമുക്ക് വല്ലഭൻ അക്കിത്തിരിപ്പാട് 12 വർഷത്തോളം വേദ വിദ്യാഭ്യാസവും ആധുനിക വിദ്യാഭ്യാസവും ചെയ്ത ശേഷം കുണ്ടൂർ അതിരാത്രത്തിൽ ഹോത്രൻ എന്ന ഋഗ്വേദത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഋത്വിക് ആയി 90 ൽ പ്രവർത്തിച്ചു വളരെ വിജയകരമായി ഹോത്രം ചെയ്തു. കുണ്ടൂർ അതിരാത്ര യജമാനൻ ഉൾപ്പടെ ആഞ്ചു അതിരാത്രത്തിൽ ഋഗ്വേദാചാര്യനായും പ്രവർത്തിച്ചിട്ടുണ്ട്. വേദ, ശാസ്ത്ര രംഗത്ത് ഇപ്പോഴും സജീവമാണ്.

ദിവ്യമായ മനുഷ്യ വേദാന്തം ധനർജ്ജവത്തിനായുള്ള നിഗൂഢ രഹസ്യങ്ങൾ പുരാതന കാല സൂത്രങ്ങളിൽ നിന്നും, സൂക്തങ്ങളിൽ നിന്നും, സ്തോത്രങ്ങളിൽ നിന്നും ഈ യാഗ ഭൂമിയിൽ പുറത്തെടുക്കുന്നു. അതുകൊണ്ടു തന്നെ ലോകമെമ്പാടുമുള്ള ആളുകൾ ഈ യാഗ ഭൂമിയിൽ നിന്നുയരുന്ന ദിവ്യമായ അനുഗ്രഹം ലഭിക്കാനുള്ള അവസരം നഷ്ടപ്പെടുത്തരുത്.

കൂടുതൽ വിവരങ്ങൾക്ക് Ph: 9778412296, 9778412297, 9778412298, 9778412299
സന്ദർശിക്കുക: www.kuberatemple.in |
Mail Id: kuberatemple@gmail.com

# ഭാഗവത വാചസ്പതി

## പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി



നാലാം ശ്രാദ്ധദിനം ( 7.3.2022 )

ദീപ്ത സ്മരണകളോടെ: നവീൻ ശങ്കർ നമ്പൂതിരി ( മൊബൈൽ: 8157032706 ) അമൃത, പാർവതി.
പാലാഞ്ചേരി ഇല്ലം, പി.ഒ. പെരുമണ്ണ, കോഴിക്കോട് ജില്ല, പിൻ: 673019

# ശ്രദ്ധാഞ്ജലികൾ



# ഇളമന ഗോവിന്ദൻ നമ്പൂതിരി

കോഴിക്കോട് ബാലുശ്ശേരി കരുമല നിവാസി ഓമശ്ശേരി ഇളമന ഗോവിന്ദൻ നമ്പൂതിരി (ഗോപിയേട്ടൻ ) 2022 ഫെബ്രുവരി 24 ന് അർധരാത്രി നമ്മെ വിട്ടു പിരിഞ്ഞു.

ആറടിക്കു മേൽ ഉയരം. ബലിഷ്ഠമായ ശരീരം. വിശ്രമമില്ലാത്ത കഠിനാധ്വാനി, പൂജാരി, കൃഷിക്കാരൻ. എല്ലാം കൊണ്ടും ശക്തനായിരുന്നു ഗോപിയേട്ടൻ.

അടിയന്തരാവസ്ഥാ കാലത്ത് ജനസംഘത്തിന്റെ പതാകയുമായി നിരോധനം ലംഘിച്ച് കോഴിക്കോട്ട് പ്രകടനം നടത്തിയവരിൽ ഗോപിയേട്ടനുണ്ടായിരുന്നു. അറസ്റ്റ്, ജയിൽവാസം. തുടർന്ന് 3 വർഷം രാഷ്ട്രീയ സ്വയംസേവക സംഘം മുക്കം മണ്ഡലം ശാരീരിക് ശിക്ഷൺ പ്രമുഖ് ആയി. ജീവിതാവസാനം വരെ താൻ വിശ്വസിച്ച പ്രസ്ഥാനത്തോടൊപ്പം പ്രവർത്തിച്ചു.

"സ്വർഗ്ഗത്തിലിരുന്ന് എന്നും ഞങ്ങളെ അനുഗ്രഹിക്കാൻ പ്രാർത്ഥനകളോടെ."

**ഗോപിയേട്ടന്റെ സ്വന്തം ലീല (കരുമല )**

മക്കൾ :

ഡോ: ശ്രീജിത് (അഹല്യ ആശുപത്രി, പാലക്കാട്)
കൃഷ്ണപ്രസാദ് (കമ്പ്യൂട്ടർ എഞ്ചിനീയർ, ഇൻഫോപാർക്ക്, എറണാകുളം)
ഡോ. ശ്രീ ദർശന (അഹല്യ ആശുപത്രി)
മൊബൈൽ: ശ്രീജിത് .8848305524

സഹോദരങ്ങൾ:

പദ്മനാഭൻ നമ്പൂതിരി
സുബ്രഹ്മണ്യൻ നമ്പൂതിരി
കേശവൻ നമ്പൂതിരി
ഉമാദേവി (കൊറ്റിവട്ടം)
സുമംഗലി (പെരിഞ്ചീരി )

*പ്രണാമങ്ങളോടെ: ബന്ധുമിത്രാദികളും നാട്ടുകാരും.*

SWASTHY CREATIONS CALICUT 9400992823

# കോഴിക്കോട്ട് രണ്ട് ഉപസഭകൾ കൂടി

## ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനത്തിന് ജില്ലയിലെ മൊത്തം അംഗങ്ങളും പങ്കെടുക്കണം

2022 യോഗക്ഷേമസഭ കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. പണികളെല്ലാം പൂർത്തീകരിച്ച് ഫർണിഷിംഗുകളും കൂടി കഴിഞ്ഞ് മേയ് ഒന്നാം തീയതി നമ്മുടെ ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനം നടക്കുകയാണ്. കോഴിക്കോട് ജില്ലയിലെ ഓരോ അംഗത്തിന്റെയും ശ്രമഫലമാണ് നമ്മുടെ മന്ദിരം. അതുകൊണ്ടു തന്നെ കോഴിക്കോട് ജില്ലയിലെ മൊത്തം അംഗങ്ങളും ഉദ്ഘാടനത്തിന് പങ്കെടുക്കുകതന്നെ വേണം.

ഘോഷ ബഹിഷ്ക്കരിച്ച് വിപ്ലവം സൃഷ്ടിച്ച ആദ്യത്തെ അന്തർജനം മനഴി പാർവതി അന്തർജനം കോഴിക്കോട്ടുകാരിയാണ്. നിർജീവമായിരുന്ന യോഗക്ഷേമസഭ ഉയർത്തെഴുന്നേൽക്കാൻ കാരണമായ കേരള നമ്പൂതിരി സമാജം രൂപം കൊണ്ടതും കോഴിക്കോട് ജില്ലയിൽ തന്നെ. ഇന്നും യോഗക്ഷേമസഭ കോഴിക്കോട് ജില്ലയുടെ ഐക്യം മറ്റുള്ളവർക്ക് മാതൃകയാണ്.

ടി സി നാരായണൻ നമ്പൂതിരി, സി കൃഷ്ണൻ മൂസ്, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, മധു അരീക്കര, എൻ.ആർ. നമ്പൂതിരി, പി.വി.നാരായണൻ നമ്പൂതിരി, ഒ.ടി.വാസുദേവൻ നമ്പ ൂതിരി, കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി, എ.പി. നമ്പൂതിരി, മക്കാട് മാധവൻ നമ്പൂതിരി, പുന്നപ്പള്ളി ആനന്ദൻ നമ്പൂതിരി, പി.ആർ നമ്പൂതിരി, കൊളപ്പുറം നാരായണൻ നമ്പൂതിരി, നാറണിയാട്ട് ദാമോദരൻ നമ്പൂതിരി, താമരക്കുളം വാസുദേവൻ നമ്പൂതിരി, പാലാഞ്ചീരി നാരായണൻ നമ്പൂതിരി, പി.ഐ.വാസുദേവൻ നമ്പൂതിരി, പാറക്കോട് ശങ്കരൻ നമ്പൂതിരി തുടങ്ങിയവരുടെ പ്രവർത്തനങ്ങളും കോഴിക്കോട് ജില്ലയിലെ നമ്പൂതിരി സഭകളുടെ പ്രവർത്തനചരിത്രവും പൂർവ്വസൂരികളെ എല്ലാം സ്മരിച്ചുകൊണ്ട് ഒരു പുസ്തകമാക്കി മെയ് ഒന്നിന് പ്രസിദ്ധീകരിക്കപ്പെടുന്നു.

2022 ലെ സംസ്ഥാന കൗൺസിൽ യോഗം കോഴിക്കോട് വെച്ചാണ് നടത്തപ്പെടുന്നത് എന്നതും നമുക്ക് ഒരു അംഗീകാരമാണ്. നമ്മെ ഏൽപ്പിച്ച പ്രവൃത്തികൾ ഏറ്റവും നന്നായി ചെയ്യുക എന്നത് നമ്മുടെ പാരമ്പര്യമാണ്, കടമയുമാണ്.

സംഘടനാ തലത്തിൽ കടുത്ത കൊറോണക്കാലത്തു പോലും 13 ഉപസഭകളുണ്ടായിരുന്നത് 15 ആയി. ഈ മാർച്ചിന് മുമ്പായി അത് 20 ആകാൻ പോകുന്നു. മെമ്പർഷിപ്പിന്റെ വർധന ഏകദേശം ആയിരമായിരുന്നു.

കോടഞ്ചേരി, കുന്ദമംഗലം, ഉള്ളിയേരി, തിരുവച്ചിറ, തിനൂർ, അത്തോളി, നീലേശ്വരം ഉപസഭകൾ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ സ്റ്റേജുകളിലാണ്.ജില്ലയുടെ ക്രിക്കറ്റ് ടീം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി. 2022 ൽ തന്നെ സ്പോർട്സ് മീറ്റ് നടത്തണം. പരമാവധി സ്റ്റാർട് അപ്പുകളായിരിക്കണം ഇനി ലക്ഷ്യം.

സ്വസ്തിയുടെ സ്റ്റാൻഡേർഡും സ്വീകാര്യതയും കൂടി കൊണ്ടിരിക്കുന്നു. സ്വസ്തിയുടെ പുറകിൽ പ്രവർത്തിക്കുന്നവരെല്ലാം ഓവർലോഡഡ് ആണ്. എഡിറ്റോറിയലിലും, സർക്കുലേഷനിലും, പരസ്യത്തിലും, മാർക്കറ്റിംഗിലുമെല്ലാം നിസ്വാർത്ഥരായ പുതുരക്തങ്ങളെ ആവശ്യമുണ്ട്. കഴിവും താൽപര്യവുമുള്ളവർ ഭാരവാഹികളുമായി ബന്ധപ്പെടുക. ഓർമ്മിക്കുക ഇപ്പോഴത്തെ ടീം ഒരു രൂപ പോലും പ്രതിഫലം വാങ്ങാതെയാണ് പ്രവർത്തിക്കുന്നത്.ജില്ലാ വനിതാ വിഭാഗത്തെ ഊർജസ്വലമായ പ്രവർത്തനങ്ങൾക്ക് അഭിനന്ദിക്കുന്നതോടൊപ്പം ഈയിടെയായി യുവജനങ്ങൾ മുന്നോട്ടുവരുന്നതിനെ സ്വാഗതം ചെയ്യുന്നു. ●

**താമരക്കുളം ദിവാകരൻ**
ജില്ലാ സെക്രട്ടറി
യോഗക്ഷേമസഭ , കോഴിക്കോട്



*സ്ഥാപക ദിനത്തിൽ ജില്ലാ പ്രസിഡണ്ട് മധു അരീക്കര പതായ ഉയർത്തുന്നു*



*കോടഞ്ചേരി ഉപസഭ യോഗക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു*

### കോടഞ്ചേരി ഉപസഭ

കോടഞ്ചേരി: കോഴിക്കോട് ജില്ലാ യോഗക്ഷേമസഭയുടെ 16-മത് യൂണിറ്റായ കോടഞ്ചേരി ഉപസഭ യോഗക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ഉമാദേവി അന്തർജ്ജനം നിലവിളക്ക് കൊളുത്തി. ഉപസഭാ പ്രസിഡണ്ട് എൻ.ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി മുഖ്യ പ്രഭാഷണം നടത്തി. നവീൻ കിഴക്കില്ലം ഭാവി പദ്ധതികൾ വിശദമാക്കി. പരസ്പര സഹായ നിധിയുടെ ആദ്യ ഗഡു ചടങ്ങിൽ സ്വീകരിച്ചു. മാനാംകുന്ന് ക്ഷേത്രം തന്ത്രി ഇളമന ശ്രീധരൻ നമ്പൂതിരി ആശംസകൾ നേർന്നു. ദേവി നാരായണൻ, ശ്യാമ, ശരണ്യ എന്നിവരുടെ കലാപരിപാടികളും ഉണ്ടായിരുന്നു. പാലാഞ്ചേരി ശ്രീധരൻ നമ്പൂതിരി സ്വാഗതവും,വരുൺ പാലാഞ്ചേരി കൃതജ്ഞതയും പറഞ്ഞു. മുറമ്പാത്തി പാലാഞ്ചേരി ഇല്ലത്തായിരുന്നു ഉദ്ഘാടന ചടങ്ങുകൾ. ●

### കുന്നമംഗലം ഉപസഭ

കോഴിക്കോട് ജില്ലയിൽ കൂഴക്കോട്, ചെത്തുകടവ്, കുന്ദമംഗലം, കാരന്തൂർ, പിലാശ്ശേരി, പൈങ്ങോട്ടുപുറം പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്, പുതിയതായി കുന്നമംഗലം ഉപസഭ രൂപീകരിച്ചു. പാണ്ടിക്കടവത്ത് വിഷ്ണു നമ്പൂതിരി അധ്യക്ഷത വഹിച്ചു. 27 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ വെച്ച് ചെമ്പകശ്ശേരി വാസുദേവൻ നമ്പൂതിരി പ്രസിഡണ്ടും കുഴിപ്പുറം കൃഷ്ണൻ നമ്പൂതിരി സെക്രട്ടറിയും പൈങ്കടവത്തില്ലത്ത് വിജയ് നമ്പൂതിരി ട്രഷററുമായി അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗം പാറക്കോട് ശങ്കരൻ നമ്പൂതിരി, സ്വസ്തി മാനേജിംഗ് എഡിറ്റർ വിനോദ് മങ്ങത്തായ, പുല്ലങ്കോട് വിഷ്ണുനമ്പൂതിരി എന്നിവർ സംസാരിച്ചു. ●



*കുന്ദമംഗലം ഉപസഭയുടെ രൂപീകരണ യോഗം*

# തുരുത്ത്

മിനിക്കഥ

വിഷ്ണു മാന്തിട്ട





അത് വിരസമായൊരു സായാഹ്നമായിരുന്നു.കേസരി മെമ്മോറിയൽ പബ്ലിക് ലൈബ്രറി. തുരുത്തിലെ പഴയ ആ വായനശാലയിലെ ഒരു മേശയ്ക്ക് ഇരുപുറവുമായി ഞങ്ങൾ ഇരുന്നു. ഞാനും അസികിനിയും. അനി എന്നേ വിളിക്കാറുള്ളു. അതും അവൾ തന്നെയാണ് സജസ്റ്റ് ചെയ്തത്.

ഞങ്ങളുടെ ഇരുവശത്തുമായി പഴയ കുറെ പുസ്തകങ്ങൾ. ഗതകാലത്തിന്റെ പൊടിപിടിച്ച ആധാരക്കെട്ടുകൾ പോലെ അവ ചിതറിക്കിടന്നു. അവയിൽ നിന്ന് ഗ്രീക്ക് ഇതിഹാസങ്ങളിലെ ചില കഥാപാത്രങ്ങളായി ഞങ്ങൾക്കിടയിൽ കാലം ഒഴുകി നടക്കുന്നുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും ചേർന്ന് ഒരു നോവൽ രചനയുടെ പണിപ്പുരയിലാണ്. മെറ്റീരിയൽസ് സംഘടിപ്പിക്കാനാണ് ഈ വായനശാലയെ അഭയം പ്രാപിച്ചിരിക്കുന്നത്. അനി തന്നെയാണ് ആശയം മുന്നോട്ട് വെച്ചത്. എഴുത്തിന്റെ ഭ്രമം പണ്ടുമുതലേ കൂടെയുണ്ടായിരുന്നു. അനിയുടെ പിൻബലം കൂടിയായപ്പോൾ നല്ല ഉത്സാഹം തോന്നി.

കഥയിലേയ്ക്കാവശ്യമായ നോട്സ് കുത്തിക്കുറിക്കുന്നതിന്നിടയിൽ അവൾ ഇരിപ്പിടത്തിൽ നിന്നു ചാടിയെഴുന്നേൽക്കുന്നതും വശ്യതയാർന്നൊരു ചിരിയോടെ ആരെയോ വന്ദിക്കുന്നതുപോലെയും തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ നല്ല തൂവെള്ള ഷർട്ടും കട്ടിക്കണ്ണടയുമായി ഒരു രൂപം അടുത്തേയ്ക്ക് വരുന്നു. രണ്ടുപേരും കുറച്ചുനേരം സംസാരിച്ചു. വൈകാതെ ആ രൂപം ബുക്ക് ഷെൽഫുകൾക്കിടയിൽ അപ്രത്യക്ഷമാകുകയും ചെയ്തു.

ചെറിയൊരു പുഞ്ചിരിയോടെ അനി ആ രംഗം ഇങ്ങനെ പറഞ്ഞുവെച്ചു- പട്ടണത്തിലെ വിദ്യാലയത്തിൽ അവളെ ശാസ്ത്രം പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകനാണ്. പ്രകാശൻ സാറ്. മാഷ് റിട്ടയർമെന്റിനുശേഷം ഒരു പുസ്തക രചനയുടേയും അതിന്റെ പ്രകാശനത്തിന്റേയും തിരക്കിലാണ്. ബുക്കിലേയ്ക്ക് അനിയുടെ ഒരു ആശംസാക്കുറിപ്പും ആവശ്യപ്പെട്ടിട്ടുണ്ടത്രെ.

ഞങ്ങൾ രണ്ടുപേരും ചേർന്ന് ഒരു നോവൽ രചനയുടെ പണിപ്പുരയിലാണ്. മെറ്റീരിയൽസ് സംഘടിപ്പിക്കാനാണ് ഈ വായനശാലയെ അഭയം പ്രാപിച്ചിരിക്കുന്നത്. അനി തന്നെയാണ് ആശയം മുന്നോട്ട് വെച്ചത്. എഴുത്തിന്റെ ഭ്രമം പണ്ടുമുതലേ കൂടെയുണ്ടായിരുന്നു. അനിയുടെ പിൻബലം കൂടിയായപ്പോൾ നല്ല ഉത്സാഹം തോന്നി.

ആ ഡ്യൂട്ടിയും അവൾ എന്നെ ഏല്പിച്ചു. 'വൈകിക്കേണ്ട, വേഗം വേണം..' എന്നൊരു ശാസനയും. പുറത്ത്, മരച്ചില്ലകളിൽ പക്ഷികളുടെ കോലാഹലമാണ്. അന്നം തേടിയുള്ള അലച്ചിലിനുശേഷം കൂടണയുന്നതിലെ ഇമ്പമാർന്ന സന്തോഷപ്രകടനം.

പുസ്തകങ്ങൾ അടച്ചുവെച്ച് ഞങ്ങൾ പതുക്കെ പുറത്തുകടന്നു. വിശാലമായ രാജകീയപാതവിട്ട് ആകാശപാന്ഥൻ ഒരു ചെമ്മൺ പാതയിലേയ്ക്ക് കടന്നിരിക്കുന്നു. ചെറിയ കടന്നിരിക്കൽ. പാതയിൽ അവിടവിടെ കൊത്തിക്കിളച്ച് കൂട്ടിയിട്ടതുപോലെ മേഘക്കൂമ്പാരങ്ങൾ... പല വർണ്ണങ്ങളിൽ. സായാഹ്നസന്ധ്യയും ഉദയമുഹൂർത്തവും ഈ തുരുത്തിന് മുഗ്ധസൗന്ദര്യം തന്നെ ചാർത്തികൊടുക്കുന്നുണ്ട്. അസികിനിയെപ്പോലെ മറ്റൊരു ലാവണ്യബിംബം. അതുകൊണ്ടാകാം ഒരിക്കലും ഇവിടം വിട്ടുപോകാൻ തോന്നാത്തത്.

വേഗം തുരുത്തു കടന്ന് അപ്പുറത്തെത്തണം. പോളേട്ടന്റെ കൂൾ ബാറിൽ നിന്ന് രണ്ട് സ്പെഷൽ ഫ്രൂട്സാലഡ് വാങ്ങിക്കൊടുത്ത് പ്രസാദിപ്പിച്ച് അനിയെ യാത്രയാക്കണം. ദഹിക്കാതെ കിടക്കുന്ന മത്സ്യത്തിന്റെ അവശിഷ്ടങ്ങൾ തിമിംഗലം കടലിലേയ്ക്ക് പുറം തള്ളുന്നുവെന്നും തിരമാലയുടെ കൈകൾ അവയെ കരയിലെത്തിക്കുന്നുവെന്നും അത്തരം അവശിഷ്ടങ്ങളാണ് തിമിംഗലത്തിൽ നിന്ന് സുഗന്ധവസ്തുക്കളായി വാങ്ങിക്കൂട്ടുന്ന

തെന്നും പറഞ്ഞ് അവളെ ഇന്നലെ കളിയാക്കിയതാണ്. അതിനുശേഷം അവൾ അല്പം നീരസത്തിലാണ്. പുറമേയ്ക്ക് പ്രകടിപ്പിക്കുന്നില്ലെങ്കിലും. അതൊന്നു മാറ്റിയെടുക്കണം. എന്നാലെ മുന്നോട്ട് പോകാൻ കഴിയൂ.

പോളേട്ടനുമായി പണ്ട് ഒന്നു തെറ്റിപ്പിരിഞ്ഞതാണ്. ഇന്ന് അതും ശരിയാക്കിയെടുക്കണം. എന്നിട്ടുവേണം വേഗം വീട്ടിൽ തിരിച്ചെത്താൻ. അവിടെ മുരുകണ്ണൻ അരിഞ്ഞുകൂട്ടിയിട്ടുള്ള പച്ചക്കറിക്കൂമ്പാരം കാത്തിരിക്കുന്നുണ്ടാകും. എല്ലാം ശീതീകരിച്ച മുറിയിലേയ്ക്ക് മാറ്റണം. ജൈവകൃഷിയും വെജിറ്റബിൾ വിതരണവും ഒരു ഹരം തന്നെ.

ഞങ്ങൾ തോടിന്റെ കരയിലെത്തി. വെള്ളത്തിലേയ്ക്ക് ചാഞ്ഞുനിന്നിരുന്ന ഒരുകൊമ്പിൽ കെട്ടിയിട്ടിരുന്ന കളിയോടം കെട്ടഴിച്ചെടുത്തു. അനിയും ഞാനും വഞ്ചിയിൽ കയറി. പങ്കായം പതുക്കെ ഇളകാൻ തുടങ്ങി. വെറുതെ അനിയുടെ മുഖമൊന്നു ശ്രദ്ധിച്ചു. മറ്റൊരു അരുണബിംബമായി ആ മുഖം ശോഭിച്ചിരുന്നു. ഇളകുന്ന ഓളപ്പരപ്പിലും അരുണിമ കലർന്നുകിടന്നു.

അസികിനി പുരാണങ്ങളിലെ ഒരു കഥാപാത്രമാണ്. മുടിയിഴ നരയ്ക്കാത്തവൾ എന്നാണത്രെ ഈ വാക്കിന്റെ അർത്ഥം. അതായത് മാറ്റമില്ലാത്തവൾ. പരാശക്തി തന്നെ. നിത്യയൗവ്വനയായിട്ടാണല്ലൊ ലളിതാംബികയെ സഹസ്രനാമത്തിൽ സ്തുതിക്കുന്നത്. ഈ സുഹൃത്തിന്റെ മുഖത്തും വിട്ടുപോകാതെ ഒരു വശ്യതയും നിഷ്ക്കളങ്കതയും തങ്ങിനിൽക്കുന്നതായി തോന്നിയിട്ടുണ്ട്.

അസികിനി തന്നെ.

തുരുത്തിൽ നിന്നെത്തുന്ന കാറ്റിന്റെ കുഞ്ഞുകരങ്ങളും ഞങ്ങൾക്ക് യാത്രാമംഗളം നേരുന്നുണ്ടായിരുന്നു.എല്ലാ ജന്മങ്ങളും കുഞ്ഞുകുഞ്ഞു തുരുത്തുകളാണെന്ന് തോന്നാറുണ്ട്.

ചുറ്റിലും ഏകാന്തതയുടെ മഹാസമുദ്രം പരന്നുകിടക്കുന്ന ചെറിയ തുരുത്തുകൾ.

പതുക്കെ തുഴഞ്ഞുനീങ്ങി ഞങ്ങൾ തുരുത്തിനോട് അന്ന് യാത്ര പറഞ്ഞു. ●

(കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് രസതന്ത്ര വിഭാഗത്തിലെ റിട്ട പ്രൊഫസറാണ് വിഷ്ണു നമ്പൂതിരി, മാന്തിട്ട മന,പോസ്റ്റ് വെങ്കിടങ്ങ്,തൃശ്ശൂർ ജില്ല,പിൻ കോഡ് 680510 മൊബൈൽ : 8714839298)

# ഏകലവ്യൻ

മിനിക്കഥ



കെ.ബ്രഹ്മദത്തൻ



നിറഞ്ഞ സദസ്സ്. ഇങ്ങനെ ഒരു സദസ്സിലിരുന്ന് കച്ചേരി നടത്തുന്നത് ആദ്യമായാണ്. യമൻ കല്യാണിയിൽ കൃഷ്ണ നീ ബേഗനേ ബാരോ. രീതി ഗൗളയിൽ മമ ഹൃദയ. പിന്നെ ഹിന്ദോളത്തിൽ സാമജ വര ഗമന. ജഗന്നാഥൻ ഈ കീർത്തനങ്ങൾ പാടിക്കഴിഞ്ഞപ്പോഴേക്കും സദസ്സ് ഒന്നടങ്കം ഇളകി മറിഞ്ഞു. കരഘോഷം അഞ്ചു മിനിറ്റ് നീണ്ടുനിന്നു. മുൻനിരയിൽ ഇരുന്നിരുന്ന ആയാംകുടി മഹാദേവയ്യർ ജഗന്നാഥനോട് ആംഗ്യഭാഷയിൽ താഴേക്ക് ഇറങ്ങി വരാൻ പറഞ്ഞു.

പറയേണ്ട താമസം ജഗന്നാഥൻ സ്വാമിയുടെ സവിധത്തിലെത്തി സാഷ്ടാംഗം നമസ്കരിച്ചു. ഏകലവ്യൻ ദ്രോണാചാര്യനെന്നപോലെ താൻ ആയാംകുടിയുടെ എല്ലാ കച്ചേരികളിലും വിടാതെ പങ്കെടുക്കാറുണ്ടെന്നും ഗുരുവായിട്ടാണ് അദ്ദേഹത്തെ കരുതിയിരിക്കുന്നതെന്നും കൂട്ടിച്ചേർത്തു. പൂരോരുട്ടാതി തിരുന്നാൾ അക്കാദമിയുടെ പ്രിൻസിപ്പലും രാജസദസ്സിലെ ആസ്ഥാന വിദ്വാനുമായ ആയാംകുടിക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യേ എന്ന ഒരവസ്ഥയിലായി. ഗുരുദക്ഷിണയായി എന്തു വേണമെന്ന ചോദ്യത്തിന് നിന്റെ നാവ് മുറിച്ചു ദക്ഷിണയായി തരാമോ എന്നായി സ്വാമി.

'സ്വാമീ അതു മാത്രം പറയരുത്. പലപ്പോഴായി പല സഭ്യേതരങ്ങളായ വാക്കുകളും എന്റെ വായിൽനിന്ന് വന്നിട്ടുണ്ട്. അത്രയും നാറിയ നാവ് അങ്ങേക്ക് ദക്ഷിണയായി തരുന്നത് ഉചിതമല്ല. പകരം എന്റെ ചെറുവിരൽ ഞാൻ മുറിച്ചു തരാം. അടുത്ത തവണ കാണുമ്പോൾ അതുണ്ടാവില്ല. ഇപ്പോൾ ഈ സദസ്സിൽ ഒരു രക്തച്ചൊരിച്ചിൽ മോശമല്ലേ. അങ്ങ് മരിക്കുന്നതിന് മുമ്പ് ഞാൻ ഒരു കച്ചേരിയിലും പങ്കെടുക്കില്ലെന്ന് ഇതാ പ്രതിജ്ഞ ചെയ്യുന്നു.'

ആയാംകുടിക്ക് സന്തോഷമായി. ഏകലവ്യനേക്കാളും വിശിഷ്ടൻ.

ജഗന്നാഥന് ഇടത്തേ കൈയ്ക്കു ആറു വിരലുണ്ടായിരുന്നു. ചെറുവിരലിനോടു ചേർന്നുള്ള ആ ആറാം വിരൽ ഓപ്പറേറ്റ് ചെയ്തു നീക്കണം എന്ന് കുറെ കാലമായി ആലോചിക്കുന്നു. പിറ്റേന്ന് തന്നെ ഡോക്ടറെക്കണ്ട് കാര്യം സാധിച്ചു. ചോരപുരണ്ട വിരൽ ഭദ്രമായി പൊതിഞ്ഞു ആയാംകുടി മഹാദേവയ്യരുടെ മേൽവിലാസത്തിൽ അയച്ചു കൊടുത്തു.

രണ്ടു ദിവസം കഴിഞ്ഞു ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നിന്ന് ആ വാർത്ത വന്നു. ആസ്ഥാന വിദ്വാൻ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു. തപ്പാലിൽ വന്ന ഒരു പാർസൽ തുറന്നു നോക്കിയ ഉടൻതന്നെ ഹൃദയമിടിപ്പു നിലച്ചുവത്രേ. പിന്നെ ജഗന്നാഥൻ എന്ന യുവഗായകന്റെ കുതിപ്പ് പിടിച്ചാൽ കിട്ടാത്ത വേഗത്തിലായി എന്ന് ചരിത്രം പറയുന്നു. ●

കെ.ബ്രഹ്മദത്തൻ,
മറവഞ്ചേരി കിഴക്കേടത്ത് മന,
പനങ്ങാട്ടുകര പി ഒ
വടക്കാഞ്ചേരി, തൃശ്ശൂർ 680623
ഫോൺ 9446336717

വായനക്കാർ എഴുതുന്നു

സി രാധാകൃഷ്ണന്റെ ലേഖനം അനേക കാലത്തിന് ശേഷം സംഭവിച്ച ഒരു അത്ഭുതം

# ഇത് എല്ലാ നമ്പൂരിമാരും വായിക്കണം



സ്വസ്തി വളരെ നന്നായിട്ടുണ്ട്. വിശേഷിച്ചും സി രാധാകൃഷ്ണന്റെ ലേഖനം. ഇത് അനേക കാലത്തിന് ശേഷം സംഭവിച്ച ഒരു അത്ഭുതമാണ്. നമ്പൂതിരിമാരെ തെറ്റായി രേഖപ്പെടുത്താനാണ് എല്ലാവരും ശ്രമിച്ചിട്ടുള്ളത്. ഇത് നിലപാടുകളിലെ മാറ്റമാണ്. ഇത് എല്ലാ നമ്പൂരിമാരും വായിക്കുന്നത് നല്ലതാണ്.

ഞാൻ കൊല്ലം ജില്ലയിലെ ഓച്ചിറ സ്വദേശിയാണ്. യോഗക്ഷേമസഭ ഓച്ചിറ ഉപസഭ സെക്രട്ടറിയുമാണ്. ചരിത്രം, ജ്യോതിശാസ്ത്രം എന്നിവയിൽ താല്പര്യമുള്ളതിനാൽ ഈ വിഷയങ്ങളിൽ ഗവേഷണ ബുദ്ധ്യാ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം ഗവ: സെക്രട്ടേറിയറ്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചു. ഇപ്പോൾ നാട്ടിലെ ചില സാംസ്കാരിക സംഘടനകളുടെ സാരഥ്യം വഹിക്കുന്നു. നേരത്തേ സെക്രട്ടേറിയറ്റിലെ സംഘടനയുടെ മുഖപത്രമായ സമഷ്ടിയുടെ പത്രാധിപ സമിതി അംഗവുമായിരുന്നു.

ടി. ജെ .ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി
തേജസ് ഇല്ലം (തോട്ടത്തിൽ ഇല്ലം
വലിയകുളങ്ങര, പി.ഒ ഓച്ചിറ, പിൻ 690526, മൊബൈൽ: 7907931775

## ഇതുപോലുള്ളവരുടെ സ്നേഹം മാത്രം മതി

പ്രിയപ്പെട്ട സി രാധാകൃഷ്ണൻ സാർ. സ്വസ്തിയിലെ ലേഖനം വായിച്ചു. വളരെ സന്തോഷം. എല്ലാം നഷ്ടപ്പെട്ടെങ്കിലും ഇതു പോലെയുള്ള ഒരു പാട് പേരുടെ സ്നേഹം മാത്രം ബാക്കിയുണ്ട്. അതു മാത്രം മതി. സ്നേഹ പുരസ്സരം

ഗോപി നാരായണൻ
പെരിയ മന,ആറ്റിങ്ങൽ,
തിരുവനന്തപുരം
മൊബൈൽ: 9447429221

### നല്ല പ്രസന്റേഷൻ

സ്വസ്തി ഓരോ ലക്കവും കൂടുതൽ കൂടുതൽ നന്നായി വരുന്നുണ്ട്. നല്ല ഉള്ളടക്കം, നല്ല പ്രസന്റേഷൻ, നല്ല പ്രിന്റിംഗ്. സ്വസ്തിയിലെ എല്ലാവർക്കും അഭിനന്ദനങ്ങൾ.

Chandran Avinjikat,
M-105/2A, Saket Nagar,
Bhopal-462024, Madhya Pradesh
Mob:989335 6866

## ഒരൊഴുക്കൻ മട്ടായില്ലേ



നരിപ്പറ്റയുടെ കുറിപ്പിനടിയിൽ ലഘുവിവരണം കണ്ടു. കഥകളി ആശാനാണ് എന്നത് ഒരൊഴുക്കൻ മട്ടായില്ലേ എന്ന തോന്നൽ. ചിട്ടയും, സൗന്ദര്യവും, ഔചിത്യവും ഒത്തിണങ്ങിയ കീഴ്പ്പടം ശൈലിയുടെ കരുത്താണ് നരിപ്പറ്റ. അദ്ദേഹത്തോളം പുരാണഗ്രാഹ്യമുള്ള നടന്മാർ കുറവായിരിക്കും. തികഞ്ഞ പാത്രബോധം, വെടിപ്പാർന്ന ആട്ടവും മുദ്രകളും ഒക്കെ സവിശേഷതകൾ. പിന്നെ പേരിനും പ്രശസ്തിക്കും പിന്നാലെ പോകാറില്ല എന്നുകൂടി ചേർക്കേണ്ടിയിരിക്കുന്നു. കഥകളിയൊക്കെ എന്തിനെന്ന് കരുതുന്നവരുടെ തലമുറയിൽ ഇത് പോരെന്ന് തോന്നി. അത്രമാത്രം.

നാരായണൻ നമ്പൂതിരി
ആകാശവാണി അസി. ഡയറക്ടർ
(റിട്ടയേഡ്) അരിയന്നൂർ,
A.P. 18/265 A, മുള്ളിലവിമ്മൂട്,
അരുവിക്കര, തിരുവനന്തപുരം
പിൻ 695564,മൊബൈൽ: 85904 04561

### അഭിനന്ദനങ്ങൾ

സ്വസ്തിയുടെ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ

കൃഷ്ണൻ നമ്പൂതിരി
അനുഗ്രഹ, വന്ദന ലേ ഔട്ട് ,
പുത്തൂർ, പാലക്കാട് പിൻ 678001
മൊബൈൽ: 9495889022

### ആർട്ടിസ്റ്റ് നമ്പൂതിരിയെ



സ്വസ്തിയുടെ 2022 ജനുവരി പതിപ്പിൽ ആർട്ടിസ്റ്റ് നമ്പൂതിരിയെ അദ്ദേഹത്തെ വെല്ലുന്ന വിധത്തിൽ കെ.എം.എസ് ഭട്ടതിരിപ്പാട് വാക്കുകളിലൂടെ വരച്ചു വെച്ചിട്ടുണ്ട്. പല ആവർത്തി വായിക്കാൻ യോഗ്യമായ ഓർമ്മക്കുറിപ്പാണ്. ഇനിയും ഇത്തരം എഴുത്തുകൾക്കു കാത്തിരിക്കുന്നു.

പേരൂർ നീലകണ്ഠൻ നമ്പൂതിരി,
കോട്ടക്കൽ, മൊബൈൽ: 9495291156

### അഭിനന്ദനങ്ങൾ

സ്വസ്തി കിട്ടി സന്തോഷമായി. എല്ലാം ഗംഭീരമായിട്ടുണ്ട് അഭിനന്ദനങ്ങൾ

അനിയൻ പി.എം,ഇടുക്കി
മൊബൈൽ:9895975457

## നസീർ ഷീല സിനിമ



പൊത്തോപ്പുറം കേശവൻ ജയന്തൻ എഴുതിയ സ്വാനുഭവം ഉഗ്രനായിട്ടുണ്ട്. ഞങ്ങളുടെ കുട്ടിക്കാലത്തെ സത്യൻ - ശാരദ, നസീർ - ഷീല സിനിമകളെ ഓർമിപ്പിക്കുന്ന ഒരു പ്രണയ കഥ. വായനക്കാരെ പിടിച്ചിരുത്തുന്ന സ്വാഭാവികമായ എഴുത്ത്. മൂന്ന് പേജും വായിച്ചിട്ടേ നിർത്താൻ പറ്റിയുള്ളൂ. കേശവൻ ജയന്തന് അഭിനന്ദനങ്ങൾ, പത്നി ജയശ്രീക്കും. വിഷ്ണു, തേൻകൂടിന്റെ ഉറക്കമരുന്നും നന്നായി. എത്രത്തോളം പ്രായോഗികമാണ് എന്നറിയില്ല, പ്രത്യേകിച്ചും രാത്രി 9 ന് കിടക്കുക എന്നത്. പരിശീലിച്ചാൽ പരിശ്രമം ചെയ്താൽ പറ്റുമായിരിക്കും. ഏതായാലും സ്വസ്തിയിൽ പ്രസിദ്ധീകരിച്ചത് വളരെ നന്നായി. ഉറക്കത്തിന്റെ ചിട്ടയുടെ പ്രാധാന്യം എല്ലാവരും അറിയട്ടെ. വിഷ്ണുവിന് അഭിനന്ദനങ്ങൾ. ഗായത്രി കൃഷ്ണചന്ദ്രനെ കുറിച്ചുള്ള മുല്ലനേഴിയുടെ ലേഖനം വായിച്ചു. മുംബൈ ക്കാരി ആയതു കൊണ്ടു പലപ്പോഴും ആ കുട്ടിയുടെ പാട്ടുകൾ കേൾക്കാൻ അവസരമുണ്ടായി. എല്ലാം ഒരു അനുഭവം തന്നെയായിരുന്നു. അടുത്തിടെ ഒന്ന് രണ്ടു ഹിന്ദി ഗാന വീഡിയോകളും ഇറക്കിയിരുന്നു. എന്റെ ഹിന്ദി / മറാത്തി സുഹൃത്തുക്കൾക്ക് വാട്സാപ്പിൽ അയക്കാൻ പറ്റി. നല്ല പ്രശംസയും കിട്ടി. അവർക്ക് അഭിനന്ദനങ്ങൾ.

രവി തെക്കേടത്ത്, പൻവേൽ,
മുംബൈ,മൊബൈൽ: 98672 03567

### അഭിനന്ദനങ്ങൾ

ജനുവരി ലക്കം കിട്ടി. സ്വസ്തി നന്നാവുന്നുണ്ട്. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മാധവൻ പി.എൻ,
അസി. എഡിറ്റർ, ബാലരമ,
എം.എം പബ്ളിക്കേഷൻസ്,
കോട്ടയം 1, മൊബൈൽ: 9446431964

### ആ പ്രത്യേകത സ്വസ്തിക്ക്

ഓരോ ലക്കവും ഒന്നിനൊന്നു മെച്ചപ്പെടുന്നുണ്ട്. ഓരോ ലേഖനവും എന്തെങ്കിലും പ്രത്യേകതയുള്ള ആൾക്കാരെപ്പറ്റിയോ സംഭവങ്ങളെ പറ്റിയോ ആണല്ലോ. അതുകൊണ്ടു തന്നെ ആ പ്രത്യേകത സ്വസ്തിക്ക് അവകാശപ്പെടാം. നന്ദി.

പി.എസ് പാർവതി അന്തർജനം
കല്ലമ്പിള്ളി ഇല്ലം,പി.ഒ. മണക്കാട്
പിൻ 685608, തൊടുപുഴ, ഇടുക്കി
മൊബൈൽ: 96454 63554

രത്നവ്യാപാരം നടത്തിയ മറ്റൊരു നമ്പൂതിരി കേരളത്തിൽ ഉണ്ടായിരുന്നോ?

# വഞ്ചേരി രാമേട്ടനല്ലാതെ? സംശയമാണ്



തൊണ്ണൂറുകളിൽ എനിക്ക് തിരൂർ ന്യൂ ഇന്ത്യ ഇൻഷുറൻസിലായിരുന്നു ജോലി. വഞ്ചേരി രാമേട്ടനുമായി അന്ന് നല്ല അടുപ്പമുണ്ടായിരുന്നു. വഞ്ചേരിയുടെ കഥ വായിച്ചപ്പോഴാണ് മനയുടെ പെരുമ വേണ്ടപോലെ അറിഞ്ഞത്. താമസിക്കുന്നത് ഇരുപത്തിനാല് കെട്ടിൽ. ഉടമസ്ഥതയിൽ പതിനായിരക്കണക്കിന് ഏക്കറുകൾ. തിരൂരിലെ ഇന്നത്തെ എല്ലാ ഭാഗങ്ങളും തുഞ്ചൻ പറമ്പും എല്ലാം വഞ്ചേരി ഊരാഴ്മയിലായിരുന്നത്രെ. വഞ്ചേരി വലിയേട്ടനല്ലാതെ രത്നവ്യാപാരം നടത്തിയ മറ്റൊരു നമ്പൂതിരി കേരളത്തിൽ ഉണ്ടായിരുന്നോ? സംശയമാണ്. 1950 കളിൽ പൈലറ്റായിരുന്ന വിശിഷ്ടനായ സാഹിത്യകാരൻ പുരുഷോത്തമൻ നമ്പൂതിരിയുടെ കഥയും വല്ലാത്ത ബഹുമാനത്തോടെ വായിച്ചു .രാമപ്പനെ പറ്റി കുറച്ചു കാര്യങ്ങൾ കൂടി എഴുതാമായിരുന്നു എന്ന് തോന്നി. മനസ്സിന് സംഘർഷമൊക്കെ ഉള്ള ആളായിരുന്നെങ്കിലും നല്ല ജ്ഞാനം ഉണ്ടായിരുന്നു. നിരവധി സംഗീതകൃതികൾ തയ്യാറാക്കിയ ആളാണ്.

പദ്മിനി ഘോഷിന്, സ്വസ്തിക്ക്, എഴുത്തുകാരന്, അഭിപ്രായങ്ങൾ പറഞ്ഞ ചരിത്രപണ്ഡിതർക്ക് എല്ലാം നന്ദി. ഇല്ലങ്ങൾ സമൂഹത്തിന് ചെയ്ത നന്മ ഇനിയും പുറത്തു വരട്ടെ . നാരായണൻ നമ്പൂതിരി,

ന്യൂ ഇന്ത്യാ ഇൻഷുറൻസ് ഡിവിഷനൽ മാനേജർ, നടുവത്ത് കാവും പുറം, കുമരനല്ലൂർ, പാലക്കാട് ജില്ല
മൊബൈൽ: 9447276658

### ഫാമിലി ട്രീയിലെ പേര്

ഇത്തവണത്തെ സ്വസ്തി കിട്ടി. എഴുതുന്നതിന് പേര് വെച്ചു കാണുന്നതിന്റെ ഇരട്ടി സന്തോഷമാണ് മറ്റൊരാളുടെ എഴുത്തിൽ പരാമർശിക്കപ്പെടുന്നത്. എന്ന് മോഴിക്കുന്നത്തെ ബ്രഹ്മദത്തൻ നമ്പൂതിരിയുടെ ഫാമിലി ട്രീയിൽ പേരുള്ള പേരക്കുട്ടി ബ്രഹ്മദത്തന്റെ ഭാര്യ

രൂപ കരുമാരപ്പറ്റ,
മാതൃഭൂമി, കോഴിക്കോട്.
മൊബൈൽ: 9947533474

### റിച്ച് വിത്ത് കണ്ടെന്റ് !!

സ്വസ്തി കിട്ടി. എന്തൊരു കട്ടി ! റിച്ച് വിത്ത് കണ്ടെന്റ് !!

വർഗീസ് തോമസ് .
മലയാള മനോരമ,തിരുവല്ല.



### ഉമക്കുട്ടിയെ നേരിൽ കാണാൻ തോന്നി

കഴിഞ്ഞ ലക്കത്തിലെ ഉമക്കുട്ടിയെ വായിച്ചപ്പോൾ അതിയായ സന്തോഷം തോന്നി. ആ കുട്ടിയെ നേരിൽ കാണണമെന്നും. നിരവധി കുട്ടികൾക്ക് പ്രചോദനമാവും.അനിയൻ മണ്ണാനിക്കാട്, മേലാറ്റൂർ, മലപ്പുറം,മൊബൈൽ: 9633167578

### വളരെ ഭംഗിയായി അവതരിപ്പിച്ചു.

ശ്രീഭ നാറാണിയാട് ഉമക്കുട്ടിയെ വളരെ ഭംഗിയായി അവതരിപ്പിച്ചു. ഉമക്കുട്ടിയോടൊപ്പം ഞാനും സമയം ചെലവഴിച്ചതായി തോന്നി. മനോഹരമായ രചന. താങ്കളിൽ നിന്ന് ഇനിയും നല്ല ഫീച്ചറുകൾക്കായി കാത്തിരിക്കുന്നു. പ്രദീപ് കൃഷ്ണൻ, മൊബൈൽ:9349881530

### ഉമക്കുട്ടിയെപ്പറ്റി വന്നതു കണ്ട്

ചിലർ വിളിച്ചിരുന്നു അഭിനന്ദിക്കാൻ. സന്തോഷം. സുജിത്, കാർട്ടൂണിസ്റ്റ് കേരള കൗമുദി, തിരുവനന്തപുരം മൊബൈൽ: 9349320281

### നല്ല എൻവലപ്

ജനുവരി ലക്കം കിട്ടി നന്ദി. ഇപ്പോഴത്തെ എൻവലപ് ആണ് നല്ലത്

Venu Raman,MIG 21, Anant Nagar,
Near ManipalPre school, Manipal, Udupi,
Karnataka. Pin: 576104,Mob: 99229 56559

### പ്രശസ്തരായവരുടെ വിവരങ്ങൾ

കെട്ടിലും മട്ടിലും നന്നായി. ഉള്ളടക്കങ്ങൾ ഗംഭീരം. ബ്രാഹ്മണരുടെ ഇടയിൽ നിന്നും പല രംഗങ്ങളിലും പ്രശസ്തരായവരുടെ വിവരങ്ങൾ സ്വസ്തിയിലൂടെ ആണ് നാം അറിയുന്നത്. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

നീലമന ദാമോദരൻ നമ്പൂതിരി,
പയ്യന്നൂർ കണ്ണൂർ
മൊബൈൽ 9446029133

### ആ എഴുത്തുകാരിയുടെ ചരിത്രം

വഞ്ചേരി സാവിത്രി അന്തർജനം. മാതൃഭൂമിക്ക് പോലും ദശാബ്ദങ്ങളായി അജ്ഞാതയായ ആ 'എഴുത്തുകാരി'യുടെ ചരിത്രം ജനങ്ങളുടെ മുമ്പിലെത്തിച്ച സ്വസ്തിക്ക് എത്ര കൃതജ്ഞത പറഞ്ഞാലും അധികമാവില്ല. തിരുവനന്തപുരം മുതൽ പലരും വിളിച്ചിരുന്നു.

പാലശ്ശേരി ഉണ്ണിക്കൃഷ്ണൻ
നമ്പൂതിരി, കരിക്കാട്, മഞ്ചേരി
മൊബൈൽ 9496702912

### പോസിറ്റീവ് എനർജി

പത്രാധിപരുടെ ആമുഖക്കുറിപ്പ് വായിച്ചു. അയ്യായിരം വരിക്കാരല്ല അവരുടെ അഞ്ചു ലക്ഷം ബന്ധുക്കളും വായിച്ച് അവർക്കെല്ലാം അത് പ്രചോദനമാവട്ടെ. എ പ്ലസ്സുകാർ ജീവിതത്തിലും എ പ്ലസ്സുകാരാവട്ടെ. സാമ്പത്തിക സംവരണമില്ലാതെ മികവിലൂടെ ഉയർന്ന പദവികളിലെത്താൻ നമ്മുടെ യുവതലമുറയ്ക്കാവട്ടെ. സ്വസ്തിയുടെ ഓരോ പേജും നിറമുള്ളതാക്കാൻ അവർക്ക് കഴിയട്ടെ.

ശ്രീജ പട്ടലൂർ, മഞ്ചേരി
മൊബൈൽ:9946188670

### ധാരാളം വായിയ്ക്കാനുണ്ട്

പുതുവർഷത്തിലെ സ്വസ്തി അതിഗംഭീരം. 300 രൂപ ആക്കിയതിൽ ഒരു പ്രശ്നവുമില്ല.വേറൊരു മാസികയും ഇതുപോലെ ഇല്ല. പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം അഭിനന്ദനങ്ങൾ.

എ പി കൃഷ്ണൻ നമ്പൂതിരി,
അമ്പലപ്പാവേരി മന,തിരൂർ.
മൊബൈൽ: 9995876581

### ആ അന്തർജനം ഞാനാണ്

ജനുവരി ലക്കത്തിൽ അതേ, ആ അന്തർജനം ഞാനാണ് എന്ന ലേഖനം വായിച്ചു പലരും സന്തോഷം പ്രകടിപ്പിച്ചു. ഒന്ന് രണ്ടു പേർ മുൻശബരിമല മേശാന്തി ഏഴിക്കോട് ശശിയേട്ടനെ വിളിച്ചു തന്നെ കുറിച്ച് ഒരു അന്തർജനം സ്വസ്തിയിൽ എഴുതിയിട്ടുണ്ടല്ലോ എന്ന് പറഞ്ഞു. കൈനിക്കര മരുമകൾ ശോഭന കണ്ടമംഗലം വിളിച്ചു, അവർക്കറിയേണ്ടത് ടി.സി.സി കഴിഞ്ഞു പി.ജി ക്ക് പോയോ എന്നാണ്. കാരണം ലേഖനത്തിൽ ഞാൻ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയാണ് റിട്ടയർ ചെയ്ത് എന്നൊരു ചെറിയ തെറ്റ് വന്നുപോയിട്ടുണ്ട്. അതിൽ ഖേദിക്കുന്നു. പ്രൈമറി ഹെഡ്മിസ്ട്രസ് ആയാണ് റിട്ടയർ ചെയ്തത്. പ്രിയദത്ത ടീച്ചർ വിളിച്ചു പല സന്ദർഭങ്ങളും ഒന്ന് കൂടി ഓർക്കാൻ കഴിഞ്ഞു എന്നറിയിച്ചു. നല്ല ശൈലിയാണ് എന്ന് പറഞ്ഞു ടീച്ചറുടെ മരുമകൾ പ്രീത അഭിനന്ദിച്ചു. അറിയേണ്ട അന്തർജ്ജനത്തെ സ്വസ്തി എല്ലാവരെയും അറിയിച്ചപ്പോൾ പലർക്കും എന്നേക്കൂടി അറിയാനും നല്ലൊരാവസരം ഉണ്ടാക്കി.മഞ്ചേരി നിന്ന് പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരിയും വിളിച്ചിരുന്നു.

ലീല അന്തർജനം മൊളേരി ഇല്ലം
പി. ഒ.വളയം, വടകര, കോഴിക്കോട്
മൊബൈൽ 9745171166

വായനക്കാർ എഴുതുന്നു

അച്ഛന്റെ അലമാറയിൽ നിന്ന് കിട്ടിയ ഉണ്ണി നമ്പൂതിരിയുടെ പഴയ കോപ്പികൾ

# ഞാൻ അമൂല്യനിധിയായി സൂക്ഷിച്ചിട്ടുണ്ട്

സ്വസ്തി കിട്ടി. വന്നേരി സാവിത്രി അന്തർജനത്തെപ്പറ്റി എഴുതിയത് നന്നായിട്ടുണ്ട്. അതിൽ എഴുതിയ എറിയാട് ഉണ്ണികൃഷ്ണൻ നമ്പൂതിരി ഞാൻ അറിയുന്ന ആളാണ്. പാണ്ടിക്കാട്ടെ എറിയാട് മന. പിന്നെ തിരൂരിലെ വഞ്ഞേരി മനയെപ്പറ്റി എഴുതിയ ഇല്ല പ്പെരുമ വായിച്ചപ്പോൾ ഞാൻ പഴയ കാലത്തേക്ക് തിരിച്ചു പോയി.

എന്റെ വീട് തിരൂരിലെ മംഗലത്താണ്. വൈമാനികൻ പുരുഷോത്തമൻ നമ്പൂതിരിയുടെ ബോഡി ഇല്ലത്ത് എത്തിച്ച ദിവസം ഞാനവിടെ പോയിരുന്നു. പുരുഷോത്തമന്റെ പേരിൽ തിരൂർ ഗവ. ആശുപത്രിയിൽ ഒരു വാർഡ് ഉണ്ടാക്കിയിട്ടുണ്ട്. 57ലെ തിരഞ്ഞെടുപ്പ് കാലം മുതൽ സജീവ കോൺഗ്രസ് പ്രവർത്തകനാണ് ഞാൻ. അങ്ങനെയാണ് വഞ്ഞേരിയിലും മറ്റും പോവുന്നത്. 65 മാർച്ചിലായിരുന്നു ഇലക്ഷൻ. അതു കഴിഞ്ഞുള്ള ഒക്ടോബറിലാണ് പുരുഷോത്തമൻ നമ്പൂതിരിയുടെ മരണം. അവിടത്തെ വലിയ നമ്പൂരി തിരൂരിലെ അധികാരിയായിരുന്നു. അന്ന് ഞങ്ങളൊക്കെ തിരൂർ അംശമാണ്. പുത്താഞ്ചേരി പുത്തൻ വീട്ടിലാണ് ഞങ്ങൾ. ഞങ്ങളുടെ ഒരു കാരണവർ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മാനേജരൊക്കെ ആയിരുന്നു. വേറൊരു കാരണവർ വെട്ടത്തു രാജാവിന്റെ കാര്യക്കാരായിരുന്നു. എന്റെ മുത്തശ്ശൻ പൊലീസിൽ ഹെഡ് കോൺസ്റ്റബിളായിരുന്നു. വഞ്ഞേരി നമ്പൂരി അധികാരിയായതിനാൽ മുത്തശ്ശനുമൊക്കെയായി വലിയ ലോഹ്യമായിരുന്നു. എന്റെ അച്ഛൻ ശങ്കുണ്ണി മേനോനും വഞ്ഞേരിക്കാരുമായി നല്ല അടുപ്പമായിരുന്നു. അങ്ങനെ ഞാനും അവിടെ പോവാറുണ്ടായിരുന്നു. മലബാർ കലാപം നടക്കുമ്പോൾ മുത്തശ്ശൻ മഞ്ചേരിയിലായിരുന്നു. ഇപ്പോൾ ഞാൻ താമസിക്കുന്ന വീടിന്റെ അടുത്തൊരു വീട്ടിൽ. അക്കാലത്തെ കഥകളൊക്കെ മുത്തശ്ശൻ പറഞ്ഞിട്ടുണ്ട്. എന്റെ പതിനൊന്നാമത്തെ വയസിൽ 1948 ലാണ് മുത്തശ്ശൻ മരിച്ചത്. അവരൊക്കെ അനുഭവിച്ച് നേരിട്ട് പറഞ്ഞ ഒരു പാട് അനുഭവങ്ങൾ എനിക്കുണ്ട്. മലബാർ കലാപത്തെക്കുറിച്ച്.

അക്കാലത്തെ ഒരു സൂപ്രണ്ട് ഉണ്ടായിരുന്നു. സായിപ്പായിരുന്നു അദ്ദേഹം. കലാപക്കാർ മഞ്ചേരിയിലെ ട്രഷറി കൊള്ളയടിച്ചത് അന്വേഷിക്കാൻ മുത്തശ്ശന്റെ നേതൃത്വത്തിൽ ഒരു ടീമിനെ നിയോഗിച്ചിരുന്നു. അപ്പോൾ പറഞ്ഞു മിസ്റ്റർ നാരായണൻ നായർ ഇഫ് യു ഡിറ്റെക്ട് ദ കേസ് വിത്തിൻ വൺ മന്ത് യു വിൽ ബീ പ്രൊമോട്ടഡ് ആസ് എസ. ഐ. എന്ന് പറഞ്ഞു. അക്കാലത്ത് അമ്മയും മുത്തശ്ശിയും എല്ലാ ദിവസവും കാളികാവ് അമ്പലത്തിൽപ്പോയി മുത്തശ്ശനു വേണ്ടി മുട്ടറുക്കലും പുഷ്പാഞ്ജലിയും നടത്തുക പതിവായിരുന്നു. കൊള്ളയിൽ പങ്കെടുത്ത പലരെയും പിടികൂടി കേസ് ഡിറ്റെക്ട് ചെയ്തെങ്കിലും മുത്തശ്ശന് പ്രൊമോഷനൊന്നും കൊടുത്തില്ല. അത് അക്കാലത്ത് വെള്ളക്കാരെ അല്ലേ വെക്കുള്ളൂ. ബ്രിട്ടീഷ് ഭരണമല്ലേ.

എന്റെ അച്ഛൻ ഉണ്ണി നമ്പൂതിരി മാസികയെല്ലാം വരുത്തിയിരുന്നു. അച്ഛൻ മരിച്ചപ്പോൾ അച്ഛന്റെ അലമാറയിൽ നിന്ന് കുറച്ച് ഉണ്ണി നമ്പൂതിരിയുടെ കോപ്പികൾ കിട്ടി. ചിതല് പിടിച്ച് കുറെ പോയി. അല്ലാത്തതെല്ലാം ഞാൻ ബൈൻഡ് ചെയ്യിച്ച് വച്ചിട്ടുണ്ട് ഒരു അമൂല്യനിധിയായിട്ട്. ഒരു പുരാവസ്തു അല്ലേ, അതിനാൽ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. അരനൂറ്റാണ്ട് കഴിഞ്ഞു.

എന്റെ ഒരു വല്യമ്മയെ വിവാഹം ചെയ്തത് ഒരു നമ്പൂതിരിയാണ്. അതുകൊണ്ട് എനിക്കും സ്വസ്തി മുടങ്ങാതെ അയച്ച് തരൂ.

മംഗലം ഗോപിനാഥ്, കെ.പി.സി.സി മെമ്പർ, ദ്വാരക, ശാന്തിഗ്രാമം, മഞ്ചേരി
പിൻ: 676121 മൊബൈൽ: 9400866438


സ്വസ്തി സ്പെഷ്യൽ ഫീച്ചർ

അന്തർജനങ്ങൾക്കിടയിലെ ആദ്യത്തെ വിപ്ലവകാരി

*സ്വസ്തിയുടെ കഴിഞ്ഞ ലക്കത്തിൽ വന്നേരി കെ. സാവിത്രി അന്തർജനത്തെക്കുറിച്ച് നൽകിയ ഫീച്ചറിന്റെ ഒന്നാം പുറം*

**മാരാരും മാരാർവിമർശനവും**

ടീച്ചർ ആദ്യകാലത്ത് എഴുതുമ്പോൾ ലീലാവതി എന്ന പേര് ഒരു പുരുഷന്റെ തൂലികാനാമമാണെന്ന് കുട്ടികൃഷ്ണമാരാര് സംശയം പ്രകടിപ്പിച്ചിരുന്നല്ലോ?

അങ്ങനെയൊരു സംശയം അദ്ദേഹത്തിനുണ്ടായിരുന്നു. 'നിമിഷ'ത്തെ പറ്റി എഴുതിയപ്പോഴാണത്. മറ്റാരെങ്കിലും എഴുതിയതാണോ എന്നതായിരുന്നു സംശയം. അക്കാലത്ത് ആണുങ്ങൾ പെണ്ണുങ്ങളുടെ പേരുപയോഗിച്ച് എഴുതാറുണ്ട്. വന്നേരി സാവിത്രി അന്തർജ്ജനം എന്നപേരിൽ കുട്ടികൃഷ്ണമാരാര് തന്നെ എഴുതിയിരുന്നു. ആ പേരിൽ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാനാകട്ടെ അങ്ങനെയൊരു സംശയമില്ലാതിരിക്കാൻ ഒരു ഫോട്ടോയും കൂടെ അയച്ചിരുന്നു. ഇതൊക്കെ 1951 ലാണ്. അന്ന് അത്രയ്ക്കൊന്നും അറിയപ്പെട്ടിട്ടില്ലല്ലോ. ചാവക്കാട് വെച്ച് കെ.ടി. മുഹമ്മദിന് ഒരു സ്വീകരണം ഉണ്ടായിരുന്നു, അഖിലേന്ത്യാ ചെറുകഥാ മത്സരത്തിൽ സമ്മാനാർഹനായതിന്റെ അനുമോദനാർത്ഥം. എന്നോടും ചെല്ലാൻ പറഞ്ഞിരുന്നു. അവിടെ അന്ന് പ്രസംഗിച്ചപ്പോഴത്തെ ഫോട്ടോയാണ് അയച്ചത്. അന്നുടുത്ത സാരി നോക്കിയാണതു മനസ്സിലാക്കിയത്.

*വന്നേരി സാവിത്രി അന്തർജനം എന്ന പേരിൽ കുട്ടികൃഷ്ണമാരാരും എഴുതിയിട്ടുണ്ട് എന്ന് ഡോ. എം ലീലാവതി വെളിപ്പെടുത്തുന്നു. 2017 നവംബറിൽ മാധ്യമം ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച ദീർഘമായ സംഭാഷണത്തിലെ പ്രസക്തമായ ഭാഗം. ഡോ. ശ്രീദ നാറാണിയാട് അയച്ചു തന്നത്.*

**മുഴുവനും പ്രസിദ്ധീകരിക്കാമോ**

വന്നേരി കെ. സാവിത്രി അന്തർജനത്തെക്കുറിച്ചുള്ളത് വായിച്ചു. അവരുടെ കറുകമാലയും വായിച്ചു. കറുകമാലയിലുള്ള എല്ലാ കവിതകളും സ്വസ്തിയിൽ പബ്ളീഷ് ചെയ്തു കൂടേ? എന്നാൽ എല്ലാവർക്കും വായിക്കാമല്ലൊ. അക്കാലത്തെ സാമൂഹ്യ പശ്ചാത്തലമൊക്കെ നമുക്ക് മനസ്സിലാവുമല്ലൊ. നമ്പൂതിരിമാരുടെ ഇടയിലുണ്ടായിരുന്ന അനാചാരങ്ങളും മറ്റും. അങ്ങനെ ചെയ്താൽ നന്നായിരുന്നു.

മാധവൻ നമ്പൂതിരി,
കടവക്കാട്ട് പയ്യ, കൈതപ്രം,
പയ്യന്നൂർ, മൊബൈൽ: 9447089624

**കുറ്റാന്വേഷണ കഥയ്ക്കു തുല്യം**

സ്വസ്തി കിട്ടി,വായിച്ചു കൊണ്ടിരിക്കുന്നു.വന്നേരി സാവിത്രി അന്തർജ്ജനത്തെ കണ്ടെത്താനുള്ള ശ്രമം ഒരു കുറ്റാന്വേഷണ കഥയ്ക്കു തുല്യം. ഗംഭീരം.

കുബേരൻ നമ്പൂതിരി,
പാർവതി നിവാസ്
കയറളം, മയ്യിൽ,കണ്ണൂർ ജില്ല
മൊബൈൽ: 75599 04469

വായനക്കാർ എഴുതുന്നു

നന്നായറിയുന്ന കിങ്സ് രാമേട്ടനെ ശരിക്കും മനസ്സിലാക്കാൻ

# സ്വസ്തി മാഗസിൻ വേണ്ടി വന്നു

ഇന്നത്തെ പതിവ് പത്രവായനയോടൊപ്പം സ്വസ്തി മാഗസിൻ കണ്ടപ്പോൾ അതിലെ ഉള്ളടക്കം അറിയാൻ വെമ്പി. താളുകൾ മറിച്ചുനോക്കിയപ്പോൾ അപ്രതീക്ഷിതമായി എന്റെ ഒരു ചിരകാലസുഹൃത്തിന്റെ ചിത്രങ്ങൾ കാണാനിടയായി. പുലാച്ചേരി രാമൻ നമ്പൂതിരിയുടെ. ഉടൻ തന്നെ വായിക്കാനിരുന്നു. വീട്ടിലെ തിരക്കുള്ള പണികൾ നിർത്തി വെച്ചു. എന്തെങ്കിലും ഒരു കാര്യം വേണമെന്നു തോന്നിയാൽ അത് നേടുന്നതുവരെ ഒരു വാശിയാണ്. വായനയിൽ മാത്രമല്ല, മറ്റെല്ലാകാര്യങ്ങളിലും അങ്ങനെതന്നെ. ഒരു പക്ഷേ അതായിരിയ്ക്കാം ഈ ജീവിത സായാഹ്നത്തിൽ എനിക്ക് ഓർക്കാനും എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടെങ്കിൽ അഭിമാനിക്കാനം കാരണമായത്.

പദ്മനാഭൻ നമ്പൂതിരിയുടെ ഒരു ലേഖനം. വിഷയം പുലാച്ചേരിയിലെ കിങ്സ് രാമേട്ടൻ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ. എല്ലാം വായിച്ചപ്പോൾ രാമനെ ഉടനെ കാണണമെന്നായി, മറ്റൊന്നിനുമല്ല. എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദങ്ങൾ അറിയിക്കാൻ. 1975 കാലഘട്ടത്തിലെ രാമനാണ് എന്റെ മനസ്സിൽ.ആ കാലഘട്ടത്തിൽ ഒരു ജോലികിട്ടുന്നത് ജീവിത സാക്ഷാത്കാരമായി കാണുന്ന നമ്പൂതിരി ജനത ജീവിത പ്രാരാബ്ധങ്ങളിൽ മുങ്ങിപൊങ്ങി പരമാവധി സന്തോഷത്തോടെ കഴിഞ്ഞു. അക്കാലത്ത് പത്തിരിപ്പാലയിലായിരുന്നു താമസം.

പിന്നീട് എന്തെങ്കിലും വിശേഷങ്ങളുണ്ടെങ്കിൽ പത്തിരിപ്പാലയിൽ എത്തും. എല്ലാവരുടെയും വിശേഷങ്ങൾ തിരക്കും. അക്കൂട്ടത്തിൽ രാമനോടും ക്ഷേമാന്വേഷണങ്ങൾ തിരക്കുമെന്നല്ലാതെ, അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാഘട്ടങ്ങളും മനസ്സിലാക്കാൻ എനിക്കായില്ല. ആ ലേഖനത്തിലൂടെ വേണ്ടി വന്നു രാമന്റെ വളർച്ചയുടെ വിവിധഘട്ടങ്ങൾ മനസ്സിലാക്കാൻ. വെറുതെ ഒരു സുപ്രഭാതത്തിൽ പൂജ്യത്തിൽ നിന്ന് കിങ്സ് രാമേട്ടനായതല്ല. കഠിനാധ്വാനവും നിശ്ചയദാർഢ്യവും ഉള്ള എല്ലാ മേഖലകളിലും സ്വന്തമായി അഭിപ്രായങ്ങളുള്ള രാമന്റെ ജീവിതം ഇനിയും ഉയരങ്ങളിലേക്ക് എത്താനായി ഞാൻ ഹൃദയത്തിന്റെ ഭാഷയിൽ ആശംസിക്കുന്നു.

എന്ന് സന്തോഷത്തോടെ<br>
സാവിത്രി വാദ്ധ്യാൻ<br>
വാദ്ധ്യാൻ മന<br>
മാറാക്കര, കാടാമ്പുഴ<br>
മൊബൈൽ: 9747234895




### ആയിരമായിരം നന്ദി

പ്ലാച്ചേരി രാമേട്ടൻ അദ്ദേഹം എന്റെ ചിറ്റശ്ശിയെ വേളി കഴിച്ച ആൾ, കൂടാതെ അച്ഛന്റെ അമ്മാത്തെയാണ് എന്നതിൽ കൂടുതൽ ഒന്നും അറിയില്ലായിരുന്നു. പിന്നെ കലാപരമായ കഴിവുകൾ ഉണ്ടെന്നും അറിയാം. ത്യാഗം ചെയ്തു ഈ നിലയിൽ എത്തിയ പത്തിരിപ്പാലയുടെ കിംഗിന് ഞങ്ങളുടെ അഭിനന്ദനങ്ങൾ.ആ കഴിവുകൾ വെളിച്ചത്തിലേക്ക് കൊണ്ടുവന്ന സ്വസ്തിക്ക് ആയിരമായിരം നന്ദി

രമാ സതീശൻ, നരിപ്പറ്റ,മുംബൈ.<br>
മൊബൈൽ: 9619030577



### അഭിമാനം തോന്നി

എന്റെ മുത്തശ്ശൻ ഐ.സി.പി നമ്പൂതിരിയാണ് പുലാച്ചേരി രാമേട്ടന്റെ മെന്ററായിരുന്നത് എന്ന് സ്വസ്തിയിലൂടെ അറിഞ്ഞു. ശരിക്കും മുത്തശ്ശനെപ്പറ്റി അഭിമാനം തോന്നി ആ നിമിഷത്തിൽ.

സജിൻ<br>
ഇട്ട്യാം പറമ്പത്ത് മന, ചളവറ

### ധാരാളം പേർ വിളിച്ചു

പൂജ്യത്തിൽ നിന്ന് കിംഗ് ആയ രാമേട്ടൻ എന്ന സ്വസ്തിയിലെ ഫീച്ചർ വായിച്ച് ധാരാളം പേർ ഞങ്ങളെ വിളിച്ചു. നാട്ടിൽ നിന്ന് മാത്രമല്ല, ഇന്ത്യക്കു പുറത്തു നിന്നു പോലും. അപ്രതീക്ഷിതമായി ഞങ്ങൾക്ക് ഇങ്ങനെയൊരു അവസരമുണ്ടാക്കിതന്ന സ്വസ്തിക്ക് നന്ദി

ശ്രീദേവി, പുലാച്ചേരി<br>
മൊബൈൽ: 9446804563

### സന്തോഷവും നന്ദിയും

എന്നെക്കുറിച്ച് സ്വസ്തിയിർ വന്ന ഫീച്ചർ വായിച്ച് ഒരു പാട് പേർ വിളിച്ചു. ഈയ്യക്കാട്അനിൽകുമാർ 96895513727, എം. പി വാസുദേവൻ കോട്ടപ്പുറം, തൃശൂർ, 9496214674,എം. പരമേശ്വരൻ, വടക്കന്തറ, പാലക്കാട് 9447547561, എം.വാസുദേവൻ, വടക്കന്തറ, പാലക്കാട് 9446236351,ടി.എൻ പരമേശ്വരൻ, തിരുത്തുമുക്ക് മന, മുണ്ടായ, ഷൊർണ്ണൂർ 9526295275, എം.ആർ പരമേശ്വരൻ, മടങ്ങർളി, തിരുവനന്തപുരം, 9633534428, കുട്ടൻ അണ്ടലാടി മന, പട്ടാമ്പി, 9495656885, എം. എൻ നമ്പൂതിരി, മടങ്ങർളി മന, തൃശൂർ,9895062812, ശ്രീകുമാരി, പാറമന,ഷൊർണൂർ, 9895755604, കൃഷ്ണൻ നമ്പൂതിരി, മടങ്ങർളി, മനിശ്ശേരി,9847147310 കൂക്കമ്പാറ പരമേശ്വരൻ നമ്പൂതിരി ഷൊർണൂർ, 9447281905, കൂക്കമ്പാറ നാരായണൻ നമ്പൂതിരി ഷൊർണൂർ , 9947909172,ടി. എം പരമേശ്വരൻ നമ്പൂതിരി,തീയ്യന്നൂർ മന, കവളപ്പാറ 8547484798, മൃദുല 9930811084, കുമ്മിണി ജാതവേദൻ, കുമ്മിണി മന, തൃശൂർ 9995291539, പി.കെ സതീഷ് തൃപ്പൂണിത്തുറ 9745405010, എം. ആർ നാരായണൻ, മടങ്ങർളി മന,തൃശ്ശൂർ, 8714504252.

ഏവർക്കും എന്റെ നന്ദി അറിയിക്കുന്നു. ബന്ധുക്കളും സുഹൃത്തുക്കളുമായി ഒരിക്കൽക്കൂടി സൗഹൃദം പുതുക്കാൻ അവസരമുണ്ടാക്കി തന്ന സ്വസ്തിയോടുള്ള സന്തോഷവും രേഖപ്പെടുത്തട്ടെ.

രാമൻ നമ്പൂതിരി പുലാച്ചേരി മന,<br>
നഗരിപുരം, പത്തിരിപ്പാല പാലക്കാട്<br>
ജില്ല മൊബൈൽ 9495173229

**സ്വസ്തിയെപ്പറ്റിയുള്ള പ്രതികരണങ്ങൾ ഈ നമ്പറിൽ വാട്ട്സ് അപ്പ് ചെയ്യുക**

**9400992823**

## കർമ്മങ്ങൾ വികൃതമായി നിർവ്വഹിക്കുന്നത് ഒഴിവാക്കാൻ നമുക്ക്

# വേണം, മലയാളം ക്രിയാരത്നമാല



ക്രിയാരത്നമാല വായിച്ചാൽ പലതും സാധാരക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. ക്രിയകൾ ചെയ്യുന്നവരും ചെയ്യിപ്പിക്കുന്നവരും ഭൂരിഭാഗവും സാധാരണക്കാരാണ്. സംസ്കൃതത്തിൽ അവഗാഹമുള്ളവരല്ല മിക്കവരും. എന്നാൽ ക്രിയകൾ ചെയ്യണമെന്ന് താല്പര്യമുണ്ട് താനും. അപ്പോൾ അർത്ഥം അറിഞ്ഞ് ചെയ്യാൻ അവസരമുണ്ടാക്കേണ്ടത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്തം കൂടിയാണ്. നമ്മുടെ ആചാര്യന്മാർ ഈ വിഷയം ശ്രദ്ധിക്കണം

വാസുദേവൻ നമ്പൂതിരി

നമ്മുടെ ജീവിതത്തിന്റെ സാരസർവ്വസ്വമാണ് നമുക്ക് വിധിച്ചിട്ടുള്ള വൈദികചടങ്ങുകൾ. എ.എം.കൃഷ്ണ ശർമ്മ രചിച്ച 'ക്രിയാരത്നമാല'യാണ് ബൗധായന ചടങ്ങുകൾക്ക് അവലംബം. കർമ്മാചരണം ആന്തരചൈതന്യത്തെ സമ്പന്നമാക്കും. വ്യക്തിസ്വഭാവത്തെ ഗുണ സമ്പൂർണ്ണമാക്കും. ആചാരങ്ങൾ/ചടങ്ങുകൾ നിർദ്ദേശകന്മാർക്കും (ആചാര്യന്മാർ) നിർവാഹകന്മാർക്കും (കർമ്മികൾ) ഒരേ പോലെ സംവേദനക്ഷമമാകണമെന്നേയുള്ളു.

'ക്രിയാരത്നമാല'യിൽ ക്രിയകളെല്ലാം നിർദ്ദേശിക്കപ്പെടുന്നത് മലയാളത്തിലാണെന്നത് ശരി തന്നെ. എങ്കിലും തലക്കെട്ടുകൾ, ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ആലപിക്കുന്ന മന്ത്രങ്ങൾ ഇവ സംസ്കൃതത്തിലാകയാൽ ഇവയുടെ ഉദ്ദേശ്യവും, അർത്ഥവും സാധാരണക്കാരായ രക്ഷിതാക്കൾക്കോ, കർമ്മികൾക്കോ സുഗ്രാഹ്യമല്ല. ക്രിയകളുടെ അർത്ഥലക്ഷ്യങ്ങൾ കർമ്മിയിൽ സമ്മേളിക്കുമ്പോഴാണ് അവ മനസ്സ്, വാക്ക്, പ്രവർത്തി ഇവയെ ശുദ്ധീകരിച്ച് കർമ്മിയെ ചൈതന്യ ബന്ധുരമാക്കുന്നത്. അതുകൊണ്ടാണ് ഷോഡശക്രിയകൾ പ്രസക്തവും അനിവാര്യവുമായത്.

അൽപകാലം മുമ്പ് വരെ ഇവയ്ക്ക് കർമ്മികളിൽ നേരിയ ഗ്ലാനി വന്നെങ്കിലും ഇപ്പോൾ ആവശ്യബോധത്തിന്റെ ഉദയകാലമാണ്. ഗർഭധാരണം മുതൽ അന്ത്യേഷ്ടി പിതൃകർമ്മങ്ങൾ വരെ നീണ്ടു കിടക്കുന്നതാണ് പൂർവ്വോത്തര ഭാഗങ്ങളിലായി ആഴവും പരപ്പുമുള്ള കർമ്മപരമ്പര. ഇവയെ മൊത്തത്തിൽ പരിശോധിച്ചാൽ ചടങ്ങിന്റെ വൈപുല്യവും മന്ത്രങ്ങളുടെ ബാഹുല്യവും കാണാൻ കഴിയും.

**മാതൃഭാഷയിൽ ആചരിച്ചാൽ അതിന്റെ മാധുര്യം സർവ്വാകർഷകവും, ഹൃദയഹാരിയുമായിരിക്കും. അപ്പോൾ മാത്രമേ അവ ചൈതന്യവത്തും സാർത്ഥകവുമാകുകയുള്ളു.**

ഇന്ന് ക്രിയകളും, മന്ത്രങ്ങളും, അവയുടെ ഉദ്ദേശാർത്ഥങ്ങൾ ഗ്രഹിക്കപ്പെടാതെ അവ്യക്തമായി അഭംഗുരം നിർവ്വഹിക്കപ്പെടുന്നു. അർത്ഥം ഗ്രഹിച്ച് അനുഷ്ഠിച്ചാൽ മാത്രമെ നിർദ്ദിഷ്ടഫലമുണ്ടാകുകയുള്ളു. അർത്ഥഗ്രഹണമില്ലെങ്കിൽ അനുഷ്ഠാന നിഷ്ഠ ഉണ്ടാകുമോ? വളർന്ന തലമുറയ്ക്ക് അലഭ്യമായതും വളരുന്ന തലമുറയ്ക്ക് ഇല്ലാതെ വന്നതും ഇതു തന്നെയല്ലേ? ഉച്ചാരണവൈകൃതം മൂലം ചോർന്നുപോകുന്നത് മന്ത്രാചാരങ്ങളുടെ ചേതനയും ആത്മാവുമല്ലേ? സന്ധ്യാവന്ദാദികളും പൂജാമന്ത്രങ്ങളും പൂജാശൈലിയും പ്രാർത്ഥനകളും ഇന്ന് കർമ്മികളാൽ നിർജ്ജീവവും നിരർത്ഥകവുമാക്കപ്പെടുന്നില്ലേ എന്നു പോലും സംശയിക്കണം.

ആചാര്യനിർദ്ദേശങ്ങൾ കർമ്മികൾ വികൃതമായി നിർവ്വഹിക്കുന്നു. സാധാരണക്കാരായ രക്ഷിതാക്കളും ബന്ധുക്കളും, അതിഥികളും അന്തമെന്യേ നിശ്ശബ്ദം വീക്ഷിച്ചു നിൽക്കുന്നു. എല്ലാവരും കഥയറിയാതെ ആട്ടം കാണുന്നു. സംശയ നിവാരണത്തിന് വഴിമുട്ടി ഇരുട്ടത്തു തപ്പുന്നു. ഇതല്ലേ ഇന്നു കാണുന്നത്.

ഈ ദുഃസ്ഥിതിയ്ക്ക് കാരണം ആചാരങ്ങളും മന്ത്രങ്ങളും നിർദ്ദേശിയ്ക്കപ്പെടുന്നതും നിർവ്വഹിക്കപ്പെടുന്നതും നമുക്ക് അന്യമായ ദേവഭാഷയിൽ തന്നെയെന്നതാണ്. മാതൃഭാഷയിൽ ആലപിച്ചാൽ /ആചരിച്ചാൽ അതിന്റെ മാധുര്യം സർവ്വാകർഷകവും, ഹൃദയഹാരിയുമായിരിക്കും. അപ്പോൾ മാത്രമേ അവ ചൈതന്യവത്തും സാർത്ഥകവുമാകുകയുള്ളു. ക്രിയാസാരങ്ങളും കർമ്മിയുടെ അന്തരംഗത്തിലേക്ക് വിന്യസിയ്ക്കപ്പെടുകയുള്ളു. സാധാരണക്കാരെ സാംസ്കാരിക നപുംസകത്വത്തിൽ നിന്നും സനാതന സംസ്കാരികധാരാ സ്രോതസ്സാക്കി മാറ്റുവാനും കഴിയുകയുള്ളു. ഇതിന്ന് മാതൃഭാഷ തന്നെയാണ് ഉത്തമ മാധ്യമം.

അതുകൊണ്ട് ഉൽസാഹശാലികളായ വൈദിക ശ്രേഷ്ഠരും മലയാള സംസ്കൃതഭാഷാ പണ്ഡിതന്മാരും യോഗക്ഷേമ സഭയുടെ ജില്ലാ സംസ്ഥാനഭാരവാഹികളും / പ്രതിനിധികളും സംയുക്തമായി ചർച്ച ചെയ്ത് ഒരു സമ്പൂർണ്ണ 'മലയാളം ക്രിയരത്നമാലയ്ക്ക്' രൂപം കൊടുത്ത് താമസംവിനാ പ്രസിദ്ധീകരിക്കണം.

ഈ ആശയത്തോടും ആവശ്യത്തോടും ബൌധായനന്മാർ മാത്രമല്ല ബാധൂലകർ, കൌഷീതക ആശ്വലായന ശാഖക്കാർ എന്നിവർ സാർവ്വത്രികമായി അനുകൂലമായി പ്രതികരിക്കുമെങ്കിൽ ശുഭോദർക്കം തന്നെ. വരും തലമുറയ്ക്ക് സമർപ്പിക്കാനുതകുന്ന ഒരു മഹത്തായ ഉപഹാരം തന്നെയാവും. സംശയമില്ല. ●

വാസുദേവൻ നമ്പൂതിരി
കൊളങ്ങര ഇല്ലം
പി.ഒ. വിളയിൽ,
മലപ്പുറം ജില്ല പിൻ. 673641
ഫോൺ : 9745415270

# തന്ത്രിവര്യൻ ഒഴലൂർ പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാട്

(പിതാവ്നാരായണൻ നമ്പൂതിരിപ്പാട്/മാതാവ്: ഉമാദേവി അന്തർജനം)

**ജനനം: 8/12/1948 ● മരണം: 01/12/2021**



ഇല്ലം കോഴിക്കോട് ജില്ലയിൽ ചാത്തമംഗലത്തിന് സമീപം. കേരളത്തിലങ്ങോളമിങ്ങോളം നൂറുകണക്കിന് ക്ഷേത്രങ്ങളിൽ തന്ത്രം. പൂജാവിഷയങ്ങളിൽ ആധികാരികമായ ജ്ഞാനം. ഒട്ടനവധി ദേവാലയങ്ങൾ പുനരുദ്ധരിക്കാൻ നേതൃത്വം നൽകിയ ആചാര്യൻ. 2021 ഡിസംബർ ഒന്നാം തീയതി ഭഗവദ്പദം പൂകി . 'തന്റെ കാലശേഷം ഉത്തരവാദിത്തമുള്ള ക്ഷേത്രങ്ങളിലെ തന്ത്രകർമ്മങ്ങളെല്ലാം ലോപം കൂടാതെ ഉണ്ണിക്കുട്ടൻ നിവർത്തിക്കണമെന്ന്' സ്നേഹപുരസ്സരം ആജ്ഞാപിച്ചു ഗുരുനാഥൻ കൂടിയായ എന്റെ വലിയഫൻ. ഈശ്വരതുല്യനായ തന്ത്രിവര്യന്റെ, എന്റെ ഗുരുവും പിതൃസഹോദരനുമായ പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ദീപ്തസ്മരണകൾക്കു മുമ്പിൽ നിറമിഴികളോടെ പ്രണാമം.

**ഭക്ത്യാദരപൂർവ്വം**

**ഒഴലൂർ പാതിരിശ്ശേരി മിഥുൻ നമ്പൂതിരിപ്പാട് ( ഉണ്ണിക്കുട്ടൻ ) ഫോൺ: 9496226622**

**സന്തപ്ത കുടുംബാംഗങ്ങൾ:**

സഹധർമ്മിണി : എടക്കാട് മുല്ലപ്പള്ളി മകൾ സരസ്വതി അന്തർജനം
സഹോദരങ്ങൾ: ദേവകി അന്തർജനം (Late), ശ്രീകുമാരൻ നമ്പൂതിരിപ്പാട് (Late),
നാരായണൻ നമ്പൂതിരിപ്പാട് (Late) ഉണ്ണിമായ അന്തർജനം,
സാവിത്രി അന്തർജനം, ശ്രീദേവി അന്തർജനം

## സ്മരണാഞ്ജലി



**നാരായണൻ നമ്പൂതിരി**
കപ്ളിങ്ങാട് (നെടുമ്പുര)
റിട്ട. ഹെഡ് മാസ്റ്റർ
അടക്കാപുത്തൂർ ഹൈസ്കൂൾ
കല്ലുവഴി, തിരുവാഴിയോട്,
പാലക്കാട്, പിൻ:679514



യോഗക്ഷേമസഭ സംസ്ഥാന സമിതി അംഗവും
സ്വസ്തി പബ്ലിഷറുമായിരുന്ന

## നാരായണൻ നമ്പൂതിരി

(പാലാഞ്ചേരി ഇല്ലം, പെരുമണ്ണ ,കോഴിക്കോട്)
വിഷ്ണുപദംപൂകിയിട്ടു മെയ്13 ന് മൂന്നു വർഷമാവുന്നു.
അദ്ദേഹത്തിന്റെ ചിരസ്മരണകൾക്കു മുമ്പിൽ
**സ്വസ്തിയുടെ ആദരാഞ്ജലികൾ**

## സുഭദ്ര അന്തർജനം

ഗുരുവായൂർ മുൻ മേശാന്തിയും ഓതിക്കനുമായിരുന്ന കക്കാട് ദാമോദരൻ നമ്പൂതിരി (Late) യുടെ പത്നി ചേലൂർ മഹൾ സുഭദ്ര അന്തർജനം (89) 2022 ജനുവരി 20 ന് വിഷ്ണുപാദം പൂകി.

മക്കൾ: ആനന്ദൻ (ഗുരുവായൂർ ഓതിക്കൻ)ദേവദാസ് (ഗുരുവായൂർ ഓതിക്കൻ ,മുൻ മേൽശാന്തി )ജയൻ(പ്രൈവറ്റ് ജോലി )ശാന്ത ( ചെറുമുക്ക് മന) സുധ (മൂത്തേടത്ത് മല്ലിശ്ശേരി)

മരുമക്കൾ: ചെറുമുക്ക് പരേതനായ വാസുദേവൻ നമ്പൂതിരി, മൂത്തേടത്ത് മല്ലിശ്ശേരി ഹരിജയന്തൻ നമ്പൂതിരി, ശാരദ (കിടങ്ങഴി മകൾ, വണ്ടൂർ),പ്രമീള (പുല്ലൂര് മകൾ, വണ്ടൂർ), ലീല (പാലക്കാട്ടിരി മകൾ, ചാലിശ്ശേരി)



# ശ്രദ്ധാഞ്ജലികൾ

## പാണ്ടിക്കടവ് കൃഷ്ണൻ നമ്പൂതിരി

(പി കെ നമ്പൂതിരി)
കോഴിക്കോട് ജില്ല, കൂഴക്കോട്
(1939 - 2021)



പിതാവ് :കൃഷ്ണൻ നമ്പൂതിരി/മാതാവ്: പൈങ്കടവ് മകൾ പാർവ്വതി അന്തർജനം
സഹധർമ്മിണി :ഒഴലൂർ പാതിരിശ്ശേരി സാവിത്രി അന്തർജനം
മക്കൾ/മരുമക്കൾ: ● നിർമ്മല-എടക്രമഞ്ചേരി പുൽപറമ്പിൽ മണി ● ചന്ദ്രിക-ചേവരമ്പലം പൂളമണ്ണ രാജേന്ദ്രൻ ● തങ്കമണി-വളാഞ്ചേരി പടിഞ്ഞാറെപ്പാട്ട് കശ്യപൻ ● ശുഭ-കണ്ണിപറമ്പ് വീട്ടിക്കാട്ട് സന്തോഷ്

എല്ലാ അർത്ഥത്തിലും നാട്ടുകാരുടെ സ്വന്തം മാഷായിരുന്നു പി കെ നമ്പൂതിരി. ഹിന്ദി അധ്യാപകൻ ,സ്കൗട്ട് പരിശീലകനുള്ള സംസ്ഥാന പുരസ്കാര ജേതാവ്. ചെണ്ടയിലും ഹാർമോണിയത്തിലും ജ്ഞാനം . അപസ്മാരം ശമിപ്പിക്കാനുള്ള ഒറ്റമൂലിക്കൂട്ട് പി കെ മാസ്റ്റർക്കറിയുമായിരുന്നു.

കൂഴക്കോട് ധന്വന്തരി നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിരുന്നു. തൊട്ടുള്ള രാമപുരം ക്ഷേത്രപരിപാലനത്തിനും പി കെ നമ്പൂതിരി മുന്നിട്ടിറങ്ങി. കോൺഗ്രസ് എസ് സംസ്ഥാന നിർവ്വാഹകസമിതി അംഗമായും ചാത്തമംഗലം മണ്ഡലം പ്രസിഡണ്ടായും സർവ്വീസ് ബാങ്ക് ഡയറക്ടർ ആയും ദീർഘകാലം സേവനമനുഷ്ഠിച്ചു. മുൻ മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രനും ഷൺമുഖദാസും മന്ത്രി എ.കെ ശശീന്ദ്രനുമുൾപ്പെടെ വലിയൊരു സുഹൃദ് വലയം മാസ്റ്റർക്കുണ്ടായിരുന്നു.

പട്ടിണിയും തൊഴിലില്ലായ്മയും നാട്ടാരെ കഷ്ടപ്പെടുത്തിയ അറുപതുകളിൽ കൂഴക്കോട് ഖാദി നെയ്ത്തുശാല തുടങ്ങാനായി 30 സെന്റ് സ്ഥലമാണ് പി കെ സൗജന്യമായി നൽകിയത്. മുസ്ലീം എജുക്കേഷനൽ സൊസൈറ്റി (എം ഇ എസ് ) പില്ലർ ഓഫ് സെക്യുലറിസം അവാർഡ് നൽകിയാണ് പി കെ നമ്പൂതിരിയെ ആദരിച്ചത്.

അധികാരക്കസേരകളിലായിരുന്നില്ല ,നാട്ടാരുടെ ഹൃദയങ്ങളിലാണ് പി കെ നമ്പൂതിരി സ്ഥാനം പിടിച്ചത് .നിസ്വാർത്ഥനായ ഈ ജനസേവകന്റെ ഓർമ്മകൾക്കു മുമ്പിൽ ബാഷ്പാഞ്ജലി ● സഹധർമ്മിണി ,മക്കൾ ,മരുമക്കൾ ,പേരക്കുട്ടികൾ ,പാണ്ടിക്കടവ് കുടുംബാംഗങ്ങൾ. മൊബൈൽ: 9645838154

# കുട്ടിക്കൂട്ടം

കുട്ടിക്കൂട്ടത്തിലേക്ക്
വാട്ട്സ് അപ്പിൽ അയക്കാം.

**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി അയച്ചു തരൂ. മികച്ച രചനകൾ സ്വസ്തിയിൽ പ്രസിദ്ധീകരിക്കും.**

**വാട്ട്സ് അപ്പ് നമ്പർ 9400992823**

## കഥ പറഞ്ഞ് പറ്റിച്ച അണ്ണാൻ

**ശ്രീഹരി നാരായണൻ**

‘ഉണ്ണീ ഒന്നിങ്കട് വരൂ.ഇത്തിരി നേരം ഈ കൊപ്ര നോക്കൂ. കാക്ക കുറവാണെങ്കിലും അണ്ണാൻ ഇഷ്ടം പോലേണ്ട്. അടുക്കള പണി ഒന്നും കഴിഞ്ഞില്യ. വേഗം വരൂ ഉണ്ണീ.’

‘ദാവന്നു അമ്മേ. അതേയ് .അച്ഛൻ അമ്പലത്തിൽ നിന്ന് വന്നാ ഞാൻ കളിക്കാൻ പൊവ്വും ട്ടോ.’

അങ്ങനെ ഉണ്ണി കയ്യിൽ വടിയുമായി മുറ്റത്തെ തണലിൽ കസേരയിൽ കൊപ്രക്ക് കാവലാളായി.

‘ഉണ്ണീ.....ഏയ് ഉണ്ണീ .’

‘ആരാ ന്നെ വിളിച്ചേ, ആരേം കാണാൻ ഇല്യാലോ.’

‘ദേ മുന്നിലെ കല്ലിൽ നോക്കൂ....ഞാൻ. അണ്ണാൻ.’

‘ഹേ നിയ്യോ...നിനക്ക്. വർത്താനം പറയാൻ പറ്റോ. !’

‘പിന്നെ. പറ്റുലോ. ഉണ്ണിക്ക് ഞാൻ ഒരു കഥ പറഞ്ഞു തരാം.ഞങ്ങടെ മുതുകിൽ ഈ മൂന്ന് വര ഉണ്ടായ കഥ ’

‘അത് ഇക്ക് മുത്തശ്ശി പറഞ്ഞു തന്നിട്ടുണ്ട്. ന്നാലും നിയ്യ്ത് പറയ്.’

‘ശരി ഞാൻ ചുരുക്കി പറയാം.

പണ്ട് അയോദ്ധ്യയിൽ ദശരഥ മഹാരാജന്റെ മക്കളായി ശ്രീരാമചന്ദ്രനും അനിയന്മാരും ഉണ്ടായിരുന്നു. കൈകേയിക്ക് പണ്ടെങ്ങോ രാജാവ് കൊടുത്ത വരം ശ്രീരാമന് രാവണനെ കൊല്ലാനുള്ള നിമിത്തമായി. അങ്ങനെ പതിനാല് കൊല്ലം. കാട്ടിൽ കഴിയുന്ന സമയം സീതയെ രാവണൻ തട്ടി കൊണ്ടുപോയി. അങ്ങ് ലങ്കാപുരിയിൽ. അവിടെ എത്തണമെങ്കിൽ ശ്രീരാമനും കൂട്ടർക്കും സമുദ്രം കടക്കണം. അതിന്നായി ഹനുമാന്റെ നേതൃത്വത്തിൽ ഒരു പാലം പണി തുടങ്ങി. എല്ലാവരും മണ്ണ് ചുമന്നു പോകുന്നത് കണ്ട ഞങ്ങളുടെ ഒരു മുതുമുത്തശ്ശൻ ആദ്യം സമുദ്രത്തിൽ മുങ്ങിവന്ന് മണ്ണിൽ ഉരുണ്ട് പിന്നെ പണിയുന്ന സ്ഥലത്ത് പോയി ദേഹം കുടയുന്നത് ശ്രീരാമചന്ദ്രൻ കാണാൻ ഇടയായി. അദ്ദേഹത്തിന് ആശ്ചര്യമായി. മെല്ലെ ആമുത്തശ്ശനെ എടുത്തു മടിയിൽ ഇരുത്തി വാത്സല്യത്തോടെ തന്റെ മൂന്ന് വിരല് കൊണ്ട് തലോടിയത്രെ. അങ്ങനെയാണ് ഞങ്ങൾക്ക് മുതുകിൽ ഈ മൂന്നുവര വന്നത്. സേതു ബന്ധനം കഴിഞ്ഞു ശ്രീരാമനും കൂട്ടരും ലങ്കയിൽ എത്തി രാവണനെ കൊന്ന് സീതയെ കൊണ്ടുപോരികയും ചെയ്തു.’

‘ണ്ണീ ഉറങ്ങാ. കഷ്ടം. കൊപ്രയതാ അണ്ണാൻ കൊണ്ടോയി .’

‘അമ്മേ അണ്ണാൻ ഇക്ക് രാമായണം കഥ പറഞ്ഞു തന്നു’ കണ്ണ് തുറന്നു ഉണ്ണി പറഞ്ഞത് കേട്ട് അമ്മക്ക് ശുണ്ഠി വന്നു.

‘കഥയും പറഞ്ഞു ദാ കൊപ്രയും കൊണ്ട് നിന്റെ അണ്ണാൻ മരക്കൊമ്പിൽ’

ഉണ്ണി ചിരിച്ചു കൊണ്ട് മരകൊമ്പിൽ നോക്കി. അപ്പോൾ കയ്യിൽ കൊപ്രയും പിടിച്ചു അണ്ണാൻ ഉണ്ണിയെ നോക്കി ‘ച്ചിൽ’ ‘ച്ചിൽ’ എന്ന് ശബ്ദം ഉണ്ടാക്കി മറ്റെ കൊമ്പിലേക്ക് ചാടി പോയി●

ശ്രീഹരി നാരായണൻ
S/o ഗിരീഷ് നമ്പൂതിരി,
ശ്രീ ഹരി , അരീക്കര മന,
പോസ്റ്റ് നടുവട്ടം,
കുറ്റിപ്പുറം, മൊബൈൽ: 8593972928





## കുഞ്ഞൂട്ടൻ

**ആദിത് കൃഷണൻ**

എന്റെ അനുജൻ കുഞ്ഞൂട്ടൻ
കുറുമ്പുകളേറെ കാട്ടീടും
കുസൃതികളേറെ കാട്ടീടും
അമ്മയടിക്കാൻ ഓങ്ങുമ്പോൾ
പല്ലുകൾ കാട്ടിയിളിച്ചീടും
തല കീഴായി മറിഞ്ഞീടും
പാപ്പം തിന്നാൻ വിളിച്ചാലോ
വട്ടം വട്ടം കറഞ്ഞീടും
എന്നാൽ അച്ഛൻ വന്നാലോ
ഉമ്മകൾ നിറയെ നൽകീടും
അമ്മയൊരുമ്മയെനിക്കെങ്ങാൻ
തന്നാൽ കുശുമ്പനായീടും
എന്റെ അനുജൻ കുഞ്ഞൂട്ടൻ
കുറുമ്പനമ്പട! കുശുമ്പനും!!
കുഞ്ഞൂട്ടന്റെ പേർ അറിയോ?
ആരൺ മാധവ് എന്നാണ്●

ആദിത് കൃഷ്ണൻ,
S/o ഹരികൃഷ്ണൻ,
കൂറ്റമ്പിള്ളി മന
താന്നിശ്ശേരി ഇരിങ്ങാലക്കുട
മൊബൈൽ: 9686188421





# A MEMORABLE TRIP



അഭിനവ്
അങ്ങാടിപ്പുറം
പഴയത്ത്
മനയിലെ
പ്രശാന്തിന്റെയും
കൊയ്ത്തടി
വിദ്യയുടെയും
പുത്രൻ.

During Christmas we planned a trip to Karnataka. Grandparents also decided to come with us. Father arranged an Innova Crista for the journey. We started on 26.12.21 at 6am.The vehicle was comfortable for five of us. Our first destination was Chickmanglore resort. On the way we visited Hallibeedu and Belur.We reached Hallibeedu at 9am and spent there two hours.It was an incredible architecture made of stone.It was made by Hoysala Empire in eleventh century.There was a temple and we saw a huge statue of Nandikesa in front of the temple. Everything was amazing and fantastic.

We took few photographs and started to Belur at 11am and reached there at 12 noon. Belur was famous for Chennakesava temple fully made of stone.It was amazing to view the huge stone pillers and bars with incredible architecture.There was a huge crowed and we followed que system to worship God Vishnu.It was also built by Hoysala Empire. We spent one hour there and after lunch started to Chickmanglore and reached there at 3pm.We spent the whole evening playing cricket and batminton.

On 27.12.21 we started to see Mullengari and Jerry fall. It was a hilly area and the journey was adventurous and amazing.It was amazing to view large number of vehicles moving by the side of the hill.We stood Sithengari and it was awesome and amazing to view the area from there. Finally we reached Mullengari.It was the tallest peak and me, my father and grand father climbed the hill and stood at the peak

My mother and grandmother did not come.We took some photographs and went to see Jerry fall.On the way we saw a small fall and played there few minutes.Journey to Jerry fall was thrilling and adventurous.Journey was in a jeep along the forest through a muddy road .We saw visiters standing and having bath in the fall.After taking photographs we reached the resort at 4pm. Next day on 28.12.21 after breakfast we started to Kollur and reached there at 2pm.In the evening we went to Mookambika temple and prayed God.We had a plan to go to Kutajadri but did not get time and the trip was cancelled.

Next day on 29.12.21 after breakfast we started to Udupi.On the way we reached Murudeshwar temple. There was a huge statue of God Siva in front of the temple.We spent one hour in the beach.Me and my father enjoyed the speed boat journey.It was amazing and thrilling.

Then we started to Udupi and reached there at 2pm.At 3pm we went to Udupi beach.It was a large beach compared to Murudeshwar beach.We visited St Mery Island in a boat.It was named by the great Vascodigama It was a beautiful place to view the area around.After spending half an hour there we returned to Udupi beach.We had many entertainment there and enjoyed the evening playing speedboat, ballon and banana ride.Late in the evening we returned the hotel at 6pm.The uphill journey, the curving narrow path and the beauty of the landscape gave me mindful joynes.The whole journey was amazing and it was an unforgettable journey in my life ●







**സാകേത് റാം**
S/o ഡോ. കേ
ശവപ്രസാദ്
ഉണ്ണിരാമത്ത്
മന, രാമനാഥ
പുരം, പാലക്കാ
ട്. മൊബൈൽ
9847341621

**അഭിറാം**
S/oഡോ. കേശവപ്ര
സാദ് ഉണ്ണിരാമത്ത്
മന, രാമനാഥപുരം,
പാലക്കാട്. മൊ
ബൈൽ 9847341621



# കൊറോണ എന്നെ കഥകളിക്കാരനാക്കി

**നിരഞ്ജൻ മോഹൻ**



കഥകളി കുടുംബത്തിലും കഥകളി അന്തരീക്ഷത്തിലുമാണ് ഞാൻ ജനിച്ചതെങ്കിലും കഥകളിക്കാരനായി അറിയപ്പെടണമെന്ന ആഗ്രഹം ഒന്നും മനസ്സിൽ തോന്നിയിരുന്നില്ല. പക്ഷെ കൊറോണ എന്നെ ഒരു കഥകളിക്കാരനാക്കി മാറ്റി എന്നതാണ് സത്യം.

കുട്ടിയായിരിക്കുമ്പോൾ തന്നെ അച്ഛനോടൊപ്പം കഥകളികൾ കാണാൻ പോകാറുണ്ട്. ഒരുപാടു ആഗ്രഹത്തോടെ അല്ലെങ്കിലും പദങ്ങളും പഠിക്കേണ്ടി വന്നിട്ടുണ്ട്. സ്കൂളുകളെല്ലാം അടച്ച മഹാമാരിക്കാലത്ത് ഒരവസരമൊത്തു വന്നപ്പോൾ അച്ഛൻ എന്റെ കഥകളിപ്പാട്ട് അരങ്ങേറ്റം നിശ്ചയിച്ചു. കഥകളിക്കു പാടി അരങ്ങേറുക എന്നുള്ളതിന്റെ മൂല്യമൊന്നും അറിയാമായിരുന്നില്ല.

അങ്ങിനെ കഴിഞ്ഞ ഓണക്കാലത്ത് അച്ഛന്റെ ഗുരുവിന്റെ കളരിയായ ലക്കിടിയിലെ ഗുരുവരം കഥകളി അക്കാദമിയിൽ ഞാൻ പുറപ്പാട് പാടി അരങ്ങേറ്റം കുറിച്ചു. ഏറ്റവും അനുഗ്രഹീതമായ നിമിഷമായി ഞാൻ അതിനെ കണക്കാക്കുന്നു. അച്ഛനോടൊപ്പം മിക്ക കഥകളികളിലും ഏറെ ആഗ്രഹത്തോടെ ഇലത്താളം പിടിക്കാൻ കയറിതുടങ്ങി. അമ്മയോടും മറ്റു ഓപ്പോൾമാരുടെയും കൂടെ ചില കഥകൾ പാടാനും സാധിച്ചു. ഇന്നു ഞാൻ ഓരോ പുതിയ കഥകൾ അറിയാനും പാടാനും തുടങ്ങി. കഥകളിയെ അടുത്തറിയാൻ അവസരം ഉണ്ടാക്കി തന്നത് ഒരു പക്ഷേ കൊറോണയായിരിക്കും. കഥകളിയിലെ വാദ്യ സംഗീത മേഖലകളെ മനസ്സിലാക്കുക എന്നതാണ് എന്റെ ഇഷ്ടവിനോദം. ●

(നെടുമ്പള്ളി രാംമോഹന്റെ മകനാണ്. ഹരിമന്ദിരം, പി. ഒ ശ്രീകൃഷ്ണപുരം, പാലക്കാട് ജില്ല, പിൻ: 679513 മൊബൈൽ 9447081976)

# ചെറി വില്പനക്കാരൻ പഠിപ്പിച്ച മനഃസാക്ഷി

**അരുണിമ.ജി.**



ഒരു ഗ്രാമത്തിൽ ചെറിപ്പഴങ്ങൾ ശേഖരിച്ചു വിൽക്കുന്ന ബാലനുണ്ടായിരുന്നു. ഒരു പതിനാലുകാരൻ. ദിവസവും കാട്ടിൽ പോയി ഒരു കുട്ടയിൽ ചെറിപ്പഴങ്ങൾ ശേഖരിക്കും. ഒരു വീട്ടമ്മയ്ക്കായിരുന്നു ഇത് വിറ്റിരുന്നത്. കാട്ടിൽ നിന്ന് ചെറിപ്പഴങ്ങൾ ശേഖരിച്ച് അത് വീട്ടമ്മയ്ക്ക് വിൽക്കും. അവർ പഴങ്ങൾ വീട്ടിനകത്ത് കൊണ്ടുപോയി തൂക്കി നോക്കും എന്നിട്ട് അതിന്റെ പണം കൊടുക്കും. അതുമായി ബാലൻ പോകും.

ഈ പണം കൊണ്ടാണ് ജീവിതം മുന്നോട്ട് കൊണ്ട് പോയത്. അച്ഛൻ നേരത്തെ മരിച്ചു. അമ്മയ്ക്ക് പ്രായ സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ മറ്റു ജോലികൾ ചെയ്യാൻ സാധിക്കില്ല. വളരെക്കാലം കഷ്ടപ്പെട്ടായിരുന്നു അവരുടെ ജീവിതം.

ഒരു ദിവസം വീട്ടമ്മ ബാലനോട് ചോദിച്ചു. □ പഴങ്ങൾ തൂക്കി നോക്കുന്നത് ഒരിക്കൽ പോലും നീ കണ്ടിട്ടില്ല. തൂക്കം കുറച്ച് പറഞ്ഞ് ഞാൻ നിന്നെ പറ്റിക്കുകയാണെന്ന് സംശയം തോന്നിയിട്ടുണ്ടോ□ ?

ബാലൻ ഒട്ടും ചിന്തിക്കാതെ ഉടനെ മറുപടി പറഞ്ഞു.

□ഒരിക്കലും തോന്നിയിട്ടില്ല. തൂക്കം കുറച്ച് പറഞ്ഞ് എന്നെ പറ്റിച്ചാൽ എനിക്ക് നഷ്ടപ്പെടുന്നത് കുറേ ചെറിപ്പഴങ്ങൾ മാത്രമായിരിക്കും. പക്ഷേ നിങ്ങൾക്ക് നഷ്ടപ്പെടുന്നത് നിങ്ങളുടെ മനഃസാക്ഷി ആയിരിക്കും.□□

സ്വന്തം മനഃസാക്ഷിയെ നഷ്ടപ്പെടുത്താതെ ആർക്കും ആരെയും പറ്റിക്കാൻ കഴിയില്ല. തട്ടിപ്പും വെട്ടിപ്പും നടത്തി സ്വത്ത് സമ്പാദിക്കുമ്പോൾ സ്വയം മിടുക്കനാണെന്ന് ഒരു അഹങ്കാരം ആർക്കും തോന്നും. പക്ഷെ ഓരോ പറ്റിക്കലുകളും മനഃസാക്ഷിയിൽ ഓരോരോ പോറലുകളായി വീണുകിടക്കും. ഇതാണ് തലവരയായി പിന്നെ മാറുന്നത്. ഓരോ തെറ്റിനും അനുഭവങ്ങളുടെ തീച്ചൂളയിലൂടെ കടന്ന് പോകാതെ മാപ്പ് ലഭിക്കില്ല. കരയുമ്പോൾ കൂടെ കരയാൻ സ്വന്തം നിഴൽ മാത്രമേ കാണൂ.

ബാലന്റെ വാക്കുകൾ കേട്ട് വീട്ടമ്മ ആശ്ചര്യപ്പെട്ടു. ഇന്നത്തെ കാലത്ത് മനഃസാക്ഷിയോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതകൾ എണ്ണിയാൽ തീരില്ല. പിന്നീട് ബാലൻ എന്നത്തെയും പോലെ പണം വാങ്ങി വീട്ടിലേക്ക് മടങ്ങി. ●

അരുണിമ.ജി.
D/o കെ. ആർ.ഗിരീഷ്.
കോഴിപ്പിള്ളി മന, പി.ഒ:അല്ലപ്ര.
പെരുമ്പാവൂർ, എറണാകുളം 6
മൊബൈൽ: 7907542188



**നരിക്കാട്ടിരി സുദേവ് (നന്ദു), ബാഗ്ലൂർ**

എൻ.പി സുമേഷിന്റെയും
എം എസ് ശ്രീദേവിയുടെയും പുത്രനാണ്.
Flat no 219, Royal Palms Apartment,
C Block, 3rd main, 2nd cross,
L B Shastri Nagar, Vimanapura,
Bengaluru - 560017Mobile: 9739320723









*സ്വസ്തി മാനേജിംഗ് എഡിറ്റർ വിനോദ് മങ്ങത്തായ സംസാരിക്കുന്നു*



### വിവാദകാലത്ത് പുതിയൊരു
# കാലുകഴുകിച്ച് ഊട്ട്





വൈക്കം പലതിനും തുടക്കമാണ്. വൈക്കം സത്യാഗ്രഹമാണ് ക്ഷേത്രപ്രവേശനത്തിലേക്കും നവോത്ഥാനത്തിലേക്കും തുടക്കമിട്ടത്. ഇപ്പോഴിതാ പുതിയ കാലത്ത് കാലു കഴുകിച്ചൂട്ടു വിവാദമായ കാലത്ത് പുതിയൊരു കാലു കഴുകിച്ച് ഊട്ട്. ചില പുതിയ തുടക്കങ്ങളാണ് ഈ ഊട്ടിലുണ്ടായത്. വരുന്നവർക്ക് കാലു കഴുകി ആചമിക്കാൻ വെള്ളം. കൈ തുടക്കാൻ സാനിറ്റൈസറും വസ്ത്രവും. ആദരിക്കാൻ സഭയും വേദിയും. ഉണ്ണാൻ സദ്യവട്ടവും.

വൈക്കത്തിനടുത്തു ശ്രീനാരായണപുരത്തു ജെ പി എസ് ആർട്ട് ഗ്യാലറിയിലാണ് സ്വസ്തിയുടെ വൈക്കം പ്രതിനിധി ജയൻ പുതുമന ഇങ്ങനെയൊരു പരീക്ഷണം നടത്തിയത്. കാലു കഴുകിക്കലും ഊട്ടലും മാത്രമല്ല നിരവധി പോസിറ്റീവ് കുര്യങ്ങൾ നടന്നു. സംരംഭകനായ സജിത്ത് പുതുമനയുടെ എ എസ് പി കൊണ്ടാട്ടത്തിന്റെ ഒന്നാം വാർഷികം, വിടി ഭട്ടതിരിപ്പാടിന്റെ സ്മരണ, സ്വസ്തി ത്രൈമാസികയുടെ പ്രചാരയോഗം, നമ്പൂസ് സൂപ്പർമാർക്കറ്റിന്റെ പരിചയപ്പെടുത്തൽ, ജയൻ പുതുമനയുടെ ചിത്രപ്രദർശനം... അങ്ങനെയങ്ങനെ. സമരാധനയല്ല സമന്വയത്തിന്റെ ആരാധന.

ആറ് ഇല്ലങ്ങളിലെ നമ്പൂതിരിമാരേയും, അഞ്ച് ഇല്ലങ്ങളിലെ വിവിധ പ്രായത്തിലുള്ള നമ്പൂതിരി സ്ത്രീകൾ, കുട്ടികൾ എന്നിവരെയും ആദരിച്ചു. എ എസ് പി കൊണ്ടാട്ടത്തിന്റെ വില്പനയും, ചർച്ചകളും നടന്നതിനു ശേഷം ഉച്ചയൂണ് കഴിച്ചതോടെ പരിപാടികൾ കഴിഞ്ഞു. സ്വസ്തിയിൽനിന്നു വിനോദ് മങ്ങത്തായ, നമ്പൂസ് സൂപ്പർ മാർക്കറ്റ് പ്രതിനിധി അഡ്വ. ഇടമന നാരായണൻ നമ്പൂതിരി എന്നിവർ വിശിഷ്ടാതിഥികളായി ഉണ്ടായിരുന്നു ●












**സാവിത്രി അന്തർജ്ജനം**

സാവിത്രി അന്തർജ്ജനം (86) വിഷ്ണുപാദം പൂകി. കോഴിക്കോട് പാട്ടത്തില്ലം മകളും കുറ്റ്യാടി അരിയന്താരി പുതുശ്ശേരി പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ പത്നിയുമാണ്. മകൾ പാർവ്വതി അന്തർജ്ജനം, ജാമാതാവ് പത്മനാഭൻ നമ്പൂതിരി ചാത്തങ്കോട്ടില്ലം തിനൂർ.



**നീലകണ്ഠൻ നമ്പൂതിരി**

കോട്ടയം: ഉഴവൂർ കുറിച്ചിത്താനം കാവിൽ പടിഞ്ഞാറേടത്ത് മനയിൽ (കാക്കാറുവള്ളിൽ) നീലകണ്ഠൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ: സുമണി അന്തർജ്ജനം, കിഴക്കില്ലം). മക്കൾ: ഉണ്ണികൃഷ്ണൻ നമ്പൂതിരി (അധ്യാപകൻ, എസ്.കെ.വി.എച്ച്.എസ്.എസ്. കുറിച്ചിത്താനം), കൃഷ്ണപ്രിയ (കളത്തില്ലം, താമരശ്ശേരി), പ്രസീദ (കോതമംഗലത്ത് മന. തിരൂർ).



**ശാരദ അന്തർജ്ജനം**

മുളന്തുരുത്തി: പുളിക്കമാലി പെരിങ്ങാട്ട് മന പരേതനായ റിട്ട.അദ്ധ്യാപകൻ മാധവൻ നമ്പൂതിരിയുടെ പത്നി ശാരദ അന്തർജ്ജനം(91) നിര്യാതയായി. മുല്ലമംഗലം കുടുംബാംഗവും പരേതരായ എം.ബി, എം.ആർ.ബി എന്നിവരുടെ ജ്യേഷ്ഠപുത്രിയുമാണ്.



**സാവിത്രി അന്തർജ്ജനം**

ബ്രഹ്മക്കുളം മുരിയമംഗലം പരേതനായ നാരായണൻ ഭട്ടതിരിപ്പാടിന്റെ പത്നി പൊറക്കുടിഞ്ഞത്ത് മഹൾ സാവിത്രി അന്തർജ്ജനം (പുലാമന്തോൾ പാലൂരിൽ താമസം) നിര്യാതയായി. മക്കൾ: സോയാ സുനിൽ മുതുർശ്ശി നമ്പൂതിരിപ്പാട്. സനിൽ - മലബാർ ദേവസ്വം, സീനാ സൂരജ് പയ്യൂർ നമ്പൂതിരിപ്പാട് .



**ഹരീഷ് നമ്പൂതിരി**

പെരുമണ്ണ: ശബരിമല മുൻ പരികർമ്മി പെരുമൺപുറ തരിപ്പ ഇല്ലത്ത് ഹരീഷ് നമ്പൂതിരി (45) അന്തരിച്ചു. പരേതരായ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും മാലതി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: തളിപ്പറമ്പ് മുല്ലപ്പള്ളി ഇല്ലത്ത് രേഖ. മക്കൾ: ശ്യാംകൃഷ്ണൻ, ശരത് കൃഷ്ണൻ, ശ്രേയ കൃഷ്ണൻ.



**ഉമാദേവി അന്തർജ്ജനം**

തിരുവനന്തപുരം ജവഹർ നഗർ മുളക്കൽ ഇല്ലത്ത് ഡോ. ഉമാദേവി അന്തർജ്ജനം (91റിട്ട. പ്രൊഫസർ ഓഫ് മെഡിസിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം) അന്തരിച്ചു. പ്രസിദ്ധ ഭാഗവതോപാസകനും റിട്ട. എൽ. ഐ. സി. ഉദ്യോഗസ്ഥനും ആയിരുന്ന പരേതനായ കെ കൃഷ്ണൻ ആണ് ഭർത്താവ്. മക്കൾ: ഡോ. സുരേഷ് (കാർഡിയോളജിസ്റ്റ് ), ഡോ. സാവിത്രി, ഉമാ കൃഷ്ണൻ, ഡോ. ആര്യ. മരുമക്കൾ: ഡോ. ഉഷ, ഡോ. എം.ആർ.വി.നമ്പൂതിരി, ഡോ. പി.എൻ. കൃഷ്ണൻ, സി.കെ. നാരായണൻ നമ്പൂതിരി, പരേത നമ്പൂതിരി സമുദായത്തിലെ ആദ്യ അലോപ്പതി ഡോക്ടർ ആണ്.



**സുഭദ്രാ അന്തർജ്ജനം**

തിരുവല്ലാ വാഴയിൽമഠം എസ്.സുഭദ്രാ അന്തർജ്ജനം (88) വാർദ്ധക്യ സഹജമായ അസുഖത്താൽ വിഷ്ണു പാദം പൂകി. പ്രശസ്ത താന്ത്രിക ആചാര്യനും ശബരിമല മുൻ മേൽശാന്തിയുമായിരുന്ന പരേതനായ ബ്രഹ്മശ്രീ വാഴയിൽമഠം കെ. ശങ്കരൻ നമ്പൂതിരിയുടെ ഭാര്യയാണ് സുഭദ്രാ അന്തർജ്ജനം. സരസ്വതി അന്തർജ്ജനം, പരേതനായ കൃഷ്ണൻ നമ്പൂതിരി, ദേവകി അന്തർജ്ജനം, നാരായണൻ നമ്പൂതിരി (കണ്ണൻ), വാസുദേവൻ നമ്പൂതിരി, ഗംഗാദേവി, വിഷ്ണു നമ്പൂതിരി എന്നിവർ മക്കളാണ്. ഈശ്വരി അന്തർജ്ജനം (രാധ), എസ്.ദേവകി ദേവി, എം.പി. ഗംഗ, എസ്.സരസ്വതി ദേവി എന്നിവർ മരുമക്കളാണ്.



**ഉണിക്കാളി അന്തർജ്ജനം**

മഞ്ചേരി: കരിക്കാട് കടുമുണ്ടത്ത് പാലശ്ശേരി ഉണിക്കാളി അന്തർജ്ജനം (99 ) അന്തരിച്ചു. ഭാഗവതം, രാമായണം. ദേവിഭാഗവതം എന്നിവ ഏറെക്കുറെ ഹൃദിസ്ഥമായിരുന്നു.

പുരാണേതിഹാസങ്ങളിൽ അതീവ ജ്ഞാനമുണ്ടായിരുന്നു. ഭക്തി ശ്ലോകങ്ങളും, കവിതകളും രചിച്ചിട്ടുണ്ട്. പരേതനായ കടുമുണ്ടത്ത് പാലശ്ശേരി നാരായണൻ നമ്പൂതിരിയുടെ പത്നിയാണ്.

ജ്യോതിഷ പണ്ഡിതനും തൃശൂർ തെക്കെമഠം സ്വാമിയാരുമായിരുന്ന കരുമാരപ്പറ്റ മന വാസുദേവൻ നമ്പൂതിരിപ്പാടിന്റെ മകളാണ്.



**പി. കൃഷ്ണൻ നമ്പൂതിരി**

പയ്യന്നൂർ: കോട്ടൂരിൽ റിട്ടയേർഡ് എയർഫോഴ്സ് ഉദ്യോഗസ്ഥനും, പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം മുൻ മേൽശാന്തിയും ആയിരുന്ന പൈക്കാട്ട് ഇല്ലത്ത് പി. കൃഷ്ണൻ നമ്പൂതിരി (82)സ്വവസതിയിൽ നിര്യാതനായി.

ഭാര്യ ദേവകി അന്തർജനം (പുതുക്കുടി ഇല്ലം) മക്കൾ സബിത, സുനന്ദ. മരുമക്കൾ എ. പി. നാരായണൻ നമ്പൂതിരി (അമ്പലപുത്തൂർ ), എൻ. ബി. കൃഷ്ണൻ നമ്പൂതിരിപാട്, കരുമല (എച്ച്.എം.മാനിപുരം എ. യു. പി. എസ് )



**സുഭദ്ര അന്തർജ്ജനം**

എറണാകുളം കാഞ്ഞിരപ്പിള്ളി മനയ്ക്കൽ പരേതനായ കെ ആർ ശക്തിധരൻ നമ്പൂതിരിപ്പാടിന്റെ പത്നി സുഭദ്ര അന്തർജ്ജനം (81 )വിഷ്ണുപാദം പൂകി.

എറണാകുളം അങ്കമാലി പുളിയനത്ത് പ്രമുഖമായ വടക്കുംകര ഓതിക്കൻ മനയിലെ മകളാണ്.

മക്കൾ : അനിൽ എസ് നമ്പൂതിരിപ്പാട്, സുഷ കെഎസ്. മരുമക്കൾ, എം എൻ പ്രസീദ, (രാമമംഗലം ഹൈസ്കൂൾ അദ്ധ്യാപിക) പരേതനായ പുന്നപ്പുറത്ത് പരമേശ്വരൻ നമ്പൂതിരി .



**വി.എൻ. നാരായണൻ ഭട്ടതിരിപ്പാട്**

കൂത്തുപറമ്പ് :കൈതേരി രാമപുരം ശിവ വിഷ്ണു ക്ഷേത്രത്തിന്റെ സമീപം വിലങ്ങര മനയിൽ വി.എൻ. നാരായണൻ ഭട്ടതിരിപ്പാട് (44) വിഷ്ണു പാദം പൂകി. കൊട്ടിയൂർ മഹാദേവ ക്ഷേത്രം സമുദായി സ്ഥാനികനാണ്. മുണ്ടയാം പറമ്പ് ഭഗവതി ക്ഷേത്രം, കൈതേരി ചാത്തോത്ത് നീല കരിങ്കാളി ക്ഷേത്രം, കീഴൂർ മഹാദേവ ക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്രങ്ങളിലെ തന്ത്രി സ്ഥാനം വഹിക്കുന്നു. അച്ഛൻ പരേതനായ നീലകണ്ഠൻ ഭട്ടതിരിപ്പാട്. അമ്മ ദേവകി അന്തർജനം. ഭാര്യ: പി.പി.ധന്യ (ഫാർമസിസ്റ്റ്, ആയുർവേദ ഹോസ്പിറ്റൽ കോട്ടയം ഗ്രാമപഞ്ചായത്ത്). മക്കൾ നവ്യ, ഹരിശങ്കർ (ഇരുവരും മമ്പറം ഇന്ദിര ഗാന്ധി പബ്ലിക്ക് സ്കൂൾ വിദ്യാർത്ഥികൾ) സഹോദരങ്ങൾ: ബിന്ദു. വി എൻ അണിമംഗലം (അധ്യാപിക, ഇരിങ്ങാലക്കുട) ഇന്ദു വി.എൻ ഇണ്ടംതുരുത്തി മന (കോട്ടയം പാല).



**വാസുദേവൻ നമ്പൂതിരി**

തളിപ്പറമ്പ് : രാജരാജേശ്വര ക്ഷേത്രം ഉൾപ്പെടെ ടി.ടി.കെ. ദേവസ്വം ക്ഷേത്രങ്ങളിലെയും മലബാറിലെ ഒട്ടേറെ ക്ഷേത്രങ്ങളിലെയും തന്ത്രിയായ കണികുന്നിലെ പൂന്തോട്ടത്തിൽ പുടയൂർ ഇല്ലത്ത് വാസുദേവൻ നമ്പൂതിരി (93) വിഷ്ണു പാദം പൂകി. മഞ്ചേരി കരിക്കാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, കോഴിക്കോട് അഴിഞ്ഞിലം തളി ക്ഷേത്രം തുടങ്ങി മുന്നോറോളം ക്ഷേത്രങ്ങളുടെ തന്ത്രിയാണ്. കുപ്പം എം.എം. യു.പി. സ്കൂളിൽ നിന്ന് വിരമിച്ച അധ്യാപകനാണ്. പരേതരായ പരമേശ്വരൻ നമ്പൂതിരിയുടെയും ആര്യ അന്തർജനത്തിന്റെയും മകനാണ്. ഭാര്യ : ഉമാദേവി അന്തർജനം. മകൻ : തന്ത്രി പരമേശ്വരൻ നമ്പൂതിരി. മരുമകൾ : രാധ അന്തർജനം. സഹോദരങ്ങൾ : തന്ത്രിമാരായ പാണ്ഡുരംഗൻ നമ്പൂതിരി, മഹേശ്വരൻ നമ്പൂതിരി, ആര്യ അന്തർജനം, സുഭദ്ര അന്തർജനം, കമല അന്തർജനം, പരേതരായ യക്ഷി അന്തർജനം, ഉമാദേവി അന്തർജനം, നാഗൻ നമ്പൂതിരി(അപ്പക്കുട്ടി)



**ഇ.എം.എസ്സിന്റെ മകൻ ഇ.എം. ശശി അന്തരിച്ചു**

കമ്മ്യൂണിസ്റ്റ് ആചാര്യനും കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയുമായ ഇഎം എസിന്റെ ഇളയ മകൻ എസ് ശശി(67) മുംബൈയിൽ അന്തരിച്ചു. മകൾ അപർണയുടെ വീട്ടിൽ കുഴഞ്ഞുവീഴുകയായിരുന്നു. ദേശാഭിമാനി ചീഫ് അക്കൗണ്ട്സ് മാനേജരായിരുന്നു. തിരുവനന്തപുരം ജനറൽ മാനേജർ ഓഫീസ് കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. 2000ൽ തൃശൂരിൽ ദേശാഭിമാനി യൂണിറ്റ് ആരംഭിച്ചതിനു ശേഷം തൃശൂരിലേക്ക് താമസം മാറ്റി. സിപിഐ എം ദേശാഭിമാനി മാനേജ്മെന്റ് ബ്രാഞ്ച് അംഗമായിരുന്നു. ദേശാഭിമാനി ഡെപ്യൂട്ടി മാനേജരായിരുന്ന കെ എസ് ഗിരിജയാണ് ഭാര്യ. മക്കൾ: അനുപമ ശശി (തോഷിബ, ഡൽഹി), അപർണ ശശി (ടിസിഎസ്, മുംബൈ). മരുമക്കൾ: എ എം ജിഗീഷ് (ദി ഹിന്ദു, സ്പെഷ്യൽ കറസ്പോണ്ടന്റ്, ഡൽഹി), രാജേഷ് ജെ വർമ (ഗോദ്റേജ് കമ്പനി മെക്കാനിക്കൽ എൻജിനിയർ, മുംബൈ).



**പ്രമോദ് ബാബു**

പേരാമ്പ്ര മേൽമണ്ടോടി ഇല്ലത്ത് (മുണ്ടോട്ട ഇല്ലം) പ്രമോദ് ബാബു അന്തരിച്ചു ഭാര്യ അരീക്കോട് അരിഞ്ജീരി കൊരഞ്ഞൂർ മന ചിത്ര. മക്കൾ ഋഷികേശ് (ഡിഗ്രി വിദ്യാർത്ഥി ) വിഘ്നേഷ് ( അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ) സഹോദരൻ പ്രവീൺ നമ്പൂതിരി, സഹോദരി പ്രസീദ രാമനുണ്ണി (മുല്ലപ്പള്ളി ഇല്ലം).



**വാസുദേവൻ നമ്പൂതിരി**

മണ്ണാർക്കാട് പാക്കത്ത് മന വാസുദേവൻ നമ്പൂതിരി(69)വിഷ്ണുപാദം പൂകി. റിട്ടയേർഡ് ആർമി ഓഫീസറും യോഗക്ഷേമസഭ മണ്ണാർക്കാട് ഉപസഭാ സെക്രട്ടറിയുമായിരുന്നു. ഭാര്യ പ്രിയദത്ത അന്തർജനം. സഹോദരങ്ങൾ ഉമാദേവി, ലീല, ശ്യാമള, സരസ്വതി, ഉണ്ണിക്കൃഷ്ണൻ.



**പരമേശ്വരൻ ഭട്ടതിരിപ്പാട്**

നെല്ലിക്കാട്ടിരി കരങ്ങാട്ടു മന പരമേശ്വരൻ ഭട്ടതിരിപ്പാട് (92) സ്വവസതിയിൽ അന്തരിച്ചു. ഭാര്യ പരേതയായ ഇളവള്ളി കപ്ലിങ്ങാട്ട് ശ്രീദേവി അന്തർജ്ജനം. മകൻ കെ.നാരായണൻ (റിട്ട. കെ.എസ്.ഇ.ബി), മരുമകൾ പ്രീത (പി.എൻ.വൈ.സഭ).



**ശോഭന**

വിളയിൽ പറപ്പൂര് തലേഞ്ഞൊടി ഇല്ലത്ത് പരേതനായ ശ്രീകുമാരൻ നമ്പൂതിരിയുടെയും പരേതയായ പാർവ്വതി അന്തർജ്ജനത്തിന്റേയും മകൾ ശോഭന (54) വിഷ്ണുപാദം പൂകി. പുല്ലങ്കോട് മരുമകളാണ്. സഹോദരങ്ങൾ ഉഷമണി (ചീരകുഴി ഇല്ലം) മനോജ് നാരായണൻ, വിഷ്ണു രാജേഷ്.



**അഖില**

പുല്ലങ്കോട്ടില്ലം രാമൻ നമ്പൂതിരിയുടെയും മിനിയുടെയും മകൾ അഖില (25) വിഷ്ണുപാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

നാറാത്ത് മനയ്ക്കൽ വാസുദേവൻ (വാസുദേവേട്ടൻ)നമ്പൂതിരി വിഷ്ണുപാദം പൂകി.



**മാധവൻ നമ്പൂതിരി**

പാറക്കടവ് പാലൂർ മനയിൽ മാധവൻ നമ്പൂതിരി(74)വിഷ്ണുപാദം പൂകി.



**രാമൻ നമ്പൂതിരി**

രാമപുരം : കരിങ്ങനേഴി മനക്കൽ രാമൻ (71) വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ ശ്രീദേവി അന്തർജ്ജനം.



**ശങ്കരൻ നമ്പൂതിരി**

തിരുവനന്തപുരം, കിളിമാനൂർ കീഴ്പേരൂരിൽ മരങ്ങാട്ടില്ലം ശങ്കരൻ നമ്പൂതിരി (94) നിര്യാതനായി.



**ആദിത്യൻ നമ്പൂതിരി**

ആദിത്യൻ നമ്പൂതിരി എം.എ. മാവേലി ഇല്ലം, (നെല്ലുവായ, തൃശൂർ ജില്ല) വിഷ്ണുപാദം പൂകി. ഭാര്യ: സരസ്വതി അന്തർജ്ജനം, മക്കൾ: പ്രശാന്ത്, പ്രവിത, മരുമക്കൾ: ദാമോദരൻ(കോശ്ശേലി ഇല്ലം), പ്രീത.



**ശങ്കരൻ നമ്പൂതിരി**

പാലാ പാണ്ടത്തിൽ ഇല്ലത്തു ശങ്കരൻ നമ്പൂതിരി അന്തരിച്ചു. റാന്നി മുണ്ടക്കൽ ഇല്ലത്തു ഇന്ദിരദേവി അന്തർജ്ജനം ആണ് പത്നി. മകൾ : ആശ, മരുമകൻ : ദീപു.



**സാവിത്രി അന്തർജനം**

അഞ്ഞൂറ്റിമംഗലം ഇല്ലം അന്തരിച്ച അഡ്വക്കേറ്റ് ശങ്കരൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (88) നിര്യാതയായി. മക്കൾ: ഇന്ദിര, സാവിത്രി, ഹരീന്ദ്രനാഥ്, മായ, ഗിരിഷ്.



**വാസുദേവൻ നമ്പൂതിരി**

പെരിങ്ങോട് കുറുങ്കാട് ഇല്ലത്ത് വാസുദേവൻ നമ്പൂതിരി ഭഗവത് പാദം പൂകി. അസുഖമായി കിടപ്പിലായിരുന്നു. വർഷങ്ങളായി ബാംഗ്ലൂരിലാണ് താമസം.



**അംബുജാക്ഷി അന്തർജനം**

വെള്ളത്തോടി ഇല്ലത്ത് കൃഷ്ണനുണ്ണി മൂസ്സതിന്റെ സഹധർമ്മിണി അംബുജാക്ഷി അന്തർജനം (79) വിഷ്ണുപാദം പൂകി. കക്കോടി ഉപസഭയിലെ സുരേഷ് മൂസ്സതിന്റെ അമ്മയാണ്



**ഡോ. സുമിത്ര**

ഷൊർണൂർ: നേത്രരോഗ ചികിത്സാ വിദഗ്ധ കോൺവെന്റ് റോഡിൽ ശീരവള്ളി മന (വൈഷ്ണവം) ഡോ. സുമിത്ര (58) വിഷ്ണുപാദം പൂകി. ജില്ലാ ആശുപത്രി, ഷൊർണൂർ സി.എച്ച്.സി. എന്നിവിങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭർത്താവ്: ഡോ. പരമേശ്വരൻ നമ്പൂതിരി (ഒറ്റപ്പാലം താലൂക്ക് ആശുപത്രി റിട്ട. സൂപ്രണ്ട്), മക്കൾ: ഡോ. അതിഥി, ഡോ. അഞ്ജന, ഡോ. അപർണ. മരുമക്കൾ: ഡോ. വിപിൻ (എറണാകുളം), ഡോ. ശിവപ്രസാദ് (കോഴിക്കോട് മെഡിക്കൽ കോളേജ്).



**ദാമോദരൻ നമ്പൂതിരി**

പൂവത്തുശ്ശേരി അമ്പഴക്കാട്ടുമന ദാമോദരൻ നമ്പൂതിരി (86) നിര്യാതനായി.



**വാസന്തി**

ഓങ്ങല്ലൂർ: മരുതൂർ അണ്ടലാടി ചെറുകുന്നത്ത് മനയ്ക്കൽ വാസന്തി (53) അന്തരിച്ചു. പട്ടാമ്പി സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ അദ്ധ്യാപികയാണ്. അച്ഛൻ: മഞ്ചേരി പത്തിരിയാൽ മരുതൂർക്കര മനയ്ക്കൽ പരേതനായ പരമേശ്വരൻ നമ്പൂതിരി. അമ്മ: ഉമാദേവി അന്തർജനം. ഭർത്താവ്: സി.എം.രവീന്ദ്രൻ നമ്പൂതിരി. മകൻ: സി.ആർ.നാരായണൻ.



**മായ അന്തർജനം**

വടകര: തിനൂർ ചാത്തങ്കോട്ടില്ലത്ത് പരേതനായ കേശവൻ നമ്പൂതിരിയുടെ ഭാര്യ മായ അന്തർജനം (86) നിര്യാതയായി.



**ഗോവിന്ദൻ നമ്പൂതിരി**

ബാലുശ്ശേരി കരുമല താമസിക്കുന്ന ഓമശ്ശേരി ഇളമന കിഴക്കെത്തൊടികയിൽ ഗോവിന്ദൻ നമ്പൂതിരി (ഗോപി) (70) വിഷ്ണു പദം പൂകി. ഹൃദയാഘാതം മൂലമാണ് മരണം. ഭാര്യ കരുമല ഇല്ലത്ത് ലീല അന്തർജ്ജനം. മക്കൾ : ശ്രീജിത്ത്, കൃഷ്ണപ്രസാദ്, മരുമകൾ ശ്രീദർശന.



**ആര്യാദേവി അന്തർജനം**

ചേക്രക്കൽ ഇല്ലത്ത് സുമ മുരളിയുടെ അമ്മ ആര്യാദേവി അന്തർജനം (82) മംഗലത്തു മന (പടിഞ്ഞാറെ പട്ടിശ്ശേരി) വിഷ്ണുപാദം പൂകി.



**വസന്ത അന്തർജനം**

കോഴിക്കോട് മുക്കത്തിനടുത്ത്നടുവത്തേടത്ത് ഇല്ലം കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ വസന്ത അന്തർജനം (61) നിര്യാതയായി. മക്കൾ: വാസുദേവപ്രസാദ്, പ്രസീത.



**ഹരി മനോജ്**

മൂവാറ്റുപുഴ കാലാമ്പൂര് എടനാട്ടില്ലത്ത് (എടാട്ട്) ശ്രീ നാരായണൻ നമ്പൂതിരിയുടെ മകൻ ഹരി മനോജ് നിര്യാതനായി. മലപ്പുറം ജില്ലയിലാണ് താമസം. അദ്ധ്യാപകനായിരുന്നു. പൂന്താനം ഉപസഭ സെക്രട്ടറിയായിരുന്നു.



**ആര്യ അന്തർജ്ജനം**

പ്രമുഖമായ ഏഴിക്കോട് മനയ്ക്കൽ പരേതനായ ശങ്കരൻ നമ്പൂതിരിയുടെ ഭാര്യ ആര്യ അന്തർജ്ജനം (93) വിഷ്ണു പാദം പൂകി. ആറങ്ങോട്ടുകര മുണ്ടയൂർ മന കുടുംബാംഗമാണ്.



**പുരുഷോത്തമൻ നമ്പൂതിരിപ്പാട്**

കോടനാട്ട് മനയ്ക്കൽ പുരുഷോത്തമൻ നമ്പൂതിരിപ്പാട് (93) വിഷ്ണുപാദം പൂകി. പട്ടാമ്പി ഗവണ്മെന്റ് ഹൈസ്കൂൾ റിട്ടയേർഡ് പ്രധാനാദ്ധ്യാപകൻ ആണ്. മക്കൾ : ദേശമംഗലം ജയശ്രീ, വരവൂർ കപ്ലിങ്ങാട്ട് സാവിത്രി, മേൽപ്പാഴൂർ സുജ, നാരായണൻ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ബേബി**

പരേതനായ കണ്ടമംഗലത്ത് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ കൊറ്റിവട്ടം ഇല്ലത്ത് ബേബി (65) കൊറ്റിവട്ടം ഇല്ലത്ത് വച്ച് നിര്യാതയായി. സഹോദരൻ നാരായണൻ നമ്പൂതിരി (റിട്ടയേർഡ് അദ്ധ്യാപകൻ) സഹോദരിമാർ ഉമാദേവി അന്തർജ്ജനം (മംഗലശ്ശേരി ഇല്ലം), അമ്മിണി അന്തർജ്ജനം (കുറുവ മന), പാർവ്വതി അന്തർജ്ജനം (തെഞ്ചേരി ഇല്ലം), സുഭ അന്തർജ്ജനം (രായിരമംഗലം ഇല്ലം), ശൈലജ അന്തർജനം (പാലോന്നം ഇല്ലം).



**ശിൽപ**

കല്ലുരുട്ടി ഒഴുകിൽ തട്ടയൂർ ഇല്ലം ശിവാലയത്തിൽ ശങ്കരൻ നമ്പൂതിരിയുടേയും, ലതയുടേയും (പുതുശ്ശേരി) മകളും കേരള നമ്പൂതിരി സമാജ സ്ഥാപക സെക്രട്ടറിയായിരുന്ന ഒ.ടി. വാസുദേവൻ നമ്പൂതിരിയുടേയും മേൽപ്പള്ളി പാർവ്വതി അന്തർജനത്തിന്റേയും പേരക്കുട്ടിയും കാലടി ശ്രീശങ്കര കോളേജ് പി.ജി വിദ്യാർത്ഥിനിയുമായ ശിൽപ (21) വിഷ്ണുപദം പൂകി. സഹോദരി സാന്ദ്ര (പ്ലസ് വൺ വിദ്യാർത്ഥിനി)



**വാസുദേവൻ നമ്പൂതിരി**

പുതുക്കാട്ടു മനക്കൽ വാസുദേവൻ നമ്പൂതിരി അന്തരിച്ചു.



**രാമനുണ്ണി മൂസ്സദ്**

മഞ്ചേരി : പുല്പറ്റയിലെ ചെറു കഴിഞ്ഞമണ്ണ രാമനുണ്ണി മൂസ്സദ് വിഷ്ണുപാദം പൂകി. ഭാര്യയും മൂന്നു മക്കളുമുണ്ട്.



**നാരായണൻ നമ്പൂതിരി**

കരുമാല്ലൂർ: മനയ്ക്കപ്പടി വേഴപ്പറമ്പ് മനയിൽ നാരായണൻ നമ്പൂതിരിപ്പാട് (68) വിഷ്ണുപാദം പൂകി. പരേതനായ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ പുത്രനാണ്. തച്ചുശാസ്ത്രത്തിലും തന്ത്രവിദ്യയിലും വിദഗ്ദ്ധനായിരുന്നു. തന്ത്രിസമാജം മുൻകാല സംസ്ഥാന സെക്രട്ടറിയായിരുന്ന ഇദ്ദേഹം നിരവധി ക്ഷേത്രങ്ങളുടെ തന്ത്രിയായിയിരുന്നു. ഭാര്യ: ഹംസിനി. മക്കൾ: ഹരികൃഷ്ണൻ, ഡോ. ഹിരണ്യ



**നാരായണൻ നമ്പൂതിരി**

കവളപ്പാറ കാരക്കാട് മാന്നാനംപറ്റ മന നാരായണൻ നമ്പൂതിരി (84) അന്തരിച്ചു. ഭാര്യ പരപ്പനങ്ങാടി ചിറമംഗലത്ത് മന പത്മിനി അന്തർജനം. മക്കൾ: ശശികുമാർ, സാവിത്രി, മരുമക്കൾ: ദേവി, പ്രവീൺ.



**നാരായണൻ നമ്പൂതിരി**

കുന്നത്ത് കണ്ടമംഗലം നാരായണൻ നമ്പൂതിരി (82) അന്തരിച്ചു.

**കേശവൻ നമ്പൂതിരി**

നാറണിയാട്ട് ഇല്ലത്ത് കേശവൻ നമ്പൂതിരി (75) വിഷ്ണു പാദം പൂകി. പത്നി സരസ്വതി അന്തർജനം (കാവിൽ തോട്ടം ഇല്ലീ, പ്ലാമുടി, പെരുമ്പാവൂർ) മക്കൾ: ശ്രീദിൻ, സുനിത. മരുമക്കൾ: പി.എം.മുരളി (പാലശ്ശീരി മുല്ലപ്പള്ളി, പന്തീരാങ്കാവ്). കൃഷ്ണപ്രിയ (പൂതൃക്കോവിൽ ഇല്ലം). സഹോദരങ്ങൾ: അച്ചുതൻ നമ്പൂതിരി, ഉമാദേവി അന്തർജനം.



**കൃഷ്ണൻ നമ്പൂതിരി**

കൊയിലാണ്ടി കീഴാറ്റുപുറത്തില്ലം കൃഷ്ണൻ നമ്പൂതിരി(റിട്ട. അധ്യാപകൻ, കുറുവങ്ങാട് സൗത്ത് യു.പി. സ്കൂൾ). ഭാര്യ ദേവകി അന്തർജനം. മക്കൾ: രാജൻ നമ്പൂതിരി, പരേതനായ നാരായണൻ നമ്പൂതിരി, ചന്ദ്രൻ നമ്പൂതിരി, ഡോ. ശശി കീഴാറ്റുപുറം.



| | | | | | |
|---|---|---|---|---|---|
| | സ | | | ബു | |
| മാ കു | മാ | | കു | ച | |
| ഭ്ര് | | | | ഗു ശി | |
| | സ ല | | | | ല |
| ഗു | ബു മ | ര ഭ്ര് | | | |
| | മ ര | | ച | ശി | |

**അശ്വിൻ എ.എസ്.,** ജനനം: 03.12.1990, സമയം: 11.13 am, ജനനസ്ഥലം: കുന്നംകുളം, നക്ഷത്രം: മകയിരം, ഉയരം: 182 സെ.മീ., ഉപജാതി: ഭട്ടതിരിപ്പാട്, വിദ്യാഭ്യാസം: എം.ഡി. ആയുർവേദ, ജോലി: സീനിയർ റിസർച്ച് ഫെല്ലോ (സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദിക് സയൻസസ്- സി.സി.ആർ.എ.എസ്., മുംബൈ), മുൻഗണന: ഉയർന്ന വിദ്യാഭ്യാസം, അച്ഛൻ: എ.എം. ശങ്കരനാരായണൻ (ആയുർവ്വേദ ഡോക്ടർ), അമ്മ ആര്യ ഇ.എസ്. (ഹൗസ് വൈഫ്), സഹോദരങ്ങൾ ഇല്ല. വിലാസം: ആറ്റുപുറത്ത് മന, ശ്രീകൃഷ്ണപുരം, പാലക്കാട്, കേരളം. ഫോൺ: 9447082824, 6238521750

| | | | | | |
|---|---|---|---|---|---|
| | | സ | ല ച | | |
| | ശ കേ | | | | |
| മാ | | | | | ര |
| | ച | | | ല ഗു മാ | കു |
| | ഗു | ര ബു | | ശു രാ | |
| | | | ഗു ശി | ബു ശു ശ | |

**വരദ വി. ഉണ്ണി,** ജനനം: 17.11.1996 (1172 വൃശ്ചികം 1), നക്ഷത്രം: തിരുവോണം. ഉയരം: 159 സെ.മീ, വിദ്യാഭ്യാസം: എം.എസ്.സി. സുവോളജി, ജനനസ്ഥലം: പയ്യന്നൂർ. അച്ഛൻ: ഉണ്ണികൃഷ്ണൻ വി, അസിസ്റ്റന്റ് മാനേജർ (എൻ.ജി.ഐ.എൽ), അമ്മ: സതി വി. ഉണ്ണി (വീട്ടമ്മ), സഹോദരൻ: വൈശാഖ് വി. ഉണ്ണി (വിദ്യാർത്ഥി). വിലാസം: ഉണ്ണികൃഷ്ണൻ വി, വാച്ച വാധ്യാൻമന, വാളൂർ, പി.ഒ. ചെറുവാലൂർ, (വഴി) കൊരട്ടി, തൃശൂർ- 680321. മൊബൈൽ: 9961268594

# പാണിഗ്രഹണം



മാ

| | | | |
|---|---|---|---|
| ല | | കു | |
| ച | | | ഗു ശി |
| ര ശു മ സ മാ | | | |
| ബു | | | |

ര കു മ സ, ച (ഇടത്) — ബു ല, ശു ശി (വലത്)

ഗു

**ഹരിദേവ് ഇ.എൻ.** ജനനം: 19.01.1991 (1166 മകരം 5), സമയം: 10.19 a.m., നക്ഷത്രം: ചതയം, ഗോത്രം: ആംഗിരസം, വിദ്യാഭ്യാസം: എം.ബി.എ, ജോലി: തന്ത്രി, വിലാസം: എളങ്ങള്ളൂർ മന, പി.ഒ തലോർ, തൃശൂർ – 680306, മൊബൈൽ: 8870911566.

മാ ശി

| | | | |
|---|---|---|---|
| ഗു | ല കു | | |
| ശി | | | ര ച |
| | | | ശു സ |
| ബു മ | | | |

ല മ ബു, ര കു ശു (ഇടത്)

ച സ ഗു

**അനുജ നമ്പൂതിരി.** ജനനം: 04.02.1994, സമയം: 8.45 മ.ാ., നക്ഷത്രം: വിശാഖം. ജനനസ്ഥലം: അഹമ്മദാബാദ് (ഗുജറാത്ത്). ഉയരം: 5'5', വിദ്യാഭ്യാസം: എം.ടെക് ഇലക്ട്രിക്കൽ (നിർമ യൂണിവേഴ്സിറ്റി, ഗുജറാത്ത്), ജോലി: സീനിയർ സോഫ്റ്റ്‌വെയർ എൻജിനീയർ, ബാംഗ്ലൂർ. അച്ഛൻ: നാരായണൻ നമ്പൂതിരി (റിട്ട. കൊമേഴ്സ്യൽ മാനേജർ, മഹീന്ദ്രാ ആന്റ് മഹീന്ദ്രാ ലി.) അമ്മ: ലളിത നാരായണൻ, സഹോദരൻ: ആകാശ് നമ്പൂതിരി (മാനേജർ, ടി.വി.എസ്. മോട്ടോഴ്സ് ലി. ഇന്റർനാഷണൽ മാർക്കറ്റിംഗ്), ഇല്ലം: ആറ്റൂർ മുണ്ടയൂർ മന, അമ്മാത്ത്: പുതുക്കാട്ട് മന, വിലാസം: മുണ്ടയൂർ മന, പി.ഒ. കിരാലൂർ, വഴി വേലൂർ, തൃശൂർ-680601 ഫോൺ: 9825305323/ 9662819018.

| | | | |
|---|---|---|---|
| | ച | ശി | ശു |
| മ | | | ര ബു |
| | | | ല |
| | സ മാ | | കു ഗു |

കു ശു ര (ഇടത്) — ഗു (വലത്)

സ മ ല ച

**നീരജ് എം.പി.** ജനനം: 10.08.1993. ജനനസ്ഥലം: ഷൊർണൂർ. നക്ഷത്രം: ഭരണി. ഉയരം: 181 സെ.മീ., വിദ്യാഭ്യാസം: ബി.ടെക് (മെക്കാനിക്കൽ), എം.ടെക് (തെർമൽ സയൻസ്), ജോലി: പി.എച്ച്.ഡി. ചെയ്യുന്നു (കർണ്ണാടക), ഇല്ലം: മഞ്ഞപ്പറ്റ മന, വിലാസം: സാകേതം, കോഴിപ്പാറ, പരുത്തിപ്ര, ഷൊർണൂർ, അമ്മാത്ത്: കാരൂർ മന, പരുത്തിപ്ര, ഷൊർണൂർ, അച്ഛൻ: ഭവദാസൻ (എക്സ് ഗൾഫ്), അമ്മ: മിനി (ഡെപ്യൂട്ടി മാനേജർ, എസ്.ബി.ഐ.), സഹോദരങ്ങൾ ഇല്ല. പാലക്കാട്, തൃശൂർ, മലപ്പുറം, എറണാകുളം ജില്ലക്കാർക്ക് മുൻഗണന. ഫോൺ: 8943559636, 9847411112.

മ ഗു ബു

| | | | |
|---|---|---|---|
| | ച | സ | |
| ല മാ | | | |
| | | | |
| ര ബു ഗു | ഭ ശി | കു മ | |

ഭ ശി (ഇടത്) — സ (വലത്)

ര കു മാ ല ച

**ശ്രീജിത്ത് കെ.കെ.,** ജനനം: 13.01.1984, സമയം: 9.30 am, ജനനസ്ഥലം: കോഴിക്കോട്, ഉയരം: 179 സെ.മീ., നക്ഷത്രം: ഭരണി, വിദ്യാഭ്യാസം: ആയുർവേദ ഫാർമസി കോഴ്സ്. ജോലി: കോട്ടക്കൽ ആര്യവൈദ്യശാല, വൈദ്യരത്നം എന്നിവയുടെ ഏജൻസി. മുൻഗണന: പ്ലസ് ടു വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ. അച്ഛൻ: കെ.കെ.കൃഷ്ണൻ നമ്പൂതിരി (റിട്ട. അദ്ധ്യാപകൻ), അമ്മ: തങ്കമണി (ഹൗസ്‌വൈഫ്). സഹോദരങ്ങൾ: രണ്ട് സഹോദരിമാർ (വിവാഹിതർ). ഫോൺ: 9946966361, 9745121666.

ഗു ബു ശു ഗു

| | | | |
|---|---|---|---|
| ര | ശു | ശി | |
| കു ബു മ | | | |
| | | | മാ |
| ച | സ | ഗു | ല |

ല മ, ശി (ഇടത്) — സ (വലത്)

ര ച മാ

**ഭദ്ര:** ജനനം: 03.04.1994. (1169 മീനം 20) സമയം: 5.34 pm, ജനനസ്ഥലം: തിരുവനന്തപുരം, ഉയരം: 166 സെ.മീ., നക്ഷത്രം: പൂരാടം, വേദം: യജുർ, ഗോത്ര: അംഗിരാസ്, ജനനശിഷ്ടം: ശുക്ര ദശാ: 3-6-0 വിദ്യാഭ്യാസം: ബി.ടെക്, ഇ.സി.ഇ., ജോലി: ടെക്നോളജി അനലിസ്റ്റ്, ഇൻഫോസിസ്. അച്ഛൻ: ജി.ഗണേഷ്, റിട്ട. ഡി.ജി.എം. കാനറാ ബാങ്ക്, അമ്മ: ഡോ. എസ്.ജി.മഞ്ജു, ബി.എച്ച്.എം.എസ്, സഹോദരങ്ങൾ: ഒരു സഹോദരി. ഇല്ലം: മരങ്ങോട്ട് ഇല്ലം, കുടമാളൂർ, അമ്മാത്ത്: എടമന മഠം, അരുവിക്കര, വിലാസം: ദേവികൃപ, അമ്പാടി നഗർ, ശ്രീകാര്യം, തിരുവനന്തപുരം. ഫോൺ: 9447340411, 9447741373.

കു ബു സ

| | | | |
|---|---|---|---|
| മ ശി | | ബു കു ശു | ര ച |
| | | | ല |
| | | | |
| ഗു | | മാ | സ |

ച മാ (ഇടത്) — ശു (വലത്)

ശി ര ഗു മ ല

**ആതിര,** ജനനം: 17.06.1996, നക്ഷത്രം: തിരുവാതിര. ഉയരം: 155 സെ.മീ. വിദ്യാഭ്യാസം: ബി.കോം, എം.ബി.എ. ഫിനാൻസ് (അമൃത യൂണിവേഴ്സിറ്റി, കോയമ്പത്തൂർ) SAP ഗ്ലോബൽ സർട്ടിഫിക്കേഷൻ. ജോലി: സീനിയർ അനലിസ്റ്റ് (MNC, Capgemini Technology, Bangalore), അച്ഛൻ: ദാമോദരൻ നമ്പൂതിരി (എസ്.ബി.ഐ. മാനേജർ), ഇല്ലം: കൊട്ടില പാപ്പനോട്ട്, തളിപ്പറമ്പ്, കണ്ണൂർ. (ഇപ്പോൾ കോഴിക്കോട് കാരപ്പറമ്പ്), അമ്മ: ജയശ്രീ എം.എസ്, (ഹൗസ് വൈഫ്), അമ്മാത്ത്: മാനാനംപറ്റ മന, ഷൊർണൂർ. സഹോദരി- ഒരാൾ (വിദ്യാർത്ഥിനി), മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ. ഫോൺ: 9619772525, 9400620863.

**ജാതകങ്ങൾ പരസ്യം ചെയ്യാൻ 500 രൂപ വിളിക്കുക /വാട്ട്സ് അപ്പ് ചെയ്യുക 9745137987**



കോഴിക്കോട് മുക്കം കാരശ്ശേരിയിലെ തിരുവാലൂർ ഇല്ലത്ത് (ഉപാസന) നാരായണൻ നമ്പൂതിരിയുടെയും വി.ആർ സതിയുടെയും മകൾ ആര്യയും ആലുവ ഈസ്റ്റ് കടുങ്ങല്ലൂരിലെ വെളിഞ്ഞിൽ മനയിൽ (വൈഖരി) പി നാരായണൻ നമ്പൂതിരിയുടെയും സരസ്വതി ദേവിയുടെയും മകൻ ശ്രീരാജും 2022 ജനുവരി 24നു വിവാഹിതരായി 9526935093/ 9400697367



പാലക്കാട് ശേഖരീപുരം നന്ദനത്തിൽ കക്കാട്ട് കെ.എൻ ബാലരാമന്റെയും രമണിയുടെയും മകൻ പ്രഹ്ളാദും (ഓപ്പറേഷൻസ് മാനേജർ അയർലാൻഡ്) പാലക്കാട് തച്ചമ്പാറ കോൽപ്പുറത്ത് പി.കെ പരമേശ്വരന്റെയും സി.എം സാവിത്രിയുടെയും മകൾ വരദയും ( ചാർട്ടേഡ് അക്കൗണ്ടന്റ്) 2022 ജനുവരി 29നു വിവാഹിതരായി 9495785710/ 9495780226



കോഴിക്കോട് ഓമശ്ശേരിയിലെ പുത്തൂർ മുതുമന ഇല്ലത്ത് പി.എം സതീഷ് കുമാറിന്റെയും എ.പി.പ്രേമലതയുടെയും മകൻ ദീപക്കും പാലക്കാട് ഹേമാംബിക നഗറിൽ കീഴ്ചിറക്കര ഇല്ലത്ത് പി.എസ്. ബിന്ദുവിന്റെയും എസ്. ബാബുവിന്റെയും മകൾ ആരതിയും 2021 ഡിസംബർ 13 ന് പുത്തൂർ മുതുമന ഇല്ലത്ത് (പ്രണവം) വിവാഹിതരായി



കോഴിക്കോട് ശ്രീമാധവത്തിൽ കക്കാട് Late മാധവൻ നമ്പൂതിരിയുടേയും ശ്രീമതി പങ്കജം അന്തർജ്ജനത്തിന്റെയും മകനായ ശ്രീകേശവനും ചൂലൂർ പുതുമന സൗപർണികയിൽ ശ്രീ പി.സുഗുണൻ എമ്പ്രാന്തിരിയുടെയും ശ്രീമതി കാന്തിയുടെയും മകളായ സുകന്യയും 2022 ജനുവരി 15ന് അരീക്കുളങ്ങര ക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി.



കോഴിക്കോട് രാമനാട്ടുകര കക്കോവിലെ പുലാപ്ര ഇല്ലത്ത് ഗിരീഷ്കുമാറിന്റെയും രജനി അന്തർജനത്തിന്റെയും മകൻ അഭിജിത്തും മഞ്ചേരി കാടത്തമന പൂത്തട്ടിൽ മഠത്തിൽഗോവിന്ദൻ എമ്പ്രാന്തിരിയുടെയും ഓമനഅന്തർജനത്തിന്റെയും മകൾ ഡോ. അഞ്ജു ലക്ഷ്മിയും ഫെബ്രുവരി 5 നു വിവാഹിതരായി



പാലക്കാട് പുത്തൂർ മാളികമനയിൽ നാരായണൻ നമ്പൂതിരിയുടെയും ലത അന്തർജ്ജനത്തിന്റെയും മകൻ ധനേഷും രാമനാട്ടുകര പുതുക്കോട് പാലക്കുന്നത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടെയും ശൈലജ അന്തർജ്ജനത്തിന്റെയും മകൾ ഗ്രീഷ്മയും ജനുവരി 27നു പാലക്കാട് വച്ചു വിവാഹിതരായി.



കോഴിക്കോട് തൃക്കുറ്റിശ്ശേരി പുതുശ്ശേരി ഇല്ലത്ത് പി.ത്രിവിക്രമൻ നമ്പൂതിരിയുടെയും പ്രസന്ന അന്തർജനത്തിന്റെയും മകൾ അശ്വതിയും പത്തനംതിട്ട തിരുവല്ല പുതിയേടത്ത് മരങ്ങാട്ടില്ലത്ത് രാജഗോപാലിന്റെയും സാവിത്രിക്കുട്ടിയുടെയും മകൻ ഗിരീഷും 2022 ജനുവരി 27 ന് വിവാഹിതരായി.



കോഴിക്കോട് തൃക്കുറ്റിശ്ശേരി പുതുശ്ശേരി ഇല്ലത്ത് ത്രിവിക്രമൻ നമ്പൂതിരിയുടെയും പ്രസന്ന അന്തർജനത്തിന്റെയും മകൻ നവീനും(ബിറ്റ്സ് പിലാനിയിൽ എഞ്ചിനീയറിംഗ് ഗവേഷണ വിദ്യാർത്ഥി) കാഞ്ഞങ്ങാട് മാക്കരംകോട്ട് ഇല്ലത്ത് നാരായണ കുണ്ട്ലായരുടെയും മീനാകുമാരി അന്തർജനത്തിന്റെയും മകൾ ആതിരയും 2022 ജനുവരി20ന് വിവാഹിതരായി



ആലപ്പുഴ സനാതനപുരം വലവക്കോട്ടു വെങ്ങാറ്റൂർ ഇല്ലത്ത് ഡോ.പരമേശ്വരൻ നമ്പൂതിരിയുടെയും ഉഷാദേവി പി നമ്പൂതിരിയുടെയും (യോഗക്ഷേമസഭ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം) മകൻ ശങ്കരൻ പി നമ്പൂതിരിയും (അമ്പാടി) എറണാകുളം പുത്തൻകുരിശ് മോനപ്പിള്ളി കോക്കറ മനയിൽ കെ. എൻ നാരായണൻ നമ്പൂതിരിയുടെയും സാവിത്രി നാരായണന്റെയും മകൾ നീതു നാരായണനും 2022 ജനുവരി 17 ന് വിവാഹിതരായി.



കിളിമാനൂർ വെള്ളല്ലൂരിൽ കേശവപുരം ആനന്ദ ഭവനിൽ കെ.പി ശർമ്മയുടെയും എൻ ഗിരിജയുടെയും മകൻ അർജുനും കിളിമാനൂർ മഹാദേവേശ്വരം പുത്തൻമഠത്തിൽ കെ വാസുദേവൻ പോറ്റിയുടെയും സുഭദ്ര അന്തർജനത്തിന്റെയും മകൾ അഞ്ചുവും കേശവപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ചു വിവാഹിതരായി. മൊബൈൽ:9745331060/9447004288



തിരുവേഗപ്പുറ വാഴകുന്നം മനക്കൽ ജയറാം വാഴകുന്നത്തിന്റെയും ഉമ ജയറാമിന്റെയും മകൾ ശ്രീക്കുട്ടിയും ഷൊർണ്ണൂർ കവളപ്പാറ മേൽമുണ്ടയൂർ മനക്കൽ നാരായണൻ നമ്പൂതിരിയുടെയും സരളാദേവിയുടെയും മകൻ സന്തോഷും 2022 ജനുവരി 15 (1197 മകരം 1) ശനിയാഴ്ച ഷൊർണ്ണൂർ കൂനത്തറ കവളപ്പാറ ആര്യങ്കാവ് കല്യാണമണ്ഡപത്തിൽ വിവാഹിതരായി .
മൊബൈൽ:9745322729/9847284506



തൃശൂർ ചേർപ്പിൽ പെരുമ്പിള്ളിശ്ശേരി മുഞ്ഞുർളി മനയ്ക്കൽ (ആര്യശ്രീ) പരേതനായ ശങ്കരനാരായണൻ നമ്പൂതിരിയുടെയും ലളിത നമ്പൂതിരിയുടെയും മകൻ അജയ് ശർമ്മയും (കണ്ണൻ) ചാലക്കുടി മരുത്തോമ്പിള്ളി കൂടപ്പുഴ മനയ്ക്കൽ രാമൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൾ ദീപ്തിയും ഫെബ്രുവരി അഞ്ചിന് ശ്രീ തിരുവുള്ളക്കാവ് ദേവസ്വം കല്യാണമണ്ഡപത്തിൽ വിവാഹിതരായി.
മൊബൈൽ: 9447513901/ 9456640350/9497316322


സതീഷ് തായാട്ട് / പവിത്ര
കോഴിക്കോട്
ചേവായൂർ ഉപസഭ
യിലെ തായാട്ട്
ഇല്ലത്ത് പരേതരായ
വാസുദേവൻ
നമ്പൂതിരിയുടെയും,
സാവിത്രി അന്തർജ്ജന
ത്തിന്റെയും മകൻ
സതീഷ് തായാട്ടും
കർണ്ണാടക ഗദാഗ്
ജില്ലയിലെ ഗുഡദപ്പ
ബംഗിയുടെയും
നിംഗമ്മയുടെയും
മകൾ
പവിത്രയും
2022 ജനുവരി
27 ന് തായാട്ട്
ഇല്ലത്ത് വെച്ച്
വിവാഹിതരായി.
വധൂവരന്മാർക്ക് തായാട്ട് ഇല്ലം കുടുംബാംഗങ്ങളുടെയും ചേവായൂർ ഉപസഭയുടെയും വിവാഹമംഗളാശംസകൾ


50th Anniversary
2021 സെപ്തംബർ ആറിന്
50 ാം വിവാഹവാർഷികം
ആഘോഷിച്ച മണ്ണാനിക്കാട്ട്
സുബ്രഹ്മണ്യൻ നമ്പൂതിരിക്കും
(അനിയൻ മണ്ണാനിക്കാട്)
ശ്രീദേവി സുബ്രഹ്മണ്യനും
ആശംസകൾ നേർന്നു കൊണ്ട്
മക്കൾ: ശ്രീജ, പ്രവീൺ, സൗമ്യ,
മരുമക്കൾ: ഉപ്പിലാപ്പറ്റ
ഉണ്ണികൃഷ്ണൻ, പർത്താനം ഹരി,
& പേരക്കുട്ടികൾ
വിലാസം:
ശ്രീനിലയം പി.ഒ എടയാറ്റൂർ,
മേലാറ്റൂർ, പിൻ: 679326
മൊബൈൽ 9633167578



**സ്വസ്തി വായനക്കാർക്ക്**
**ഐശ്വര്യപൂർണമായ**
**വിഷു ആശംസിക്കുന്നു**

D. Devaki ,
Praveen kumar V
( ബാങ്ക് ഓഫീസർ,
കോയമ്പത്തൂർ)
Binu
( ബാങ്ക് ഓഫീസർ,
കോയമ്പത്തൂർ)
Malavika V
Mobile:
97896 48851

## *Congratulations*
### on your success!

രാജീവ് ഗാന്ധി യൂനിവേഴ്സിററി ഓഫ് ഹെൽത്ത് ആൻഡ് സയൻസ് കർണ്ണാടകയിൽ നിന്ന് അഗദതന്ത്രം വ്യവഹാര ആയുർവേദത്തിൽ (forensic medicine and toxicology)

**എം.ഡിക്ക് അഞ്ചാം റാങ്ക് നേടിയ**
**ഡോക്ടർ എ.ടി സാവിത്രി.**



തൃശൂർ രാമവർമ്മ ജില്ലാ ആയുർവേദ ആസ്പത്രിയിൽ മെഡിക്കൽ ഓഫീസറായി ജോലി ചെയ്യുന്ന ഡോക്ടർ പുലാച്ചേരി നാരായണന്റെ ഭാര്യയാണ്. ബിരുദാനന്തര ബിരുദ കാലയളവിൽ ബനാറസ് ഹിന്ദു യൂനിവേഴ്സിറ്റിയിൽ (World Congress of Ayurveda ) 2019 Role of Rasayana in the management toxic effect of chemotherapy &Radio therapy എന്ന പ്രബന്ധം അവതരിപ്പിച്ചു. ഇപ്പോൾ പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട് മെമ്മോറിയൽ ആയുർ വേദ കോളേജിൽ അഗദതന്ത്രം വ്യവഹാര ആയുർവേദത്തിൽഅസിസ്റ്റന്റ് പ്രൊഫസർ ആണ്.
മൊബൈൽ: 6238247122



**കോഴിക്കോട് കുറ്റിക്കാട്ടൂർ കൂടല്ലൂരില്ലത്ത് തളിക്ഷേത്രത്തിലെ**
**മുൻ മേശാന്തിയും കവിയും കാഥികനുമായ**

**ബ്രഹ്മശ്രീ കേശവൻ നമ്പൂതിരി ശതാഭിഷിക്തനായി**
(2022 ജനുവരി 13ന് കാർത്തിക നക്ഷത്രം)

പത്നി: പാടേരി ഇല്ലത്തെ മാധവി അന്തർജ്ജനം.
സഹോദരി: പാർവ്വതി അന്തർജനം കണ്ടമംഗലം
മക്കൾ: നാരായണൻ നമ്പൂതിരി (Late) ഗോപി ,മുരളി, സുമംഗലി, ജയശ്രി
മരുമക്കൾ: സി.ബിന്ദു, ലിനി, കെ.ബിന്ദു, പ്രകാശ്.സി.എൻ, സുരേഷ്.സി.എൻ.
സഹോദരിപുത്രി: സിന്ധു പാടേരി
പേരമക്കൾ: വൈശാഖ്,ഹൃഷികേശ്, അക്ഷയ് ദേവ്, അനന്ത വിഷ്ണു , അമൃത് സൂര്യ, അളകനന്ദ, വിപഞ്ചിക, അനുപമ, അദ്രിജ
മൊബൈൽ: 9495786420



**ഉപനയനയാശംസകൾ**

എറണാകുളം തൃക്കാക്കര ഉപസഭാംഗം
മലപ്പാട്ടില്ലത്ത് കേശവൻ നമ്പൂതിരിയുടെ പൗത്രൻ,
ഹൈക്കോടതി ഉദ്യോഗസ്ഥനായ
**അഭിലാഷിന്റെയും ശിൽപ്പയുടെയും മകൻ**

**മാധവ് മലപ്പാട്ടിന്റെ ഉപനയനം**

2-2-22 ന് തൃക്കാക്കര തുതിയൂരിൽ മലപ്പാട്ടില്ലത്ത്
വെച്ച് സമംഗളമായി നടന്നു
ഓതിക്കൻ: കുറൂർ ശാരൂർ വിവേക് നമ്പൂതിരി.
അമ്മാത്ത്: തൃശൂർ പാറയ്ക്കാട്ട് മന
എം.കെ കേശവൻനമ്പൂതിരി
മലപ്പാട്ടില്ലം, രാജിവ് ഗാന്ധി റോഡ്, . CSEZ.
പി.ഒ കാക്കനാട് , പിൻ - 682037
കൊച്ചിൻ, മൊബൈൽ: 9447579621

## ആശംസകൾ




കെ.പി.കെ. ഭട്ടതിരിപ്പാട്
പടിഞ്ഞാറേടത്ത് മന
ഐശ്വര്യ ലെയ്ൻ
ഊരകം പോസ്റ്റ്
തൃശൂർ ജില്ല
പിൻ 680562

## ഉപനയനാശംസകൾ

കോഴിക്കോട് മുക്കം
ഉപസഭയിലെ
മുത്താലം വാഴാമ്പറ്റ
ഇല്ലത്ത്
പുരുഷോത്തമൻ
നമ്പൂതിരിയുടേയും
പ്രീത അന്തർജനത്തി-
ന്റേയും മകൻ

**വിഘ്നേഷ് കുമാറിന്റെ**

ഉപനയനം
14.2.22 ന്
തിങ്കളാഴ്ച നടന്നു.
**ആശംസകൾ.**



മൊബൈൽ 9645622981

## അരങ്ങേറ്റത്തിന് ആശംസകൾ



2022 ജനുവരി 15 ന്
പഞ്ചാരിമേളത്തിൽ
അരങ്ങേറ്റം നടത്തിയ
കൂഴക്കോട് കുഴിപ്പുറം
കൃഷ്ണൻ
നമ്പൂതിരിയുടേയും
ജീജ അന്തർജന
ത്തിന്റെയും മകൻ
നാലാം ക്ലാസിൽ
പഠിക്കുന്ന മനുദേവ്



തൃപ്പൂണിത്തുറ
പവ്വത്തിൽ
മഹാദേവ
ക്ഷേത്രം
പൂജാരിയായ
താന്നിമൂട് മഠം

**നവനീതിന്**

എന്നും ഭഗവദ്
അനുഗ്രഹങ്ങൾ
ഉണ്ടാവട്ടെ

**പിറന്നാൾ ആശംസകളോടെ**

ഒരഭ്യുദയകാംക്ഷി



**പ്രിയ സ്വസ്തി കുടുംബാംഗങ്ങൾക്കെല്ലാം**
**സ്നേഹം നിറഞ്ഞ വിഷു ആശംസകൾ.**
സുശീലൻ നമ്പൂതിരിപ്പാട്, തെക്കിനിയേടത്ത് മന,
അന്നമനട, തൃശൂർ. മൊബൈൽ 9447694390




### വിഷു ആശംസകൾ

**നവ്നീത് കൃഷ്ണ,**
താന്നിമൂട് മഠം,
എരൂർ, തൃപ്പൂണിത്തുറ.
( തൃപ്പൂണിത്തുറ വടക്കേകോട്ട
പവ്വത്തിൽ മഹാദേവ
ക്ഷേത്രം മേൽശാന്തി )
മൊബൈൽ: 9447921212



എല്ലാ പ്രിയ സ്വസ്തി
കുടുംബാംഗങ്ങൾക്കും
ഐശ്വര്യ സമ്പൂർണ്ണമായ
വിഷു ആശംസകൾ

**തുറനല്ലൂർ രവീന്ദ്രൻ**
മൊബൈൽ:
98471 98518







മ്യൂറൽ
ആർട്ടിൽ
വർണ്ണ
വിസ്മയം
തീർത്ത്
ഹേമവർണ്ണം
**ഹേമ നീലമന**
VLSI
Chip Design
Engineer
തലയാറ്റും
പിള്ളിൽ
ഇല്ലം

**വിഷു ആശംസകൾ**

Mail ID. 1990.hema@gmail.com
ph: 8147889065/9746003616



**സ്വസ്തി വായനക്കാർക്ക് വിഷു ആശംസകളോടെ**
**ഒരു അഭ്യുദയകാംക്ഷി,തൃശൂർ**



**പുസ്തകം**
**പോസ്റ്റലായി**
**ലഭിക്കുന്നതിന്**
**9544075519**
**എന്ന നമ്പറിൽ**
**വാട്സ് ആപ്പ്**
**ചെയ്യുക**

പുസ്തക വില
പോസ്റ്റേജ് ചാർജ്
അടക്കം 180 രൂപ
Google Pay ചെയ്യുക.
G Pay No: 9544075519



ഫറോക്ക് ഉപസഭയിലെ നാറാണിയാട് ഇല്ലത്ത് ശ്രീശങ്കറിന്റെയും (So എൻ അച്യുതൻ നമ്പൂതിരി & മല്ലിക പി) ഐശ്വര്യ മാലിനിയുടെയും (D/o മുരളീധരൻ നമ്പൂതിരി & പ്രീത എം എൻ, താമരശ്ശേരി ഇല്ലം, മലപ്പുറം) മകൻ

**നിത്വിക് ശങ്കറിന്റെ ചോറൂണ്**

ഡിസംബർ 26ന് (ഞായർ) നാറാണിയാട് ഇല്ലത്ത് വെച്ച് നടന്നു.
*ആശംസകൾ: അനിരുദ്ധ്, മാധവ്, ആര്യ, അദികേശവ് എൻ,*
*അക്ഷര എൻ, ഉണ്ണികൃഷ്ണൻ എൻ, ശ്രീഭദ്ര എൻ.*





ॐ
ലോക സാമ്പത്തിക സമാധാനത്തിനും
രാജ്യത്തിന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും
നാടിന്റെ ഉന്നമനത്തിനും വേണ്ടി
മഹാ കുബേര യാഗം
महा कुबेर याग • MAHA KUBERA YAGAM • മഹാ കുബേര യാഗം
MAHA KUBERA YAGAM
GLOBAL ECONOMIC PEACE
യജ്ഞാചാര്യൻ
ശ്രീ വൈദിക് ചെറുമുക്ക്
വല്ലഭൻ അക്കിത്തിരിപ്പാട്
A Maha Kubera Yagam
AFTER 700 YEARS
2022 ഏപ്രിൽ 17 മുതൽ 23 വരെ
കുബേരപുരി, ചളവറ, പാലക്കാട്
കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുവാൻ എല്ലാ ഭക്തജനങ്ങളും
മഹാ യാഗത്തിൽ പങ്കെടുത്ത് അനുഗ്രഹീതരാകുക.
977 841 2296
977 841 2297
977 841 2298
977 841 2299
kuberatemple@gmail.com
www.kuberatemple.in
Kubera Temple,Palat Palace,
Chalavara P.O,Palaghat-679505.

SNA SPECIALITY CLINICS
Future is Ayurveda

## Departments

- Dept. of General Medicine
- Dept. of Pediatrics
- Dept. of Ophthalmology & ENT
- Dept. of Infertility & Gynecology
- Dept. of Mental Health
- Dept. of Thyroid & Life style Diseases

Ashtavaidyan
PTN Vasudevan Mooss, MD (Ayu)
Chief Physician
Monday to Friday 9 am to 1 pm

Location

Since 1920

Ashtavaidyan Thrissur Thaikat Mooss'
SNA AYURVEDA NURSING HOME PVT LTD

PATIENT SAFETY & QUALITY OF CARE NABH ACCREDITED

Moosspet Road, East Fort, Thrissur, Kerala, India | Tel : +91 487 2441947
doctor@moossayurveda.com | www.moossayurveda.com

FOR APPOINTMENT : 8943 441947